(ബഹളം)

അതുകൊണ്ടാണ് പോയിൻറ് ഓഫ് ഓർഡർ ഞാൻ ഉന്നയിച്ചത്.

(ബഹളം)

ശ്രീ. പി. ജെ. ജോസഫ് : കഴിഞ്ഞ തവണ മന്ത്രിസഭയിൽപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടിയും, ശ്രീ. പി. കെ. വാസുദേവൻ നായരും അപ്പുറത്തുതന്നെയാണ് ഇരുന്നത് എന്നുള്ള കാര്യം എന്താണ് മറന്നു പോകുന്നത്.

(ബഹളം)

ശ്രീ. കെ. പങ്കജാക്ഷൻ : വിഭാഗീയമായ ഒരു കാര്യമായതുകൊണ്ട് ഇത് ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവർത്തിയില്ലാത്തതുകൊണ്ട് ചൂണ്ടിക്കാണിക്കുകയാണ്. (ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ സഭയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ പക്കൽ ഒരു പ്രിവിലേജ് നോട്ടീസ് ഞാൻ തന്നിട്ടുണ്ട്. It is my right. ഈ റൂളിനെ സംബന്ധിച്ചിടത്തോളം Whether the Chair has taken a decision. I request with the permission of the Chair to move that privilege motion. It is my birth right.

മിസ്റ്റർ സ്പീക്കർ : പോയിൻറ് ഓഫ് ഓർഡർ ഇല്ലാത്ത കാര്യമാണ് ഇതു പരിശോധിച്ചു വേണ്ട തീരുമാനം സഭയെ അറിയിക്കുന്നതാണ്.

II അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)

ശ്രീ. ജോസ് കുററിയാനി : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രതിപക്ഷത്തുനിന്നും സംസാരിച്ചവർ ഇങ്ങനെയൊരു മന്ത്രിസഭ ഉണ്ടാക്കുന്നതിനുവേണ്ടി ഗവർണർ അനുമതി നൽകിയത് തെററ് എന്നത് ഉൾപ്പെടെയുള്ള ആക്ഷേപമാണ് ഉന്നയിച്ചത്. ഇൻഡ്യൻ ഭരണഘടന വായിച്ചിട്ടുള്ള ആർക്കും ആ വാദഗതിയോട് യോജിക്കാൻ സാദ്ധ്യമല്ല, ഇന്നലെ ശ്രീ. പി. എസ്. ശ്രീനിവാസൻ സംസാരിച്ചപ്പോൾ ഭരണഘടനയിൽ ഗവർണർക്ക് ഇങ്ങനെ ഭൂരിപക്ഷമില്ലാത്ത ഒരു മുന്നണിയെ മന്ത്രിസഭ ഉണ്ടാക്കാൻ ക്ഷണിക്കാൻ അവകാശമില്ല എന്ന് സവിസ്തരം വാദിക്കുന്നതു കേട്ടു. ആ വാദം അടിസ്ഥാനരഹിതമാണെന്ന് സ്ഥാപിക്കുന്നതിന് ഭരണഘടനയുടെ 175-ാം വകുപ്പ് വായിച്ചാൽ മനസ്സിലാകുമെന്നുമാത്രമേ എനിക്ക് അതിനെക്കുറിച്ച് മറുപടി പറയാനുള്ളു.

അതുപോലെതന്നെ കാസ്ററിംഗ് വോട്ടിൽ ഒരു മന്ത്രിസഭ നിലനിൽക്കുന്നത് ശരിയല്ല എന്നുള്ള വാദവും ആ ഭാഗത്തുനിന്ന് ഉന്നയിക്കുകയുണ്ടായി. കാസ്ററിംഗ് വോട്ട് രേഖപ്പെടുത്താൻ സ്പീക്കർക്ക് അധികാരം നൽകിയിരിക്കുന്നത് എന്തിനുവേണ്ടിയാണ് എന്നുള്ളത് മനസ്സിലാക്കുമ്പോൾ അതിൻെറ ആവശ്യകത മനസ്സിലാകുന്നുണ്ട് എന്നുള്ളതുകൊണ്ട് അതേപ്പററി പരാമർശിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. പിന്നീട് കാലുമാററക്കാരെ ഉൾപ്പെടുത്തിയിട്ടുള്ള മന്ത്രിസഭയാണ് എന്നുള്ള ആക്ഷേപമാണ് പ്രമേയാവതാരകൻ ഉന്നയിച്ചത്. ആ ആക്ഷേപം പറഞ്ഞത് ശ്രീമാൻ ഷൺമുഖദാസ് ആണെന്ന് മനസ്സിലാക്കുമ്പോൾ കാലുമാററത്തിൻെറ ചരിത്രം സൃഷ്ടിച്ച ഷൺമുഖദാസിനും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന അദ്ദേഹത്തിൻെറ പാർട്ടിക്കും ഇതു പറയാൻ എന്തവകാശമുണ്ടെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

1981 ഒക്ടോബർ മാസം 16-ാം തീയതി വേളിയിൽവച്ച് കൂടിയ (എസ്) കോൺഗ്രസ്സിൻെറ എക്സിക്യൂട്ടീവ് യോഗം അന്നത്തെ മന്ത്രിസഭയ്ക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

പിൻതുണ പിൻവലിച്ചുകൊണ്ട് പ്രതിപക്ഷത്തേയ്ക്ക് മാറാൻ തീരുമാനിച്ച് കേവലം രണ്ടു മാസം കഴിഞ്ഞപ്പോൾ ആ തീരുമാനത്തെ തള്ളിപ്പറഞ്ഞുകൊണ്ട് രണ്ടു മാസത്തിനിടയിൽ രണ്ടു പ്രാവശ്യം കാലുമാററം നടത്തി ചരിത്രം സൃഷ്ടിച്ച ഷൺമുഖദാസിനും അദ്ദേഹത്തിന്റെ പാർട്ടിക്കും ഇങ്ങനെയൊരു അവകാശവാദം ഉന്നയിക്കാൻ എന്തവകാശമെന്ന് ഞാൻ ചോദിക്കുകയാണ്. സർ, കാലുമാററത്തെ സംബന്ധിച്ച് ഇവിടെ പല അഭിപ്രായങ്ങളും പല ആളുകളും പ്രകടിപ്പിച്ചു കാണാൻ ഇടയായി. 1967-ൽ രൂപീകരിച്ച മന്ത്രിസഭയായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മന്ത്രിസഭയെ കാലുവാരി പുറത്താക്കിയവരാണ് സി. പി. ഐ. ക്കാർ എന്നു പറഞ്ഞാൽ ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. 1979-ൽ ഭരണത്തിൽ വന്ന മുന്നണിയിലെ സി. പി. ഐ., ആർ. എസ്. പി. ഉൾപ്പെടെയുള്ള കക്ഷികൾ കോയയുടെ മന്ത്രിസഭയിൽനിന്നും കാലു മാറിയ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. അതുപോലെതന്നെ ആ മുന്നണിയിൽത്തന്നെ ഉണ്ടായിരുന്ന മറെറാരു കക്ഷിയേയുംകൊണ്ട് മുഖ്യമന്ത്രിയാകാൻ ഗവർണറെ കാണുകയും അതിന് സാധിക്കാതെ വന്നപ്പോൾ ഗവർണ്ണർക്കെതിരായി സമര പരിപാടികൾ ആരംഭിക്കയും ചെയ്ത മാർക്സിസ്ററു പാർട്ടി അപ്പുറത്തിരുന്നുകൊണ്ട് രാഷ്ട്രീയ രംഗത്ത് അതുപോലുള്ള മാററങ്ങൾ ഉണ്ടാകുന്നതിനെ അപലപിക്കുന്നത് കാണുമ്പോൾ സഹതാപം തോന്നുകയാണ്. സർ, കേരളത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ രംഗത്ത് രാഷ്ട്രീയ പരിപാടികളിൽ അവരുടെ ഭിന്നിപ്പ് ഇന്നും ഇന്നലേയും തുടങ്ങിയതല്ല. അത് 1969-ലെ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഈ അസംബ്ലിയിലെ പ്രസംഗം വായിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. 1967-ൽ അധികാരത്തിൽ ഭരണത്തിൽ വന്ന പ്രൊസീഡിംഗ്സിൽ ഉണ്ട്, വായിച്ചു നോക്കുക. മുന്നണിയിൽനിന്ന് ചിലർ 1970-ൽ വിട്ടുപോയത് നമ്മൾ കണ്ടതാണ്. 1975-ൽ വീണ്ടും ആ മുന്നണിയിലേക്കു തന്നെ വേറെ കക്ഷികൾ വരുന്നതും നാം കണ്ടതാണ്. 1979-ലെ മുന്നണി 1979 അവസാനമായപ്പോൾ ഭിന്നിച്ചുപോയതും നമ്മൾ കണ്ടതാണ്. 1980-ൽ ഭരണത്തിലിരുന്ന മുന്നണി 21 മാസത്തിനിടയിൽ വീണ്ടും പിളർന്നത് നമ്മൾ കണ്ടതാണ്. എന്താണ് പിളർപ്പിനിടയാക്കിയ സാഹചര്യം എന്നുള്ളത് പരത്തി പറയാൻ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല.

സർ, നിയമവാഴ്ച തകർത്തുകൊണ്ട് സി. ഐ. ററി. യു.ക്കാരെ കവലച്ചട്ടമ്പികളാക്കിക്കൊണ്ട് ജീവനും സ്വത്തിനും രക്ഷയില്ലാത്ത അവസരം സൃഷ്ടിച്ച് സി. ഐ. ടി. യു.ക്കാരെയും ഡി. വൈ. എഫ്. ഐ.ക്കാരേയും മുഖം മൂടിവച്ച് ഭവനഭേദനം നടത്താനും കൊള്ളയും കൊലയും ബലാൽസംഗവും നടത്താനും അനുവദിച്ച ഒരു ഭരണസംവിധാനം ഇവിടെ നിലനിന്നത് നാം കണ്ടതാണ്. ദേവാലയങ്ങളിലെ വിശിഷ്ട വസ്തുക്കളെ നശിപ്പിക്കുന്നത് നമ്മൾ കണ്ടതാണ്. അമ്പലങ്ങൾ കൊള്ള ചെയ്തതിന്റെ നിരവധി അനുഭവങ്ങൾ നാം കണ്ടതാണ്. പോലീസിനെ നിർവ്വീര്യമാക്കിയതും നമ്മൾ കണ്ടതാണ്.

(ബഹളം)

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ആരെങ്കിലും എഴുതിക്കൊടുക്കുന്ന ഒരു പ്രസംഗം ഇങ്ങനെ സഭയിൽ കൊണ്ടുവന്നു വായിക്കുന്നത് ഓർഡറിലാണോ?

ശ്രീ. ജോസഫ് കുററിയാനി: അങ്ങനെ കാർഷികമേഖലയെ വരെ ചോരക്കളമാക്കി മാററുന്ന സാഹചര്യം ഉണ്ടാക്കിക്കൊണ്ട് കാവിലംപാറയിലും, വിലങ്ങാട്ടും, നാദാപുരത്തും, തിരുവമ്പാടിയിലും, ഞങ്ങളുടെ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്തും നിരവധി അക്രമപ്രവർത്തനങ്ങൾ നടത്താൻ ഏർപ്പാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു വന്നതിന്റെ ഫലമായി, നാദാപുരത്ത് മത്തായി

LIBRARY ARCHIVES Kerala Legislative Assembly

എന്ന കൃഷിക്കാരനെ വെട്ടിയും കുത്തിയും കൊല ചെയ്തു. 1980 ജനുവരി മാസം 22-ാം തീയതി ചങ്ങനാശ്ശേരിയിൽ ബേബി എന്ന കർഷകത്തൊഴിലാളിയെ കൊല ചെയ്യാനാരംഭിച്ച മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള കൊലയാളിഭരണം 21 മാസക്കാലം പിന്നിട്ടപ്പോൾ 100 കണക്കിന് കൊലപാതകങ്ങൾക്ക് സാഹചര്യമുണ്ടാക്കി ഘടകകക്ഷികൾക്കുപോലും രക്ഷയില്ലാത്ത വിധം ഏകാധിപത്യഭരണം നടത്തിക്കൊണ്ടിരുന്നു. തിരുവനന്തപുരം ഡി. സി. സി. ഓഫീസ് തല്ലിത്തകർക്കുകയും കോൺഗ്രസ്സിന്റെ പതാക തീവച്ച് നശിപ്പിക്കുകയും ചെയ്തു. പല ജില്ലകളിലേയും ഡി. സി. സി. ഓഫീസുകൾ തല്ലിത്തകർക്കുകയും അവിടത്തെ ഓഫീസ് ബെയററൻമാരായ ഉത്തരവാദപ്പെട്ട ആളുകളെ മർദ്ദിച്ച് കൊലപ്പെടുത്താനുള്ള ശ്രമം നടത്തുകയും ചെയ്തു മറ്റൊരു വശത്ത് ശ്രീ. മാണി പ്രതിനിധാനം ചെയ്യുന്ന കേരളാ കോൺഗ്രസ്സിലെ ഉത്തരവാദപ്പെട്ട പ്രവർത്തകരെ, കാഞ്ഞിരപ്പള്ളിക്കാരൻ പാപ്പച്ചൻ ഉൾപ്പെടെ, നടുറോഡിലിട്ട് ഭീകരമായി മർദ്ദിച്ച് കൊലപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ഘടകകക്ഷികൾക്ക് ആ മുന്നണിയിൽ തുടരുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയും, 1981 ഒക്ടോബർ മാസം 16-ാം തീയതി വേളിയിൽവച്ച് മന്ത്രിസഭയ്ക്ക് കൊടുക്കുന്ന പിൻതുണ പിൻവലിക്കാൻ ആൻറണി കോൺഗ്രസ് തീരുമാനിക്കുകയും ചെയ്തു. അങ്ങനെ അന്നത്തെ മുന്നണി ഗവൺമെൻറിന് ഭൂരിപക്ഷം നഷ്ടപ്പെട്ടതും നമ്മൾ കണ്ടതാണ്. അതിനുശേഷവും ആ മന്ത്രിസഭ അധികാരത്തിലിരിക്കുന്നതിന്, തുടരുന്നതിന് യാതൊരു ബുദ്ധിമുട്ടും മറുഭാഗത്തുള്ളവർ കാണിച്ചില്ലെന്നുള്ള സത്യം ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. ആൻറണി പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസ് പാർട്ടി പിൻതുണ പിൻവലിച്ചപ്പോൾ നിയമസഭയിലെ കക്ഷിനില സ്പീക്കർ ഒഴിച്ച് രണ്ടുഭാഗത്തും 70 ആയിരുന്നു എന്നുള്ള വസ്തുതയും ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. ആ സ്ഥിതിവിശേഷം നിലവിലുണ്ടായിരുന്നപ്പോഴും അധികാരത്തിൽ തുടരാൻ യാതൊരു മനസ്സാക്ഷിക്കുത്തും കാണിക്കാത്ത മാർക്സിസ്റ്റ് പാർട്ടി മാണി പ്രതിനിധാനം ചെയ്യുന്ന കേരളാ കോൺഗ്രസ്സിനെ നിലനിറുത്തിക്കൊണ്ടു തന്നെ ആരെയെങ്കിലും കൂട്ടുപിടിച്ചുകൊണ്ട് ആ മന്ത്രിസഭയ്ക്ക് തുടരാൻ കഴിയുമോ എന്ന് പരിശ്രമിച്ചുനോക്കിയ കാര്യവും ആരും മറന്നുപോയിട്ടില്ല. ഏതായാലും മാണി പ്രതിനിധാനം ചെയ്യുന്ന പാർട്ടി ആ മുന്നണിയിൽനിന്ന് വിട്ടുപോയതോടുകൂടി ഗവൺമെൻറിന് ഭൂരിപക്ഷം നഷ്ടപ്പെട്ടിട്ടും ഏതാനും ദിവസംകൂടി ആരെയെങ്കിലും കിട്ടുമോ എന്നു നോക്കി പലരുടെയും പിറകെ വിപ്ലവം പ്രസംഗിക്കുന്ന ഏകാധിപത്യ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടി നടന്നത് ഇവിടെ അങ്ങാടിപ്പാട്ടാണ്. പത്രങ്ങളിൽ വാർത്ത വന്നതാണ്. രക്ഷയില്ലാതെവന്നപ്പോൾ നായനാർ രാജിവച്ച് പോകുന്നതും നമ്മൾ കണ്ടു. അങ്ങനെ ഭൂരിപക്ഷമില്ലാതെ വന്നപ്പോൾ രാജി വച്ച മാർക്സിസ്റ്റു പാർട്ടി, ഈ സംസ്ഥാനത്ത് മററാർക്കും ഭരിക്കാൻ കഴിയുകയില്ല എന്നുള്ള ഭാവവുമായി, മററാരെയും ഭരിക്കാൻ അനുവദിക്കുകയില്ലെന്ന വാദവുമായി സമരരംഗത്തേയ്ക്ക് ഇറങ്ങിത്തിരിക്കുന്നതും ഗവൺമെൻറ് ഉണ്ടായ അന്നുമുതൽ രാജ്ഭവന്റെ മുമ്പിലും സർക്കാരാഫീസുകളുടെ പടിക്കലും സമരം നടത്തുന്നതും സംസ്ഥാനത്ത് ജനജീവിതം സ്തംഭിപ്പിക്കാനുള്ള സമരം നടത്തുന്നതും, പണിമുടക്ക് നടത്തുന്നതും നാം ഇവിടെ കണ്ടതാണ്. ആ പണിമുടക്കുകളെല്ലാം പരാജയമായിരുന്നു എന്നുള്ളതിനെ സംബന്ധിച്ചൊന്നും ഞാൻ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല.

സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മന്ത്രിസഭയ്ക്കെതിരായി നിയമവാഴ്ച അപകടത്തിലാണെന്ന് പറഞ്ഞുകൊണ്ട് അതിനെപ്പററി ചർച്ച ചെയ്യുന്നതിനുവേണ്ടി..

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. ശിവൻ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ശ്രീ. കരുണാകരനെതിരായി ഡൽഹി ഹൈക്കമാൻറിൽ അവിശ്വാസവുമായി പോയ ശ്രീ. ജോസ് കുററിയാനി ഇവിടെ അദ്ദേഹത്തെ പിൻതാങ്ങുന്നത് ഓർഡറിലാണോ ?

ശ്രീ ജോസ് കുററിയാനി: സർ, ഒരു മന്ത്രിസഭ ഇവിടെ ഉണ്ടായ ഉടനെ അവിശ്വാസ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ അവരെ പ്രേരിപ്പിച്ച വികാരത്തെ സംബന്ധിച്ച് ആലോചിക്കുമ്പോൾ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നിയമ വാഴ്ച അപകടത്തിലാണെന്നുള്ളതിനെ സംബന്ധിച്ച് നടന്ന ചർച്ചയ്ക്ക് നായനാർ പറഞ്ഞ മറുപടി സാന്ദർഭികമായി ഞാൻ ഓർത്തു പോവുകയാണ്. "ഈ മുഖ്യമന്ത്രിക്കസേര കണ്ട് പനിക്കണ്ട പനിക്കണ്ട കരുണാകരാ" എന്ന മറുപടി ഞാൻ ഓർത്തുപോവുകയാണ്. മുഖ്യമന്ത്രി സ്ഥാനം നഷ്ടപ്പെട്ടപ്പോൾ, ഞാനൊന്നു ചോദിക്കട്ടെ, ആദ്യം പനിച്ചത് നായനാർക്കല്ലേ? കേരളത്തിൽ അദ്ദേഹത്തിന്റെ പനി മാററാനുള്ള ചികിത്സ ലഭ്യമല്ലാത്തതുകൊണ്ട് ഡൽഹിയിൽ പോയി ഏതാനും ആഴ്ചകൾ ആശുപത്രിയിൽ ചികിൽസ നടത്തി. ആ പനി ഡൽഹി ആശുപത്രിയിൽ ചികിൽസിച്ച് താൽക്കാലികമായി ഭേദപ്പെട്ടെങ്കിലും മാർക്സിസ്ററ് പാർട്ടിയെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രിക്കസേര നഷ്ടപ്പെട്ടതിന്റെ പേരിൽ ആ പനി ഇപ്പോഴും തുടരുന്നു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പശുവും ചത്തു മോരിലെ പുളിയും പോയതിനുശേഷം എന്നു പറഞ്ഞതുപോലെ ഭരണം പോയി മാനസികമായ സമനില നഷ്ടപ്പെട്ട് ഭൂരിപക്ഷമുള്ള ഈ മന്ത്രിസഭയ്ക്കെതിരായി അവർ അവിശ്വാസപ്രമേയവുമായി ഇറങ്ങിത്തിരിക്കുന്നത് ഈ ഭരണം മുന്നോട്ട് കൊണ്ടുപോകുന്നതിന് തടസം സൃഷ്ടിക്കാൻ വേണ്ടിയാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. കരുണാകരൻ ഗവർമ്മെൻറ് രൂപീകരിക്കാൻ പാടില്ലെന്നുള്ളതാണോ മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടിയുടെ വാദം ? സി. പി. ഐ. ഉൾപ്പെടെയുള്ള കക്ഷികൾ അപ്പുറത്തിരുന്നുകൊണ്ട് ഈ ഭരണത്തെ പൊളിക്കാനുള്ള പരസ്യാലോചനയുമായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സർ, ജനാധിപത്യകക്ഷികളുടെ ഐക്യമാണ് ഈ സംസ്ഥാനത്തെ ജനങ്ങളാഗ്രഹിക്കുന്നത്. ജനാധിപത്യകക്ഷികളുടെ നേതൃത്വത്തിലുള്ള ഈ മുന്നണി ഭരണം മുന്നോട്ടുകൊണ്ടുപോകാനാണ് ജനങ്ങളാഗ്രഹിക്കുന്നത്. ആ നിലയിലുള്ള ഒരു ഭരണം മുന്നോട്ടുകൊണ്ടുപോകുന്നതിനെതിരായ സമരം ആരുടെ ഭാഗത്തുനിന്നുണ്ടായാലും ശരി ഏതു നിലയിലുള്ള വെല്ലുവിളി ഉണ്ടായാലും ശരി അതിനെ എല്ലാനിലയിലും നേരിടാൻ ഈ സംസ്ഥാനത്തുള്ള ജനാധിപത്യവിശ്വാസികളും ഈശ്വരവിശ്വാസികളും തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ സി. എ. കുര്യൻ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിയായി പിന്താങ്ങുന്നു. സർ, എനിക്ക് വളരെ പരിചയമുള്ള പല മുഖങ്ങളും ഇന്ന് അപ്പുറത്താണ്. ഞങ്ങൾ ഒന്നിച്ച് ഭരിച്ചവരാണ്. ഞങ്ങളുടെ പായിൽ കിടന്നുറങ്ങിയ ആളുകൾ നേരം വെളുത്തപ്പോൾ മുണ്ടില്ലാതെ ഓടിപ്പോയി എന്നാണ് പറയുന്നത്. സർ, കരുണാകരന്റെ മന്ത്രിസഭ ജാരസന്തതിയാണ്. ജനാധിപത്യ മൂല്യങ്ങളുടെ കഴുത്ത് ഞെരിച്ചുകൊണ്ടുണ്ടാക്കിയതാണ് കരുണാകരന്റെ മന്ത്രിസഭ. ജനങ്ങളെ പ്രതിനിധീകരിക്കാത്ത ഒരു മന്ത്രിസഭയാണ് കരുണാകരന്റെ മന്ത്രിസഭ. ഈ മന്ത്രിസഭ രാജിവയ്ക്കണം. മാനവും മര്യാദയുമുള്ളവരാണെങ്കിൽ രാജിവച്ചുപോകണം. ഇന്ന് തിരുവനന്തപുരം നഗരിയിൽ പോലീസുകാരുടെ പെരുനാളാണ്. എവിടെ നോക്കിയാലും പോലീസാണു. മസ്ക്കററ് ഹോട്ടലിന്റെ വാതിൽതൊട്ട് മുറിവരെ പോലീസാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമസഭയിലെ ചില എം. എൽ. എ. മാർക്ക് ഇപ്പോൾ എം. എൽ. എ. ക്വാർട്ടേഴ്സിൽ കിടക്കാൻവരെ അസൗകര്യമാണ് എന്നാണ് പറയുന്നത്. അവർക്കിപ്പോൾ സുഖമായി കിടന്നുറങ്ങണം. ഒരു ദിവസം 206 രൂപ വാടക കൊടുക്കുന്ന മുറിയിൽ കിടന്നുറങ്ങണം. ഞാൻ ഇതു തെളിയിക്കാം സർ...... ...... (സഭയിൽ ബഹളം) സർ, x x x ബഹുമാനപ്പെട്ട മെമ്പർ കമലം അവിടെ താമസിക്കുന്നു. x x x x x x x x x x x

(സഭയിൽ ബഹളം)

ശ്രീ. പി. സീതിഹാജി: എന്തനാവശ്യമാണ് സർ, ഈ പറയുന്നത്.

ശ്രീ പി. ജെ. ജോസഫ്: ശുദ്ധ അസഭ്യമാണ് സർ ഈ പറയുന്നത് ഇങ്ങനെ എന്തു തോന്ന്യാസവും പറയാമെന്നാണോ? ഇത് പിൻവലിക്കണം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഇങ്ങനെ എല്ലാവരും കൂടി എഴുന്നേറ്റുനിന്നു സംസാരിച്ചാലെങ്ങനെയാണ്? എല്ലാവരും ഇരിക്കണം. ബഹുമാനപ്പെട്ട സഭാനേതാവിന് എന്താണ് പറയാനുള്ളതെന്നു കേൾക്കട്ടെ.

ശ്രീ. കെ. കരുണാകരൻ: സർ, അന്തസോടുകൂടി ഒരംഗവും ഈ സഭയിലെന്നല്ല മററ് ഒരിടത്തും പറയാൻ പാടില്ലാത്ത തരത്തിലുള്ള നിർഭാഗ്യകരമായ ഒരു പരാമർശമാണിത്. അത് നിരുപാധികം പിൻവലിച്ച് സഭയോട് മാപ്പ് പറയാൻ ആവശ്യപ്പെടണം.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ഉപയോഗിച്ച ആ വാക്ക് സഭാനടപടികളിൽ നിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഈ സഭയുടെ അന്തസ് ഉയർത്തത്തക്കരീതിയിൽ സംസാരിക്കണമെന്ന് ചെയറിൽ നിന്നുപറഞ്ഞറിയിക്കേണ്ടതില്ല. സഭയ്ക്കകത്തും പുറത്തും ഈ നടപടികൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ആളുകൾ കൂടി കേൾക്കാനുതകത്തക്കരീതിയിലായിരിക്കണം നടപടികൾ മുന്നോട്ടുപോകേണ്ടതെന്നു ഞാൻ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുകയാണ്.

(സഭയിൽ ബഹളം)

ശ്രീ. പി. ജെ. ജോസഫ്: ശ്രീമതി കമലത്തെ സംബന്ധിച്ചു പറഞ്ഞ കാര്യം പിൻവലിക്കണം സർ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, അക്കാര്യം ബഹുമാനപ്പെട്ട സഭാനേതാവിവിടെ സൂചിപ്പിച്ചു, ബഹുമാനപ്പെട്ട കുര്യന്റെ പ്രസംഗത്തിൽ അങ്ങിനെ വല്ലതുമുണ്ടെങ്കിൽ അതു പരിശോധിച്ച് നീക്കം ചെയ്യുന്നതിനെക്കുറിച്ചാലോചിക്കാം.

(സഭയിൽ ബഹളം)

ശ്രീ പി. സീതിഹാജി. x x x x x x x x x

x x x x x x x x x x x x x

(സഭയിൽ ബഹളം)

ശ്രീ. സി. എ. കുര്യൻ: സർ, അങ്ങ് പരിശോധിച്ച് വേണ്ടതു ചെയ്യുക.... ....(സഭയിൽ ബഹളം).

---

x x x ബഹു: സ്പീക്കറുടെ ഉത്തരവിൻ പ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ; ഓർഡർ, എല്ലാബഹുമാനപ്പെട്ട മെമ്പർമാരും ഇരിക്കണം. ചെയറിൽ നിന്ന് പറയുന്നതെന്താണെന്ന് കേൾക്കാനുള്ള സൗമനസ്യം നിങ്ങൾകാണിക്കണം. നിർഭാഗ്യകരമായ പരാമർശങ്ങൾ ഏതുഭാഗത്തുനിന്നായാലും ഒഴിവാക്കണം. ഇവിടെ നടന്ന പരാമർശങ്ങൾ നിർഭാഗ്യകരമായിപ്പോയി എന്നകാര്യത്തിൽ ആർക്കും സംശയമില്ല. അത്തരം പരാമർശങ്ങൾ പരിശോധിച്ച് നീക്കം ചെയ്യുന്നതാണ്. x x x x

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, അങ്ങ് ശ്രീ. കുര്യന്റെ പരാമർശത്തെ സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. അങ്ങേക്ക് റിക്കാർഡ് പരിശോധിക്കാം. അതിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനം എടുക്കാം. അതോടൊപ്പം ശ്രീ. സീതിഹാജി 'ടൊ കുര്യാ' എന്നു സംബോധന ചെയ്തുകൊണ്ട് അദ്ദേഹത്തെ കൈകാര്യം ചെയ്യും എന്ന് ഈ സഭയിൽ പുറത്തു ഒരു വെറും ഗുണ്ട പറയുന്നതുപോലെ പറഞ്ഞിരിക്കുകയാണ്.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർക്ക് ഇതിനെ സംബന്ധിച്ച് എന്തോ ക്ലാരിഫിക്കേഷൻ ആണ് പറയാനുള്ളത് എന്നു പറഞ്ഞാണ് എഴുന്നേററത്. രണ്ടു ഭാഗത്തും ദൗർഭാഗ്യകരമായ പരാമർശങ്ങൾ ഉണ്ടെങ്കിൽ അതു പരിശോധിച്ച് നീക്കം ചെയ്യുന്നതാണ്.

(സഭയിൽ ബഹളം)

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ശ്രീ. പി. കെ. വാസുദേവൻ നായർ 'ഗുണ്ട' എന്നു പറഞ്ഞത് ഓർഡറിലാണോ സർ ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഞാൻ വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഞാൻ ഗുണ്ട എന്നു പറഞ്ഞില്ല. പുറത്ത് ഗുണ്ടകൾ പറയുന്നതു പോലെ ഒരു മെമ്പർ ഇവിടെ പറഞ്ഞു എന്ന പറഞ്ഞുള്ളു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വാസുദേവൻ നായർ ഇരിക്കണം. ചെയറിനോടാണ് ചോദ്യം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഗുണ്ട എന്നുള്ള വാക്ക് നീക്കം ചെയ്യണം സർ.

ശ്രീ. പി. സീതിഹാജി: ബഹുമാനപ്പെട്ട പി. കെ. വി. ഗുണ്ടകൾ എന്ന മാതിരി എന്നു പറഞ്ഞത്, പി. കെ. വി. ആലപ്പുഴ പോലീസ് സ്റ്റേഷനിൽ പോയി ഗുണ്ടായിസം നടത്തിയത് ഓർമ്മിച്ചിട്ടായിരിക്കും. ഞാൻ എന്റെ രാഷ്ട്രീയ ജീവിതത്തിലോ പൊതു ജീവിതത്തിലോ ഗുണ്ടാപ്രവർത്തനം നടത്താത്ത മെമ്പറാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, പോയിന്റ് ഓഫ് ആർഡർ അനാരോഗ്യകരമായ വാക്കുകൾ ഭരണപക്ഷത്തുനിന്ന് ഉപയോഗിക്കുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ നിശബ്ദനാകുന്നു. ഇന്നലെ ശ്രീ. സീതിഹാജി അടക്കം അനാരോഗ്യകരമായ വാചകങ്ങൾ ഉപയോഗിച്ചപ്പോൾ നിശബ്ദത കൈക്കൊണ്ടു. അത് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. നിഷ്പക്ഷത കൈക്കൊള്ളണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്.

---

x x x x ബഹു: സ്പീക്കറുടെ ഉത്തരവിൻ പ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം ഞാൻ പറഞ്ഞ വാക്കുകളിൽനിന്ന് ബോധ്യമായി എന്നാണ് വിശ്വസിക്കുന്നത്. ഞാൻ പറഞ്ഞത് ഈ സഭയിൽ ദൗർഭാഗ്യകരമായ രീതിയിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ എല്ലാം തന്നെ ഏതുഭാഗത്തു നിന്നുണ്ടായാലും പരിശോധിച്ച് നീക്കം ചെയ്യുന്നതാണെന്നാണ് അടിവരയിട്ട് ഏതു ഭാഗത്തുനിന്ന് ആണെങ്കിലും എന്നു പറയുന്നു. അതിൽ സംശയം ഉണ്ടായെങ്കിൽ ഖേദകരമാണ്. ഏതുഭാഗത്തു നിന്നാണെങ്കിലും പരിശോധിക്കുകയും അത് നീക്കം ചെയ്യുകയും ചെയ്യുന്നതാണ് എന്നു പറഞ്ഞു.

ശ്രീ. എം. വി. രാഘവൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ പോയിന്റ് ഓഫ് ഓർഡറിന് റൂളിംഗ് നൽകി ക്കഴിഞ്ഞു. ബഹുമാനപ്പെട്ട കുര്യനെയോ സീതിഹാജിയേയോ കുറിച്ച് പറഞ്ഞ വാക്കുകൾ പരിശോധിച്ച് അതിൽ ആവശ്യമായി വേണ്ട തിരുത്തലുകൾ വരുത്തുകയും ചെയ്യാമെന്ന് പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട ഭ്യർത്ഥിക്കുന്നത്, ഇവിടെ സഖാവ് കുര്യൻ പറഞ്ഞ കാര്യങ്ങൾ, മസ്ക്കറ്റ് ഹോട്ടലിൽ 3 എം. എൽ. എ. മാർ താമസിക്കുന്നതിനെപ്പററിയാണ്.

(സഭയിൽ ബഹളം)

മി. സ്പീക്കർ: അത് പോയിന്റ് ഓഫ് ഓർഡർ അല്ല. മി. രാഘവൻ ഇത്തരം കാര്യങ്ങൾ ഒഴിവാക്കണം. ശ്രീ. കുര്യന് പ്രസംഗം തുടരാം.

ശ്രീ. സി. എ. കുര്യൻ: സർ, ഇക്കഴിഞ്ഞ ജനുവരി മാസം 19-ാം തീയതി ഇൻഡ്യ ഒട്ടാകെ പണിമുടക്കു നടന്നു സർ. അന്ന് ഞങ്ങൾ പണിമുടക്കിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ രാഷ്ട്രീയ പ്രശ്നങ്ങൾ ആയിരുന്നു ഇവിടത്തെ കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടണം, വില വർദ്ധനവ് തടയണം. കേന്ദ്ര ഗവൺമെന്റിന്റെ ചില തെററായ കരിനിയമങ്ങൾ പിൻവലിക്കണമെന്ന് ഞങ്ങൾ ഉന്നയിച്ചു. അങ്ങനെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് ഉമ്മൻചാണ്ടിയുടെ കോൺഗ്രസ്സും കെ. എം. മാണിയുടെ നേതൃത്വത്തിലുള്ള കേരളാ കോൺഗ്രസ്സിന്റെ ആൾക്കാരും ഉൾപ്പെടെ ഞങ്ങളെല്ലാം ഒന്നിച്ചാണ് സർ സമരം നടത്തിയത്. ആ സമരത്തിൽ ഉന്നയിച്ച അതേ ആവശ്യങ്ങൾ മാത്രമാണ് ജനുവരി 19-ാം തീയതി ഇൻഡ്യ ഒട്ടാകെ ഉന്നയിച്ചതും കേരളത്തിൽ ഉന്നയിച്ചതും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ആ സമരത്തെ അടിച്ചമർത്താൻ സ്വീകരിച്ചമാർഗ്ഗം എന്താണ്? ഉമ്മൻചാണ്ടിയും ഞാനും ജനിച്ചത് ഒരു നാട്ടിലാണ് .ഒരു വില്ലേജിലാണ്, ഒരു കരയിലാണ്. പണിമുടക്കിനു മുമ്പ് ജനുവരി മാസം 18-ാം തീയതി അർദ്ധരാത്രി കേരളത്തിൽ ആറായിരം പേരെ അറസ്ററ് ചെയ്തിട്ടുണ്ട്. കൊട്ടാരക്കരയിലും വൈക്കത്തും ലാത്തിച്ചാർജ്ജ് നടത്തി. അദ്ദേഹത്തിന്റെ ഹോം ഡിസ്ട്രിക്ടായ കോട്ടയത്ത് പത്തുപേരിൽ കൂടുതൽ ഒന്നിച്ചു നടക്കാൻ പാടില്ലെന്നു പറഞ്ഞു. സഖാവ് വൈക്കം വിശ്വനും എ. ഐ. ടി. യു. സി. നേതാവ് കൊച്ചേറിയായും നയിച്ച ജാഥ കോട്ടയത്തു പോലീസുകാർ തടഞ്ഞുനിറുത്തി. എത്ര പേരെ അറസ്ററു ചെയ്തു? എന്തിനാണ് സർ അറസ്ററു ചെയ്തത്? കേരളത്തിലെ റബർ കൃഷിക്കാർക്ക്, കൊക്കോകൃഷിക്കാർക്ക്, കേരകൃഷിക്കാർക്ക്, കുരുമുളക് കൃഷിക്കാർക്ക് എല്ലാം ന്യായമായ വില കൊടുക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത് രാഷ്ട്രീയമായിട്ട് ബഹുമാനപ്പെട്ട കെ. എം. മാണിക്കും പി.ജെ. ജോസഫിനും നേരിടാൻ കഴിയുമോ? പക്ഷേ പണിമുടക്ക് പരാജയമല്ല സർ. അഖിലേൻഡ്യാ റേഡിയോയിൽ എന്താണ് പറഞ്ഞത്? എറണാകുളത്ത് പണിമുടക്ക് പരാജയമായിരുന്നോ സർ? ആ പണിമുടക്കിനോടനുബന്ധിച്ച് ഇൻഡ്യയിലെ 180 ലക്ഷം തൊഴിലാളികളിൽ 110 ലക്ഷം പണിമുടക്കി സർ. 19

LIBRARY ARCHIVES Kerala Legislative Assembly

പേരെ ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് വെടിവച്ചുകൊന്നു. അമ്പതിനായിരത്തോളം ആളുകളെ തലേദിവസം അറസ്റ്റുചെയ്തു. ഇന്ദിരാഗാന്ധി സ്വീകരിച്ച അതേ നയമാണ് കേരളത്തിൽ ഉമ്മൻചാണ്ടി സ്വീകരിച്ചത്. കൊച്ചിയിലെ പണിമുടക്ക് എന്തായിരുന്നു? പണിമുടക്കിനെ നേരിടാൻ ബഹുമാന്യനായ ജി.പി. മരയ്ക്കാരും നമ്മുടെ വയലാർരവിയും വന്നിരുന്നു. കേരളത്തിലെ ജനങ്ങൾ പുച്ഛിച്ചു തള്ളി. അവർ പ്രസിഡൻറായുള്ള കൊച്ചിൻ റിഫൈനറിയിലെ മുഴുവൻ തൊഴിലാളികളും പണിമുടക്കി. നേതാവ് പറഞ്ഞിട്ടുപോലും തൊഴിലാളികൾ മുഴുവൻ പണിമുടക്കി.

തിരുവനന്തപുരത്തെ പണിമുടക്ക് പരാജയപ്പെട്ടു എന്നുപറഞ്ഞ് ചൂണ്ടിക്കാണിച്ച സംഭവം എന്താണ് ? തിരുവനന്തപുരത്തെ നിരോധ് ഉണ്ടാക്കുന്ന ഹിന്ദുസ്ഥാൻ ലാറ്റക്സിൽ 710 തൊഴിലാളികളിൽ 419 പേരും പണിമുടക്കി. ഐ.എ.എസ് സ്ഥാനം രാജിവച്ച കൃഷ്ണകുമാർ തലേദിവസം നാന്നൂറു പേരെ തെരഞ്ഞെടുത്തു. എന്നിട്ട് ലാറ്റക്സിൽ 150 ശതമാനം ഉൽപ്പാദനം ഉണ്ടായിരുന്നു. എന്താണ്, കേരളത്തിലെ മുഴുവൻ സംഘടിത തൊഴിലാളിവർഗ്ഗം ഉമ്മൻചാണ്ടിയുടെ പോലീസ് നയത്തെ എതിർത്തു പരാജയപ്പെടുത്തുമെന്നതിൽ സംശയമില്ല. തലേദിവസം അറസ്റ്റു ചെയ്തിട്ടുള്ളത് സാമൂഹ്യ ദ്രോഹികളെ ആണോ സർ ? ഈ രാജ്യത്ത് ട്രേഡ്യൂണിയൻ പ്രവർത്തകരെ അറസ്റ്റു ചെയ്തു തൊഴിലാളികളുടെ അവകാശത്തെ നിഷേധിക്കുന്നു. ഈ രാജ്യത്തെ കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ചോദിച്ചാൽ കൊടുക്കുന്നില്ല. കേന്ദ്ര ഗവൺമെൻറിൻെറ തെററായ നയങ്ങൾക്കെതിരായി നീങ്ങാൻ നമ്മുടെ പഞ്ചവൽസരപദ്ധതിക്കാവശ്യമായ തുക പോലും നേടുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഒരു നിമിഷംപോലും അധികാരത്തിലിരിക്കുന്നതിന് ഈ ഗവൺമെൻറിന് അവകാശമില്ല.

ശ്രീ. സിറിയക് ജോൺ : സർ, ശ്രീ. ഷൺമുഖദാസ് പ്രമേയമവതരിപ്പിച്ചുകൊണ്ട് ഇവിടെ നടത്തിയ പ്രസംഗം കേട്ടപ്പോൾ കോഴിയുടെ മുലയൂട്ടുപോലെയാണ് തോന്നിയത്.

ശ്രീ. സി. ബി. സി. വാര്യർ : ഇപ്പോൾ കോഴിക്ക് എന്താണ്? കർഷക രക്ഷാസമിതി കഴിഞ്ഞോ ?

ശ്രീ. സിറിയക് ജോൺ : കോൺഗ്രസ്സിൻെറ നേരെതിരിഞ്ഞ് കോൺഗ്രസ്സിൻെറ തത്വങ്ങളെപ്പററിയും ആദർശങ്ങളെപ്പററിയുമാണ് ഇപ്പോൾ പറയുന്നത്.

മി. സ്പീക്കർ : ആർഡർ ആർഡർ. ഒരു ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുമ്പോൾ, സമയം നിയന്ത്രിക്കാൻ സഹായകമായ രീതിയിൽ, കഴിയുന്നത്ര പ്രസംഗം തുടരാനനുവദിക്കണം എന്നഭ്യർത്ഥിക്കുന്നു.

ശ്രീ. സിറിയക് ജോൺ : ശ്രീ. ഷൺമുഖദാസ് ഇങ്ങനെ പറയുമ്പോൾ അദ്ഭുതമില്ല. സഹതാപമേയുള്ളു. മാർക്സിസ്ററു പാർട്ടിയുടെ ചെലവിൽ മാത്രം കഴിഞ്ഞുകൂടുന്ന ഒരു പാർട്ടി. അതിൻെറ നേതാവിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സിനെ തള്ളിപ്പറഞ്ഞു മാർക്സിസ്ററുകാരുടെ പ്രീതി സമ്പാദിക്കുക എന്നത് നിലനില്പിൻെറ പ്രശ്നമാണ്. ശ്രീ. ഷൺമുഖദാസിന് ഇങ്ങനെ വരേണ്ടിവന്ന സാഹചര്യമെന്താണ്? ആരാണ് ഉത്തരവാദി ? ഞങ്ങളുടെ വാക്കുകളല്ല, ശ്രീ. ഷൺമുഖദാസും അദ്ദേഹത്തോടൊപ്പം നില്ക്കുന്ന സുഹൃത്തുക്കളുമൊക്കെ വേളി എക്സിക്യൂട്ടീവിൽ അന്നുപറഞ്ഞിരുന്നത് എന്താണ് ? മാർക്സിസ്ററു പാർട്ടിയുമായുള്ള ബന്ധം ഓരോ നിമിഷം തുടരുന്നിടത്തോളം അത്രയും രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് അപകടമാണ്, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് ഏററവും വലിയ അപകടമായിരിക്കും, അതുകൊണ്ട് ഒരു നിമിഷം മുമ്പെങ്കിൽ ഒരു നിമിഷം മുമ്പു ഈ മുന്നണി വിടേണ്ടതാണ് എന്നല്ലേ എല്ലാവരും പറഞ്ഞത് ? പക്ഷേ ഷൺമുഖദാസും ചാക്കോയും പറഞ്ഞതിൽ ഒരു കണ്ടീഷൻ ഉണ്ടായിരുന്നു. അവർ പറഞ്ഞത് ഈ മുന്നണി വിടുന്നതോടൊപ്പം മറുഭാഗത്തുള്ള കസേരയും കൂടി ഉറപ്പുവരുത്തിയശേഷമേ വിടാവൂ എന്നാണ്. അത്രമാത്രം വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഒരു പോയിൻറ് ഓഫ് ആർഡർ കേരളത്തിലെ എല്ലാ പത്രങ്ങളിലും കെ. പി. സി. സി. എക്സിക്യൂട്ടീവിലെ ചർച്ചകൾ പൂർണ്ണമായി വരികയുണ്ടായി. കെ. പി. സി. സി. എക്സിക്യൂട്ടീവിൻെറ മിനിട്ട്സ് വേണമെങ്കിൽ അങ്ങയുടെ മുമ്പിൽ ഞാൻ കൊണ്ടുവരാം. ഇന്നലെയും ഈ വേദിയിൽ പറഞ്ഞശേഷം വസ്തുതകൾക്ക് നിരക്കാത്ത രീതിയിലും വസ്തുതകൾ മറച്ചും പറയുന്നത് ആർഡറിലാണോ ?

ശ്രീ. സിറിയക് ജോൺ: മാർക്സിസ്ററു പാർട്ടിയുമായും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുമായും അങ്ങേയററം വിധേയത്വമുണ്ടായിരുന്നവരാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ഇതു പറയേണ്ടതാവശ്യമാണ്. ജില്ലാ ആസ്ഥാനങ്ങളിൽ ഞങ്ങളുടെ പാർട്ടിയുടെ വിശദീകരണ സമ്മേളനങ്ങളുണ്ടായിരുന്നു. ശ്രീ. ചാക്കോയും ശ്രീ. ഷൺമുഖദാസും ശ്രീ. കടന്നപ്പള്ളിയും ശ്രീ. ശശീന്ദ്രനും എല്ലാവരുംനെഞ്ചത്തു കൈവച്ച് ആണയിട്ടു പറഞ്ഞതാണ് മാർക്സിസ്ററു പാർട്ടിയാണീ മുന്നണിയുടെ ഘാതകൻ എന്ന്. അന്നൊന്നും അത്രവലിയഅപകടത്തിലേയ്ക്ക് പോകേണ്ടിവരുമെന്ന് അവർ മുൻകൂട്ടി കണ്ടിരുന്നില്ല എന്നെനിക്കു തോന്നുന്നു. എന്തുകൊണ്ടാണ് ശ്രീ. ഷൺമുഖദാസിന് ഇങ്ങനെ പ്രമേയവുമായി വരേണ്ടിവന്നത്? അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർത്തതിനുത്തരവാദി? മാർക്സിസ്ററു പാർട്ടിയാണെന്ന് ശ്രീ. ഷൺമുഖദാസുൾപ്പെടെയുള്ളവർ പറഞ്ഞുവെന്നതുമാത്രമല്ല എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. അതിനുപോദ്ബലകമായ സംഭവങ്ങൾ നിരത്തിവയ്ക്കേണ്ട കാര്യവുമില്ല. ഞങ്ങൾ ഏതെങ്കിലുമൊരു ഒററപ്പെട്ട സംഭവത്തിൻെറ അടിസ്ഥാനത്തിലല്ല. മാത്രമല്ല, കേവലം വികാരപരമായ അടിസ്ഥാനത്തിൽമാത്രം ഈ മുന്നണിയിൽനിന്ന് വിട്ടുപോയതാണെന്ന് ആരെങ്കിലും കുററപ്പെടുത്തുമോ ? അങ്ങനെയായിരുന്നെങ്കിൽ തിരുവനന്തപുരം ഡി.സി.സി ആഫീസ് ആക്രമിച്ചപ്പോൾ കോൺഗ്രസ്സിൻെറ ഓരോ പ്രവർത്തകനും അങ്ങേയററം വികാര വിജൃംഭിതനായി, അഭിമാനക്ഷതമേററുകൊണ്ട് മുന്നണിയിൽ തുടരുന്നതിനെപ്പററി നേതൃത്വത്തെ അപലപിച്ചിട്ടുണ്ടായിരുന്നു. മുന്നണിയിൽ നിന്നു വിടണമെന്നു നിർബന്ധിച്ചിട്ടുമുണ്ടായിരുന്നു. അതുകൊണ്ടൊന്നും ആവേശത്തിൻെറ പേരിൽ മുന്നണിവിടാൻ ഞങ്ങൾ തയ്യാറായില്ല. മാർക്സിസ്ററുപാർട്ടി അന്നു നടത്തിയ ആ നാണംകെട്ട ഏർപ്പാട് നമുക്കറിയില്ലേ ? ആരെയൊക്കെ കാലുപിടിച്ചു ആരെയൊക്കെ തള്ളിപ്പറഞ്ഞു ? ശ്രീ. അനിരുദ്ധനെയും മററും അന്നവർ തള്ളിപ്പറഞ്ഞു. അനിരുദ്ധൻ അസംബന്ധം പറഞ്ഞു എന്നൊക്കെ പറഞ്ഞു. മാർക്സ്സിററു പാർട്ടിയുടെ സെക്രട്ടറിയേററ് അടിയന്തിരയോഗം ചേർന്നു പ്രമേയംപോലും അംഗീകരിച്ചു. അന്നു പരസ്യമായി മാപ്പു ചോദിച്ചു. ദേശാഭിമാനിയിൽ മുഖപ്രസംഗംപോലും വന്നു. ഇന്നലെ ശ്രീ. സി.ബി.സി. വാര്യർ ഇവിടെ പ്രസംഗിച്ചപ്പോൾ ഈ മുന്നണിയെ സംബന്ധിച്ചും ഇന്നത്തെ ഗവൺമെൻറിനെസംബന്ധിച്ചുമൊക്കെ വളരെയേറെ അപഹസിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. എനിക്ക് അദ്ഭുതമുണ്ട്. അദ്ദേഹത്തിൻെറ ഹൃദയം മനസ്സാക്ഷി, വാസ്തവത്തിൽ സന്തോഷിക്കുന്നുണ്ടാവും. ഇങ്ങനെയൊരു ഗവൺമെൻറ് വന്നതിൽ ഏററവും കൂടുതൽ സന്തോഷിക്കുന്ന ആൾ അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹമായിരിക്കും. അദ്ദേഹത്തെയും മററു ചിലരെയും മാർക്സിസ്ററുപാർട്ടി സസ്പെൻഷനിൽ നിർത്തിയിരുന്നു. ഇങ്ങനെയൊരു സ്ഥിതിവിശേഷം വന്നു ആ പഴുതുപയോഗിച്ച് ആ സസ്പെൻഷനിൽനിന്നു തലയൂരിയാണ് ഈ നിയമ സഭയിലേക്കദ്ദേഹം വന്നിരിക്കുന്നത് എന്നാണ് സർ, പൊതുജന സംസാരം. അതുകൊണ്ടുതന്നെ സി.ബി.സി. വാര്യരെപ്പോലുള്ളവർ ഈ മുന്നണി തുടരണമെന്നും ഈ മുന്നണി നിലനിൽക്കണമെന്നും അംഗീകരിക്കുമെന്നുള്ളതിൽ സംശയമില്ല. ഏതായാലും ഈ രാജ്യത്തു നടന്ന സംഭവങ്ങൾ വിവരിക്കേണ്ട കാര്യമില്ല. ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഇന്നത് ഒരു പേടിസ്വപ്നമായി നില്ക്കുന്നു. എന്തൊക്കെയാണ് ഈ രാജ്യത്ത് നടന്നത് ശ്രീ. നായനാർ മുഖ്യമന്ത്രി പദത്തിലിരുന്നപ്പോൾ എന്തെല്ലാം സിദ്ധികളാണദ്ദേഹത്തിനുണ്ടായിരുന്നത്. സ്ഫോടക വസ്തുക്കൾ പരിശോധിക്കാനുള്ള വൈദഗ്ദ്ധ്യം പോലും അദ്ദേഹത്തിനുണ്ടായിരുന്നു. തലശ്ശേരിയിൽ ഉടനീളം ബോംബു വർഷങ്ങളും തോക്കു മുതലായ ആയുധങ്ങൾ കൊണ്ടുള്ള പ്രയോഗങ്ങളും നടന്നുകൊണ്ടിരുന്ന അവസരത്തിൽ കോൺഗ്രസ് നിർബന്ധപൂർവം ആവശ്യപ്പെട്ടു: അവിടെ മനുഷ്യക്കുരുതി നടക്കുന്നു., തലയോടുകൊണ്ട് അമ്മാനയാടുന്നു, ഇത് അവസാനിപ്പിക്കണം അതു വകവച്ചില്ല. അവസാനം ഭീഷണിപ്പെടുത്തിയതിൻെറ അടിസ്ഥാനത്തിലാണ് മാർക്സിസ്ററുപാർട്ടിയുടെ കേവലം മുക്ത്യാറായി പ്രവർത്തിച്ചിരുന്ന ഉയർന്ന പോലീസുദ്യോഗസ്ഥനെ, ഡി.ഐ.ജി.യെ, അവിടെനിന്ന് സ്ഥലം മാററിയത്; നിഷ്പക്ഷമായി കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരെ അവിടെ നിയോഗിച്ചത്. കാര്യക്ഷമമായി അവർ പരിശോധന തുടങ്ങി. തുടങ്ങിക്കഴിഞ്ഞപ്പോൾ മാർക്സിസ്ററുപാർട്ടിയുടെ ജില്ലാ കമ്മിററിയുടെ വക കാറിൽനിന്നു കണ്ടെടുത്തു, ബോംബുകൾ. നായനാരാണ് വിദഗ്ദ്ധ പരിശോധന നടത്തിയത്. നായനാർ പറഞ്ഞു അത് ഏറുപടക്കമാണെന്ന്. ആ തരത്തിൽ രാജ്യത്ത് നടന്ന സംഭവങ്ങളുണ്ട്. രാജ്യത്തുടനീളം ബോംബുവർഷവും വെടിയും കൊലപാതകങ്ങളും. സർ, വിലങ്ങാട്ടെ കൊലപാതകത്തെപ്പററി ഞാൻ പറയുന്നില്ല. വിലങ്ങാട്ടു മാത്യു എന്ന അറുപത്തിരണ്ടുകാരനെ കൊന്നു. അതെല്ലാം സഹിച്ചു. വിൽസൻെറ കൊലപാതകത്തെപ്പററി ശ്രീ. ബേബി ജോൺ എന്തു പറയുന്നുവെന്ന് എനിക്കറിയില്ല. അദ്ദേഹം ന്യായീകരിക്കുമോ ? കുണ്ടറയിലെ വിൽസൻ എന്ന ചെറുപ്പക്കാരനെ സ്വന്തം മാതാവ് കേണപേക്ഷിച്ചിട്ടുപോലും ആ മാതാവിനെ നോക്കിനിറുത്തിക്കൊണ്ടു വെട്ടിക്കൊന്നു. പെരിന്തൽമണ്ണയിലെ ജനാർദ്ദനൻെറ കഥ ഇന്നലെ ശ്രീ. സീതിഹാജി ഇവിടെ പറഞ്ഞു. ഇങ്ങനെ രാജ്യത്തുടനീളം കൊലപാതകം അതുപോലെ ബോംബു വർഷങ്ങൾ. പരിശോധന നടത്തണമെന്നാവശ്യപ്പെട്ടപ്പോൾ ഈ രാജ്യത്തു നടന്ന പരിശോധനാപ്രഹസനങ്ങൾ. ഇവിടെയൊരു ഗവൺമെൻറുണ്ടോ, ഒരു ഭീകരഭരണം നടക്കുകയാണോ, ഇതു കൊലയാളികളുടെ ഭരണമാണോ, എന്നു ജനങ്ങൾ അങ്ങേയററം ഉൽക്കണ്ഠാകുലരായിക്കഴിഞ്ഞുകൂടിയ സാഹചര്യം. അതുപോലെ മാർക്സിസ്ററു പാർട്ടി ഈ ഭരണം ഉപയോഗപ്പെടുത്തി തീർത്തും നിഷേധാത്മകമായ നിലപാടു സ്വീകരിച്ചപ്പോൾ രാജ്യത്തിൻെറ ഭാവിയേയും ജനങ്ങളുടെ നൻമയേയും കരുതി ജനങ്ങളുടെ ആഗ്രഹം മാനിച്ചുകൊണ്ട് ഞങ്ങൾ ജനങ്ങളിൽനിന്ന് ഈ ബാധ ഒഴിവാക്കണമെന്ന് തീരുമാനിച്ചു. ജനങ്ങളെ ഇത്തരത്തിലുള്ള ഒരു ആപത്തിൽ കൊണ്ടുപോയി എന്നെന്നേക്കുമായി തള്ളിവിടാൻ പാടില്ലെന്നും അത് ഒഴിവാക്കണമെന്നും തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ ഞങ്ങൾ മുന്നണിയിൽ നിന്നു പോയി.

സർ, ഇവിടെ ഭൂരിപക്ഷത്തിൻെറ കാര്യത്തെ സംബന്ധിച്ചിടത്തോളം പറയുന്നുണ്ട്. അതിനുള്ള ധാർമ്മികമായ അവകാശത്തെ സംബന്ധിച്ചിടത്തോളവും ഇവിടെ പറയുന്നതു കേട്ടു. ഞങ്ങൾ മുന്നണി വിട്ടപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നായനാർ അധികാരത്തിൽ ഇരുന്നത് എന്തടിസ്ഥാനത്തിലാണ് ? അന്നും ഇതേ സംഖ്യാബലം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നിട്ടും അധികാരത്തിൽ ഇരുന്നു. അതേയവസരത്തിൽ ഈ മുന്നണി ഉണ്ടാക്കുമ്പോൾ ശ്രീ. നമ്പൂതിരിപ്പാട് ക്ലീൻസ്ലേററ് വാദം ഉന്നയിച്ചിരുന്നു. അതിന്റെ അർത്ഥം എന്താണ് ? യഥാർത്ഥ ജനാധിപത്യ തത്വം തന്നെയാണ്. അതിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. ഞങ്ങൾക്ക് അതിനോട് ബഹുമാനമുണ്ട്. അങ്ങനെയാണെങ്കിൽ ഈ മുന്നണിയിൽ നിന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വിട്ടുപോരുമ്പോൾ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് 93 സീററുകൾ കിട്ടിയപ്പോൾ 51 ശതമാനമാണ് വോട്ട്. ആ അവസരത്തിൽ നോമിനേററഡ് മെമ്പർ ഉൾപ്പെടെ 94 അംഗങ്ങൾ ഉണ്ടായിരുന്നതിൽ നിന്നും 22 പേർ പിന്തുണ പിൻവലിച്ചിട്ട് പോയി. 51 ശതമാനം വോട്ടിൽ നിന്നും വോട്ടിന്റെ ശതമാനം 38 ആയി കുറഞ്ഞിട്ടും സാങ്കേതിക വാദം പറഞ്ഞുകൊണ്ട് അധികാരത്തിൽ കടിച്ചുതൂങ്ങി ഇരുന്ന ഇവരാണോ ഞങ്ങളോട് ഇവിടെ നിന്നും ധാർമ്മിക വേദാന്തം പ്രസംഗിക്കുന്നത്. അങ്ങനെ വേദാന്തം പ്രസംഗിക്കുന്നതിന് ഇവർക്ക് അവകാശമില്ല.

സർ, ശ്രീ. ഷൺമുഖദാസിന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഞാൻ കൂടുതൽ പരാമർശിക്കുന്നില്ല. അവർ വലിയ ആദർശജീവികളാണ്. അദ്ദേഹം ഇന്നത്തെ ശ്രീമാൻ ആൻറണിയുടെ ആദർശത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറയുന്നത് കേട്ടു. അദ്ദേഹം ഇപ്പോൾ ആദർശത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്നതിനെക്കുറിച്ചും ചിക്കമഗലൂർ ഉപ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചും എല്ലാം പറഞ്ഞു.

സർ, അദ്ദേഹം ഇവിടെ ശ്രീ. തായാട്ട് ശങ്കരന്റെ ലേഖനത്തെപ്പററി പറയുകയുണ്ടായി. ഞാൻ ഈ അവസരത്തിൽ ശ്രീ. തായാട്ട് ശങ്കരനെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം തീർച്ചയായും ദീർഘവീക്ഷണമുള്ള ആളാണ്. ഇന്നലെ ഇവിടെ ഉണ്ടായ വിവാദം എന്താണ് ? ശ്രീ. ശരത്പവാർ നേതൃത്വം കൊടുക്കുന്ന, അദ്ദേഹം അദ്ധ്യക്ഷനായിട്ടുള്ള കോൺഗ്രസ് എസിനെപ്പററി ശ്രീ. തായാട്ടു ശങ്കരൻ പറഞ്ഞത് എന്താണ്? അദ്ദേഹത്തിന്റെ കോൺഗ്രസ് എന്ന് പറയുന്നത് ജലാശയത്തിനു മുകൾപരപ്പിലെ പായൽപോലെ മാത്രമെ ഉള്ളു എന്നാണ്. അത് തന്നെയാണ് വസ്തുത. അതൊന്ന് കൈകൊണ്ട് തൂത്ത് കൂട്ടി എടുത്താൽ ഒരു ബക്കററിൽ ഒതുങ്ങാൻ മാത്രമേ ഉള്ളു എന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ ശ്രീ. ഷൺമുഖദാസും ചാക്കോയും എല്ലാം കൂടി കൂടുന്നത് ഒരു ബക്കററിൽ ഒതുങ്ങാൻ മാത്രമെ ഉള്ളു എന്നുള്ള അർത്ഥത്തിൽത്തന്നെയാണ് അദ്ദേഹം പറഞ്ഞത്. അതിന് തെളിവിനുവേണ്ടി വേറെ എവിടെയും പോകേണ്ട. ശ്രീമതി ഇന്ദിരാഗാന്ധിക്കെതിരായി ശക്തിയായ ആദർശപരമായ ഒരു നിലപാട് എടുക്കുന്ന ആളുകളാണ് ഇവർ. അങ്ങനെയാണെങ്കിൽ ചിക്കമംഗലൂർ തെരഞ്ഞെടുപ്പിൽ ആ നിലപാട് എടുത്ത ശ്രീ. ആൻറണിയെ കുത്തിക്കൊണ്ട് തിരിച്ച് ഞങ്ങളോട് ചോദിക്കുമ്പോൾ കഴിഞ്ഞ രണ്ടു മാസം മുമ്പ് ഉത്തരേന്ത്യയിൽ 16 അസംബ്ലി നിയോജകമണ്ഡലങ്ങളിലും ഒരു പാർലമെൻറ് സീററിലും ശ്രീമതി ഇന്ദിരാഗാന്ധി സ്ഥാനാർത്ഥികളെ നിർത്തി മൽസരിച്ചപ്പോൾ ഈ ആദർശം പറയുന്നവർ ഒററ സ്ഥാനാർത്ഥിയെപ്പോലും നിർത്തി അതിനെതിരായി മൽസരിപ്പിക്കാൻ തയ്യാറായിട്ടില്ല. അതിന്റെ അർത്ഥം എന്താണ് ? അതുകൊണ്ടുതന്നെ ശ്രീ. തായാട്ടു പറയുന്നത് വളരെ ദീർഘവീക്ഷണത്തോടുകൂടിതന്നെയാണ് എന്നുള്ളതാണ് വരുന്നത്. അതുകൊണ്ട് ആദർശത്തെ സംബന്ധിച്ചിടത്തോളം പറയേണ്ട.

സർ, ഞങ്ങളുടെ ഡി. സി. സി. ഓഫീസ് ആക്രമണം നടന്നു. ഞങ്ങളുടെ നേതാവ് ആൻറണി അന്ന് കാസർകോട് മുതലുള്ള എല്ലാ നേതാക്കൻ

LIBRARY ARCHIVES Kerala Legislative Assembly

മാരും ഇവിടെ വരണമെന്ന് പറഞ്ഞു. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും പ്രധാനമായ നിലപാട് എടുക്കേണ്ടി വരുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ ശ്രീ. ഷൺമുഖദാസ് അന്ന് വൈകുന്നേരം തന്നെ ഇലന്തൂരിലേയ്ക്ക് വണ്ടി കയറി. അവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു പരിപാടിയിൽ പങ്കെടുക്കാൻ വേണ്ടിയാണ് അദ്ദേഹം പോയത്. തീർച്ചയായും ആവശ്യമാണ്. ശ്രീമാൻ ആൻറണി എല്ലാവരോടും ഇങ്ങോട്ടു വരുവാൻ ആവശ്യപ്പെട്ടുകൊള്ളട്ടെ. സ്വന്തം പാർട്ടി ഓഫീസ് കത്തി കരിച്ചോട്ടെ, പതാക ചുട്ടെരിച്ചോട്ടെ. അവിടെ ചെന്നപ്പോൾ അവിടത്തെ കോൺഗ്രസ് പ്രവർത്തകർ തല താഴ്ത്തി കണ്ണീർ ഒലിപ്പിച്ചുകൊണ്ട് നിങ്ങൾ തിരിച്ച് പോകണമെന്ന് ആവശ്യപ്പെട്ടു. അവർ കരിങ്കൊടി കാണിച്ചു. അതിന് ശ്രീ. ഷൺമുഖദാസ് പറഞ്ഞതെന്താണെന്നോ എടോ നമ്മുടെ ഒരു പതാക കത്തിപോയെങ്കിൽ എന്താണ് ? സാരമില്ല, മൂന്നേകാൽ രൂപയല്ലേ ഉള്ളു. മൂന്നേകാൽ രൂപ കൊടുത്തുകൊണ്ട് പതാക വാങ്ങിച്ചാൽ പോരായോ എന്നുള്ള രീതിയിലുള്ള നാണം കെട്ട ഏർപ്പാടായിരുന്നു അദ്ദേഹം സ്വീകരിച്ചത്.

ശ്രീ. സി. എ. കുര്യൻ: ഇന്നലെ ഇവിടെ ഒരു കാര്യം പറഞ്ഞു. ശ്രീ. പി. കെ. വി. ഇന്നലെ പ്രസംഗിച്ചപ്പോൾ ഒരു കാര്യം ഇവിടെ പറയുകയുണ്ടായി. ഇവിടത്തെ പ്രൊസീഡിംഗ്സ് എടുത്തു പരിശോധിച്ചാൽ നമുക്ക് ഒരു കാര്യം മനസിലാക്കാൻ കഴിയും. ശ്രീ. പി. കെ. വാസുദേവൻനായരാണ് ഈ നിയമസഭയിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ കൊലപാതക രാഷ്ട്രീയത്തിനെതിരായി ഏററവും ശക്തമായി പറഞ്ഞത്.

(ബഹളം)

മി. സ്പീക്കർ : അദ്ദേഹം പ്രസംഗം തുടങ്ങിയത് 9.11-ന് ആണ്. പ്രസംഗം നിർത്തേണ്ടത് 9.24-ന് ആണ്. പാർട്ടിയുടെ രണ്ട് മിനിററുകൂടി കൊടുക്കണമെന്ന് പറഞ്ഞു. അങ്ങനെ രണ്ടു മിനിട്ടുകൂടി കൊടുത്തു.

ശ്രീ. സിറിയക് ജോൺ : ശ്രീമാൻ അച്യുതമേനോൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. ആ പാർട്ടിയുടെ ആളുകളാണ് ഇവിടെ നിന്നുകൊണ്ട് വേദാന്തം പ്രസംഗിക്കുന്നത്. അന്ന് അദ്ദേഹം പറഞ്ഞത് കോൺഗ്രസിൻെറ പിന്തുണയോടുകൂടി ഭരിക്കേണ്ടതായി വന്നാൽ ഒരു നിമിഷംപോലും അധികാരത്തിൽ തുടരുകയില്ലെന്ന് ആണ്. ആ അച്യുതമേനോൻ 70-ൽ പോയി പറഞ്ഞത് കോൺഗ്രസ് പങ്കാളിത്തം വഹിക്കുകയില്ലെങ്കിൽ ഞാൻ ഗവൺമെൻറിന് നേതൃത്വം കൊടുക്കാൻ ഇല്ലെന്നാണ്. ഒരുതരം ഇത്തിൾക്കണ്ണി രാഷ്ട്രീയക്കാർ എന്ന് പറയുന്നത് സി. പി. ഐ. ക്കാരെ ഉദ്ദേശിച്ചാണ്. അതിന് യാതൊരു സംശയവുമില്ല. ആ ആളുകളാണ് ഇവിടെ നിന്നുകൊണ്ട് ആദർശത്തെ സംബന്ധിച്ചിടത്തോളം പറയുന്നത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : സർ, ഒരു പാർട്ടിയെ സംബന്ധിച്ചും ഒരു വ്യക്തിയെ സംബന്ധിച്ചും തെററായ അനാവശ്യമായ പരാമർശനങ്ങൾ നടത്തരുതെന്ന് റൂളിംഗ് ഉണ്ടായിട്ടും ഇത്തിൾക്കണ്ണി എന്ന് പദപ്രയോഗം ഓർഡറിലാണോ ?

(ബഹളം)

ശ്രീ. സിറിയക് ജോൺ : 64 പേരുടെ മാത്രം പിന്തുണയോടുകൂടി അന്ന് അധികാരത്തിലിരുന്നതാണ്. ഇന്ന് അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിന് ശ്രീ. ഷൺമുഖദാസിന് ധാർമ്മികമായോ രാഷ്ട്രീയമായോ യാതൊരു അവകാശവുമില്ല. അതുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എം. വി. രാഘവൻ</u> : സർ, ഞാൻ അവിശ്വാസപ്രമേയത്തെ ശക്തിയായി അനുകൂലിക്കുകയാണ്. ശ്രീ. കരുണാകരന്റെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത് ഒരു ഗവൺമെന്റാണോയെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം എനിക്ക് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ഏതായാലും ശ്രീമതി ഇന്ദിരാഗാന്ധിയുടെ നിർദ്ദേശമനുസരിച്ചായിരിക്കും നമ്മുടെ ജോതി വെങ്കിടചെല്ലം കരുണാകരനെ ഒരു മുഖ്യമന്ത്രിയായി നിയമിച്ചിട്ടുള്ളത്. ഏതായാലും ഈ പ്രവൃത്തി ജനാധിപത്യ വഴക്കങ്ങൾക്കെല്ലാം വിരുദ്ധമാണെന്ന് ഞങ്ങൾ പറഞ്ഞാൽ ശ്രീ. കരുണാകരൻ അത് അംഗീകരിക്കുകയില്ല. അപ്പുറത്തിരിക്കുന്ന മററുള്ളവരും അത് അംഗീകരിക്കുകയില്ല. പലജാതി ചരക്കുകളാണ് അപ്പുറത്തിരിക്കുന്നത്. അതിനെപ്പററി എന്ത് പറയാനാണ് ? വീണിതല്ലോ കിടക്കുന്നു എന്ന് പറയുന്നതുപോലെ ശ്രീ. ആര്യാടൻ മുഹമ്മദും വക്കം പുരുഷോത്തമനും കിടക്കുകയാണ്. എന്റെ സുഹൃത്തുക്കളെന്നുള്ള നിലയിൽ ഞാൻ സഹതപിക്കുകയാണ്. കാരണം സെക്രട്ടേറിയററിലെ സ്ററാഫിനോട് അവർ പറഞ്ഞത് തന്നെ ഞങ്ങൾ ഇതേ വകുപ്പിൽ തന്നെ വരുമെന്നാണ്. ഒരു വകുപ്പും കൊടുക്കാത്ത ഒരു വകുപ്പിനെപ്പററിയുള്ള ഖേദം കൊണ്ട് പറയുന്നതാണ്. അവരെ രണ്ടു ദിവസമെങ്കിൽ രണ്ട് ദിവസമെങ്കിലും ഒരു മന്ത്രിയായി നടത്തണം. ശ്രീ. ബാലകൃഷ്ണപിള്ളയുടെ കഥ പിന്നെ പറയാനില്ല. അദ്ദേഹത്തെപ്പററി ഒരു നോട്ടീസും വന്നിട്ടുണ്ട്. ഞാൻ അതിനെപ്പററി പറയുന്നില്ല. അതുകൊണ്ട് അങ്ങേഭാഗത്ത് ഇരിക്കുന്ന ഈ ആളുകളെപ്പററി ആലോചിക്കുമ്പോൾ സഹതാപമുണ്ട്; ദുഃഖമുണ്ട്; ഖേദമുണ്ട്, ഏതായാലും നിങ്ങൾ ഈ ആത്മഹത്യയ്ക്ക് പുറപ്പെട്ടാൽ പിന്നെ ഞാൻ വിചാരിച്ചാൽ തടുക്കാൻ സാധിക്കുകയില്ല. ആരുടെ വലയിലാണ് നിങ്ങൾ വീണിരിക്കുന്നത് ? ശ്രീ. സീതിഹാജി അവിടെയുണ്ട്. എന്തായിരിക്കും നിങ്ങളുടെ കഥയെന്ന് എനിക്കറിയുകയില്ല.

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. ടി. എം. ജേക്കബ്)

ഉളുപ്പ് എന്നു പറയുന്നത് ശ്രീ. കരുണാകരന് ഇല്ല. പണ്ടുമുതലേ എനിക്ക് അദ്ദേഹത്തെക്കുറിച്ച് അറിയാം. എന്റെ നാട്ടിൽ നിന്നും വന്നതാണ്. എന്നിട്ട് തൃശ്ശൂരിൽ കരിങ്കാലിപ്പണി എടുത്ത് കരിങ്കാലിയെന്ന് പേര് നേടിയിട്ടുള്ള ഈ കരിങ്കാലിയോട് എന്തു പറഞ്ഞാലും രക്ഷകിട്ടാൻ പോകുന്നില്ല. ഉളുപ്പെന്ന് പറഞ്ഞതേയില്ല. അതുകൊണ്ട് അധികമൊന്നും ഞാൻ പറയുന്നില്ല.

<u>ശ്രീ. എം. പി. ഗംഗാധരൻ</u> : തന്റെ നയത്തിന്റെ കുറവുകൊണ്ടാണോ തനിക്ക് ഉളുപ്പ് ഇല്ലാത്തത്, എന്ത് തോന്ന്യാസമാണ് പറയുന്നത്.

<u>ശ്രീ. എം. വി. രാഘവൻ</u> : ഞാൻ പറഞ്ഞു തുടങ്ങിയതല്ലേ ഉള്ളു. അതിന് മുമ്പ് ഇങ്ങനെ തുടങ്ങിയാൽ എന്താ ചെയ്യുക. കേരള ഗവർണ്ണർ ചെയ്ത നടപടി തെററായിപ്പോയിയെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് മാത്രം പറയുകയാണ്. അല്ലാതെ പറഞ്ഞിട്ട് കാര്യമൊന്നുമുള്ളതുകൊണ്ടല്ല പറയുന്നത്. ശ്രീമതി ഇന്ദിരാഗാന്ധിക്ക് അതായത് നമ്മുടെ ഇൻഡ്യൻ പ്രധാനമന്ത്രിക്ക് അറിയാം ശ്രീ. കെ. കരുണാകരനെ കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുക്കുകയില്ല. അതുകൊണ്ട് ശ്രീ. കരുണാകരനെ മുഖ്യമന്ത്രിയാക്കണം. അത് ശരിയല്ലാ എന്നു മാത്രമെ ഞാൻ പറയുന്നുള്ളു. ശ്രീ. കെ. കരുണാകരനെ ശ്രീമതി ഇന്ദിരാഗാന്ധിക്ക് ഇഷ്ടമാണ്, ശ്രീമതി ജോതി വെങ്കിടചെല്ലത്തിന് ഇഷ്ടമാണെങ്കിൽ ശ്രീ.കെ. കരുണാകരന് ഒരു ജോലി കൊടുക്കണം. അത് കൊടുക്കണമെന്നുണ്ടെങ്കിൽ സ്വന്തം വീട്ടിൽ കൊടുക്കണം. അല്ലാതെ ഇവിടെ എന്തിനാണ് ? ഉത്തരവാദപ്പെട്ട ഒരു നിയമസഭയാണിത്. കരുണാകരൻ വിശ്വസ്തനാണ് അതുകൊണ്ട് ഒരു ജോലി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്ന് ശ്രീമതി ഇന്ദിരാഗാന്ധി വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ ഡൽഹിയിൽ, ശ്രീമതി ഇന്ദിരാഗാന്ധിയുടെ വീട്ടിൽ സാധനം വാങ്ങാനായിട്ട് ഒരു ജോലി കൊടുക്കണം. അല്ലാതെ ഇവിടെ എന്തിന് കൊടുക്കുന്നു. പിന്നെ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഒരു സുഹൃത്താണ്. അദ്ദേഹത്തിനും അവിടെ ഒരു ജോലി കൊടുക്കണം. മാർക്കററിൽ പോയി ഇറച്ചിയോ മൽസ്യമോ വാങ്ങാനായിട്ട് ഒരാൾ വേണം. അതിന് ശ്രീ. മുഹമ്മദ് കോയയെ അങ്ങ് നിയമിച്ചു കൊള്ളട്ടെ. അതിൽ ഞങ്ങൾക്കൊരു വിരോധവുമില്ല. പിന്നെ ശ്രീ. കെ. എം. മാണി ഉണ്ട്. അദ്ദേഹത്തോട് ഞങ്ങൾക്കൊരു വിരോധവുമില്ല. ശ്രീ. കരുണാകരനും ശ്രീ. മുഹമ്മദ് കോയക്കും കൊടുക്കുന്നതുപോലുള്ള ഒരു ജോലി ശ്രീ. മാണിക്കും കൊടുക്കണം. ശ്രീ. മാണിയുടെ ഒരു സഹതാപം, ശ്രീ. പി. സി. ജോർജിന്റെ ഒരു സഹതാപം എന്റെ ജോർജേ ....സഭയിൽ ബഹളം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ ചെയറിനെ നോക്കി സംസാരിക്കുക അല്ലാതെ അംഗങ്ങളെ ചൂണ്ടി സംസാരിക്കേണ്ട.

ശ്രീ. എം. വി. രാഘവൻ : x x x x x x

(ബഹളം)

ശ്രീ. സിറിയക് ജോൺ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ആദ്ധ്യക്ഷം വഹിക്കുന്ന അങ്ങയെ ഈ സഭയിലെ ഒരംഗം x x x x എന്ന് വിളിച്ച് വളരെ അപഹസിച്ചുകൊണ്ട് സംബോധന ചെയ്യുന്നത് ഓർഡറിലാണോ ? ആ വാക്ക് ശ്രീ. രാഘവൻ പിൻവലിക്കണം. ....സഭയിൽ (ബഹളം).

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, ആ വാക്ക് പിൻവലിപ്പിക്കണം.

ശ്രീ. എം. വി. രാഘവൻ : ശ്രീ. കെ. കെ. ബാലകൃഷ്ണൻ ശ്രീ. കെ. കരുണാകരനെതിരായി നിവേദനവും കൊണ്ട് നടന്നിട്ട് ഇപ്പോൾ എന്റെ പിടലിക്കോ ? .... ബഹളം.

മി. ചെയർമാൻ : ചെയറിനെക്കുറിച്ച് അങ്ങനെ ഒരു പരാമർശം ഉണ്ടായിട്ടുണ്ടെങ്കിൽ അത് സഭാനടപടികളിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

ശ്രീ. സിറിയക് ജോൺ : സർ, അദ്ദേഹത്തെക്കൊണ്ട് മാപ്പ്പറയിക്കണം .... ബഹളം. ഇത് ഈ സഭയോടുള്ള അനാദരവാണ് .... ബഹളം.

ശ്രീ. എം. വി. രാഘവൻ : ശ്രീ. കെ. കെ. ബാലകൃഷ്ണൻ ശ്രീ. കെ. കരുണാകരനെതിരായി ഡൽഹിയിൽ നിവേദനവും കൊണ്ട് പോയിട്ട് അത് നടക്കാതെ വന്നപ്പോൾ എന്നോട് ആ വിരോധം തീർത്തിട്ടെന്തുകാര്യം. ശ്രീ. കരുണാകരനെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി പറഞ്ഞുകൊള്ളിൻ. എനിക്ക് അതിൽ യാതൊരു വിരോധവും ഇല്ല. പിന്നെ ശ്രീ. രാഘവൻ പൊഴക്കടവിന്റെ സ്ഥിതി എന്താണെന്ന് എനിക്കറിയാം. നിങ്ങൾ ചില യജമാനൻമാരുടെ ഭൃത്യരെപ്പോലെ ശ്രീ. കരുണാകരനെ പുറത്താക്കാൻ ശ്രീമതി ഇന്ദിരാഗാന്ധിയുടെ അടുത്ത് നടന്ന് തളർന്ന് ഇവിടെ വന്നിട്ട് ഇത് പറഞ്ഞാൽ വല്ല കാര്യവുമുണ്ടോ ? അതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. നിയമസഭയോട് ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റാണ്

---

x x x x x x ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകേണ്ടത്. ഞങ്ങൾ അംഗീകരിക്കുന്നില്ല ശ്രീ. കെ. കരുണാകരൻെറ ഗവൺമെൻറിനെ. ശ്രീമതി ഇന്ദിരാഗാന്ധിയോടും ശ്രീമതി ജ്യോതിവെങ്കിടചെല്ലത്തിനോടും ശ്രീ. കെ. കരുണാകരനോടും ശ്രീ. സി. എച്ച്. മുഹമ്മദ് കോയയോടും ഞങ്ങൾ പറഞ്ഞത് ശരിയാണെന്നല്ലേ തെളിയിച്ചത്. നിങ്ങൾക്ക് ഭൂരിപക്ഷമില്ലന്നല്ലേ ഇപ്പോൾ തെളിയിച്ചത്. ഇവിടെ ശ്രീ. കെ. കരുണാകരൻ ഒരു ഗവൺമെൻറ് രൂപീകരിക്കുമ്പോൾ ജനതാ പാർട്ടി ഒരു തീരുമാനമെടുത്തിരുന്നില്ല. അതുപോലെ തന്നെ ശ്രീ. കെ. കെ. നായരും ഒരു തീരുമാനമെടുത്തിരുന്നില്ല. ഇന്ന് ഏതാണ്ട് പർച്ചെസ് ശരിയായിട്ടുണ്ടെന്നാണ് തോന്നുന്നത്. അന്ന് തീരുമാനമെടുത്തിരുന്നില്ല.............. ബഹളം.

ശ്രീ. പി. സീതിഹാജി : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ സഭയിലെ ഒരംഗം ഈ സഭയെ തെററിദ്ധരിപ്പിക്കുന്ന തരത്തിലുള്ള പ്രസ്താവന ചെയ്യുന്നത് ശരിയാണോ ? ജനതാ പാർട്ടി മാർക്സിസ്ററ് പക്ഷത്തേയ്ക്ക് പോവുകയില്ലെന്നും ഇവിടെ ഒരു ഗവൺമെൻറ് വരികയാണെങ്കിൽ ആ ഗവൺമെൻറിനെ താഴെയിറക്കുവാൻ ശ്രമിക്കുകയില്ലെന്നും കൽദാത്തെ ഫോർമുല ഈ രാജ്യത്ത്...............സഭയിൽ ബഹളം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് പങ്കാളിത്തമുള്ള മന്ത്രിസഭയ്ക്ക് പിൻതുണ നൽകുകയില്ലെന്നു വളരെ വ്യക്തമായി പറഞ്ഞിരിക്കുമ്പോൾ..........(ബഹളം)

ശ്രീ. എം. വി. രാഘവൻ : ശ്രീ. സീതിഹാജിക്ക് പത്രംവായിക്കുവാൻ അറിയാമെന്നാണ് എൻെറ വിശ്വാസം. പത്രം വായിക്കുവാൻ അറിയാമെങ്കിൽ ആദ്യം വായിക്കേണ്ടത് കൽദാത്തെ ഫോർമുലയെക്കുറിച്ചാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിലുള്ളതോ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ പിൻതുണയുള്ളതോ ആയ ഒരു ഗവൺമെൻറിന് ജനതാ പാർട്ടി പിൻതുണ നൽകുകയില്ലെന്നാണ് കൽദാത്തെ ഫോർമുലയിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ശ്രീ. സീതിഹാജി ആ പത്രം എടുത്തൊന്നുവായിക്കണം. മരക്കച്ചവടം മാത്രം നടത്തിയിട്ട് അസംബ്ലിയിൽ വന്നാൽ പോരായെന്നാണ് എനിക്ക് പറയാനുള്ളത്. ജനതാ പാർട്ടി അന്ന് ഈ ഗവൺമെൻറിന് പിൻതുണ നൽകിയിട്ടില്ല. ശ്രീ. കെ. കെ. നായർ അന്ന് പിൻതുണ നൽകിയിട്ടില്ല. പിന്നെ ശ്രീ. കെ. കെ. നായർ ഇന്നലെ വൈകുന്നേരം കച്ചവടം ഒപ്പിച്ചോയെന്നറിയുകയില്ല. അന്ന് ഞങ്ങൾ ന്യൂനപക്ഷ മന്ത്രിസഭയെന്നുപറഞ്ഞത് ഇപ്പോൾ തെളിയിച്ചിരിക്കുകയാണ്. എന്നിട്ടും ശ്രീ. കെ. കരുണാകരന് ഭരിക്കുവാൻ അനുവാദം കൊടുത്തിരിക്കുകയാണ്. അതുകൊണ്ടാണ് പറയുന്നത് ശ്രീമതി ജ്യോതിവെങ്കടചെല്ലം ചെയ്തത് തെററാണെന്ന്. ശ്രീമതി ജ്യോതി വെങ്കടചെല്ലം കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ചാണ് ഇപ്രകാരം ചെയ്തതെങ്കിൽ അതും തെററാണ്. ഞങ്ങൾ നിങ്ങളെ വെറുതെവിടാൻ പോകുന്നില്ല. ശ്രീ സിറിയക് ജോണിൻെറ വിലാപകാവ്യവും ശ്രീ. എം. എം. ഹസ്സൻെറ മുണ്ടഴിച്ചുള്ള ഓട്ടവും. എന്താണിത്. നിങ്ങൾ ക്രമസമാധാനത്തിൻെറ പേരിലാണല്ലോ ഇപ്പോൾ അപ്പുറത്തിരിക്കുന്നത്. എന്നാൽ പിന്നെ ശ്രീ കെ. കരുണാകരൻ എപ്പോഴേ പറയാൻ തുടങ്ങിയതാണ് ക്രമസമാധാനത്തെക്കുറിച്ച്. എന്നിട്ട് നിങ്ങൾ എന്തിന് അവിടെ കുത്തി ഇരിക്കുന്നു. 'ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം, പണം എന്ന് നമ്പ്യാർ പറഞ്ഞകണക്ക് നിങ്ങൾ എന്തിനാണ് അവിടെ ഇരിക്കുന്നത്. ആദർശധീരനായ ശ്രീ. എ. കെ. ആൻറണിയും പാർട്ടിയും-അദ്ദേഹത്തിൻെറ പാർട്ടിയുടെ പേര് അറിയുകയില്ല. ജാരസന്താനമായത് കൊണ്ട് അതിൻെറ പേര് അറിയുകയില്ല—

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയതിനുശേഷം ഓൺലുക്കർ എന്ന വാരികയിൽ കൊടുത്തിട്ടുള്ള ഒരു അഭിമുഖസംഭാഷണത്തിൽ അദ്ദേഹം നടത്തിയ രാഷ്ട്രീയ സമ്മർദ്ദത്തിന്റെ വിജയമാണ് എൽ. ഡി. എഫിൽ നിന്നും ആൻറണി വിട്ടുപോകാൻ കാരണമെന്നു പറഞ്ഞതു് വായിച്ചിട്ടുണ്ടോ ?

ശ്രീ. എം. വി. രാഘവൻ: അതു് വായിക്കേണ്ട ആവശ്യമില്ല. ശ്രീമാൻ കരുണാകരന്റെ രാഷ്ട്രീയ വിജയംതന്നെയാണ് ഇതും. ആൻറണിയെന്നു പറയുന്ന ആദർശധീരനുണ്ടല്ലോ ശ്രീമതി ഇന്ദിരാഗാന്ധി ചിക്കമഗളൂരിൽ മൽസരിച്ചപ്പോൾ അതിൽ രോഷംപൂണ്ട് കോൺഗ്രസ്സ് അതിനെ എതിർത്തില്ലെന്നും പറഞ്ഞ് അന്ന് അദ്ദേഹം മുഖ്യമന്ത്രിസ്ഥാനം പുല്ലുപോലെ വലിച്ചെറിഞ്ഞ് എറണാകുളത്തെ ഏതോ മുറിയിൽ 10 ദിവസം ആരുംകാണാതെ അടച്ചുപൂട്ടി കിടന്നു. അതു കഴിഞ്ഞ് ഞങ്ങളോട് വന്നുപറഞ്ഞു, പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ യോജിച്ചുകൂടേ എന്ന്. സി. പി. ഐ. ക്കാരും ആർ. എസ്. പി. ക്കാരും അടങ്ങിയ ഒരു മുന്നണിയുടെ ഗവൺമെന്റ് അല്ലേ നിങ്ങൾക്കുള്ളത്, അപ്പോൾ നിങ്ങൾ കാലുവാരുകയല്ലേ ചെയ്യുന്നത് എന്നു ഞങ്ങൾ ചോദിച്ചു...................സഭയിൽ ബഹളം ഞങ്ങനെ ചോദിച്ചപ്പോൾ ആദർശധീരനായ ആൻറണി പറഞ്ഞു, അത് സാരമില്ലായെന്ന്. എന്നിട്ട് സ്വന്തം മുന്നണിയിലിരുന്ന മന്ത്രിമാരെ എതിർത്തുകൊണ്ട് പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഞങ്ങളുമായി മൽസരിച്ചു. ആ കാര്യം ഓർമ്മയുണ്ടോ ? അത് കഴിഞ്ഞു ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നും സി. പി. ഐ. മുഖ്യമന്ത്രിസ്ഥാനം വലിച്ചെറിഞ്ഞ് പി. കെ. വാസുദേവൻനായർ അടക്കമുള്ളവർ ഞങ്ങളോട് ഒപ്പം വന്നപ്പോൾ ആൻറണി മെല്ലേകാലുമാറി ശ്രീ. സി. എച്ച്. മുഹമ്മദുകോയയെ കയററി ഇരുത്തി. അപ്പോൾ എന്തെല്ലാം മലക്കങ്ങളാണ് കാണിച്ചിട്ടുള്ളത്. അതിനെക്കുറിച്ചെല്ലാം ശ്രീ. എ. സി. ഷൺമുഖദാസിന് അറിയാമെന്നുള്ളതുകൊണ്ടാണ് ആ നാററത്തിന്റെ കൂടെ നിൽക്കാത്തത്. ശ്രീ. പി. സി. ചാക്കോയും ശ്രീ. എ. സി. ഷൺമുഖദാസും സോഷ്യലിസ്ററ് കോൺഗ്രസുകാരാണ്. ഇന്ന് ശ്രീ. സി. എച്ച്, മുഹമ്മദുകോയയെ 51 ദിവസംകൊണ്ട് ഇറക്കിയില്ലേ. എന്നിട്ട് ഇപ്പോൾ വീരശൂരപരാക്രമം നടത്തുകയാണ്. എന്റെ സീതിഹാജി തന്റെ ഗതികേടിനെക്കുറിച്ചു എന്ത് പറയാനാണ്. ശ്രീനിവാസനും രാഘവനും ബേബിജോണും അബൂബേക്കറും എല്ലാം പറയുന്നത് ഈ നിയമവിരുദ്ധമന്ത്രിമാരെ ഇറങ്ങി നടക്കാൻ അനുവദിക്കുകയില്ലായെന്നുതന്നെയാണ്.

ഭരിച്ചുകളയാമെന്നു വിചാരിക്കണ്ടായെന്നാണ് എനിക്ക് പറയാനുള്ളത് ക്രമസമാധാനത്തെപ്പററി പറഞ്ഞു. ഇ. കെ. നായനാരുടെ ഗവൺമെന്റിന്റെ കാലത്തെ മൂന്നുമാസത്തെ കണക്കെടുത്താൽ നാലു കൊലപാതകമാണ് നടന്നിട്ടുള്ളത്. ഈ മൂന്നുമാസത്തെ കണക്കു എത്രയാണ് ? പ്രസിഡൻറു ഭരണകാലത്തു 52 കൊലപാതകങ്ങളാണ് നടന്നത്. സി. പി. എം. കാർ തന്നെ 15 പേർ മരിച്ചിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങൾ ഇരുപത്തിമൂന്നോ ഇരുപത്തിനാലോ വരും. അതേപ്പററി എന്താണ് പറയാനുള്ളത്. ക്രമസമാധാനത്തെപ്പററി പറഞ്ഞിട്ടുള്ളത് എന്താണ് ;

ശ്രീ. കെ. പി നൂറുദ്ദീൻ: ആ നാലിൽ തലശ്ശേരിയിൽ എത്ര ആണ്?

ശ്രീ. എം. വി. രാഘവൻ: എന്റെ നൂറുദ്ദീനേ ഈ ആലിബാബയും നാൽപ്പതു കള്ളൻമാരും തന്നെയാണ് കരുണാകരനെപ്പററി കഴിഞ്ഞ അസംബ്ലിയിൽ പ്രസംഗിച്ചത്. രണ്ടു കൊലയാളികൾ ഞങ്ങളുടെകൂടെ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുന്നുവെന്നാണ് ആക്ഷേപമുണ്ടായിരുന്നത്. അത് അപ്പുറത്തു വന്നിരിക്കുന്നല്ലോ. ഞങ്ങൾക്ക് ബുദ്ധിമുട്ടില്ല. മങ്കൊമ്പിൽ സഖാവ് തങ്കപ്പന്റെ തല ഏത്തക്കൊല വെട്ടിക്കൊണ്ടുപോകുന്നതുപോലെയല്ലേ കൊണ്ടുപോയത്. കോട്ടയത്തുവച്ചു പത്രക്കാർ എ. കെ. ആന്റണിയോട് ഇപ്പോൾ ക്രമസമാധാനം എങ്ങനെയുണ്ടെന്ന് ചോദിച്ചപ്പോൾ തരക്കേടില്ലെന്നാണ് പറഞ്ഞത്. നാണംകെട്ടവരേ, മനുഷ്യപിശാചുക്കളല്ലേ നിങ്ങൾ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : മങ്കൊമ്പിൽ തങ്കപ്പൻ നിങ്ങളുടെ കാലത്തു ശിവനെ കൊന്നത് അറിയാമോ ?

ശ്രീ. എം. വി. രാഘവൻ : ശ്രീ. ഉമ്മൻചാണ്ടി ഇതുവരെ ആരെയും മുഖം നിവർത്ത് നോക്കിയിട്ടില്ല. കടലാസ്സിൽ നോക്കുകയാണ്. താഴോട്ട് മാത്രമേ നോക്കുന്നുള്ളൂ. വല്ല സുഖക്കേടും പിടിച്ചുപോയോ ? നിവർന്നു നോക്കാൻ എന്താണ് ഇത്ര മടി ? കരുണാകരൻ പിന്നിലുണ്ടെന്നുള്ളതുകൊണ്ടു പോലീസിനെ ഉപയോഗിച്ചു ഇവിടത്തെ ജനങ്ങളെ അടിച്ചമർത്താനാണ് ഭാവമെങ്കിൽ അടിച്ചിറക്കാൻ ജനങ്ങൾക്ക് അറിയാമെന്ന് ശ്രീ. ഉമ്മൻചാണ്ടി മനസ്സിലാക്കണം. ഇ. എം. ജോർജ്ജ് ഉമ്മൻചാണ്ടിയുടെ തെരഞ്ഞെടുപ്പു കമ്മിററിയുടെ ചെയർമാനാണ്. ഇ. എം. ജോർജ്ജിനെപ്പററി ഈ രാജ്യത്തിലെ ജനങ്ങൾക്ക് അറിയാം. ഇ. എം. ജോർജ്ജിന്റെ പ്രസംഗം ഉദ്ധരിക്കാൻ ഇന്നലെ തയ്യാറായി. തെരഞ്ഞെടുപ്പു കമ്മിററിയിലെ മെമ്പർമാരേയും പ്രവർത്തകൻമാരേയും പാമ്പാടിയിൽവച്ച് ഉമ്മൻചാണ്ടിയുടെ മുമ്പിൽ വച്ചാണ് പോലീസ് ഭീകരമായി മർദ്ദിച്ചത്. നാണംകെട്ടവൻ മുഖം കുനിച്ചിരിക്കുകയാണ് നിയമസഭയിൽ. അടിച്ചമർത്തി രാജ്യം ഭരിക്കാമെന്നാണ് ആഗ്രഹമെങ്കിൽ അത് നടക്കാൻ പോകുന്നില്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. കണ്ണൂരിൽ ലാത്തിച്ചാർജ്ജു നടന്നു. ആലപ്പുഴ ലാത്തിച്ചാർജ്ജു നടന്നു. കണ്ണൂരിലെ ലാത്തിച്ചാർജ്ജിനെപ്പററി ഇന്നലെ ടി. എം. ജേക്കബു ഇവിടെ പറഞ്ഞു. എം. വി. രാഘവനാണ് പ്രകടനത്തിന് നേതൃത്വം നൽകിയതെന്ന് പറഞ്ഞു. ഞാൻ പ്രകടനത്തിൽ നേതൃത്വം കൊടുത്താൽ നേതൃത്വം കൊടുത്തുവെന്ന് പറയാൻ നട്ടെല്ലുള്ളവനാണ്. ലാത്തിപൊങ്ങുമ്പോൾ മൂത്രമൊഴിക്കുന്ന ജാതിയല്ല ഞാൻ എന്ന് ശ്രീ. ടി. എം. ജേക്കബ് മനസ്സിലാക്കണം. അവിടെ യൂത്തുഫെസ്ററിവെൽ പരിപാടിയിൽ പങ്കെടുത്തിരുന്ന ചെറുപ്പക്കാരേയും കുട്ടികളേയും അടിച്ചു ഓടിച്ചു. അതിൽ പ്രതിഷേധിച്ചു പ്രകടനം നടത്താനാണ് ഞാൻ പോയത്. കുട്ടികളേയും സ്ത്രീകളേയുമാണ് അടിച്ച് എല്ലു ഒടിച്ചത് കരിങ്കാലി കരുണാകരൻ എന്തിനാണ് ? കരിങ്കാലി കരുണാകരൻ അവിടെ പോയിയെന്നുള്ള ഒററ പേരിൽ. ക്രമസമാധാനത്തെപ്പററി ഒന്നും പറയണ്ട. ഈ രാജ്യത്തെ കൊലപാതകികളുടെ ഭരണമാണ് നടക്കുന്നതെന്നാണ് ഈ മൂന്നുമാസംകൊണ്ട് ഗവർണ്ണർ ഭരണമെന്നു പറയുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ ' ഭരണവും കരുണാകരന്റെ ഭരണവും—തെളിയിച്ചത് ? ഈരാജ്യത്തു ലാത്തിച്ചാർജ്ജുകളും ടിയർഗ്യാസുകളും വെടിവയ്പുകളും നിത്യസംഭവമായിട്ടുണ്ട്. ശ്രീ. മാണിയും ജോസഫും അടുത്തടുത്ത് ഇരുപ്പുണ്ടല്ലോ ? നാണമില്ലാത്തവരുടെ ആസനത്തിൽ ഒരു ആല് മുളച്ചാൽ അത് തണൽ എന്നുപറയുന്നതിന് ഏററവും പററിയ ആൾ ശ്രീ. മാണിതന്നെയാണ്. മാണിയെ പാലായിൽ കാണിച്ചുതരാമെന്നാണ് ശ്രീ. ജോസഫ് പറയുന്നത്. ശ്രീ. മാണിയെ ഒരു എടുപ്പ് എടുക്കാൻ ശ്രീ. രാഘവന്റെ സഹായം വേണമെന്നു പറഞ്ഞ ജോസഫിന്റെ ആളുകളുണ്ട്. തൊട്ടു തൊട്ടു ഇരിക്ക് നമുക്ക് കാണാം പൂരം. ശ്രീ. മാണിയ്ക്ക് ഇതിലൊന്നും യാതൊരു ഉളുപ്പുമില്ല. ശ്രീ. മാണി മാറിയ മാററം. അടിയന്തിരാവസ്ഥക്കാലത്തു ശ്രീമതി ഇന്ദിരാഗാന്ധി വിളിച്ചു കണ്ണു മിഴിച്ചപ്പോൾ മൂത്രമൊഴിച്ച മാണിയല്ലേ ഈ ഇരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാണി. അന്ന് ഞങ്ങളോട് പറഞ്ഞു ഞാൻ പറഞ്ഞതെല്ലാം തെററിപ്പോയി ഇനി നിങ്ങളുടെ കൂടെ കൂടാമെന്ന്. ഇപ്പോൾ പറയുന്നു കരുണാകരന്റെ കൂടെ കൂടാമെന്ന്. ഇനി നാളെ ആർ കൈ പിടിക്കുമ്പോഴും പോകാൻ ഒരുങ്ങിയിട്ടുള്ള മാണിയെപററി ഞാൻ എന്തു പറയാനാണ്? അതുകൊണ്ട് മാണിയെ പററി ഞാൻ ഒന്നും പറയുന്നില്ല. ഈ രാജ്യത്തെ ജനങ്ങളോട് ചെയ്ത വഞ്ചനയാണ് ഇത്. നിങ്ങൾ പരസ്പരം കൊലനടത്തുകയാണ്. ആലക്കോട് (കണ്ണൂർ ജില്ലാ) മാണിയല്ലേ ജോസഫിന്റെ ആളുകളെ കൊന്നത്? ആലപ്പുഴ ആൻറണിക്കാരല്ലേ മാണിയുടെ ആളിനെ കൊന്നത്? കൊലപാതകങ്ങളല്ലേ ഇവിടെ നടക്കുന്നത്. ഇങ്ങനെ കൊലപാതകങ്ങൾ നടത്തിയിട്ടല്ലേ അടുത്തു അടുത്തു ഇരിക്കുന്നത്. ക്രമസമാധനത്തെപററി ഒന്നും പറയണ്ട. ഇവിടെ ജനങ്ങളെ അടിച്ചമർത്തി ഭരിച്ചുകളയാമെന്നു വിചാരിക്കേണ്ട ശ്രീ. കരുണാകരൻ പറയുന്നതു തൊഴിലില്ലായ്മാ വേതനവും കർഷകത്തൊഴിലാളി പെൻഷനും ഒന്നും കൊടുക്കുകയില്ലെന്നാണ്.

ശ്രീ. പി. ജെ. ജോസഫ്: ഗവർണ്ണറുടെ പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് കർഷകത്തൊഴിലാളി പെൻഷൻ നൽകുമെന്ന്.

ശ്രീ. എം. വി. രാഘവൻ: കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മാവേതനവും നൽകുന്ന കാര്യം പുനഃപരിശോധിക്കുമെന്നാണ് കരുണാകരൻ പറഞ്ഞത്. ഇപ്പോൾ ഗവർണ്ണറുടെ പ്രസംഗത്തിൽ എഴുതിവച്ചിരിക്കുന്നു കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നകാര്യം കർശനമായ പരിശോധനയ്ക്ക് വിധേയമായിട്ട് കൊടുക്കണമെന്ന്. കർശനം എന്താണെന്ന് പറഞ്ഞാൽ കൊടുക്കുകയില്ലെന്നാണ്. അതാണ് നിങ്ങൾ പറഞ്ഞതിന്റെ അർത്ഥം. ഈ രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് അംഗീകരിച്ച സാമൂഹ്യരക്ഷാനടപടികൾ റദ്ദു ചെയ്യാൻ കരുണാകരന്റെ ഈ കരിങ്കാലി മന്ത്രിസഭയ്ക്ക് അവകാശമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. 41 ആണ് കരുണാകരന്റെ മുന്നണി. തിരഞ്ഞെടുപ്പിൽ ജയിച്ചതു എം. എൽ. എ. എന്നുപറഞ്ഞു നടക്കാൻതന്നെ ഇപ്പോൾ നാണം തോന്നുകയാണ്. കാരണം നിങ്ങളുടെ മാതിരിയുള്ള ആളുകളുള്ളതുകൊണ്ട് എങ്ങനെ ആണ് പറയുക? ഒരു പത്രം റിപ്പോർട്ടു ചെയ്തിരിക്കുകയാണ്. ഒരു എം. എൽ. എ. യുടെ വില 35 ലക്ഷംരൂപയാണെന്ന്. 35 ലക്ഷം രൂപയായാൽ ആൻറണിയ്ക്ക് എത്ര കിട്ടും 16 ന് അഞ്ചുകോടിയിലധികം കിട്ടിയിട്ടുണ്ടാകണ്ടേ? നല്ല കച്ചവടം തന്നെയാണ്. ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ്സിനെ കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുക്കുകയില്ല. ഹരിയാനയിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ്സിനെ ജനങ്ങൾ തെരഞ്ഞെടുത്തില്ല ഹാൾ സെയിൽ കച്ചവടമാണ് നടത്തി അധികാരത്തിൽ എത്തിച്ചത്. ആസ്സാമിൽ ഇന്ദിരാഗാന്ധിയുടെ പാർട്ടിയെ തെരഞ്ഞെടുക്കുകയില്ല. ഏഴ് ആളുകളാണ് അവിടെ തെരഞ്ഞെടുപ്പിൽ ജയിച്ചത്. ഇപ്പോൾ അറുപതു ഉണ്ടെന്നാണ് പറയുന്നത്. അതാണ് ശ്രീമതി ഇന്ദിരാഗാന്ധിയുടെ കച്ചവടം. അതുകൊണ്ട് കരുണാകരനെ കേരളത്തിൽ തെരഞ്ഞെടുക്കുകയില്ല. ഇവിടെ കച്ചവടമാണ്. ആ കച്ചവടത്തിൽ ശ്രീ. പി. സി. ചാക്കോയും ശ്രീ. എ. സി. ഷൺമുഖദാസും ഇല്ലാത്തതുകൊണ്ടു ഇപ്പോൾ കരഞ്ഞിട്ടു വല്ല കാര്യവുമുണ്ടോ? ഇവിടത്തെ പത്രം എഴുതിയ കണക്കനുസരിച്ചാണെങ്കിൽ ആൻറണി അഞ്ചുകോടിരൂപ സമ്പാദിച്ചിട്ടുണ്ടാകണം. കരുണാകരനുമായിട്ടുള്ള ഇടപാടിൽ. ശ്രീ. മാണിയ്ക്ക് എത്രയാണ് കിട്ടിയത്? ഇതു രാഷ്ട്രീയമല്ല. ശ്രീ. ആൻറണി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വഞ്ചിച്ചുവെന്ന് ഞാൻ പറയുന്നില്ല. അതുപോലെതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്ക് വോട്ട് ചെയ്ത ജനങ്ങളെ വഞ്ചിച്ചുവെന്നും ഞാൻ പറയുന്നില്ല. ആൻറണി

LIBRARY ARCHIVES Kerala Legislative Assembly

വഞ്ചിച്ചത് സ്വന്തം പാർട്ടിയെയാണെന്ന് മനസ്സിലാക്കണം. നിങ്ങളുടെ പാർട്ടിയ്ക്ക് ഇപ്പോൾ പേര് ഉണ്ടോ ? എന്താണ് നിങ്ങളുടെ പാർട്ടിയുടെ പേര് ? നിങ്ങളുടെ പാർട്ടിയ്ക്ക് പേര് ഇല്ല. കാരണം ഇതൊരു ജാര സന്താനമാണ്. അച്ഛനില്ല അച്ഛനില്ലാത്തതുകൊണ്ട് പേര് വിളിച്ചിട്ടില്ല. ഇനി ഞങ്ങളോട് ആരോടെങ്കിലും ചോദിക്ക് ഒരു പേര് വിളിക്കാൻ. പേര് ഇല്ലാത്തതുകൊണ്ടു സോഷ്യലിസ്ററ് കോൺഗ്രസ്സിന്റെ പേര് എടുത്തു അപ്പുറത്തു ചേർക്കുകയാണ്. അതിന് ബഹുമാനപ്പെട്ട സ്പീക്കർ എന്തിനാണ് കൂട്ടു നിൽക്കുന്നത് ? സ്പീക്കർ ഈ കൂട്ടത്തിൽപെട്ട തല്ലല്ലോ ജനതാപാർട്ടിയെ അഖിലേന്ത്യാ തെരഞ്ഞെടുപ്പു കമ്മിഷൻ അംഗീകരിച്ച പാർട്ടിയാണ് ആ പാർട്ടിയുടെ നേതാവിനെ പിന്നിൽകൊണ്ടു പോയി ഇരുത്തിയിട്ട് കമലംചേട്ടത്തിയെ മുമ്പിൽ ഇരുത്തിയിരിക്കുകയാണ്. എന്റെ കമലംചേട്ടത്തിയെപററി ഞാൻ എന്തു പറയാനാണ് ?

ശ്രീ. പി. ഭാസ്കരൻ : സർ ഒരു ചോദ്യം

ശ്രീ. എം. വി. രാഘവൻ : അവിടെ ഇരിക്കു ഭാസ്കരാ. കണ്ണൂർ നഗരത്തിന് തന്നെ അപമാനമാണ്. കുമാരൻ മാസ്ററർ അവസാനം സംഘടനാ കോൺഗ്രസ്സിൽനിന്ന് മൽസരിച്ചു കാലുമാറി. ഇപ്പോൾ രണ്ടാമത്തെ കാലുമാററക്കാരൻ കണ്ണൂർ നഗരത്തിനു തന്നെ അപമാനമാണ്. ജനതയാണെന്നും പറഞ്ഞു നടക്കുകയാണ്. അപ്പുറത്തു പോയി ഇരിക്കണം. ഈ പാപഭാരം ഞങ്ങൾ എന്തിന് പേറണം.

ശ്രീ. പി. ജെ. ജോസഫ് : സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഈ സഭയിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സീററ് നിശ്ചയിക്കുന്നത് ചെയറിൽനിന്നാണ്. അങ്ങനെ സീററ് നിശ്ചയിച്ചതിനുശേഷം അവിടെ നിന്ന് മാറിപോയിരിക്കണം. ഇത് * * * * * * എന്നുള്ള നിലയിൽ സഭയിൽ പറയുന്നത് ആർഡറിലാണോ ? ഭരണകക്ഷിയിലുള്ള അംഗങ്ങളും ഇതിനുമുമ്പും, കഴിഞ്ഞ നിയമസഭയിലും അങ്ങേവശത്ത് ഇരുന്നിട്ടുള്ള സാഹചര്യത്തിൽ ഈ പരാമർശനം ആർഡറിലാണോ ?

മി. ചെയർമാൻ: ശ്രീ. എം. വി. രാഘവൻ, അങ്ങ് ഉപയോഗിച്ച * * * * * * എന്ന പദപ്രയോഗം ദയവായിപിൻവലിക്കണം.

ശ്രീ. എം. വി. രാഘവൻ : ഞങ്ങളുടെ അഭിപ്രായമാണ് ഞങ്ങൾ പറയുന്നത്.

(ബഹളം)

മി. ചെയർമാൻ : ഇവിടെ, ബഹുമാനപ്പെട്ട സ്പീക്കർതന്നെ, ഇന്നുതന്നെ പല അവസരത്തിലും, ബഹുമാനപ്പെട്ട അംഗങ്ങൾ സഭയുടെ അന്തസ്സിന് ചേർന്നനിലയിലുള്ള പദപ്രയോഗങ്ങൾ നടത്തണമെന്ന് പറഞ്ഞു. * * * * * * * എന്നുള്ള പദപ്രയോഗം തീർച്ചയായും സഭയുടെ അന്തസ്സിന് യോജിച്ചതല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എം. വി. രാഘവൻ ഉപയോഗിച്ച ആ പദം അങ്ങ് ദയവായി പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ . സഭയുടെ അന്തസ്സിനു യോജിക്കാത്ത കാര്യങ്ങൾ ചെയ്യാൻ അംഗങ്ങൾക്ക് അധികാരമുണ്ടോ ?

---

* * * * ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: സഭയിലെ ഈ ഭാഗത്തുള്ള അംഗങ്ങൾ ആരുംതന്നെ സഭയുടെ അന്തസ്സിന് നിരക്കാത്ത യാതൊന്നും ചെയ്തിട്ടില്ല.

(ബഹളം)

മി. ചെയർമാൻ: ഇവിടെ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ജെ. ജോസഫ് ഒരു ക്രമപ്രശ്നമുന്നയിച്ചു. അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രശ്നത്തെക്കുറിച്ച് ചെയറിൽനിന്ന് അഭിപ്രായം പറഞ്ഞു. ബഹുമാന്യനായ അംഗം ശ്രീ. എം. വി. രാഘവൻ, ദയവായി അങ്ങ് അത് അംഗീകരിക്കണം. ആ പരാമർശനം പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: അത് പിൻവലിക്കാൻ സാധിക്കുകയില്ല.

(ബഹളം)

മി. ചെയർമാൻ: അദ്ദേഹത്തിന്റെ ആ പരാമർശനം സഭാനടപടികളിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

(ബഹളം)

ശ്രീ. പി. ജെ. ജോസഫ്: അത് പററുകയില്ല.

ശ്രീ. പി. സീതിഹാജി: ഈ സഭയെ അവഹേളിക്കുന്ന, ചെയറിനെ അവഹേളിക്കുന്ന എന്തു തോന്ന്യാസവും പറയാമെന്നാണോ ?

(ബഹളം)

ശ്രീ. പി. സീതിഹാജി: പോയിൻറ് ആഫ് ആർഡർ ബഹുമാനപ്പെട്ട എ. പി. കുര്യൻ സ്പീക്കറായിരിക്കുമ്പോൾ, പ്രതിപക്ഷത്തുനിന്ന് അബദ്ധത്തിൽ ഒരു പദപ്രയോഗം വന്നപ്പോൾ, അത് പിൻവലിക്കണമെന്ന് കർശനമായി നിർദ്ദേശിച്ചപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. കെ. കരുണാകരൻ അത് പിൻവലിച്ച് ഈ സഭയുടെ അന്തസ് ഉയർത്തിയതുപോലെ, ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. നായനാർ ഇത് പിൻവലിച്ച് സഭയുടെ അന്തസ് നിലനിറുത്തുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

മി. ചെയർമാൻ: അതിനെസംബന്ധിച്ച് ചെയറിൽനിന്ന് പറയാനുള്ളത് വ്യക്തമായി പറഞ്ഞുകഴിഞ്ഞു. ശ്രീ. എം. വി. രാഘവൻ അത് പിൻവലിക്കാൻ തയ്യാറില്ലായെന്നു പറഞ്ഞപ്പോൾ സഭാനടപടികളിൽനിന്ന് അത് നീക്കം ചെയ്യുന്നതാണെന്ന് ചെയറിൽനിന്ന് റൂളിംഗ് നൽകി കഴിഞ്ഞു. ഇപ്പോൾ ദയവായി എല്ലാ അംഗങ്ങളും ഇരിക്കണം.

(ബഹളം)

ശ്രീ. പി. സീതിഹാജി: അതൊരു പാരമ്പര്യമായി മാറുകയില്ലേ ?

പ്രൊ. ഉമ്മൻ മാത്യു: അങ്ങനെയാണെങ്കിൽ ഞങ്ങളും ഇനി ഈ വാക്ക് ഉപയോഗിക്കും.

(ബഹളം)

മി. ചെയർമാൻ: ദയവായി അംഗങ്ങൾ പരസ്പരം സംസാരിക്കരുത്. ഇവിടെ ചെയറിന് പല അധികാരങ്ങളുണ്ട്. തൽക്കാലം ഇതു മാത്രമേ ചെയ്യുന്നുള്ളു. ശ്രീ. എം. വി. രാഘവൻ ഇനി ഇങ്ങനെയുള്ള പരാമർശനങ്ങൾ ദയവായി ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : പലരും പല പരാമർശനങ്ങളും ഒഴിവാക്കുമ്പോൾ ഞങ്ങളും ഒഴിവാക്കുന്ന കാര്യം ആലോചിക്കാം. അത്രയേ ഇപ്പോൾ അതിനെക്കുറിച്ച് പറയുന്നുള്ളു.

(ബഹളം)

മി. ചെയർമാൻ : അത് ശരിയല്ല. ചെയറിൽ നിന്ന് റൂളിംഗ് ഉണ്ടായി, അതിനെ സംബന്ധിച്ച് പറഞ്ഞു. പിന്നീടും അങ്ങ് അത് ധിക്കരിച്ചുകൊണ്ട് വീണ്ടും വീണ്ടും സംസാരിക്കുന്നത് ശരിയായ നടപടിക്രമമല്ല.

ശ്രീ. എം. വി. രാഘവൻ : ചെയർമാനായിട്ട് അങ്ങ് ചെയറിൽ കയറിയിരുന്ന് ചെയറിന്റെ അന്തസ് കെടുത്തരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

(ബഹളം)

ശ്രീ. ഇ. അഹമ്മദ് : അത് ശരിയല്ല സർ. ഞാൻ ഇതിനെ എതിർക്കുന്നു. എന്ത് തെമ്മാടിത്തവും പറയാമെന്നാണോ ?

(ബഹളം)

ശ്രീ. എം. വി. രാഘവൻ : അങ്ങനെയാണെങ്കിൽ ഒരൊററ ആളും ഇവിടെ സംസാരിക്കുകയുണ്ടാവുകയില്ല. അത് മനസ്സിലാക്കിയിട്ട് പറയണം.

(ബഹളം)

മി. ചെയർമാൻ : ആർഡർ......ആർഡർ......

ശ്രീ. സി. എ. കുര്യൻ : ശ്രീമതി കമലം 'നാരി' അല്ലെന്നാണോ പറയുന്നത് ?

ശ്രീ. എം. പി. ഗംഗാധരൻ : പോയിന്റ് ആഫ് ആർഡർ. സഭയിലെ ഒരംഗം പ്രസംഗിക്കുമ്പോൾ കണ്ണൂരിലെ, പഴയങ്ങാടിയിലെ ചട്ടമ്പി പ്രസംഗത്തെ അനുകരിച്ചുകൊണ്ട് എന്ത് തെറിയും പ്രസംഗിക്കുന്നത് അനുവദനീയമാണോ ? ആർഡറിലാണോ, അല്ലെങ്കിൽ, ഇനിയെങ്കിലും ഇങ്ങനെ പ്രസംഗിക്കാതിരിക്കാനുള്ള കൽപ്പന അങ്ങ് പുറപ്പെടുവിക്കണം.

മി. ചെയർമാൻ : വളരെ വ്യക്തമായി പറഞ്ഞുകഴിഞ്ഞതാണ്. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ഈ കാര്യം പരാമർശിച്ചതാണ്. മുൻ സ്പീക്കർമാരും ഇത് ഓർമ്മിപ്പിച്ചിട്ടുണ്ട്. ബഹുമാന്യരായ അംഗങ്ങൾ സഭയുടെ അന്തസ്സിന് നിരക്കത്തക്ക രീതിയിലുള്ള നല്ല പരാമർശനങ്ങൾ നടത്തണം. ഈ പറയുന്നത് ഭരണപക്ഷത്തേയും, പ്രതിപക്ഷത്തേയും എല്ലാ അംഗങ്ങൾക്കും ബാധകമാണ്. എല്ലാപേരും സഹകരിച്ചാൽ സമയത്തിനുള്ളിൽ കാര്യങ്ങൾ തീർക്കാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാപേരും ചെയറിനോട് സഹകരിക്കണം, സഭാനടപടികൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ സഹകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ബഹുമാനപ്പെട്ട എം. വി. രാഘവന് തുടരാം.

ശ്രീ. സി. എഫ്. തോമസ് : പോയിന്റ് ആഫ് ആർഡർ. എം. എൽ. എ. ആയിരിക്കാൻ നാണംകൊള്ളുന്നു എന്നു പറഞ്ഞ സഖാവ് എം. വി. രാഘവൻ ഈ നിയമസഭയിലെ സകല എം. എൽ. എ. മാരേയും നാണംകൊള്ളിക്കുന്ന രീതിയിലുള്ള പദപ്രയോഗം നടത്തിയിട്ട്, അത് പിൻവലിക്കാതെ പ്രസംഗം തുടരാൻ അനുവദിക്കുന്നത് ആർഡറിലാണോ ?

മി. ചെയർമാൻ : അതിനെ സംബന്ധിച്ച് ചെയറിൽ നിന്ന് റൂളിംഗ് നൽകിക്കഴിഞ്ഞു. ഇനി അതിനെ സംബന്ധിച്ചുള്ള യാതൊരു പോയിന്റ് ആഫ് ആർഡറും അനുവദിക്കുന്നതല്ല.

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്ജ് : ശ്രീ. രാഘവൻ പേടിപ്പിച്ചാൽ എല്ലാപേരും പേടിച്ചിരുന്നുകൊള്ളണമെന്നാണോ ? ഇത് എന്താ വെള്ളരിക്കാപട്ടണമാണോ ?

ശ്രീ. എം. വി. രാഘവൻ : ജോർജ്ജേ, മാണിയോട് കളിച്ച കളിയൊന്നും എന്നോട് എടുക്കരുത്.

(ബഹളം)

മി. ചെർമാൻ : ശ്രീ. എം. വി. രാഘവന് അനുവദിച്ചിരിക്കുന്ന സമയം 28 മിനിട്ടാണ്. അങ്ങ് പ്രസംഗം തുടങ്ങിയത് 9.29-നാണ്. അതുകൊണ്ട് അധികം ദീർഘിപ്പിക്കാതെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എം. വി. രാഘവൻ: അത് എനിക്കറിയണ്ട എനിക്ക് ഇനി 10 മിനിട്ടു കൂടി വേണം.

നിയമസഭാ മെമ്പറൻമാരെ വിലയ്ക്കെടുത്തുകൊണ്ട് ഭൂരിപക്ഷമുണ്ടാക്കാനുള്ള ശ്രമമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. ആൻറണിയുടെ കച്ചവടം നടന്നു എന്നാണ് പറയുന്നത്. ശ്രീ. മാണിയുടെ കച്ചവടം നടന്നു എന്നാണ്. മന്ത്രി, ചാക്ക് ശിവദാസനുണ്ട്. ശ്രീ. ശ്രീകണ്ഠൻ നായർ വയസ്സുകാലത്ത് ഒരു പാർട്ടി ഉണ്ടാക്കി. അതിൻെറ പേര് എന്താണെന്ന് അറിയില്ല. 'ശിവദാസൻ'. അവസാനത്തെ കച്ചവടവും ശ്രീ. കെ. കെ. നായർ പൂർത്തിയാക്കുമെന്നാണ് പറയുന്നത് എന്താണ്? 'പത്തനംതിട്ട ജില്ല' എന്നാണ് പറയുന്നത്. പത്തനംതിട്ടയോ ഏത് ജില്ലയോ രൂപീകരിക്കുന്നതിന്, ഒരു പിന്നോക്ക ജില്ല രൂപപ്പെടുന്നതിന് എൻെറ പാർട്ടി എതിരല്ല. ശ്രീ. കെ. കെ. നായർ ഇന്ന് വൈകുന്നേരം പ്രഖ്യാപിക്കുമെന്നാണ് പറഞ്ഞത്. ഇന്നു രാവിലെ ഒരു കോൺഗ്രസ്-ഐ. ക്കാരൻ എന്നോട് വന്നു പറഞ്ഞത് കച്ചവടം ഏതാണ്ട് ഉറപ്പായി എന്നാണ്. പക്ഷേ 10 കൊടുക്കാമെന്നു പറഞ്ഞു, 7 കൊടുത്തിട്ടുള്ളൂ, 3 തട്ടിപ്പോയി. കിട്ടുമോ എന്ന് എനിക്ക് അറിയുകയില്ല. എന്നോട് പറഞ്ഞത് എൻെറ മുറിയുടെ അപ്പുറത്തും ഇപ്പുറത്തും താമസിക്കുന്ന രണ്ട് ആളുകളാണ് ഇടപാട് നടത്തിയത്, ആ ഇടപാടിൽ അവർ തട്ടിയെടുത്തു എന്നാണ്. അവർ ആരാണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. എൻെറ മുറിയുടെ അപ്പുറത്തും ഇപ്പുറത്തും താമസിക്കുന്ന രണ്ട് ആളുകളാണ്. ആ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, ശ്രീ. കരുണാകരൻ കൊടുത്തത് മുഴുവൻ കൊടുക്കണം എന്നാണ്.

ശ്രീ. പി. സീതിഹാജി : പോയിൻറ് ആഫ് ആർഡർ. ഈ സഭയിലെ രണ്ട് മെമ്പർമാരെന്ന് ബഹുമാനപ്പെട്ട രാഘവൻ പറഞ്ഞു. അവർ ആരാണെന്ന് വ്യക്തമാക്കാതിരിക്കുന്നിടത്തോളംകാലം, ഇങ്ങനെ ആരോപണം ഉന്നയിക്കുന്നതിന് മുൻകൂട്ടി എഴുതിത്തരണമെന്നുള്ളതുകൊണ്ട്, ഇങ്ങനെ പറയുന്നത് ആർഡറിലാണോ ?

(ബഹളം)

ശ്രീ. എം. വി. രാഘവൻ : ഈ കച്ചവടത്തിൽ ശ്രീ. സീതിഹാജി ഇല്ല.

മി. ചെയർമാൻ : ശ്രീ. എം. വി. രാഘവൻ, ശ്രീ. സീതിഹാജി ഒരു ക്രമപ്രശ്നം ഉന്നയിച്ചതാണ്. ആരോപണമുണ്ടെങ്കിൽ അത് ഉന്നയിക്കുന്നത് നേരത്തെ എഴുതിതന്നിട്ടുവേണം എന്നുള്ളത് നടപടി ചട്ടങ്ങളിലുള്ളതാണ്. അതുകൊണ്ട് ഏതെങ്കിലും അംഗത്തിനെതിരായി വ്യക്തമായ ആരോപണം ഉന്നയിക്കുന്നുണ്ടെങ്കിൽ മുൻകൂട്ടി എഴുതി തരണം.

ശ്രീ. എം. വി. രാഘവൻ : അതുകൊണ്ട് ഇതൊരു ചെറിയ കച്ചവടമാണ്. ബാക്കി എല്ലാവർക്കും 35 ലക്ഷം കൊടുക്കുകയാണ്. പിന്നെ കെ. കെ. നായർക്ക് എന്താണ് പത്തുലക്ഷത്തിൽ ഒതുക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നത്. കൊടുക്കുന്നുണ്ടെങ്കിൽ എല്ലാവർക്കും ഒരുപോലെ കൊടുക്കണം. അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

അവശത ഓർത്തിട്ടാണ് ഞാൻ പറയുന്നത്. ഇങ്ങനെ അപമാനകരമാണ് കേരളത്തിന്റെ സ്ഥിതി. ഹരിയാനയിലേയും ആസ്സാമിലെയും എം.എൽ.എ. മാരെ വിലയ്ക്കെടുത്ത് ഭരിച്ചതുപോലെ, ഇവിടെ ആൻറണി കോൺഗ്രസ്സിനെയും അതുപോലെതന്നെ മാണിയുടെ കേരളാ കോൺഗ്രസ്സിനെയും, അതുപോലെ കമലത്തെപ്പോലുള്ളവരെ കാലുമാററിയിട്ടു കോടിക്കണക്കിനുറുപ്പിക മുതലിട്ടുകൊണ്ട് ഈ രാജ്യത്ത് എം. എൽ. എ. മാരെ വിലയ്ക്കെടുത്തു രാജ്യം ഭരിക്കാമെന്നാണ് വിചാരമെങ്കിൽ അത് നടക്കാൻ പോകുന്നില്ല. എന്നിട്ട് ജനങ്ങളെ അടിച്ചമർത്തി ഭരിച്ചുകൊള്ളുക അതല്ലേ നിങ്ങൾ ഉദ്ദേശിക്കുന്നത്. ആ എ. എൽ. ജേക്കബ്ബിന്റെ ഒരു തുള്ളു കണ്ടോ ? കഥകളി അറിയാം എന്നാണ് തോന്നുന്നത്.

ശ്രീ. എ. എൽ. ജേക്കബ് : ശ്രീ. രാഘവൻ, ഈ കഥാകാലക്ഷേപം നിറുത്തിയിട്ട് വല്ല കാര്യവും ഉണ്ടെങ്കിൽ പറയണം.

ശ്രീ. എം. വി. രാഘവൻ : ഈ രാജ്യത്തെ ജനങ്ങൾ അതിന് അനുവദിക്കുകയില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. കഥകളിവേഷക്കാരനെപ്പററിയൊന്നും ഞാൻ പറയുന്നില്ല. ഇവിടെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുകയില്ല, ഇവിടെ തൊഴിലില്ലായ്മ വേതനം കൊടുക്കുകയില്ല, ഇവിടെ തൊഴിലാളികൾ പണിമുടക്കിയാൽ അടിച്ചമർത്തും. ഈ രാജ്യത്തെ ആദിവാസികളെ വെടിവച്ചു കൊല്ലുന്നു. അപ്പുറം ഇരിക്കുന്നുണ്ടല്ലോ കുറച്ചാദിവാസികൾ, 5 ആളുകളെ ഒന്നായിട്ട് വെടിവച്ചുകൊന്നിട്ട്........

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : എഴുത്തും വായനയും അറിയുമെങ്കിൽ പ്രസംഗം വായിച്ചു നോക്കണം. പ്രസംഗത്തിൽ വ്യക്തമായി കൊടുത്തിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ : ഞാൻ ചോദിക്കട്ടെ, കരുണാകരൻ ഗവൺമെൻറ് യു. പി. ഇവിടെ ആവർത്തിക്കുകയാണോ ? കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടോ 5 ആദിവാസികളെ ഒന്നായി വെടിവച്ചുകൊന്ന സംഭവം. അപ്പുറം ഇരിക്കുകയാണ് ക്രമസമാധാനത്തെപ്പററി പറഞ്ഞിട്ട്. യു. പി. യിൽ നമുക്കറിയാം നിങ്ങൾക്കു വേണ്ടിയിട്ട് എഴുതുന്ന മലയാള മനോരമയിലെ 1981-ലെ കണക്കു പ്രകാരം 5,500 ഹരിജനങ്ങളെയാണ് യു. പി. യിൽ ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറു കശാപ്പുചെയ്തത്. കേരളം അതു കണ്ടിട്ടില്ല. ഇന്നലെ ആദിവാസി കുടുംബങ്ങൾ ഈ അസംബ്ലി ഗേററിൽ വന്നു. 5 ആളുകളെയാണ് കശാപ്പു നടത്തിയത്. ഞങ്ങൾ അവിടം സന്ദർശിച്ചപ്പോൾ പറഞ്ഞു, മലയാള മനോരമ എഴുതി ഈ വെടിവച്ചവന് ഭ്രാന്താണെന്ന്. അത് ഈ കേസ് തേച്ചുമാച്ച് കളയാൻവേണ്ടി എഴുതിയതാണെന്ന്. കള്ള റിപ്പോർട്ടാണെന്നാണ് അവിടത്തെ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞത്. അതേ സർക്കിൾ ഇൻസ്പെക്ടർ പിറേറ ദിവസം എഴുതി അവന് ഭ്രാന്താണ്, അവനെ ആശുപത്രിയിൽ കൊണ്ടുപോയി പരിശോധിക്കണം എന്ന്. ആരു പറഞ്ഞിട്ടാണ് അത്, ശ്രീ. കരുണാകരനും ഉമ്മൻചാണ്ടിയും കല്പിച്ചതനുസരിച്ച് അവനെ ഭ്രാന്തനാക്കിയിട്ട് രക്ഷിക്കാൻവേണ്ടി ശ്രമിച്ചു. ആദിവാസികളെ വെടിവച്ചുകൊന്ന ഒരു കൊലപാതകിയെ രക്ഷിക്കാൻവേണ്ടി കരുണാകരനും ഉമ്മൻചാണ്ടിയും പറഞ്ഞിട്ടാണ് ആ പോലീസ് ഉദ്യോഗസ്ഥൻ എഴുതി അവനെ ആശുപത്രിയിലേയ്ക്ക് അയച്ചത്. ഈ രാജ്യത്ത് നിയമവിരുദ്ധമായ ഒരു ഗവൺമെൻറ് ഉണ്ടാക്കിയിട്ട് രാജ്യം ഭരിക്കാം എന്നുദ്ദേശിക്കേണ്ട. കരുണാകരനോടു എനിക്കു പറയാനുള്ളത് കാസ്ററിംഗ് വോട്ടുകൊണ്ട് ഭരിക്കാം എന്ന് ഉദ്ദേശിക്കേണ്ട. ഇവിടെ സീതിഹാജി ഇന്നലെ 127 സീററു കിട്ടും എന്നാണു പറഞ്ഞത്. ആൻറണി പറയുന്നു 100 സീററു കിട്ടും എന്ന്. ഞാൻ പറയുന്നു ധൈര്യം ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പു നടത്തുന്നതിനുവേണ്ടി രാജിവച്ച് ഇറങ്ങിപ്പോകു

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. അതാണു ഞങ്ങരം പറയുന്നത് എന്നിട്ട് ഞങ്ങളെ തോൽപ്പിക്കൂ. ഞങ്ങരം തോററാൽ പ്രതിപക്ഷത്തിരിക്കും ഞങ്ങരം നിയമസഭയ്ക്ക് പുറത്തിരിക്കാനും തയ്യാറാണ്. ഞങ്ങരം തോൽക്കാനല്ല, പ്രതിപക്ഷത്തിരിക്കാനല്ല പോകുന്നത്. സീതിഹാജിക്ക് കുറച്ചഹന്തയുണ്ട്, കുറച്ചാളെ കച്ചവടം ചെയ്യാം എന്നു വിചാരിച്ചിട്ട്. സീതിഹാജിയോട് ഞാൻ പറയാം നിങ്ങരം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പറഞ്ഞില്ലേ ഞങ്ങളില്ലാതെ ഒരാരം ഇവിടെ ഭരിക്കുമോ എന്ന്. നിങ്ങളില്ലാതെ ഞങ്ങരം 21 മാസം ഇവിടെ ഭരിച്ചു. അതുകൊണ്ടു തിരഞ്ഞെടുപ്പു നടത്തിയാൽ 127 സീററു കിട്ടും എന്നു പറയുന്ന വമ്പൻമാരോട്, കരുണാകരനോട് ഞാൻ പറയുന്നത് ആ വെല്ലുവിളി ഞങ്ങരം സ്വീകരിക്കുന്നു നമുക്ക് പുറത്തു കാണാം. പിരിച്ചുവിടൂ ഗവൺമെൻറ്. തിരഞ്ഞെടുപ്പു നടത്തൂ. ഒരുകൈ നമുക്കു നോക്കാം. ഈ കാലുമാററക്കാരേയും ഈ കാടൻമാരേയും കേരളത്തിലെ ജനങ്ങരം ഒരു തെരഞ്ഞെടുപ്പു വന്നാൽ അടിച്ചു പുറത്താക്കുമെന്നും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കനുകൂലമായ ജനവിധി ഉണ്ടാകുമെന്നുമുള്ള കാര്യത്തിൽ ഒന്നും ഞങ്ങരംക്കു സംശയമില്ല.

മി. ചെയർമാൻ : ശ്രീ. എം. വി. രാഘവന്റെ സമയം കഴിഞ്ഞിരിക്കുന്നു. 9.29-നു ആണ് പ്രസംഗം ആരംഭിച്ചത്. ക്രമപ്രശ്നം ഉന്നയിച്ചതിനുള്ള സമയവും കഴിഞ്ഞു അതുകൊണ്ടു ദയവായി നിറുത്തണം.

ശ്രീ. എം. വി. രാഘവൻ : ഞാൻ വെല്ലുവിളിക്കുകയാണ്. പുറത്തൊരു തെരഞ്ഞെടുപ്പിനെ നേരിടാം. ഈ അവിശ്വാസപ്രമേയത്തിനു മുമ്പു ശ്രീ. കരുണാകരൻ രാജിവച്ചു പുറത്തുപോവുകയല്ലാതെ എതിർക്കാനാണു ഭാവമെങ്കിൽ പ്രതിപക്ഷം വെല്ലുവിളിക്കുകയാണ്; ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ, ധൈര്യമുണ്ടെങ്കിൽ ആ വെല്ലുവിളി സ്വീകരിച്ചു തെരഞ്ഞെടുപ്പു നടത്തൂ. നിങ്ങളെ പരാജയപ്പെടുത്തി പടുകുഴിയിലേക്ക് അയയ്ക്കുമെന്ന് ഞങ്ങരംക്കറിയാം. ഈ വെല്ലുവിളിക്കു മറുപടി പറയാൻ മുഖ്യമന്ത്രിയായി ചമഞ്ഞിരിക്കുന്ന നാണംകെട്ട കരുണാകരനെ ഞാൻ വെല്ലുവിളിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : മി. ചെയർമാൻ സർ, ഈ അവിശ്വാസപ്രമേയത്തെ ഞാനും ജനതാപാർട്ടിയും അനുകൂലിക്കുകയാണ്. സർ, ഈ രാജ്യം അപകടമേഖലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പല കാര്യങ്ങളെപ്പററിയും ഇവിടെ പറയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽക്കൂടി ഒന്നു രണ്ടു കാര്യങ്ങരം മാത്രമേ സൂചിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഒന്ന് ഹരിജനമർദ്ദനം ഈ രാജ്യത്ത് വർഗ്ഗീയ കലാപങ്ങളും ഹരിജൻ മർദ്ദനങ്ങളും ഏതാണ്ട് കൂടപ്പിറവിയാണ്. പക്ഷേ മുമ്പു കാണാത്തതായിട്ടുള്ള ഒരു സംഭവവികാസം ഇന്നു കാണുന്നത് ഇതുവരെ നടക്കാത്തതായിട്ടുള്ള സംസ്ഥാനങ്ങളിലേക്ക് ഈ ഹരിജനമർദ്ദനം വ്യാപിക്കുന്നു എന്നുള്ളതാണ്. രണ്ടാമത്തെ കാര്യം ഈ രാജ്യത്ത് വളരെയധികം അവശതകരം അനുഭവിക്കുന്നതായിട്ടുള്ള തൊഴിലാളിവർഗ്ഗത്തിനെതിരായി നടത്തുന്ന നടപടികളും അതിനെതിരായി ഉണ്ടാക്കുന്ന കരിനിയമങ്ങളും ആണ്. ഈ രണ്ടു കാര്യങ്ങളും മററ് അനേകം സമീപനങ്ങളും ഒരു അഖിലേന്ത്യാ പാർട്ടി, അഖിലേന്ത്യാടിസ്ഥാനത്തിൽ ചിന്തിച്ച് രൂപീകരിക്കുന്നതായിട്ടുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കോൺഗ്രസ് (ഐ) കൂടി പങ്കാളിത്തം വഹിക്കുന്നതായിട്ടുള്ള ഈ മന്ത്രിസഭയെ ജനതാപാർട്ടി എതിർക്കാനും അതിനെതിരായി കൊണ്ടുവന്നിട്ടുള്ള ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കാനും തീരുമാനിച്ചിട്ടുള്ളത്.

സർ, കഴിഞ്ഞ കാലങ്ങളിലെല്ലാം തന്നെ പാർട്ടി എടുത്തതായിട്ടുള്ള തീരുമാനങ്ങരംക്കും, സമീപനങ്ങരംക്കും വിധേയമായ ഒരു തീരുമാനമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും ഞങ്ങൾ നടപ്പാക്കുന്നത്. ഒന്നാലോചിച്ച് നോക്കുക. പാർട്ടി നവംബർ 5-ാം തീയതി ഡോക്ടർ ബാബുകൽദാത്തേ ഈ സംസ്ഥാനത്തു വന്ന് തീരുമാനങ്ങൾ എടുത്തു. ആ തീരുമാനങ്ങളിൽ പ്രധാനമായും ഉണ്ടായിരുന്നത് കോൺഗ്രസ് (ഐ) പങ്കാളിത്വം ഉള്ളതായ മന്ത്രിസഭയെ എതിർക്കുമെന്നാണ്, അതിന് പിന്തുണ കൊടുക്കുകയില്ല എന്നാണ്. അതേസമയത്ത് ജനാധിപത്യ പ്രതിപക്ഷമായി നിയമസഭയിൽ പ്രവർത്തിക്കുമെന്ന് ഞങ്ങൾ പ്രഖ്യാപിച്ചിരുന്നു. ജനാധിപത്യ പ്രതിപക്ഷമായി നിയമസഭയിൽ പ്രവർത്തിക്കേണ്ടതായിട്ടുള്ള അവസരംപോലും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കാരണം ഒരു പ്രതിപക്ഷം ഉണ്ടാകണമെങ്കിൽ ഒരു മന്ത്രിസഭ ഉണ്ടാകണം. ആ മന്ത്രിസഭയ്ക്ക് നിയമസഭയിൽ ഭൂരിപക്ഷം ഉണ്ടാകണം. ഒരു ന്യൂനപക്ഷ മന്ത്രിസഭ ഈ സംസ്ഥാനത്തു വന്നതോടുകൂടി ജനാധിപത്യപരമായി പ്രവർത്തിക്കാനുള്ള അന്തരീക്ഷം ജനതാപാർട്ടിയെ സംബന്ധിച്ചിടത്തോളം ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ടാണ് ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നത്. ഡിസംബർ 22-ാം തീയതി ജനതാപാർട്ടിയുടെ പിന്തുണ ഈ സംസ്ഥാനത്തു രൂപീകരിക്കുന്ന കോൺഗ്രസ് (ഐ) പങ്കാളിത്വം ഉള്ളത് ആയിട്ടുള്ള ഒരു മന്ത്രിസഭക്ക് ഉണ്ടാവുകയില്ല എന്ന് പാർട്ടിയുടെ സംസ്ഥാന പ്രസിഡൻറും, ഞാനും ഒന്നിച്ച് ബഹുമാനപ്പെട്ട ഗവർണ്ണറെ അറിയിച്ചു. മററു ബന്ധപ്പെട്ട എല്ലാ കക്ഷിനേതാക്കൻമാരെയും സൗഹൃദപരമായി ഞങ്ങൾ അറിയിക്കുകയുണ്ടായി. അതിനുശേഷം ഈ നിയമസഭ തുടങ്ങി. 29-ാം തീയതിക്കുശേഷം ചില സംഭവവികാസങ്ങളെല്ലാം നടന്നതായി കേട്ടു. അതിൻെറ അടിസ്ഥാനത്തിൽ ഭൂരിപക്ഷം ഈ മന്ത്രിസഭക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ അതിൻെറ ന്യൂനപക്ഷ സ്വഭാവം പോകുന്നതല്ല; മാച്ചുകളയാൻ സാധിക്കുന്നതല്ല. ആ ന്യൂനപക്ഷ സ്വഭാവത്തിൻെറ അടിസ്ഥാനത്തിലാണ് പാർട്ടി തീരുമാനം എടുത്തിട്ടുള്ളത്; ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങുന്നത്. രാഷ്ട്രീയമായ സമ്മർദ്ദംമൂലമാണ് ഒരു ന്യൂനപക്ഷ മന്ത്രിസഭ ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. കോൺഗ്രസ് (ഐ) കൂടി പങ്കാളിത്വം വഹിക്കുന്നിടത്തോളംകാലം ജനതാ പാർട്ടിയെ സംബന്ധിച്ചിടത്തോളം പിൻതുണ കൊടുക്കാൻ സാധിക്കുകയില്ല എന്നുള്ള പാർട്ടിയുടെ തീരുമാനത്തിനു വിധേയമായി പ്രവർത്തിക്കേണ്ടത് പാർട്ടിയുടെ പേരിൽ തെരഞ്ഞെടുക്കപ്പെട്ടതായിട്ടുള്ള എല്ലാവരുടേയും ചുമതലയാണെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്.

ആ ചുമതല നിർവ്വഹിക്കാൻ ശ്രീ. കൃഷ്ണൻകുട്ടിയും ഞാനും ഏതായാലും ബാദ്ധ്യസ്ഥരാണ്. ആ നിലയിലാണ് പാർട്ടിയുടെ അഖിലേന്ത്യാ പ്രസിഡൻറ് നേതൃത്വം വഹിക്കുന്നതായിട്ടുള്ള ഈ പാർട്ടിയുടെ തീരുമാനം ഈ സംസ്ഥാനത്തു നടത്താൻ തീരുമാനിച്ചിട്ടുള്ളത്. സർ ഈ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി ഒരു മുന്നണിയിലും ചേരാതെ ജനതാപാർട്ടിക്ക് പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഒരു മുന്നണിയിലും ചേരാൻ ഞങ്ങൾ തീരുമാനിച്ചിട്ടില്ല. അതേസമയം തന്നെ സ്വേച്ഛാധിപത്യ പ്രവണതകൾക്കെതിരായി ഏതെല്ലാം ജനാധിപത്യത്തിൽ വിശ്വസിക്കുന്ന കക്ഷികളുമായി കൂട്ടുചേർന്ന് പ്രവർത്തിക്കാൻ കഴിയുമോ, അത്തരത്തിലുള്ള ഏതെങ്കിലും ഒരു വേദി ഉണ്ടാക്കാൻ സാധിക്കുമോ, സാധിക്കുമെങ്കിൽ ആ വേദിയിൽ ജനതാപാർട്ടി ഉണ്ടാകും. കാരണം സ്വേച്ഛാധിപത്യ പ്രവണതകളെ ഉൻമൂലനാശം ചെയ്യാൻ ജനതാപാർട്ടി ബാദ്ധ്യസ്ഥമാണ്. അത്തരത്തിൽ പ്രവർത്തിക്കാൻ ജനതാ പാർട്ടി തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാന ജനതാപാർട്ടിയിൽ ഈ നിയമസഭയ്ക്ക് അകത്തും പുറത്തും കുറെ വഞ്ചകൻമാരും ചതിയൻമാരും ഉണ്ടെങ്കിൽ ആ വഞ്ചകൻമാരും ചതിയൻമാരും ഉണ്ടെങ്കിലും ആ വഞ്ചകൻമാരും ചതിയൻമാരും എത്ര തന്നെ പണിപ്പെട്ടാലും ജനതാപാർട്ടിയുടെ മേൽ ഒരു പോറൽപോലും ഏൽപ്പിക്കാതെ ഞങ്ങൾക്ക് ശക്തിപ്പെടുത്താൻ കഴിയുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നല്ലെങ്കിൽ നാളെ വരുന്ന തെരഞ്ഞെടുപ്പിൽ ജനതാപാർട്ടി തെളിയിക്കാൻ തയ്യാറാണെന്നും ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ബഹളം)

സർ, ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. സീതിഹാജി : ഈ മുന്നണിയുടെ വോട്ടു മേടിച്ചുകൊണ്ട് ഇ നിയമസഭയിൽ വന്നിട്ട് ഇങ്ങനെ തള്ളിപ്പറയാൻ നാണമില്ലല്ലോ ?

ശ്രീ. കെ. കെ. ശ്രീനിവാസൻ : സർ, ശ്രീ. ഷൺമുഖദാസ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിപൂർവ്വം എതിർക്കുകയാണ്. ഇവിടെ ഒരു ന്യൂനപക്ഷമന്ത്രിസഭയാണ് അധികാരത്തിൽ ഇരിക്കുന്നതെന്നുള്ള കേന്ദ്രബിന്ദുവിൽ നിന്നുകൊണ്ടാണ് ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്.

സർ, അക്കാര്യത്തിലേക്ക് കടക്കുന്നതിന് മുമ്പായിട്ട് ശ്രീ. എം. വി. രാഘവൻ ഇവിടെ ഉന്നയിച്ച ഒരു പ്രശ്നത്തിന് സമാധാനം പറയാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്. സർ ഈ ഗവൺമെൻറ് കർഷകത്തൊഴിലാളി പെൻഷനോ തൊഴിലില്ലായ്മ വേതനമോ നിർത്തലാക്കാൻ തീരുമാനമെടുത്തിട്ടില്ല. നായനാർ സർക്കാരിൻെറ കാലത്ത് മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടിയുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് അനർഹരായ ആളുകൾക്ക് കൊടുത്ത ആനുകൂല്യത്തെപ്പററി അന്വേഷണം നടത്തി അർഹതയുള്ള ആളുകൾക്ക് തുടർന്നും അതു കൊടുക്കുക എന്നുള്ളതു തന്നെയാണ് ഈ ഗവൺമെൻറിൻെറ നയമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

സർ, അവിശ്വാസ പ്രമേയത്തിലേക്ക് കടക്കുന്നതിന് മുമ്പ് ഒന്ന് രണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. നായനാർ രാജിവച്ച പരിതഃസ്ഥിതിയിൽ ഭരണഘടനാ വിധേയമായി തന്നെ ഗവർണ്ണർ ഈ സഭയിൽ ഏററവും കുടുതൽ പിൻതുണയുള്ള ശ്രീ. കരുണാകരനെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിച്ചു. അദ്ദേഹം അത് സ്വീകരിച്ചു. സത്യപ്രതിജ്ഞ ചെയ്തു. മന്ത്രിസഭ പ്രാബല്യത്തിൽ വന്നു. ഈ ഒരു സ്ഥിതി വിശേഷം ഉണ്ടായത് നായനാർ മന്ത്രിസഭ രാജിവച്ചതുകൊണ്ടാണ്. ന്യൂനപക്ഷ മന്ത്രിസഭയാണെന്നുള്ള ആരോപണം ഉന്നയിക്കുന്നവരോട് എനിക്ക് സൂചിപ്പിക്കാനുള്ളത് അത് തെരുവിൽവച്ചല്ല തീരുമാനിക്കേണ്ടത്. ഈ സഭയിൽവച്ച് തന്നെയാണ്. നേരെമറിച്ച് പ്രക്ഷോഭണങ്ങളുടെ പാതയിലൂടെ ഈ രാജ്യത്തെ നയിക്കാൻ ഭീഷണിയുടെ മാർഗ്ഗം ഉപയോഗിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുന്ന ഇടതുപക്ഷമുന്നണിയുടെ ആഹ്വാനങ്ങളുടെയും ഭീഷണിയുടെയും മുമ്പിൽ മുട്ടുകുത്താൻ ഈ സംസ്ഥാനം തീരുമാനിച്ചിട്ടില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

സർ മററ് ഒന്നിനെക്കുറിച്ചും പരാമർശിക്കാൻ ഞാൻ ഈ സമയം വിനിയോഗിക്കുന്നില്ല. ജനജീവിതത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്തുകയാണ് ഈ ഗവൺമെൻറിൻെറ മൗലികമായ ധർമ്മം. അതിന് എതിരെയുള്ള ഏതു പ്രവണതയേയും ശക്തിയായി നേരിടാൻ ഈ ഗവൺമെൻറിന് ബാദ്ധ്യതയുണ്ട്.

സർ, 1970 ജനുവരി 9-ാം തീയതി അന്നത്തെ ഗവർണ്ണർ ശ്രീ. വിശ്വനാഥൻ ഈ സഭയെ അഭിസംബോധന ചെയ്ത അവസരത്തിൽ ശ്രീ. അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്നു. കുറുമുന്നണി അധികാരത്തിൽ വന്ന് പത്ത് ആഴ്ച മാത്രമേ ആയിട്ടുള്ളൂ. ഗവർണ്ണർ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ പ്രതിപക്ഷ നേതാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് സഭാതലത്തിൽ എഴുന്നേററ് നിന്നുകൊണ്ട് പ്രസംഗത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചു. ഗവർണ്ണർ പ്രസംഗം തുടർന്നു. ഇ. എം. എസ്. നാലഞ്ചു നിമിഷത്തിനുള്ളിൽ സ്വസ്ഥാനത്തിരിക്കുകയും ചെയ്തു. അന്നത്തെ ചീഫ് മിനിസ്ററർ സഖാവ് അച്യുതമേനോൻ പത്രക്കാരെ അഭിസംബോധന ചെയ്തു സംസാരിച്ചപ്പോൾ പറഞ്ഞു it is a shameful scene which brings discredit to the entire State.

സർ, ജാനുവരി 29-ാം തീയതി ഈ സഭയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസംഗിക്കാൻ വന്നു. അപ്പോൾ ശ്രീ. പി. കെ. വിയുടെ നേതൃത്വത്തിൽ നടന്ന പ്രകടന അഭ്യാസങ്ങളെക്കുറിച്ച് ഞാനൊന്നും ദീർഘമായി പറയുന്നില്ല. ശ്രീ. കരുണാകരന്റെ സ്ഥാനത്ത് ശ്രീ. അച്ചുതമേനോനായിരുന്നു മുഖ്യമന്ത്രിയെങ്കിൽ ഇ. എം. എസ്. ന്റെ മുഖത്തുനോക്കി ശ്രീ. അച്ചുതമേനോൻ പറഞ്ഞതുപോലെ ഇപ്പോഴും പറയുമായിരുന്നു. it is a shameful scene which brings discredit to the entire State. സർ ഇവിടെ പ്രസക്തമായ കാര്യമെന്നു പറയുന്നത് ഇത് ന്യൂനപക്ഷമന്ത്രിസഭയാണോ അല്ലയോ എന്നുള്ളതാണ്. ഈ സഭയിൽതന്നെ അതിന്റേതായ ചരിത്രങ്ങളും ഉണ്ട്. 1969 ഒക്ടോബർ 3-ാം തീയതി ഞങ്ങളുടെ പാർട്ടി അംഗമായിരുന്ന ദേവസിക്കുട്ടി ശ്രീ. വെല്ലിംഗ്ടണ്ണിനെതിരായി ഒരാരോപണം ഉന്നയിച്ചുകൊണ്ട് അതിനെപ്പററി അന്വേഷിക്കാൻ ഒരു കമ്മീഷനെ നിയമിക്കണമെന്നാവശ്യപ്പെടുകയുണ്ടായി. ഗവൺമെന്റിൽ ഘടകകക്ഷികളായ ആർ. എസ്. പി. യും മുസ്ലീം ലീഗും സി. പി. ഐ യും ആ പ്രമേയത്തെ അനുകൂലിച്ചു. അതിനനുകൂലമായി വോട്ടു ചെയ്ത് ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ പ്രമേയം പാസായതായി പ്രഖ്യാപിക്കപ്പെട്ടു. പ്രമേയം പാസായില്ലെന്ന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയും പറഞ്ഞു. അപ്പോൾ സ്ഥലത്തില്ലായിരുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാട്. വേഗം തിരിച്ചെത്തി. പ്രമേയം പാസായി എന്നു പറഞ്ഞു. ജനുവരി 16-ാം തീയതി ഇ. എം. എസ്. അസംബ്ലിയിൽ ഒരു പ്രസ്താവന ചെയ്തു. ഗവൺമെന്റിനെതിരായി പാസ്സാക്കപ്പെടുന്ന അനൗദ്യോഗിക പ്രമേയം അവിശ്വാസ പ്രമേയമായി കണക്കാക്കുന്ന കീഴ്വഴക്കമില്ലായിരുന്നിട്ടും നിയമസഭയിൽ അംഗീകരിക്കപ്പെട്ട വെറുമൊരു പ്രമേയത്തെ ആധാരമാക്കികൊണ്ട് അദ്ദേഹം രാജിവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നതായി പ്രഖ്യാപിച്ചു. സർ എന്നാൽ നിയമസഭ പിരിച്ചു വിടരുതെന്ന് അന്നത്തെ ഗവർണ്ണറെ ഉപദേശിച്ചതിന്റെ അർത്ഥമെന്താണ് ? ഏതൊരു കക്ഷിക്കും മന്ത്രിസഭ രൂപീകരിക്കാനുള്ള സാഹചര്യമുണ്ടാക്കണം എന്നുള്ളതുകൊണ്ട് മററുള്ളവർ ചേർന്ന് അന്ന് ഒരു മന്ത്രിസഭ രൂപീകരിച്ചു. എന്നാൽ ആ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഉണ്ടോ എന്ന പ്രശ്നവും ഉന്നയിക്കപ്പെട്ടു. ന്യൂനപക്ഷ ഗവൺമെന്റ് ആണെന്ന് ഇന്നത്തെപ്പോലെ ആരോപണം ഉന്നയിച്ചു. അന്ന് ഇപ്പോൾ അപ്പുറത്തിരിക്കുന്ന ബേബിജോണും പി. എസ്. ശ്രീനിവാസനും പറഞ്ഞു അത് തീരുമാനിക്കേണ്ടത് നിയമസഭയിലാണെന്ന്.

സർ, അതുപോലെതന്നെ 1965-ൽ കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഒരു കക്ഷിയ്ക്കും ഭൂരിപക്ഷം കിട്ടിയില്ല. അന്ന് ശ്രീ. നമ്പൂതിരിപ്പാട് ഒരു കക്ഷിയ്ക്കും ഭൂരിപക്ഷമില്ലെങ്കിലും ഒരു കക്ഷിക്കോ, കക്ഷികൾക്കോ മന്ത്രിസഭ രൂപീകരിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. സഖാവ് ഇ. എം. എസ്. ഒരു പടികൂടി കടന്നു പറഞ്ഞു. സർ, ഒരു ഗവൺമെന്റിന് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്നു തീരുമാനിക്കേണ്ടതു ഗവർണ്ണറല്ല നിയമസഭയാണ്. അങ്ങനെ 1969-ൽ സഖാവ് നമ്പൂതിരിപ്പാട് സ്വീകരിച്ച നടപടികളെ ആധാരമാക്കിക്കൊണ്ട് പി. എസ്. ശ്രീനിവാസനും ബേബിജോണും പറഞ്ഞ അഭിപ്രായവും 1965-ലെ തെരഞ്ഞെടുപ്പിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കക്ഷിയ്ക്കും ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ അത് തീരുമാനിക്കേണ്ടത് സഭയാണെന്ന് സഖാവ് ഇ. എം. എസ്. പറഞ്ഞ അഭിപ്രായവും ഈ സന്ദർഭവുമായി ബന്ധപ്പെടുത്തി ആലോചിക്കേണ്ടതാണ്. സർ ഈ ഗവൺമെന്റിന് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്നു തീരുമാനിക്കേണ്ടത് ഗവർണ്ണറല്ല സഭയാണെന്ന ഇ. എം. എസ്. ന്റെ വാദം ശരിയാണെങ്കിൽ അത് ജനാധിപത്യകീഴ്വഴക്കമായി നാം അംഗീകരിക്കുകയാണെങ്കിൽ ഈ ഗവൺമെന്റിന് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്ന് ഈ സഭയിൽ തെളിയിക്കാൻ കഴിയുമെന്ന് ശ്രീ. കരുണാകരൻ ഉന്നയിച്ച വാദഗതി പ്രസക്തമല്ലേ. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അത് തെളിയിക്കപ്പെടാൻ പോവുകയാണ്.

സർ, 1968-ൽ ഇൻഡ്യൻ പാർലമെന്റിൽ ഒരു അവിശ്വാസ പ്രമേയം അവതരിപ്പിക്കുകയുണ്ടായി. വാജ്പയ് ആണ് അവിശ്വാസ പ്രമേയം അവതരിപ്പിച്ചത്. അന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി അനുകരിച്ച നയമെന്താണ്. സഖാവ് ടാങ്കേ അവിശ്വാസ പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചു. നിരവധി അംഗങ്ങൾ അനുകൂലിച്ചു സംസാരിച്ചു. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഭാഗത്തു നിന്നും ആരും സംസാരിച്ചില്ല. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി വോട്ടെടുപ്പിൽ സാങ്കേതികമായും അക്ഷരാർത്ഥത്തിലും തികച്ചും ന്യൂനപക്ഷ ഗവൺമെന്റായിരുന്ന ഇന്ദിരാ ഗവൺമെന്റിനെ അനുകൂലിച്ചുകൊണ്ട് അവിശ്വാസ പ്രമേയത്തെ എതിർത്ത് വോട്ടു ചെയ്യുകയുണ്ടായി. സർ കേന്ദ്രത്തിൽ ന്യൂനപക്ഷ ഗവൺമെന്റിന് മാർക്സിസ്റ്റുകൾക്ക് അസ്പൃശ്യതയില്ല. സാങ്കേതികത്വത്തിൽ ഒതുങ്ങിനിന്നുകൊണ്ട് ജനാധിപത്യത്തെ ധ്വംസിക്കാൻ വേണ്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരുക്കിവച്ച കെണിയിൽക്കുരുങ്ങി കിടക്കുന്ന ഷൺമുഖദാസിന്റെ ദയനീയ ചിത്രമാണ് ഈ അവിശ്വാസ പ്രമേയത്തിൽ കാണാൻ കഴിയുന്നത്.

സർ ഈ പശ്ചാത്തലത്തിൽ ഞാൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. സഖാവ് നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ ഡൽഹി ട്രിപ്പ് ക്യാൻസൽ ചെയ്തുകൊണ്ട് തിരുവനന്തപുരത്ത് കഴിയുകയാണ്. ദേശാഭിമാനിയിൽ വന്ന വാർത്തയെ ആധാരമാക്കിയാണ് സംസാരിക്കുന്നത്. നമ്പൂതിരിപ്പാട് പറഞ്ഞു മുഖ്യമന്ത്രി രാജിവയ്ക്കണം, നമ്പൂതിരിപ്പാട് പറഞ്ഞു ഗവർണ്ണർ രാജിവയ്ക്കണം. സർ, ഞാൻ പ്രസക്തമായ ആ ഭാഗം വായിക്കാം. അദ്ദേഹത്തിന്റെ വാദഗതി, "തെരഞ്ഞെടുപ്പിൽ ജയിച്ച പാർട്ടികളുടെ കൂട്ടുകെട്ടിന്റെ ഭരണം ഭൂരിപക്ഷം നഷ്ടപ്പെടുന്നതുവരെ തുടരണം; അതുകൊണ്ടാണ് ആന്റണി കോൺഗ്രസ്സ് പിൻമാറിയിട്ടും നായനാർ രാജി വയ്ക്കാതിരുന്നത്." സർ ഈ പ്രസ്താവനയിൽ സത്യസന്ധതയുണ്ടെങ്കിൽ 1969-ൽ ശ്രീ നമ്പൂതിരിപ്പാട് എന്തിന് രാജിവച്ചു. അന്ന് ഭൂരിപക്ഷം ഉണ്ടായിരുന്നില്ലേ, ആരെങ്കിലും അവിശ്വാസ പ്രമേയം അവതരിപ്പിച്ചോ ? സർ, തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ ജനതാ പാർട്ടിയ്ക്ക് പകരം ചരൺസിംഗ് ചവാൻ കൂട്ടുകെട്ടിനെ 1979-ൽ കേന്ദ്രത്തിൽ അധികാരത്തിലേറ്റിയ സി. പി. എം. ന്റെ നിലപാട് ശരിയാണോ എന്ന് പത്രക്കാർ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു കേന്ദ്ര രാഷ്ട്രീയവും സംസ്ഥാന രാഷ്ട്രീയവും രണ്ടും രണ്ടാണെന്ന്. തുടർന്നു് പറയുന്നു, സംസ്ഥാനത്ത് പ്രസിഡന്റുഭരണമാകാം. എന്നാൽ കേന്ദ്രത്തിൽ എപ്പോഴും രാഷ്ട്രപതിഭരണം പററില്ല. മൊറാർജി ദേശായിക്ക് പകരം ചവാനും ചരൺസിംഗുമൊക്കെ വന്നപ്പോൾ അവർക്കു ഞങ്ങൾ പിന്തുണ നൽകി. അത് തെററാണെന്നുള്ള ധാരണ ഇന്നും ഞങ്ങളുടെ പാർട്ടി മാർക്സിസ്റ്റ് പാർട്ടിക്കില്ല. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ രൂപീകരിച്ച നയത്തിന്റെ പ്രകടമായ തെളിവാണ് ഇതിൽ കാണാൻ കഴിയുന്നത്. ഓന്തിന് നിറം മാറുന്നതുപോലെ എപ്പോഴും നയത്തിൽ മാററം സംഭ

LIBRARY ARCHIVES Kerala Legislative Assembly

വിച്ചുകൊണ്ടിരിക്കുന്ന പാർട്ടിയാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി. ഇ. എം. എസ്. ൻെറയും എ. കെ. ജി. യുടെയുമൊക്കെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളർന്നപ്പോൾ മാർക്സിസ്റ്റു പാർട്ടിക്കാർ പറഞ്ഞു സി. പി. ഐ. ക്കാർ ദേശീയ വാദികളാണ് ബൂർഷ്വാസികളുടെ വാലുകളാണ്, ഞങ്ങൾ മാർക്സിസ്റ്റു പാർട്ടിക്കാർ സാർവ്വദേശീയത്വത്തിൻെറ ഭാഗത്തു നിൽക്കുന്നു എന്ന്. ആ സ്ഥിതിതന്നെയാണോ ഇന്നും തുടരുന്നത് എന്നറിയാൻ ഞങ്ങൾക്ക് വളരെയേറെ ആഗ്രഹമുണ്ട്. സർ, നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ മാററങ്ങൾ നടന്നിട്ടുണ്ട്. എ. കെ. ആൻറണി നയിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഇപ്പോൾ ഞങ്ങളോടൊപ്പം നിൽക്കുന്നു, ഞങ്ങൾക്കതിൽ അതിയായ സന്തോഷമുണ്ട്. കാരണമെന്തെന്നോ ? ആൻറണി പ്രഖ്യാപിച്ചു. കേരളത്തിൽ ഒരു മാർക്സിസ്റ്റിതര ഗവൺമെൻറിനുവേണ്ടിയുള്ള ശക്തമായ ഐക്യനിര ഉണ്ടാക്കാനുള്ള ചർച്ചകളും നടപടികളും തുടരാൻ തന്നെയാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. മാർക്സിസ്റ്റു പാർട്ടിയെ വീണ്ടും അധികാരത്തിലേററാതിരിക്കാൻ അത് ആവശ്യമാണ്. കേരളത്തിലെ കോൺഗ്രസ്സിനെ മാർക്സിസ്ററ് പാർട്ടിക്ക് അടിയറവയ്ക്കാനുള്ള ഏതൊരു നിർദ്ദേശവും നീക്കവും അംഗീകരിക്കാൻ കെ. പി. സി. സി. ക്ക് സാധ്യമല്ല സർ. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മാർക്സിസ്റ്റു തേർവാഴ്ച അവസാനിപ്പിക്കാൻ ജനാധിപത്യ പ്രസ്ഥാനത്തിൻെറ ഒരു പുനരേകീകരണം ആവശ്യമാണെന്ന് കണ്ടുകൊണ്ട് ആ പാതയിലേക്കുവന്ന ജനാധിപത്യവിശ്വാസികളെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ശ്രീ. നായനാർക്ക് ഈ ഗവൺമെൻറിനോടുള്ള കാഴ്ചപ്പാട് വളരെ രസാവഹമാണ്. അദ്ദേഹം തന്നെ ഒരു സന്ദർഭത്തിൽ പത്രക്കാരെ വിളിച്ചു പറഞ്ഞു "അമ്പലമോഷണത്തിൻെറയും മുഖം മൂടിയാക്രമണത്തിൻെറയും ആർ. എസ്. എസ്. സംഘട്ടനത്തിൻെറയും പേരിൽ മന്ത്രിസഭയുടെ രാജിയാവശ്യപ്പെട്ടു, ടി. കെ. രാമകൃഷ്ണനും എം. കെ. കൃഷ്ണനും പി. സി. ചാക്കോയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടു ഇപ്പോൾ ഞാൻ രാജിവയ്ക്കാൻ ആവശ്യപ്പെടുന്നു. കരുണാകരൻെറ എല്ലാ വഴികളും അടഞ്ഞുപോയി. അതുകൊണ്ട് ഇനി മൂന്നു വർഷം കാത്തിരിക്കേണ്ട ഗതികേടുണ്ടാകുമെന്ന്" പറഞ്ഞ നായനാരെ മൂന്നു മാസംകൊണ്ട് താഴത്തിറക്കാൻ ജനാധിപത്യകക്ഷികൾക്ക് കഴിഞ്ഞു എന്നുള്ളതിനു സാക്ഷ്യം വഹിക്കുന്നതാണ് ഈ സഭ. കഴിഞ്ഞ ദിവസം ശ്രീ. പി. എസ്. ശ്രീനിവാസൻ ഉപയോഗിച്ച ഭീഷണിയുടെ ഭാഷ, ഞങ്ങൾക്കും പോലീസിനും എതിരായി ഉപയോഗിച്ച ഭീഷണിയുടെ ഭാഷ സഖാവ് ശ്രീനിവാസൻെറ പാരമ്പര്യത്തിന് അനുരോധമായിട്ടുള്ള പ്രതിപാദനമായിരുന്നു എന്നു ഞങ്ങൾക്കഭിപ്രായമില്ല. 1969-ൽ അച്യുതമേനോൻ അധികാരത്തിൽ വന്നപ്പോൾ മാർക്സിസ്റ്റു സഖാക്കളെ പുന്നപ്ര അറവുകാടു ക്ഷേത്ര മൈതാനിയിൽ വിളിച്ചുകൂട്ടി നടത്തിയ സമര പ്രഖ്യാപനം ഓർമ്മയില്ലേ? സംസ്ഥാനവ്യാപകമായി അവർ നടത്തിയ പ്രക്ഷോഭണങ്ങളും സാഹസികസംരംഭങ്ങളും ഓർക്കുന്നില്ലേ ? സി. പി. ഐ. യുടെ മാത്രം ശക്തികൊണ്ടാണോ അതിനെ എതിർത്തത് ? അല്ല. ഇവിടെ ഭരണഭാഗത്തിരിക്കുന്ന ശ്രീ. കരുണാകരൻെറയും സി. എച്ച്. മുഹമ്മദുകോയയുടെയും ജനകീയശക്തിയിൽ കൂടെയാണ് ആ ഗവൺമെൻറിനെ സംരക്ഷിക്കാൻ കഴിഞ്ഞത്. അക്രമത്തെ ഒരു തരത്തിലും വച്ചു പൊറുപ്പിക്കാൻ നിവൃത്തിയില്ല. അതിനെ ശക്തിയായി നിയന്ത്രിക്കേണ്ട ആവശ്യമുണ്ട്. പോലീസുകാർക്ക് ഗാന്ധിശിഷ്യൻമാരാകാൻ പലപ്പോഴും സാധിക്കുകയില്ല. ഈ രാജ്യത്തെ സംരക്ഷിക്കാൻ ജനാധിപത്യ മൂല്യങ്ങളിൽ വിശ്വാസമുള്ള ഒരു ഗവൺമെൻറാവശ്യമായതുകൊണ്ടുതന്നെയാണ് ഷൺമുഖദാസിൻെറ ഈ പ്രമേയത്തെ ശക്തിപൂർവ്വം എതിർക്കുന്നത്. എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ശ്രീ. ഷൺമുഖദാസ് അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ടിവിടെ സംസാരിച്ച സ്നേഹിതൻമാർ പറഞ്ഞത് ഈ അവിശ്വാസപ്രമേയം പാസ്സാകുകയില്ല, കാസ്റ്റിംഗ് വോട്ടോടുകൂടിത്തന്നെ തള്ളിയാൽ അതാണ് ജനാധിപത്യം എന്നൊക്കെയാണ്. കാസ്റ്റിംഗ് വോട്ടിന്റെ ജനാധിപത്യ സ്വഭാവത്തിന്റെ വിശദീകരണമായി ഇവിടെ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള വോട്ടുചെയ്ത കാര്യവും പറഞ്ഞു. സർ, അദ്ദേഹം വോട്ടുചെയ്തത് ഒരു ഗവൺമെന്റിനെ നിലനിർത്താനായിരുന്നില്ല. രേഖകൾ പരിശോധിച്ചാൽ അത് അറിയാം. ശ്രീ. എ. ജെ. ജോണിന്റെ കാലത്താണ് അങ്ങനെയൊരാവശ്യം വന്നത്. അന്നത്തെ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടായിരുന്നു. ഒരു ബില്ലിന്റെ ഭേദഗതിയുടെ വോട്ടിംഗ് സമയത്ത് ബെല്ലടിച്ചപ്പോൾ എല്ലാ മെമ്പർമാർക്കും യഥാസമയം എത്തിച്ചേരാൻ കഴിഞ്ഞില്ല. രണ്ടു മെമ്പർമാർക്ക് എത്താൻ സാധിച്ചില്ല. അങ്ങനെ രണ്ടുഭാഗത്തും വോട്ട് സമാസമം വന്നപ്പോൾ അദ്ദേഹം കാസ്റ്റിംഗ് വോട്ടുനൽകി ആ ബില്ലിന്റെ ഭേദഗതി പാസാക്കിയെടുത്തു. അതൊക്കെപ്പറഞ്ഞ് ന്യായീകരിച്ചുകൊണ്ട് കാസ്റ്റിംഗ് വോട്ടോടുകൂടി ഈ ഗവൺമെന്റിന് നിലനിൽക്കാം, അതാണ് ജനാധിപത്യം എന്നാണ ഇവിടെ പറഞ്ഞത്. ജനാധിപത്യമൂല്യങ്ങളെ സംരക്ഷിക്കാൻ ഒരു ഗവൺമെന്റ് ഇവിടെ നിലനിൽക്കണം, അതുകൊണ്ട് ഈ അവിശ്വാസ പ്രമേയത്തെ എതിർക്കണം എന്നാണ് ഇപ്പോൾ പ്രസംഗിച്ചുനിറുത്തിയ കെ. കെ. ശ്രീനിവാസൻ പറയുന്നത്. ജനാധിപത്യമൂല്യങ്ങളെ സംരക്ഷിക്കാൻ പോകുന്നത് കക്ഷ്യാതീതനായ, കക്ഷിക്കപ്പുറത്തു നിൽക്കേണ്ട ഒരാളുടെ പിന്തുണയോടുകൂടിയല്ല. അതുമാത്രമല്ല സർ, പ്രധാനകാര്യം. ഈ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളതുതന്നെ ഈ രാജ്യത്തെ ജനവിധിക്കെതിരായ കൂട്ടുകെട്ടിന്റെ അടിസ്ഥാനത്തിലാണ്. ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ ഇന്ദിരാഗാന്ധിയുടെ പാർട്ടിനേതൃത്വം വഹിക്കുന്ന കരുണാകരന്റെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വരണമെന്നുള്ളതല്ലായിരുന്നു ജനവിധി. ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിത്തന്നെ ഇവിടെ വന്ന് തിരഞ്ഞെടുപ്പു പ്രചരണം നടത്തി. അതെല്ലാം കേട്ട കേരളത്തിലെ ജനങ്ങൾതന്നെയാണ് ഇടതുപക്ഷജനാധിപത്യമുന്നണിയെ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വിജയിപ്പിച്ചത്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള സ്വേച്ഛാധിപത്യം ഈ മണ്ണിൽ അധികാരത്തിൽ വരരുത് എന്നതായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് മുഖ്യമായും ഉയർന്നുകേട്ട മുദ്രാവാക്യം. ഇൻഡ്യയിലെ മററു ചില ഭാഗങ്ങളിൽ ആ മുദ്രാവാക്യം താൽക്കാലികമായി വിജയിച്ചില്ലെങ്കിലും ഇവിടെ അതു വിജയിപ്പിക്കാൻ കഴിഞ്ഞു. അതിന്റെ പ്രതീകമായി അധികാരത്തിൽ വന്ന ഗവൺമെന്റിനെതിരായി ഇന്ന് അപ്പുറത്ത് പോയിരുന്ന് സംസാരിക്കുന്ന മെമ്പർമാരുടെ പ്രസംഗം എന്റെ കൈയിലുണ്ട്. വീക്ഷണത്തിൽവന്ന പ്രസംഗം എന്റെ കൈയിലുണ്ട്. സമയമില്ലാത്തതുകൊണ്ട് അതൊന്നും വായിക്കുന്നില്ല. പ്രസംഗത്തിന്റെ കൂടെ ഫോട്ടോയും ഉണ്ട്. വളരെ സുന്ദരമായ ഫോട്ടോകളാണ്. സിറിയക് ജോണിന്റെയും നല്ല ഒരു ഫോട്ടോ ഉണ്ട്. സിറിയക് ജോണിന്റെ ഇപ്പോഴത്തെ മുഖത്തിന്റെ സൗന്ദര്യമല്ല, അതിലും കൂടും. ആശയത്തിന്റെ പ്രതിഫലനമാണല്ലോ മുഖത്തു കാണുന്നത്. ആശയം മാറുന്നതോടുകൂടി അതും മാറിക്കൊള്ളും. ആ വിധിക്കെതിരായിട്ടുള്ള ഒരു ഗവൺമെൻറാണിപ്പോൾ ഉണ്ടായിട്ടുള്ളത്. ഈ സ്വേച്ഛാധിപത്യം കേരളത്തിലെ ജനങ്ങളുടെ സാമ്പത്തിക താല്പര്യം തകർത്തു, കാർഷികോല്പന്നങ്ങളുടെ വിലയില്ലാതാക്കി. അഭ്യസ്തവിദ്യർ തൊഴിലില്ലാതെ വലഞ്ഞു. ഇതിനെല്ലാം കാരണം ഈ രാജ്യത്ത് നടമാടുന്ന സ്വേച്ഛാധിപത്യവും കുത്തകതാല്പര്യ സംരക്ഷണവുമൊക്കെയാണന്നായിരുന്നു എന്റെ സ്നേഹിതൻ മാണിയും എ. കെ. ആൻറണിയുമെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ചത്. - അദ്ധ്വാനിവർഗ്ഗം എന്ന പദംതന്നെ ശ്രീ. കെ. എം. മാണി കണ്ടുപിടിച്ചത് അങ്ങനെയാണ്. അപ്പോൾ അധികാരത്തിൽവന്ന ഗവൺമെൻറ് പറഞ്ഞതുപോലെയുള്ള കാര്യങ്ങളൊക്കെ ചെയ്തു. കേരളത്തിലെ ജനങ്ങൾക്ക് ഇത്രയേറെ നല്ലകാര്യങ്ങൾ ചെയ്തിട്ടുള്ള ഒരു ഗവൺമെൻറ് കേരളത്തിലുണ്ടായിട്ടില്ല എന്ന് ശ്രീമാൻ മാണി പ്രസംഗിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, കൃഷിക്കാർക്ക് ഇത്രയേറെ നല്ലകാര്യങ്ങൾ ചെയ്തിട്ടുള്ള ഗവൺമെൻറ് ഉണ്ടായിട്ടില്ല എന്നു പ്രസംഗിച്ചിട്ടില്ലേ ? ഉണ്ട്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

നല്ല കാര്യങ്ങൾ ചിലതു ചെയ്തിട്ടുണ്ടെങ്കിൽ അതിൻെറ കുത്തക നിങ്ങൾക്ക് മാത്രമല്ല. ഞങ്ങളുംകൂടി ഇരുന്നു ചെയ്തതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പ്രസംഗിച്ചു എന്നേ ഞാൻ പറഞ്ഞുള്ളു. നല്ല കാര്യങ്ങൾ ചെയ്തതിൻെറ കുത്തക ഞങ്ങൾക്കു മാത്രമാണെന്ന് ഞാൻ പറഞ്ഞില്ല. നമ്മളെല്ലാം ഒരുമിച്ചുനിന്ന് സ്വേച്ഛാധിപത്യത്തെ തോല്പിച്ചുണ്ടാക്കിയ ഗവൺമെൻറ് ചെയ്ത നല്ല കാര്യങ്ങൾ അതിനുമുൻപ് ഒൻപതുകൊല്ലം മാണി രണ്ടുമൂന്നു കൂട്ടുകെട്ടിലിരുന്നിട്ടും ചെയ്യാൻ സാധിച്ചില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്മൾ ഒരുമിച്ചിരുന്നുചെയ്ത നല്ലകാര്യങ്ങളുടെ ഗുണത്തെ നിഷേധിക്കരുതെന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. കെ. എം. മാണി : പത്തു പ്രമാണങ്ങളിൽ രണ്ടു പ്രമാണങ്ങളും അടങ്ങും എന്നു പറഞ്ഞപോലെയേ ഉള്ളു അത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഞാൻ വാദപ്രതിവാദത്തിലേയ്ക്കു വരുന്നില്ല. അഭിപ്രായവ്യത്യാസമില്ലാത്ത കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു. അങ്ങനെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നമ്മൾ എടുത്തു. കാർഷിക കടംവായ്പാ പലിശ ഇളവുചെയ്തത്, കൃഷിക്കാർക്ക് നികുതി ഇളവുചെയ്തു കൊടുത്തത്, കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുത്തത്, ഒക്കെ ആ ഗവൺമെൻറു ചെയ്ത കാര്യങ്ങളല്ലേ? പമ്പിംഗ് സബ്സിഡി നൂറുശതമാനം ഇളവു ചെയ്തുകൊടുത്ത ഗവൺമെൻറ് ഇതിനുമുമ്പ് വേറെ ഉണ്ടായിട്ടില്ല. അതുപോലെ താങ്ങുവില വർദ്ധിപ്പിച്ചു കൊടുത്തു. നമ്മളെല്ലാം ഒന്നിച്ചിരുന്ന് നല്ല കാര്യങ്ങൾ ചെയ്തു. ശ്രീമാൻ ആൻറണി ഈ ഗവൺമെൻറിൽനിന്നും വിട്ടുപോയതിനുശേഷം പഴവങ്ങാടിയിൽ ചെയ്ത പ്രസംഗത്തിൽ ഈ വക കാര്യങ്ങൾ ചെയ്ത ഗവൺമെൻറാണെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീമാൻ കെ. എം. മാണിയും പറഞ്ഞിട്ടുണ്ട്. പിന്നെ എന്തുകൊണ്ട് ആ ഗവൺമെൻറിൻെറ കൂട്ടുകെട്ടിൽനിന്നു വിട്ടുപോയി ?

പിന്നെ ഇവിടെയിപ്പോൾ പ്രസംഗിച്ച കാര്യങ്ങൾ ഞാൻ കേട്ടു. വീക്ഷണം പത്രംതന്നെ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. വീക്ഷണത്തിൽ, ഗവർണ്ണറുടെ ഉൽഘാടന പ്രസംഗത്തിൽ, കരുണാകരൻ പറഞ്ഞത്; ശ്രീ. നായനാർ പറഞ്ഞ മറുപടി, ഗവൺമെൻറ് വന്ന പിറേറദിവസം മുതൽക്കേ ഉള്ള കാര്യങ്ങൾവരെ ഉണ്ട്. മുൻ ഗവൺമെൻറിൻെറ അവസാനത്തെ സമ്മേളനം ജൂലൈ മാസത്തിലായിരുന്നു. അപ്പോഴാണല്ലോ വേളിയിൽ കൂടിയതും വേളി കഴിച്ചതും വേളി പിരിഞ്ഞതുമൊക്കെ. "മുങ്ങുന്ന കപ്പലല്ല, കരുത്തിൻെറ പ്രസ്ഥാനമാണ് കോൺഗ്രസ്" എന്ന് ഇന്ദിരാ കോൺഗ്രസിനോട് മറുപടി പറഞ്ഞ ഉമ്മൻ ചാണ്ടി, (ഉമ്മൻ ചാണ്ടി നോക്കുകയില്ല) "ഇന്ദിരാഗാന്ധി കാലുമാററത്തെ പ്രോൽസാഹിപ്പിക്കുന്നു", എന്ന് ഉമ്മൻചാണ്ടി ഇന്ദിരാഗാന്ധിയെ കുററപ്പെടുത്തുന്നു. "ഇന്ദിരാഗാന്ധി ഇന്ത്യൻ രാഷ്ട്രീയത്തിൽ കറുത്ത അദ്ധ്യായം എഴുതിച്ചേർത്തിരിക്കുകയാണ്" എന്ന്; ജൂലൈ മാസത്തിൽ അവസാനിച്ച 21 മാസത്തെ ഭരണത്തിൻെറ അവസാന സമ്മേളനത്തിൽ, ശ്രീമാൻ കരുണാകരൻ അവരുടെ ഭാഗത്തുനിന്നു

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചതിനു മറുപടി പറഞ്ഞുകൊണ്ട് ശ്രീമാൻ ഉമ്മൻ ചാണ്ടി സംസാരിച്ചതിന്റെ തലക്കെട്ടാണ് ഈ വലിയ വാചകം. പിന്നീട് മൊയ്തീന്റെ ഗംഭീര പ്രസംഗമാണ്. ക്രമസമാധാനനില ഇന്ന് ഏത് സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ടതാണെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഗംഭീരമായി പ്രസംഗിച്ചിട്ടുണ്ട്. അവർക്കാർക്കും ആക്ഷേപമുണ്ടായിരുന്നില്ല. ശ്രീമാൻ കരുണാകരന് ആദ്യംമുതൽക്കേ ആക്ഷേപം ഉണ്ടായിരുന്നുവെന്നത് ശരിയാണ്. അവർ ഇതിനെ എതിർത്തിരുന്നു. കാരണം കരുണാകരന്റെ പാർട്ടിയുടെ കീഴിൽ നമ്മുടെ രാജ്യത്തെ കൃഷിക്കാർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ വില ഇടിഞ്ഞു, ഉൽപ്പാദനച്ചെലവു വർദ്ധിച്ചു. വളത്തിന്റെ വില വർദ്ധിച്ചു. നമുക്കു കിട്ടിയിരുന്ന സബ്സിഡി എടുത്തുകളഞ്ഞു; ഖജനാവ് നമ്മൾ മുടിച്ചു എന്നു പറഞ്ഞതിന് ശ്രീമാൻ ഉമ്മൻചാണ്ടിയും ശ്രീമാൻ മാണിയും മറുപടി പറയാനുള്ള മര്യാദയെങ്കിലും കാണിച്ചു. നമുക്കു കിട്ടിയിരുന്ന 30 കോടി ഇല്ലാതാക്കി. വാഗ്ദത്തംചെയ്ത ചാരായകച്ചാട്ട തരാതെയിരുന്നു. ആ ഇനത്തിലും പത്തുമുപ്പത്തിയാറുകോടി വരുമാനം ഇല്ലാതെയാക്കി. നമ്മുടെ രാജ്യത്തെ മുടിക്കുന്നതിനുവേണ്ടിയുള്ള, രാജ്യത്തെ ജനങ്ങളെ തകർക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചെയ്തു. ഇതെല്ലാം ചെയ്തിട്ടും ഈ ഗവൺമെന്റ് തകരാതെ യാതൊരു പുതിയ നികുതിയും ചുമത്താതെ ഗവൺമെന്റിന്റെ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ ശ്രീ. ശ്രീനിവാസൻ സൂചിപ്പിച്ചതുപോലെ ശ്രീമാൻ കെ. എം. മാണിയുടെ ഭാഷയിൽ, ധനകാര്യവകുപ്പിന്റെ ആ ഭാഷയിൽതന്നെ ഡോസ് കണക്കാക്കിയാൽ 21 മാസക്കാലംകൊണ്ട്, മൂന്നിലൊന്ന് കാലംകൊണ്ട് മൂന്നിൽ രണ്ടുഭാഗം കാര്യങ്ങൾ, 65 ശതമാനം കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ള ഗവൺമെന്റായിരുന്നു നായനാരുടെ ഗവൺമെന്റ് എന്നു രാജിവച്ചതിനുശേഷം പോലും പ്രസംഗിച്ചു. ശ്രീമാൻ കരുണാകരന്റെ പാർട്ടി അത്തരമൊരു ഗവൺമെന്റിനെ ഇല്ലാതാക്കുന്നതിനുവേണ്ടി ആദ്യംമുതൽക്കേ പരിശ്രമിച്ചുപോന്നിരുന്നു. പല സമരങ്ങളും അവർ നടത്തി. മകാനയും കൂട്ടരും പലവട്ടം ഇവിടെ വന്നു. എന്റെ സ്നേഹിതൻ ഹസ്സൻ അവിടെ ഇല്ലേ? ഇന്നലെ മൂക്കിൽക്കൂടെ പാമ്പുവന്ന കഥയൊക്കെ പറഞ്ഞു. ചില പുസ്തകങ്ങളിൽനിന്നും കഥ ഉദ്ധരിച്ച് ഹസ്സൻ അന്നും പ്രസംഗിച്ചു. കോമാളിവേഷം കെട്ടുന്നതിന് മകാനയ്ക്ക് അവാർഡ് കൊടുക്കണമെന്നാണ് അന്ന് ഹസ്സൻ പ്രസംഗിച്ചത്. ഇവരെല്ലാം വന്നു പ്രസംഗിച്ചിട്ടും ഈ രാജ്യത്തെ ജനങ്ങൾ ഈ ഗവൺമെന്റിനെതിരായി ഇളകിയില്ല. ഇന്ദിരാകോൺഗ്രസ് ഇൻഡ്യയിലെ ജനാധിപത്യത്തെ കശാപ്പുചെയ്ത അതേപടി കേരളത്തിലും ചെയ്തു. വിമോചനസമരം സംഘടിപ്പിച്ച് ഏതു താൽപ്പര്യക്കാരെയും പിടിക്കാൻ സാധ്യമല്ലെന്നു കണ്ടു. ക്രമസമാധാനം, സാധാരണ അവർ എടുക്കുന്ന കാര്യമാണ്. ക്രമസമാധാന പ്രശ്നത്തിന്റെ കാര്യമൊക്കെ പത്തുവട്ടം ആവർത്തിച്ചിട്ടുള്ള കാര്യമാണ്. അതിലേക്കു കടക്കുന്നില്ല. ബാക്കി കാര്യങ്ങളൊന്നും പറയാൻ ഇല്ലാതിരുന്നിട്ടും അതു പറഞ്ഞിട്ടും ജനങ്ങളെ ഇളക്കാൻ കഴിഞ്ഞില്ല. അവസാനം പാർട്ടി തകർത്ത് ജനാധിപത്യത്തെ കശാപ്പ് ചെയ്യാനുള്ള വഴി അവർ ആരംഭിച്ചു. ശ്രീമതി ഇന്ദിരാഗാന്ധി അങ്ങനെ കോൺഗ്രസ് എസ്സിനെ പൊളിക്കാനുള്ള പണി എടുത്തു. കോൺഗ്രസ് എസ്സിനെ പൊളിച്ച് ഈ ഗവൺമെന്റിനെ തകർക്കാനുള്ള വഴിയിൽ ശ്രീമാൻ കരുണാകരൻ തൽക്കാലം വിജയം നേടി എന്നതിൽ ശ്രീമാൻ കരുണാകരന് അഭിമാനിക്കാം. ശ്രീമാൻ സിറിയക് ജോൺ, ശ്രീമാൻ മൊയ്തീൻ നിങ്ങൾ അഭിമാനിച്ചിട്ട് കാര്യമില്ല. ഇപ്പോഴും ആ കൊടി ഉയർത്തിപ്പിടിച്ച് നടക്കുന്ന ചാക്കോയേയും ഷൺമുഖദാസിനേയും പരിഹസിച്ച് പ്രസംഗിച്ചാൽ അപ്പുറത്തു വല്ലവരും കയ്യടിക്കുമെന്നു കരുതി ജനാധിപത്യത്തെ ഇങ്ങനെ ഇട്ട് പന്താടാനുള്ളതല്ല എന്റെ സ്നേഹിതൻമാരെ. അങ്ങനെ അവസാനം അവർ നിങ്ങളുടെ പാർട്ടിയെ

LIBRARY ARCHIVES Kerala Legislative Assembly

പിളർത്തി ആ ഗവൺമെൻറിനെ തകർത്തു. ഇതല്ലേ ഇന്ദിരാഗാന്ധി രാജ്യത്തൊട്ടാകെ ചെയ്തുകൊണ്ടിരിക്കുന്നത്? ശ്രീമാൻ ആൻറണി പലവട്ടം ചൂണ്ടിക്കാണിച്ച ട്ടുള്ളതുപോലെ ഇൻഡ്യയിലെ ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി പരീക്ഷണം സ്വേച്ഛാധിപത്യത്തിനെതിരായി ഇൻഡ്യയിൽ അങ്ങോളമിങ്ങോളം എത്തണം. ആദ്യം അദ്ദേഹം ഇടതുമുന്നണി കൺവെൻഷനിൽ വിശദീകരിച്ച കാര്യമിതായിരുന്നു. "നമ്മുടെ പ്രവർത്തകൻമാർ അഹോരാത്രം അവിശ്രമം ഈ പരീക്ഷണത്തിൻെറ പതാക ഇൻഡ്യയിൽ അങ്ങോളമിങ്ങോളം കൊണ്ടുനടക്കണം" എന്നായിരുന്നു പറഞ്ഞത്. പക്ഷേ കൊണ്ടുനടക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന് വിജയിക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തെ പരാജയപ്പെടുത്തി. ആ കൊടി പിടിച്ചു നടക്കുന്നവരെ നിങ്ങൾ എന്തിനു പരിഹസിക്കണം. അവസാനം ഇന്ദിരാഗാന്ധി എത്തി അവരെ പൊളിക്കാൻ ശ്രമിച്ചത് എന്തിനാണ് എന്ന് അവർക്കറിയാം. ഈ സ്വേച്ഛാധിപത്യത്തിൻെറ കീഴിൽ നരകിച്ചുകൊണ്ടിരിക്കുന്ന ജനജീവിതത്തെ സമുദ്ധരിക്കാനും ജനാധിപത്യത്തെ വളർത്താനും ഈ രാജ്യത്ത് വളർന്നുവരുന്ന മഹാപ്രസ്ഥാനമാണ് ഇടതുപക്ഷ മുന്നണി. ആ പ്രസ്ഥാനത്തെ തകർക്കുക എന്നുള്ളതാണ് ഇന്ദിരാഗാന്ധിയുടെ ജോലി. അതുകൊണ്ടാണ് ബംഗാളിൽ തെരഞ്ഞെടുപ്പു നടത്തുകയില്ലെന്നു പറയുന്നത്. തിരഞ്ഞെടുപ്പു നടത്തു എന്നു പറഞ്ഞാൽ നടത്തുകയില്ല. തെരഞ്ഞെടുപ്പ് നടത്തേണ്ട സമയത്തു നടത്തുകയില്ല. ആസാമിൽ, ഭൂരിപക്ഷം മെമ്പർമാർ പരേഡു നടത്താമെന്നു പറഞ്ഞാലും ന്യൂനപക്ഷത്തെ അധികാരത്തിലെത്തിക്കുക. കേരളത്തിൽ ശ്രീ. ചന്ദ്രശേഖരൻ അവസാനമായി പറഞ്ഞല്ലോ, 'ഞാനും പ്രസിഡണ്ടു ഗോപാലനുംകൂടി ഗവർണ്ണറോടു ചെന്നു പറഞ്ഞു ഞങ്ങളുടെ പിന്തുണ ഉണ്ടായിരിക്കുകയില്ല' എന്ന്. എന്നിട്ടാണ് മന്ത്രിസഭ രൂപീകരിച്ചത്. മന്ത്രിസഭ രൂപീകരിച്ച സമയത്ത് 67 പേരുടെ പിന്തുണയാണ് ഉണ്ടായിരുന്നത്. രൂപീകരിക്കുന്ന സമയത്ത് ന്യൂനപക്ഷമായിരുന്നു എന്നുള്ള കാര്യത്തിൽ സംശയമുണ്ടോ? എത്രയോ കാലമായിട്ട്, ഞാൻ പഠിക്കുന്നകാലം തൊട്ടേ കമലേട്ടത്തിയുടെ പേര് കേൾക്കാൻ തുടങ്ങിയതാണ്. എത്രയോ കാലത്തെ കോൺഗ്രസിൻെറ പാരമ്പര്യമുണ്ടായിരുന്ന കമലേടത്തിയെപ്പോലെയുള്ള ആളുകൾ സ്വന്തം പാർട്ടിയുടെ തീരുമാനത്തെ ലംഘിച്ച് ഈ സ്വേച്ഛാധിപത്യത്തിൻെറ കാൽക്കൽ പാദസേവചെയ്യുന്ന തരത്തിലാക്കിത്തീർത്തില്ലേ നിങ്ങൾ? അങ്ങനെ കോൺഗ്രസിനെ പൊളിച്ചതുപോലെ ജനതയെ പൊളിച്ചു. ജനതാപ്പാർട്ടിയിൽ വിശ്വസിച്ചിരുന്ന ആളുകളുടെ പാരമ്പര്യത്തേയും തകർത്തു, സോഷ്യലിസ്ററു പാർട്ടി, അതിനേയും തകർക്കുന്നതിനുവേണ്ടി ശ്രമിച്ച് ജനാധിപത്യം തകർത്തു. എന്താണ് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സ്ഥിതി? പത്രങ്ങളിൽ വന്നല്ലോ, പോസ്ററൽ സാധനങ്ങളുടെ നിരക്ക് വർദ്ധനവ്, ജീവിതച്ചെലവ് വർദ്ധിപ്പിച്ചു. അതു നമ്മുടെ ആകെ ജീവിതത്തെ ബാധിക്കാൻ പോകുന്നു. പദ്ധതിവിഹിതം കാലണ കൂട്ടികിട്ടിയിട്ടില്ല. ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്, പാർലമെൻറിൽ കേരളത്തിലെ എം. പി. മാർ നടത്തിയിട്ടുള്ള പ്രസംഗം. 19 സ്റേററുകൾക്ക് പദ്ധതിവിഹിതം വർദ്ധിപ്പിച്ചുകൊടുത്തു. ഒററക്കാശുപോലും വർദ്ധിപ്പിച്ചുകൊടുക്കാൻ കേരളത്തിൻെറ കാര്യത്തിൽ കേന്ദ്രം തയ്യാറായിട്ടില്ല.

റബ്ബറും വെളിച്ചെണ്ണയും ഇറക്കുമതിചെയ്ത് നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിച്ച് നമ്മുടെ രാജ്യത്തെ തകർക്കുമെന്ന് ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതാണ് അവരുടെ നയം. അങ്ങനെ കേരളത്തിലെ സാമ്പത്തികജീവിതത്തെ തകർത്ത് കേരളത്തിലെയും ഇൻഡ്യയിലെയും ജനാധിപത്യത്തെ തകർത്ത് ആ പാർട്ടികളെ തകർത്ത് ഇപ്പോൾ അതിൻെറ നേതാവായ ശ്രീമാൻ കരുണാകരൻെറ നേതൃത്വത്തിൽ ഗവൺമെൻറുണ്ടാക്കിയ കാര്യത്തിൽ അവർ വിജയിച്ചിട്ടുണ്ടെങ്കിലും തകർന്നത് നിങ്ങൾതന്നെയാണ്—രാജ്യത്തെ ജനാധിപത്യപ്രസ്ഥാനമാണ്, ആ പ്രസ്ഥാനത്തെ തകർത്തു തകർത്ത്, ഏകാധി

LIBRARY ARCHIVES Kerala Legislative Assembly

പത്യത്തിന്റെ കൊടി പാറിക്കാൻ ശ്രമിക്കുന്ന ഇന്ദിരാഗാന്ധിയാണ്, എന്നുള്ള കാര്യം കാണാതെ ഇവിടെ വന്നു വാദപ്രതിവാദം നടത്തി രക്ഷപ്പെടാമെന്ന് വിചാരിക്കുന്നത് ശരിയാണോ എന്ന് ആലോചിച്ചു നോക്കേണ്ടതാണ്. ഇതിനു പറയുന്ന ഒരു കാരണം ക്രമസമാധാനമാണ്. 'തിരുടർകൾ ജാഗ്രതൈ' എന്നു തമിഴ് സിനിമയിൽ ഒരു സംസാരമുണ്ട്. എന്താണ് ക്രമസമാധാനത്തിന്റെ സ്ഥിതി? ശ്രീ. എം. വി. രാഘവനും മററും ഇവിടെ പറഞ്ഞു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഒററക്കാര്യം മാത്രമേ എനിക്കു പറയാനുള്ളു. ജനുവരി 19-ാം തീയതിയിലെ പണിമുടക്കിനെ ഈ ഗവൺമെൻറ് എങ്ങനെ നേരിട്ടു? എന്റെ സ്നേഹിതൻ ഉമ്മൻ ചാണ്ടിയും ഞാനും ഒരുമിച്ച് ഗവൺമെൻറിൽ ഉണ്ടായിരുന്ന കാലത്ത് സെപ്ററംബർ 3-ാം തീയതി ഇതേ ആവശ്യത്തിനുവേണ്ടി നടന്ന പണിമുടക്കിനെ അന്നത്തെ ഗവൺമെൻറ് എങ്ങനെ നേരിട്ടു? രണ്ടിന്റെയും വ്യത്യാസം പോലീസ് നയത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ക്രമസമാധാനം തകർന്നുവെന്നു കരുണാകരൻ പറഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളു.

ശ്രീ. സിറിയക് ജോൺ: പശ്ചിമബംഗാളിൽ എങ്ങനെയാണ് നടന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അവിടെ ആണുങ്ങൾ ഉണ്ട്. അവർ നോക്കിക്കൊള്ളും.

സെപ്ററംബർ 3-ാം തീയതി പിക്കററുചെയ്ത ഒരൊററയാളെ മർദ്ദിച്ച ഒരൊററ കേസില്ല. തലേദിവസം അറസ്ററുചെയ്ത ഒരൊററക്കേസില്ല. മറിച്ച് ജനുവരിയിലെ പണിമുടക്കിൽ ഒൻപതിനായിരത്തിൽപ്പരം പേരെ അറസ്ററുചെയ്തു. പൊതുപ്രവർത്തകരെ അറസ്ററുചെയ്തിട്ട് സാമൂഹ്യദ്രോഹികളെന്നാണ് ശ്രീ. ഉമ്മൻ ചാണ്ടിയും മററും പറയുന്നത്. എനിക്ക് ഖേദമുണ്ട്, രാമണ്ണ റേ എം.പി. യെപ്പോലുള്ള ആളുകളും മററും സാമൂഹ്യദ്രോഹികളാണെന്നു പറഞ്ഞാൽ. സി. ജി. സദാശിവനെയും മററും 'കോഴി കട്ടതിനാ'ണ് സർ സി. പി. യുടെ കാലത്ത് അറസ്ററു ചെയ്തത്! എത്രയോ പൊതുപ്രവർത്തകർ. അവർ മുഴുവൻ സാമൂഹ്യദ്രോഹികളാണോ? കളമശ്ശേരിയിൽ ഞാനുണ്ടായിരുന്നു. പിക്കററുചെയ്തവരെ മാത്രമല്ല വെറുതേ മുദ്രാവാക്യം വിളിച്ച ആളുകളെ ആ റോഡിലിട്ട് ഇഞ്ചിഞ്ചായി തല്ലിച്ചതച്ചു. പ്രകടനം നടത്താൻ ചെന്ന ആയിരക്കണക്കിനാളുകളെ മുന്നൂറും നാനൂറും വീതം വളഞ്ഞ് അടിച്ച് ആശുപത്രിയിലാക്കി. എത്രയോ സ്ഥലത്ത് ഇതു നടന്നു. സമയക്കുറവുകൊണ്ട് ഞാൻ വിസ്തരിക്കുന്നില്ല. ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദനം നടത്തിയ കഥയോ? പഴയ സർ സി. പി. യുടെയും അതുപോലെയുള്ള പഴയ കാലത്തിന്റെയും സംസ്കാരമുണ്ടല്ലോ, ആ സംസ്കാരത്തെ എത്രയോ കാലമായി ജനാധിപത്യസംസ്കാരം പിൻതള്ളിയിരുന്നതാണ്. ആ സംസ്കാരം പോലീസ് ലോക്കപ്പിനകത്ത് ഇതാണെന്നു വന്നിരിക്കുകയാണ് ശ്രീ. ഉമ്മൻ ചാണ്ടി, അല്ലെങ്കിൽ കരുണാകരനുവേണ്ടി ശ്രീ. ഉമ്മൻ ചാണ്ടി നടത്തുന്ന, ഭരണത്തിൻകീഴിൽ. തങ്കപ്പൻ, രാജു, വേറൊരാൾ—ഇങ്ങനെ മൂന്നു സ്നേഹിതൻമാർ വെള്ളം ചോദിച്ചു. കൊടുത്ത വെള്ളത്തിന് ഉപ്പിന്റെ ഒരു സ്വാദ്. നോക്കുമ്പോൾ ശർർ എന്ന് മൂത്രം ഈ ആളിന്റെ വായിലേക്ക് വീഴുകയാണ്. എങ്ങനെ? ദൈവം സൃഷ്ടിച്ച പാത്രത്തിൽ നിന്നുതന്നെ പോലീസുകാരൻ മൂത്രം വീഴ്ത്തിക്കൊടുക്കുകയാണ്. ഈ ആളിന്റെ വായിലേക്ക്! നമ്മളെല്ലാം തലകുനിക്കേണ്ടതാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: പോലീസുമന്ത്രിയായിരുന്ന കാലത്ത് ആളുകളെ അടിച്ച് മർദ്ദിച്ച് സ്വജനപക്ഷപാതം കാണിച്ചിട്ട് ഇപ്പോൾ നാണമില്ലേ പോലീസിനെക്കുറിച്ചു പറയാൻ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ശങ്കരനാരായണാ, ശങ്കരനാരായണന് ഇതൊന്നും മനസ്സിലാവില്ല. "അമ്മമാരില്ലേ സഹോദരൻമാരില്ലേയിവർക്കി ശ്വരചിന്തയില്ലേ " എന്നു കവി ചോദിച്ചത് ഇതിനെപ്പററിയൊക്കെയാണ്. ശ്രീ. സീതിഹാജി ഇന്നലെ പ്രസംഗിച്ചത് പത്തുവട്ടം ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ആ പ്രസംഗസമയത്തൊന്നും ഇതുപോലെ ഒരൊററ ഉദാഹരണം എടുത്തുകാണിക്കാൻ പററിയിട്ടില്ലല്ലോ, ലോക്കപ്പിൽനിന്ന് സെപ്ററംബർ 3 ലെ പണിമുടക്കിനെ നേരിട്ട രീതിയിലായിരുന്നോ ജനുവരി 19 ലെ പണി മുടക്കിനെ നേരിട്ടത്? നിർദ്ദേശം കൊടുത്തിരുന്നത്, ഞാൻ മനസ്സിലാക്കിയത്, പത്തുപേർ കൂടിയാൽ അടിക്കുക, തകർക്കുക എന്നായിരുന്നു. ഇന്നലെയിവിടെ ഒരു മെമ്പർ പറഞ്ഞു, ടി. കെ. രാമകൃഷ്ണന്റെ കീഴിൽ പോലീസ് ബൊമ്മയായിരുന്നു, ഇപ്പോഴാ വീര്യം വന്നു എന്ന്. പോലീസിന്റെ കുടിശ്ശികവീര്യം കൂട്ടാൻ ഇപ്പോഴം വീണ്ടും വന്നിരിക്കുന്നു. ഉമ്മൻചാണ്ടിയുടെ നിയോജകമണ്ഡലത്തിൽ അദ്ദേഹം ചെന്ന സമയത്തിനുശേഷം ഞാൻ പോയതാണ്. അദ്ദേഹം ഇരിക്കുന്ന ഭാഗത്തിനുസമീപത്തായി, ഏതാണ്ട് 300-ൽപ്പരം പ്രവർത്തകരെ, അദ്ദേഹം വരുന്നതിന് ഒന്നരമണിക്കൂർ മുമ്പ് പോലീസ് വളഞ്ഞുവച്ചു. അദ്ദേഹം വന്നിറങ്ങിയ ഉടനെതന്നെ അടി തുടങ്ങി. അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പിന്റെ കമ്മിററിയുടെ സെക്രട്ടറിയായ, രണ്ടുവട്ടം ഈ നിയമസഭയിൽ എം. എൽ. എ. ആയിരുന്ന, ഇ. എം. ജോർജ് അടക്കമുള്ള ആളുകളെ അടിച്ചു. പൂരാ അടിച്ചു. 30 പേർ ആശുപത്രിയിലായി. ഞാൻ ആശുപത്രിയിൽ പോയി ആളുകളെ കണ്ടതാണ്. അടികൊണ്ടതെന്ന് ഒരൊററ യക്ഷരം എന്റെ സ്നേഹിതൻ മിണ്ടിയോ? ശ്രീ. ജോസഫിന്റെ മണ്ഡലത്തിൽ ഒരു സ്കൂളിൽ ഉദ്ഘാടനത്തിനു ചെന്നു. കരിങ്കൊടിപ്രകടനമുണ്ടായി. ഞാൻ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് എത്രയോ കരിങ്കൊടി എനിക്കെതിരായി കാണിച്ചില്ലേ ? ആ കരിങ്കൊടി കാണിച്ച ആരെയെങ്കിലും അറസ്ററു ചെയ്തിട്ടുണ്ടോ ? കരിങ്കൊടി കാണിച്ചെങ്കിൽ അത് അവരുടെ ജനാധിപത്യ മര്യാദ എന്നുള്ളനിലയിൽ അതങ്ങുപോയി. അതേസമയം ഇവിടെ കരിങ്കൊടി കാണിച്ച ആളുകളെ അവിടെവച്ചുതന്നെ ഭയങ്കരമായി അടിച്ചു. ഇന്ന് ഒരു പാവപ്പെട്ട തൊഴിലാളി മെഡിക്കൽ കോളേജാശുപത്രിയിൽ കിടക്കുകയാണ്. എല്ലു തെറിച്ചുപോയി. ഒരുമണിക്കൂർ നോക്കിയിട്ടാണ് ആ എല്ല് തിരികെ കിട്ടിയത്. കാൽ മുറിച്ചുകളയേണ്ടിവരുമെന്നാണ് പറഞ്ഞിരിക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ ഞാൻ പോയി കണ്ടതാണ്. ശ്രീ. സുന്ദരേശൻനായർ ക്ഷണിക്കാതെ ഒരു സ്ഥലത്തുചെന്നു—വടകരയിൽ. അവിടെ ചേമ്പറിന്റെ ആളുകൾ............

ആരോഗ്യവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
(ശ്രീ. ആർ. സുന്ദരേശൻനായർ) :

ചന്ദ്രശേഖരന് അറിയാം ക്ഷണിച്ചോ എന്ന്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആയിക്കൊള്ളട്ടെ. ഏതായാലും അതിന്റെ അധികാരികൾ ക്ഷണിച്ചില്ല. ചെന്നു. ആളുകൾ കരിങ്കൊടി കാണിച്ചു. സകല ആളുകളെയും അടിച്ചു. കരിങ്കൊടി കാണിച്ച ആളുകളെ അടിച്ച ഏർപ്പാട് ഈ മന്ത്രിസഭയുടെ കാലത്തല്ലാതെ ഏതെങ്കിലും മന്ത്രിസഭയുടെ കാലത്തുണ്ടായിട്ടുണ്ടോ ? കരിങ്കൊടി കാണിക്കാൻ അവകാശം ഈ രാജ്യത്തില്ലേ? ഞങ്ങളൊക്കെ കരിങ്കൊടിയെ നേരിട്ടവരാണ് ? ഇന്ദിരാഗാന്ധി ജനാധിപത്യത്തെ കശാപ്പുചെയ്തിരിക്കുന്നു എന്നുള്ളതിന്റെ പേരിൽ അതിനെതിരായി ജനാധിപത്യ കൂട്ടുകെട്ടുണ്ടാക്കിയവരാണ് ശ്രീ. സിറിയക് ജോണും മററും. ആ സീററിലിരുന്നാണ് ശ്രീമാൻ ഉമ്മൻചാണ്ടി കരുണാകരനെ നോക്കി പ്രസംഗിച്ചത്.. അവരുടെ സ്വന്തം പാർട്ടിക്കകത്തു ജനാധിപത്യമേയുള്ളു!

ഡി. സി. സി. പ്രസിഡണ്ടുമാരെ നോമിനേററു ചെയ്തു. മന്ത്രിമാരെ നോമിനേററുചെയ്തു. അങ്ങനെ ജനാധിപത്യധ്വംസനം പാർട്ടിക്കകത്തു നടത്തി. ഇന്ദിരാഗാന്ധിയുടെ ജനാധിപത്യധ്വംസനം പതിൻമടങ്ങല്ല നൂറുമടങ്ങു വർദ്ധിച്ചിട്ടുള്ള കാലഘട്ടത്തിൽ ആണ് അപ്പുറത്തുപോയി മുന്നണിയെ തകർത്തത്. ഇന്ദിരാഗാന്ധിയുടെ സ്വേച്ഛാധിപത്യത്തിന്റെ കീഴിൽ ഇൻഡ്യയിലെ ജനാധിപത്യത്തെ തകർത്തതിന്റെ ഭാഗമായി കേരളത്തിലെ ജനാധിപത്യത്തെയും തകർത്തതിന്റെ ജാരസന്തതിയാണ് ഇപ്പോഴുണ്ടായിട്ടുള്ള ഗവൺമെന്റ്. അതുകൊണ്ടാണ് അതിനെ താഴെയിറക്കാൻവേണ്ടിയുള്ള അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നത്.

ശ്രീ. പി. സി. ചാക്കോ: സർ, ഞാൻ അവിശ്വാസപ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു. ഈ ഗവൺമെന്റിനു ഭരിക്കാൻ, ഭരണത്തിൽ തുടരാൻ, ഭരണഘടനാപരമായി, നിയമപരമായി, രാഷ്ട്രീയമായി, ധാർമ്മികമായി, അവകാശമില്ലെന്ന് അസന്ദിഗ്ദ്ധമായി തെളിയിച്ച ചർച്ചയാണ് ഇന്നലെയും ഇന്നുമായി ഈ നിയമസഭാവേദിയിൽ നടന്നത്. ആ ചർച്ചകളിൽ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. വ്യാജമാർക്ക് ലിസ്ററുമായി മെഡിക്കൽകോളേജിൽ കടന്നുകയറിയ വിരുതൻമാരെപ്പോലെ, കാലുമാറിയ കുറെ എം.എൽ.എ. മാരുടെ കള്ളക്കണക്കുകൾ കേരള ഗവർണറെ ധരിപ്പിച്ചു, കബളിപ്പിച്ച് പിൻവാതിലിലൂടെ അധികാരത്തിൽ വന്ന ഒരു ഗവൺമെന്റാണ് സർ, അധികാരത്തിലിരിക്കുന്നത്. അതുകൊണ്ട് ആ മന്ത്രിമാരുടെ മുഖത്ത് ആ കുററബോധം നിഴലിക്കുന്നുണ്ട്. ആർക്കും പ്രസാദമില്ല. പൊതുവേ സുസ്മേരവദനനായി ഉൻമേഷവാനായി കാണപ്പെടാറുള്ള എന്റെ പഴയ സ്നേഹിതൻ ശ്രീമാൻ ഉമ്മൻചാണ്ടിക്ക് ഒന്നുചിരിക്കാൻപോലും കഴിയുന്നില്ല സർ. മുഖത്ത് കൃത്രിമമായി വരുത്തിയ പുഞ്ചിരിയുമായി കരുണാകരൻ ഇരിക്കുന്നുണ്ട്. ഡൽഹിയിലിരിക്കുന്നത് ഇന്ദിരാഗാന്ധിയായതുകൊണ്ട് ഞാൻ എന്തു തോന്ന്യാസവും കാണിക്കും, നിങ്ങൾ ചോദിക്കാനാരാണ്, എന്നുള്ള ഭാവത്തിലാണ് സർ, ശ്രീ. കരുണാകരൻ ചിരിക്കുന്നത്. അതാണ് സർ, ഈ ഗവൺമെന്റിന്റെ നിലനില്പിനടിസ്ഥാനം. സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരാനിടയായ സാഹചര്യങ്ങളെക്കുറിച്ച് എന്റെ പഴയ സ്നേഹിതൻമാരിവിടെ വിശദീകരിക്കുന്നതുകേട്ടു. സർ, ഈ ഗവൺമെന്റധികാരത്തിൽവരാൻ സാഹചര്യമുണ്ടായത് എന്റെ മുൻകാല സ്നേഹിതൻമാരുടെ കൂട്ടക്കാലുമാററംകൊണ്ടാണെന്നോർക്കുമ്പോൾ അവരുടെ പഴയകാല സുഹൃത്ത് എന്നനിലയ്ക്ക് അപമാനഭാരംകൊണ്ടു ലജ്ജിച്ചു ഞാൻ തലതാഴ്ത്തുകയാണ്. ഞങ്ങളുടെ രാഷ്ട്രീയ പാർട്ടിക്ക് ഇന്നൊരു രോഗം പിടിച്ചിട്ടുണ്ട്. ഇന്നലെ ഹസൻപറഞ്ഞ രോഗമല്ല. കേരളത്തിലെ തെങ്ങുകൾക്ക് വരാറുള്ള രോഗം—മണ്ടചീയൽ നേതാക്കൻമാർക്കുമാത്രം ബാധിക്കുന്ന രോഗമാണ് സർ. തെങ്ങിന്റെ തായ്ത്തടിയിലും വേരിലും ഒന്നിലുമല്ല ഓലയിൽമാത്രം ബാധിക്കുന്ന മണ്ടചീയൽ—അത് ഈ തെങ്ങിനെ അല്പം ബാധിച്ചിരിക്കുകയാണ് സർ. അതുകൊണ്ടൊന്നും ഈ വൃക്ഷം നശിച്ചുപോകുമെന്ന തെററിദ്ധാരണ അവർക്ക് വേണ്ട.

സർ, ഇവിടെ രാഷ്ട്രീയകൃഷി മാത്രം പരിശീലിച്ചിട്ടുള്ള ഒരു മുൻകാല കർഷകനേതാവ് ഇവിടെ സംസാരിച്ചപ്പോൾ ആരാണ് ഈ മുന്നണിയെ തകർത്തതെന്ന് ചോദിച്ചു. ഈ മുന്നണിയെ തകർത്തത് മാർക്സിസ്ററ് പാർട്ടിയും സി. ഐ. ടി. യുവും ആണെന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഹസൻ അടക്കം ഉള്ളവർ ഇന്നലെ വിളിച്ചുകൂവുന്നത് കേട്ടു. "ശ്രീ. ഉമ്മൻചാണ്ടി ഭരണകക്ഷിയുടെ നേതാവും കരുണാകരൻ പ്രതിപക്ഷനേതാവുമായി" 21 മാസക്കാലം ഇവിടം ഭരിച്ചു രണ്ടാഴ്ചയിലൊരിക്കൽ ഞങ്ങൾകൂടി ഉൾപ്പെട്ട ഗവൺമെന്റിനെ വിമർശിക്കാൻ അവർ

LIBRARY ARCHIVES Kerala Legislative Assembly

തയാറായിയെങ്കിലും ആഭ്യന്തരജനാധിപത്യം പൂർണ്ണമായി കാത്തുസൂക്ഷിച്ചു കൊണ്ട് ഞങ്ങൾ 21 മാസക്കാലം ഭരിച്ചു. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ അക്രമം ഇവിടെ നിലനിന്നു എന്നുപറയുന്ന കാലഘട്ടത്തിൽ ഈ സംസ്ഥാനത്ത് ഉണ്ടായിരുന്ന സംഭവവികാസം എന്റെ പഴയകാല സ്നേഹിതൻമാർ പൂർണ്ണമായും വിസ്മരിക്കരുത്. ശ്രീ. സിറിയക് ജോൺ ചോദിച്ചതുകൊണ്ടുമാത്രം ഞാൻ പറയുകയാണ്, ആരാണ് ഈ മുന്നണി തകർത്തത് ? എന്താണ് ഈ മുന്നണിയെതകർത്തത് എന്നല്ലേ ? ഞാൻ മന്ത്രിയായിരുന്നകാലത്ത് എന്റെ സഹമന്ത്രിയായിരുന്ന എന്റെ തൊട്ടടുത്തി രുന്ന ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി നിയമസഭയിൽ ഒരു അഴിമതി ആരോപണം ഉണ്ടായി.

(പ്രതിപക്ഷത്തുള്ളവർ ഷെയിം ഷെയിം എന്നു വിളിച്ചു.)

സർ, ഈ അഴിമതി ആരോപണങ്ങൾ ശ്രീ. എം. പി. ഗംഗാധരന്റെ പോക്ക ററിൽ ഉണ്ടാകുമെന്ന് എനിക്കറിയാം. ആ ആരോപണങ്ങൾ കണ്ടപ്പോൾ പടക്കളത്തിൽവച്ച് ആയുധം നഷ്ടപ്പെട്ട ധീരപടയാളിയെപ്പോലെ ശ്രീ. ആര്യാടൻമുഹമ്മദ് വിറച്ചു. അദ്ദേഹം നിരുദ്ധകണ്ഠനായി സ്വന്തം അനു യായിയായ ശ്രീ. തച്ചടിയെ പ്രതിപക്ഷ ബഞ്ചുകളിലേക്ക് അയച്ചു. നിയമ സഭാസ്പീക്കർക്കും മററും എഴുതികൊടുത്ത ആരോപണങ്ങൾ ഈ നിയമ സഭയുടെ റെക്കാർഡുകളിൽ കാണും.

ശ്രീ. എം. പി. ഗംഗാധരൻ : പോയിൻറ് ഓഫ് ഓർഡർ. ബഹുമാന നായ ശ്രീ. ചാക്കോ ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി ഞാൻ അഴിമതി ആരോപണം ഉന്നയിച്ചെന്നുപറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ ഞാൻ അങ്ങനെയൊരു ആരോപണം കൊണ്ടുവന്നത് ശ്രീ. ആര്യാടൻ മുഹമ്മദിനെ തിരായി അല്ല, ശ്രീ. പി. സി. ചാക്കോയ്ക്കെതിരായി ആണ്.

ശ്രീ. പി. സി. ചാക്കോ : ശ്രീ. എം. പി. ഗംഗാധരന് ആര്യാടനോടുള്ള സ്നേഹം ഞങ്ങൾക്കെല്ലാമറിയാം. ശ്രീ. എം. പി. ഗംഗാധരൻ എഴുതി തയാറാക്കി ശ്രീ. ശ്രീനിവാസൻ വായിച്ചെന്നുള്ളതേ ഉള്ളൂ. ശ്രീ. ആര്യാടനെതിരായി കൊണ്ടുവന്ന അഴിമതി ആരോപണങ്ങൾ ഒതുക്കിതീർക്കാൻവേണ്ടി അദ്ദേഹ ത്തിന്റെ ഏതാനും അനുയായികളെ പ്രതിപക്ഷബഞ്ചുകളിൽ അയച്ചത് അന്ന് ഇവിടെ കൂടിയിരുന്ന നിയമസഭാംഗങ്ങളും പത്രപ്രതിനിധികളു മെല്ലാം കണ്ടതാണ്. ബഹുമാനപ്പെട്ട ശ്രീനിവാസൻ എന്നെ കണ്ടിട്ട് കാര്യ മില്ല, കരുണാകരനെ കാണണമെന്നുപറഞ്ഞു. ശ്രീ. കരുണാകരനെകണ്ട് അന്ന് ഉറപ്പിച്ചകച്ചവടമാണ് ശ്രീ. സിറിയക് ജോൺ. അതല്ലാതെ മാർക്സി സ്ററ് പാർട്ടിയുടെ അക്രമം കൊണ്ടല്ല.

(സഭയിൽ പ്രതിപക്ഷത്തുനിന്നും ഷെയിം വിളികൾ ഉയർന്നു)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിൻറ് ഓഫ് ഓർഡർ. ഞാൻ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഒരു ആരോപണം ശ്രീ. ശ്രീനിവാസൻ ഈ സഭയിൽ ഉന്നയിച്ചിട്ടില്ല. അങ്ങനെ ഉന്നയിക്കാത്ത ആരോപണത്തെപ്പററി എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. പി. സി. ചാക്കോ ഇവിടെ ഉന്ന യിക്കുന്നത് ഓർഡറിലാണോ ?

(ബഹളം)

സർ, എന്റെ പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യാനുള്ള അധികാരം തടസ്സപ്പെടുത്തരുത്. ഈ സഭയിൽ ശ്രീ. തച്ചടി പ്രഭാകര നോട് ഞാൻ പറയുകയോ ഏതെങ്കിലും ആളുകളോട് ശ്രീ. തച്ചടി പ്രഭാ കരൻ എനിക്കുവേണ്ടി സംസാരിക്കുകയോ ചെയ്യാത്ത ഒരു കാര്യത്തെ സംബ ന്ധിച്ചിടത്തോളം ഈ സഭയിൽ ശ്രീ. ചാക്കോ പറയുന്നത് ഓർഡറിലാണോ യെന്നുള്ളതിനെപ്പററി എനിക്ക് റൂളിംഗ് വേണം.

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : സർ അതിനെക്കുറിച്ച് ഒരു കാര്യം എനിക്ക് റൂളിംഗ് കൊടുക്കുന്നതിനുമുമ്പായി പറയാനുണ്ട്.

മി. ചെയർമാൻ : അദ്ദേഹം പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്തിരിക്കുകയാണ്. അതിനെപ്പററി പറഞ്ഞതിനുശേഷം പിന്നീട് പറയാം.

ശ്രീ. എ. സി. ഷൺമുഖദാസ് : ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചു. അതിൻെറ റൂളിംഗ് കൊടുക്കുന്നതിനുമുമ്പായി ഒരു പ്രധാനപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ശ്രീ. ശ്രീനിവാസൻ ആര്യാടനെതിരായി ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട സ്പീക്കർക്കും മന്ത്രിക്കും എഴുതികൊടുത്തതാണ്. സഭാ റെക്കാർഡുകളിൽ അത് കാണും. ബഹുമാനപ്പെട്ട മെമ്പർ ശ്രീനിവാസൻ അവസാനം സംസാരിച്ചപ്പോൾ ഇവിടെ ആരോപണം ഉന്നയിക്കുന്നതിനുവേണ്ടി എഴുതിതന്നിട്ട് അവസാനം അദ്ദേഹം അത് മാററിവച്ചു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതെല്ലാം റെക്കാർഡുകളിൽ ഉണ്ട്.

(സഭയിൽ പ്രതിപക്ഷത്തുനിന്നും ഷെയിം വിളികൾ ഉയർന്നു)

മി. ചെയർമാൻ : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിനെതിരായി നിയമസഭാ വേദിയിൽ ഒരു ആരോപണം ഉന്നയിക്കപ്പെട്ടിട്ടില്ല എന്നാണ്. ഇവിടെ ശ്രീ. ചാക്കോ പറഞ്ഞത് ഇവിടെ പുറത്തു ലോബിയിൽ സംസാരിച്ചെന്നുള്ളതാണ്.

(ബഹളം)

ശ്രീ. പി. സി. ചാക്കോ പറഞ്ഞത് അദ്ദേഹത്തിനെതിരായിവന്ന ആരോപണം ലോബിയിൽവച്ച് സംസാരിച്ചതിനുശേഷം ഉന്നയിക്കപ്പെട്ടില്ലെന്നുള്ളതാണ്. നിയമസഭാവേദിയിൽ ഒരു ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ടെന്ന് ശ്രീ. ചാക്കോ പറഞ്ഞിട്ടില്ല.

ശ്രീ. പി. കെ. വാസുദേവൻനായർ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവ ടെ ശ്രീ. പി. സി. ചാക്കോ പറഞ്ഞകാര്യങ്ങൾ റെക്കാർഡ്സിൽ കാണും. ഇവിടെ ഉന്നയിച്ചപ്രശ്നം ശ്രീ. ഷൺമുഖദാസ് ഇവിടെ പറഞ്ഞതുപോലെ അന്ന് ഉണ്ടായിരുന്ന സ്പീക്കർക്കും മന്ത്രിക്കും റൂൾ അനുസരിച്ച് എഴുതികൊടുത്തിരുന്നു. പിന്നീട് ബഹുമാനപ്പെട്ട മെമ്പർ അത് അസംബ്ലിയിൽ ഉന്നയിച്ചോ ഇല്ലയോ എന്നുള്ളത് വേറെ പ്രശ്നമാണ്. അങ്ങനെയൊന്നും ഉണ്ടായിട്ടില്ലെന്ന് ഇവിടെ തർക്കിക്കുകയാണെങ്കിൽ അതിന് രേഖകൾ ഉണ്ട്. അത് പരിശോധിക്കാതെ അങ്ങ് മറെറാരു റൂളിംഗ് കൊടുക്കരുതെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ് : ഈ സഭയിൽ ചെയറിന് പല നോട്ടീസുകളും കൊടുക്കും. ആ നോട്ടീസുകൾ ഈ സഭയിൽ..........

(ബഹളം)

മി. ചെയർമാൻ : ശ്രീ. പി.കെ.വി. ഇവിടെ ഒരു ക്രമപ്രശ്നം ഉന്നയിച്ചിട്ടുണ്ട്. അതിനേക്കുറിച്ച് ചീഫ് വിപ്പിന് എന്തോ പറയണമെന്ന് പറഞ്ഞു. അദ്ദേഹത്തിൻെറ അഭിപ്രായം കേൾക്കട്ടെ.

ശ്രീ ഇ. അഹമ്മദ് : സഭയിൽ ഉന്നയിക്കാത്ത ഒരു പ്രശ്നവും പ്രൊസീഡിംഗ്സിൽ വരികയില്ല. സഭയിൽ ഉന്നയിക്കാൻ നോട്ടീസ് കൊടുത്തതു

LIBRARY ARCHIVES Kerala Legislative Assembly

തുകൊണ്ടുമാത്രം അത് സഭയിൽ വന്ന കാര്യമാണെന്നു പറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അത് സഭയിൽ വന്നിട്ടില്ല. ഇവിടെ സംസാരിച്ചിട്ടുള്ളത് മാത്രമേ വെർബാറ്റിംഗ് പ്രൊസീഡിംഗ്സിൽ കാണുകയുള്ളു. നോട്ടീസ് ബോർഡിൽ പല നോട്ടീസുകളും വരും. അത് സ്പീക്കർ അംഗീകരിച്ച് സഭയിൽ ഉന്നയിച്ചെങ്കിൽ മാത്രമേ റെക്കാർഡ് ആകുകയുള്ളു. അതുകൊണ്ട് ശ്രീ. ചാക്കോ പറയുന്നത് റെക്കോർഡ്സിൽ ഉള്ളതല്ല; സഭയുടെ മുമ്പിൽ ഉള്ളതല്ല. അത് പരിഗണിക്കാൻ പാടില്ല.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ഇവിടെ ഒരു വിവാദപ്രശ്നമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ശ്രീ. പി.സി. ചാക്കോ ഇവിടെ പറഞ്ഞത് നിയമസഭയിൽ ശ്രീ. ആര്യാടനെതിരായി ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി എന്നുള്ളതാണ്. നിയമസഭയിൽ അങ്ങനെയൊരു ആരോപണമുന്നയിച്ചിട്ടില്ലെന്നുള്ളത് ശ്രീ. പി.കെ.വി. തന്നെ സമ്മതിക്കുകയാണ്. അങ്ങനെയൊരു ആരോപണം ഉന്നയിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഈ ചർച്ച അനുവദനീയമാണോയെന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ സഭയിൽ ഞാൻ മന്ത്രിയായിരുന്നകാലത്ത് എന്നെ സംബന്ധിച്ച് ശ്രീ. കെ.കെ. ശ്രീനിവാസൻ ഒരാരോപണം ഉന്നയിച്ചിരുന്നില്ല. ശ്രീനിവാസൻ ഒരാരോപണം ഉന്നയിച്ചാൽ മാത്രമേ അതിന് മറുപടി പറയാൻ ബാധ്യസ്ഥനാകു. അങ്ങനെ ഉന്നയിക്കാത്ത സാഹചര്യത്തിൽ മറുപടി പറയാൻ ബാധ്യത ഇല്ല. അതേയവസരത്തിൽ ഞാൻ തച്ചടി പ്രഭാകരനെക്കൊണ്ട്.................. ബഹളം .... കരുണാകരനുമായി സംസാരിച്ച് അത് ഒതുക്കിയെന്നു പറയുന്നത് സംഭവിക്കാത്തതാണ്. എന്റെ പേരിലുള്ള ആരോപണത്തിന് തെളിവ് ഹാജരാക്കാതെ ശ്രീ. പി. സി. ചാക്കോ ഇത്തരത്തിലുള്ള ആരോപണമുന്നയിക്കുന്നത് ഓർഡറിലാണോയെന്നുള്ളതിന് റൂളിംഗ് വേണം.

ശ്രീ. എ.പി. കുര്യൻ : ബഹുമാനപ്പെട്ട അങ്ങ് റൂളിംഗ് നൽകുന്നതിന് മുൻപ് ഈ സഭയിലെ ശ്രീ കെ.കെ. ശ്രീനിവാസൻ ഈ ആരോപണം എഴുതി അറിയിച്ചത്, അന്നത്തെ സ്പീക്കർ ഈ സഭയിൽ എഴുതി അറിയിച്ചത് സഭയുടെ രേഖകളിലുണ്ടോയെന്നു പരിശോധിക്കണം. രണ്ടാമത് ഈ വിഷയത്തെ സംബന്ധിച്ച് ശ്രീ. കെ.കെ. ശ്രീനിവാസൻ അന്ന് സംസാരിച്ചിട്ടുണ്ട്. എഴുതി അറിയിച്ചകാര്യങ്ങൾ വിശദമായ ഡീറ്റയിൽസിലേക്ക് പോയില്ലായെന്നുള്ളതും മറ്റും രേഖകളിലുള്ള കാര്യങ്ങളാണ്. അദ്ദേഹം ഇപ്പോഴും ഈ സഭയിലുണ്ട്. അതുകൊണ്ട് അങ്ങ് റൂളിംഗ് നൽകുന്നതിന് മുൻപ് രേഖകൾ പരിശോധിച്ചുവേണം റൂളിംഗ് നൽകാൻ എന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ശ്രീ. കെ. കരുണാകരൻ : ഇങ്ങനെ വ്യക്തിപരമായ കാര്യങ്ങൾ സാധാരണഗതിയിൽ പരാമർശിക്കുവാൻ ആഗ്രഹിക്കാത്ത ഒരാളാണ് ഞാൻ. എന്റെ പേര് ഇവിടെ വലിച്ചിഴച്ചതുകൊണ്ട് അതിനെക്കുറിച്ച് ഒരുകാര്യം പറയാതിരിക്കുവാൻ നിവൃത്തിയില്ല. എന്റെ അടുക്കൽവന്ന് പിൻവലിക്കുവാൻ പറഞ്ഞത് ശ്രീ. പി. സി. ചാക്കോയ്ക്ക് എതിരായ ആരോപണം ആയിരുന്നു. ആ സംഗതി ഞാൻ അറിയിക്കുകയാണ്............. ..സഭയിൽ ബഹളം,

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഞാൻ ഒരു കാര്യം വിശദീകരിക്കുവാൻ ആഗ്രഹിക്കുകയാണ്. ആര്യാടന് എതിരായ ആരോപണം വന്നപ്പോൾ അത് പിൻവലിപ്പിക്കുവാൻ ഞാൻ ശ്രമിച്ചുവെന്ന സത്യവിരുദ്ധമായ പ്രസ്താവനയാണ് ശ്രീ. പി. സി. ചാക്കോ ചെയ്തത്. നേരേമറിച്ച് ശ്രീ. പി. സി. ചാക്കോയ്ക്ക് എതിരായ ആരോപണം ഉന്നയിച്ച ശ്രീ. എം.പി. ഗംഗാധരനോട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത് പിൻവലിക്കണമെന്നാവശ്യപ്പെടുകയാണ് ചെയ്തത്................. സഭയിൽ ബഹളം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പി. കെ. വാസുദേവൻനായർ ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അതിനെ സംബന്ധിച്ച് കക്ഷിനേതാക്കളും ചീഫ് വിപ്പും സഭാനേതാവും മുൻസ്പീക്കറും ചില പരാമർശങ്ങൾ നടത്തി. ഒരു മന്ത്രിയെസംബന്ധിച്ചോ ഒരു മെമ്പറെ സംബന്ധിച്ചോ ആരോപണമുന്നയിക്കണമെങ്കിൽ മുൻകൂട്ടി എഴുതികൊടുക്കണമെന്നുള്ളത് നിയമസഭാ നടപടിച്ചട്ടങ്ങളിലുള്ളതാണ്. മുൻകാലത്ത് ഉണ്ടായ ഒരു സംഭവത്തെക്കുറിച്ച് ശ്രീ. പി. സി. ചാക്കോ ഇവിടെ പരാമർശിച്ചു. അഴിമതിയാരോപണത്തിന് നോട്ടീസ് കൊടുത്തിരുന്നുവെന്നും എഴുതി കൊടുത്തിരുന്നുവെന്നും സഭാനടപടികൾ പരിശോധിച്ചാൽ കാണാം എന്നും പറഞ്ഞു. ഉന്നയിക്കുവാനുദ്ദേശിക്കുന്ന കാര്യത്തെക്കുറിച്ച് എഴുതികൊടുത്താൽ സ്പീക്കർക്കും ബന്ധപ്പെട്ട മന്ത്രിക്കും കിട്ടേണ്ടതുണ്ട്. അങ്ങനെ കൊടുക്കുന്ന നോട്ടീസിനെക്കുറിച്ച് ആ മെമ്പർ സഭാവേദിയിൽ ഉന്നയിച്ചില്ലെങ്കിൽ അത് ആരോപണമായി ശേഷിക്കുന്നില്ല. ഈ നിയമസഭാവേദിയിൽ അങ്ങനെ ആരോപണമുന്നയിച്ചുവെന്ന് ആരും പറഞ്ഞിട്ടില്ല. അങ്ങനെ ഉന്നയിക്കാത്ത ആരോപണത്തെക്കുറിച്ച് മറുപടി പറയേണ്ട ആവശ്യം ഉണ്ടായിട്ടില്ല. ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി ആരോപണമുന്നയിച്ചിട്ടുള്ളതായി നിയമസഭാ നടപടികളിൽ കാണുമെന്ന് എനിക്ക് തോന്നുന്നില്ല. നിയമസഭാ നടപടിക്രമങ്ങളിൽ നിയമസഭാവേദിയിൽ പറയുന്നകാര്യങ്ങൾ മാത്രമാണ് രേഖപ്പെടുത്താറുള്ളത്. നോട്ടീസുകളോ മറ്റുകാര്യങ്ങളോ ആണെങ്കിൽ അത് ബന്ധപ്പെട്ട ഫയലിൽ ഉണ്ടായിരിക്കും. പ്രസക്തമായ കാര്യങ്ങൾ ഉന്നയിച്ചിട്ടില്ല. ശ്രീ. പി. സി. ചാക്കോ ഉന്നയിച്ചത് വ്യത്യസ്തമായ കാര്യങ്ങളാണ്. അതുകൊണ്ട് നിയമസഭയുടെ മററ് രേഖകളിലോ ഫയലുകളിലോ അവശേഷിക്കുന്നുണ്ടോയെന്നുള്ളത് മറ്റൊരു പ്രശ്നമാണ്. അത് ഈ ക്രമപ്രശ്നവുമായി ബന്ധപ്പെട്ടതല്ല. അങ്ങനെ ചിലനടപടിക്രമങ്ങൾ ഉണ്ടായിയെന്നാണ് ശ്രീ. ചാക്കോ ഉന്നയിച്ചത്. ശ്രീ. ചാക്കോ പറഞ്ഞകാര്യങ്ങൾ ഇപ്പോഴത്തെ സഭാനേതാവും അന്നത്തെ പ്രതിപക്ഷനേതാവുമായ ശ്രീ. കെ. കരുണാകരനും മററ അംഗങ്ങളും അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു പറയുന്നു. അതുകൊണ്ട് ഇത് വിവാദപ്രശ്നമാക്കേണ്ട കാര്യമില്ല. ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി ഔദ്യോഗികമായി ഒരാരോപണം നിയമസഭാവേദിയിൽ ഉന്നയിക്കാത്തിടത്തോളം കാലം ഇതിനെസംബന്ധിച്ച് പ്രത്യേകമായ റൂളിംഗ് ആവശ്യമില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമസഭാവേദിയിൽ ഈ പ്രശ്നത്തെക്കുറിച്ച് ഉന്നയിച്ചില്ലായെന്ന് അങ്ങ് ഇപ്പോൾ പറയരുത്. റിക്കാർഡ്സ് നോക്കാതെ അങ്ങ് ഇപ്രകാരം പറയുന്നത് ബുദ്ധിമുട്ടാണ്. അങ്ങ് പ്രസ്റ്റും ചെയ്യുകയാണ് ശ്രീ. കെ. കെ. ശ്രീനിവാസൻ അന്ന് ഉന്നയിച്ചിട്ടില്ലായെന്ന്. അതുകൊണ്ട് അങ്ങനെ പറയരുത്.

മി. ചെയർമാൻ: അന്ന് സ്പീക്കറായ ശ്രീ. എ. പി. കുര്യൻ തന്നെ പറയുന്നു അദ്ദേഹം നോട്ടീസ് ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് പരാമർശിച്ചില്ലായെന്ന്. അതിലെ ചില കാര്യങ്ങൾമാത്രം......... ബഹളം.

ശ്രീ. എ. പി. കുര്യൻ: ശ്രീ. കെ. കെ. ശ്രീനിവാസൻ പ്രസംഗിച്ചുകേട്ടു. ശരിയായി റിക്കാർഡ്സ് പരിശോധിച്ചുവേണം അവസാനതീർപ്പ് കല്പിക്കുവാൻ.

മി. ചെയർമാൻ: ഇവിടെ ഒരാരോപണമെന്ന നിലയ്ക്ക് ഉന്നയിക്കപ്പെട്ടിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. എന്തായാലും ഇനി മററ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ചാക്കോ വ്യക്തമാക്കിയ മററ് ചില കാര്യങ്ങളെ സംബന്ധിച്ചാണ് പറഞ്ഞത്. നിയമസഭാവേദിയിൽ ഉന്നയിക്കപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ചുമാത്രമേ നിയമസഭാനടപടിക്രമങ്ങളിൽ വരികയുള്ളൂ. സ്പീക്കർക്കോ സെക്രട്ടറിക്കോ എഴുതികൊടുക്കുന്ന കത്തുകളെ സംബന്ധിച്ചിടത്തോളം നിയമസഭയുടെ മററ് ഫയലുകളിൽ കണ്ടുവെന്ന് വരാം. അത് പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. ഇപ്പോൾ അതെസംബന്ധിച്ച് മറുപടിയൊന്നും പറയേണ്ടതില്ല. ശ്രീ. ചാക്കോയ്ക്ക് തുടരാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ സഭയിൽ എൻെറ പേരിൽഉണ്ടായ ആരോപണത്തെ കുറിച്ച് ഉന്നയിക്കാതിരിക്കാൻ ഞാൻ തച്ചടി പ്രഭാകരനെ പിടിച്ച് കരുണാകരനോടുപറഞ്ഞു അങ്ങനെ ഈ സഭയിൽ ഉന്നയിച്ചിട്ടില്ലെന്നാണ് ഇപ്പോൾ ശ്രീ. ചാക്കോ ഉന്നയിച്ചിട്ടുള്ള ആരോപണം. അന്നത്തെ സ്പീക്കറായിരുന്ന കുര്യൻ തന്നെ പറയുന്നത് ഈ സഭയിൽ ശ്രീനിവാസൻ ഉന്നയിച്ചിരുന്നുവെന്നാണ്. അതിനുപുറമേ അന്നത്തെ പ്രതിപക്ഷനേതാവ് കരുണാകരനും തച്ചടി പ്രഭാകരനും എല്ലാം പറയുന്ന. ആ രൂപത്തിൽ അവരെ ഞാൻ സമീപിച്ചിട്ടില്ലെന്ന്. അതുകൊണ്ട് ചാക്കോ പറയുന്നത് അടിസ്ഥാനരഹിതമായ ആരോപണമാണ്. ആ ആരോപണം പിൻവലിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: ഇവിടെ ചാക്കോ ആരോപണമായിട്ടല്ല ഉന്നയിച്ചത്. അദ്ദേഹം മുമ്പ് നടന്ന ഒരു കാര്യത്തെ സംബന്ധിച്ചാണ് ഇവിടെ പരാമർശിച്ചത്.

ശ്രീ. വി.വി. ദക്ഷിണാമൂർത്തി: മൈക്ക് അനുവദിക്കുമ്പോൾ അങ്ങ് അനുവദിക്കാതെ എഴുന്നേററ് നിൽക്കുന്നവർക്കുപോലും ഭരണകക്ഷിയിലുള്ളവർക്ക് മൈക്ക് അനുവദിക്കുകയും പ്രതിപക്ഷത്തുള്ളവർ എഴുന്നേററു നിൽക്കുമ്പോൾ മൈക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന ഒരു വിവേചനം കാണുന്നുണ്ട്. ഇത് പരിശോധിക്കണം.

മി. ചെയർമാൻ: പരിശോധിക്കാം.

ശ്രീ. പി. സി. ചാക്കോ: ഞാൻ പറഞ്ഞകാര്യത്തെക്കുറിച്ച് ഇതുവരെനടന്ന ചർച്ചകളിലൂടെ കാര്യങ്ങൾ കുറേക്കൂടി വ്യക്തമായിട്ടുണ്ടെന്നുള്ളതുകൊണ്ട് എനിക്ക് സന്തോഷമുണ്ട്. ഏതായാലും അങ്ങ് പരിശോധിക്കുകയും റൂളിങ്ങ് നൽകുകയും ചെയ്യുമ്പോൾ ഇന്നു കരുണാകരനെ സാക്ഷിപിടിക്കേണ്ടിവന്നിട്ടുള്ള ആര്യാടനും സുഹൃത്തുക്കൾക്കും കുറേക്കൂടി വ്യക്തമാകും. ഇതുപോലെ പല കച്ചവടങ്ങളും നടന്നിട്ടുണ്ട്. ഞാൻ ചൂണ്ടിക്കാണിച്ചത് ഒരു കച്ചവടത്തെക്കുറിച്ചാണ്. ആര്യാടൻമാരുടേയും തച്ചടിമാരുടേയും ഇത്തരം രാഷ്ട്രീയ കച്ചവടത്തിൻെറ ബലിയാടുകളായി എൻെറ പ്രിയങ്കരനായ എ.കെ. ആൻറണി മാറിയെന്നുള്ളതാണ് ഈ രാഷ്ട്രീയ കാലുമാററത്തിൻെറ അടിസ്ഥാനം. കെ പി.സി.സി. യുടെ സംസ്ഥാന സമ്മേളനം അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽ നിൽക്കുന്നു ശ്രീ. ഷൺമുഖദാസും ഞാനും. ജീവൻകൊടുത്തും പൊരുതി തോൽപ്പിക്കേണ്ട കക്ഷികളാണ് ഇന്ദിരാകോൺഗ്രസെന്ന് എറണാകുളത്ത് പ്രമേയം അംഗീകരിച്ച നിങ്ങൾ അതിനുശേഷം സംസ്ഥാന സമ്മേളനം കൂടിയിട്ടില്ല. ശ്രീ. ഉമ്മൻചാണ്ടിയുടെ പാർട്ടി ആ പ്രമേയത്തിൽ നിന്ന് മാറിയോ? ശ്രീമതി ഇന്ദിരാഗാന്ധിയെ എതിർക്കാൻ ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും യോജിപ്പിച്ചുനിർത്താൻ പുരോഗമന ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനങ്ങളെ കോർത്തിണക്കാൻ ഞങ്ങളുടെ എറണാകുളം സമ്മേളനം ആഹ്വാനം ചെയ്തു. ഇടതുപക്ഷ ജനാധിപത്യത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ കാഴ്ചപ്പാട് നാലു സി.ഐ.ടി.യു. കാർ കൂകിവിളിച്ചാൽ വലിച്ചെറിയേണ്ടതാണോയെന്ന് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ശ്രീമതി ഇന്ദിരാഗാന്ധി ഭരിക്കുന്ന ഇൻഡ്യയിൽ ഹരിജനങ്ങളെ ചുട്ടുകൊല്ലുന്നു, വിലക്കയററമുണ്ടാകുന്നു, തൊഴിലില്ലായ്മ ഉണ്ടാകുന്നു, നാണയപ്പെരുപ്പം ഉണ്ടാകുന്നു. ഈ രാജ്യത്തെ ജനങ്ങൾ പട്ടിണികൊണ്ട് മരിക്കുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ ജീവന് രക്ഷയില്ലാത്ത സ്ഥിതി ഉണ്ടായിരിക്കുന്നു. ആ സാഹചര്യത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിയ്ക്കെതിരായി പൊരുതാൻ പുരോഗമന പ്രസ്ഥാനങ്ങളുടെ ഐക്യമാണ് ആവശ്യം. ശ്രീ. ചന്ദ്രശേഖരൻ ജനതാപാർട്ടിയുടെ രാഷ്ട്രീയനിലപാട് വിശദീകരിച്ചു. ചന്ദ്രശേഖരൻ ഇവിടെ ഉന്നയിച്ച രാഷ്ട്രീയനിലപാടിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഇൻഡ്യയിലും മററ് എല്ലാ സംസ്ഥാനങ്ങളിലും പുരോഗമന പ്രസ്ഥാനത്തിന്റെ ഐക്യം ഉണ്ടാകണം. അങ്ങനെ ഉണ്ടായാൽ മാത്രമേ പററുകയുള്ളു. ഇടതുപക്ഷമുന്നണിയെ പിന്നിൽനിന്ന് കുത്തിയ ആ ചോര വാർന്നൊലിക്കുന്ന കൈകളുമായി നിങ്ങൾ ഇന്നലെ ഒരു ആരോപണം ഉന്നയിച്ചു. ഇടതുപക്ഷമുന്നണിയെ കേരളത്തിൽ സ്ഥിരീകരിക്കാൻവേണ്ട നടപടിയുമായി മുന്നോട്ടു വരുമെന്ന് മാത്രമേ എനിക്കു പറയാനുള്ളു. ശ്രീ. സ്ററീഫൻ പാദുവ ഒരു നിയോജകമണ്ഡലത്തിലേയും പ്രതിനിധിയല്ല. അദ്ദേഹം ഉൾപ്പെടെയാണ് അവിടെ 70 പേർ ഉള്ളത്. സ്പീക്കറുടെ നിഷ്പക്ഷതയെവരെ വിററ് കാശ് മാറി ഭൂരിപക്ഷംനിലനിറുത്താനുള്ള രാഷ്ട്രീയമായ ഗൂഢാലോചന ഇവിടെ നടക്കുന്നു. ബ്രിട്ടീഷ് പാർലമെൻററി ചരിത്രത്തിൽ ഒരിടത്തും കേട്ടുകേൾവിയില്ലാത്ത കുൽസിതമായ ജനാധിപത്യധ്വംസനത്തിലൂടെ ഈ ഗവൺമെൻറിനെ നിലനിർത്താൻ ശ്രമിക്കുന്നത് ശരിയല്ല. ശ്രീ. കരുണാകരന്റെയും ഉമ്മൻചാണ്ടിയുടേയും ഭരണത്തെപ്പററിപറയാൻ എനിക്ക് സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ഹരിജൻ മർദ്ദനങ്ങൾ സംസ്ഥാനത്താകെ നടക്കുന്നതു ദിയോളിയെപ്പോലെ ബെൽച്ചിയെപ്പോലെ ഇവിടെയും ഹരിജനങ്ങളെ കൊല ചെയ്യുന്നു. അതുപോലെതന്നെ ചെറുപ്പക്കാരുടെ സമരങ്ങളെ അടിച്ചമർത്തുകയാണ്. ഹരിജനങ്ങളെ കൊലപ്പെടുത്തിയും ജനങ്ങളെ അടിച്ചമർത്തിയും ഭരിക്കാമെന്ന് വ്യാമോഹിക്കേണ്ട. ഈ ഗവൺമെൻറിന്റെ അന്ത്യം അടുത്തിരിക്കുകയാണ്. ഇനി അവശേഷിച്ചിരിക്കുന്ന ചില മണിക്കൂറുകൾക്കകം അന്ത്യശ്വാസംവലിക്കും. ഈ ഗവൺമെൻറിനെതിരായി ഈ രാജ്യത്തെ ബഹുജനങ്ങളുടെ സമരം ഉയർന്നുവരും. ഈ രാജ്യത്ത് പിൻവാതിലിൽകൂടി വന്ന, ജനങ്ങൾ തെരഞ്ഞെടുക്കാത്ത ഒരു ഗവൺമെൻറാണിത്. അവിശ്വാസപ്രമേയമൊന്നുമില്ലാതെതന്നെ നാണംകെട്ട മന്ത്രിമാർ രാജിവച്ച് പുറത്ത് പോകേണ്ടതാണ്. അങ്ങനെ അവർ ചെയ്യുന്നില്ലെങ്കിൽ.........

മി. ചെയർമാൻ: ഏഴ് മിന്നിററാണ് ശ്രീ. ചാക്കോയുടെ പാർട്ടിക്കുള്ളത്. ഏഴ് മിന്നിററും ശ്രീ. ചാക്കോ തന്നെ സംസാരിച്ചു കഴിഞ്ഞു.

ശ്രീ. പി. സി. ചാക്കോ: കാലുമാററക്കാരെക്കുറിച്ച് ഈ നിയമസഭയിൽ പറയാൻ അവസരം വേണ്ടേ സാർ? ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി പിന്താങ്ങികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. യു. എ. ബീരാൻ: സർ, അനവസരത്തിൽ അവതരിപ്പിക്കപ്പെട്ട അനാവശ്യമായ ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇങ്ങനെയൊരു പ്രമേയം ഈ സന്ദർഭത്തിൽ ഇവിടെ കൊണ്ടുവരേണ്ട യാതൊരു ആവശ്യവും ഇല്ലായിരുന്നു. എന്റെ സ്നേഹിതൻ ഷൺമുഖദാസ് ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയം അവിശ്വാസപ്രമേയമാണോ, അതോ അനുശോചനപ്രമേയമാണോയെന്ന് ഞാൻ ബലമായി സംശയിക്കുകയാണ്. അകാലചരമമടഞ്ഞ നായനാരുടെ ഗവൺമെൻറിന്റെ ചരമത്തിൽ അനുശോചിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുള്ള അനുശോചനപ്രമേയമാണോ, അതോ ഷൺമുഖദാസും ചാക്കോയും മാർക്സിസ്ററുപാർട്ടിയുടെ ഉള്ളിൽ അകപ്പെട്ടതുകൊണ്ട് ശ്വാസംമുട്ടി അവരുടെ കഥകഴിയുമെന്ന് ഭയന്നുകൊണ്ട് മുൻകൂട്ടി കൊണ്ടുവന്ന അനുശോചനപ്രമേയമാണോയെന്ന് ഞാൻ സംശയിക്കുന്നു. ഈ അവിശ്വാസപ്രമേയത്തിന് യാതൊരു പ്രസക്തിയുമില്ല. ഇവിടെ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറ് 21 മാസക്കാലം ഭരിച്ചപ്പോൾ എന്തെല്ലാം സംഭവങ്ങളാണ് ഉണ്ടായത്? ശ്രീ. രാമകൃഷ്ണൻെറ കയ്യിൽ ചോരയായിരുന്നു. അദ്ദേഹം നല്ലവനാണ് പക്ഷെ ചോരപുരണ്ട കൈ ആണ്. ഇവിടെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. ക്രമസമാധാനനില അവതാളത്തിലായത് എന്തുകൊണ്ടാണെന്ന് ചിന്തിക്കണം. 1982-ൽ എന്താണ് സംഭവിച്ചത്?

ഈ ഗവൺമെൻറിനെ ഈ രാജ്യത്തെ ജനങ്ങൾ സ്വാഗതം ചെയ്യുകയാണ്. അവർക്ക് ആശ്വാസം പകർന്നുകൊണ്ടിരിക്കുകയാണ് ഈ ഗവൺമെൻറ്. ഇന്നലെ ശ്രീ. ശ്രീനിവാസൻ പറഞ്ഞു കർഷകത്തൊഴിലാളികളും ഈ രാജ്യത്തിലെ ജനങ്ങളും അവരുടെ പിന്നണിയിലാണെന്ന്. കഴിഞ്ഞ തെരഞ്ഞെടുപ്പിൻെറ ഫലം എന്തായിരുന്നു? 51ശതമാനവും49 ശതമാനവും ആണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്ക് 51 ശതമാനം വോട്ടാണ് ലഭിച്ചത്. അസഹ്യമായ ആഭ്യന്തര സംഘർഷത്തിൻെറ ഫലമായി ആൻറണിയുടെ കോൺഗ്രസ്സും മാണിയുടെ കേരളാ കോൺഗ്രസ്സും മാറിയതിനുശേഷം അവർക്ക് ഈ രാജ്യത്ത് എത്ര ആളുകളുടെ പിന്തുണയുണ്ട്. സി.പി.ഐ. ഇവിടെ വലിയ അവകാശവാദം ഉന്നയിക്കുന്നതുകേട്ടു. കുര്യൻ പറഞ്ഞു ഞങ്ങളെല്ലാം അവരുടെ പായിലാണ് കിടന്നിരുന്നതെന്ന്. ആരുടെ പായിലാണ് കിടന്നിരുന്നത്. 1969-ൽ ആരും ഇല്ലാ പാർട്ടിയായ സി.പി.ഐ. യെ വിളിച്ചുവരുത്തി ജനാധിപത്യകക്ഷികളുടെ പായിൽ കിടത്തിയിരുന്നതാണ്. ആ പായിൽ കിടന്ന മൂട്ടകളായിരുന്നു സി.പി.ഐ. ക്കാർ. അവർ ചോര കുടിച്ച് തടിച്ചിട്ട് ഇപ്പോൾ പറയുന്നു അവർ വിരിച്ച പായിൽ ഞങ്ങൾ കിടക്കുകയായിരുന്നുവെന്ന് ഇവിടത്തെ ജനാധിപത്യ കക്ഷികൾ വിരിച്ച പായിൽ സി.പി.ഐ. കിടന്നു. അവർ വർഷങ്ങളോളം കിടന്ന് മൂട്ടയെപോലെ ചോര കുടിച്ച് ശക്തിവർദ്ധിപ്പിച്ചതിനുശേഷം ഇപ്പോൾ ഞങ്ങളെ കുററം പറയുന്നു. ശ്രീ. ശ്രീനിവാസൻ ഇവിടെ ഭീഷണി മുഴക്കി. എന്താണ് ഇതിൻെറ അർത്ഥം?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ ആലപ്പുഴയിൽ ഒരു പോലീസ് സ്റേറഷനിൽ ഏതാനും ഗുണ്ടകളെയും കൂടെ കൊണ്ടുപോയി കേസിലെ ഒരു പ്രതിയെ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടു. ആ ഗുണ്ടായിസം പുറത്ത് കാണിക്കാൻവേണ്ടിയാണോ ഈ ഭീഷണി മുഴക്കിയത് എന്ന് ബലമായി സംശയിക്കുകയാണ്. ഇതിൻെറ അനന്തര ഫലമായി ഈ സംസ്ഥാനത്ത് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ അതിന് ഉത്തരവാദികൾ അവരായിരിക്കുമെന്ന് ധൈര്യസമേതം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ ഗവൺമെൻറ് ഇവിടെ വന്നതിനുശേഷം ഗവർണ്ണർ നടത്തിയിട്ടുള്ള നയപ്രഖ്യാപനപ്രസംഗത്തെസംബന്ധിച്ചുള്ള വോട്ടെടുപ്പിൽത്തന്നെ ഈ ഗവൺമെൻറിൻെറ നിലപാട് വ്യക്തമാകുമെന്നുള്ളതുകൊണ്ട് അനവസരത്തിൽ അനാവശ്യമായി കൊണ്ടുവന്ന ഈ പ്രമേയത്തിന് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. രാമകൃഷ്ണൻെറ ചെയ്തികളെക്കുറിച്ചൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. എത്ര ആളുകളുടെ ചോര കുടിച്ചിട്ടുണ്ട്, എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു? മലപ്പുറത്ത് മൂന്ന് ചെറുപ്പക്കാരെ വെടിവച്ചുകൊന്നു. എന്നിട്ട് ശ്രീ. രാമകൃഷ്ണൻ പിറേറ ദിവസം കാലത്ത് അവിടെ വന്നു, ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമകൃഷ്ണനോട് അഭ്യർത്ഥിച്ചു, ആശുപത്രിയിൽ വെടികൊണ്ട് പരിക്ക് പററി നൂറുകണക്കിന് ചെറുപ്പക്കാർ കിടപ്പുണ്ട്, അവരെ പോയി കാണണമെന്ന്. എന്തെങ്കിലും ദയ അദ്ദേഹത്തിന് അന്ന് തോന്നിയോ? ഇപ്പോൾ അപ്പുറത്തിരുന്ന് ഏതാനും നിമിഷം മുമ്പ് അദ്ദേഹം പ്രസംഗിച്ചപ്പോൾ ആരുടേയൊക്കെ കാര്യം പറഞ്ഞ് വളരെ വളരെ സഹതാപം പ്രകടിപ്പിച്ചു. പക്ഷേ അന്ന് അദ്ദേഹത്തിന് യാതൊരു സഹതാപവും ഉണ്ടായില്ലെന്നു മാത്രമല്ല മലപ്പുറത്തുനിന്ന് ആറ് നാഴിക അകലെയുള്ള മഞ്ചേരി ആശുപത്രിയിൽ പോയി അവരെ ഒന്ന് സന്ദർശിക്കാനുള്ള സൻമനസ്സ് പോലും അദ്ദേഹം കാണിച്ചില്ല. കാരണം വളരെ വ്യക്തമായിരുന്നു. അവരുടെ ഭരണകാലത്ത് ഇവിടെ എന്താണ് സംഭവിച്ചത്? അതിന്റെ ഫലമായിട്ടാണ് ആ മുന്നണി തകർന്നത്, ആ മുന്നണി തകർന്നതിന് ഉത്തരവാദികൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും സി. ഐ. ടി. യു. ഗുണ്ടാകളുമാണ്. ഈ രാജ്യത്ത് മുഴുവനും എന്താണ് നടന്നിരുന്നത്? അട്ടിമറിയുടെ പേരിൽ സി. ഐ. ടി. യു. കാരുടെ ഗുണ്ടായിസം അവിരാമം നടക്കുകയായിരുന്നു. പോലീസിന് നിയന്ത്രിക്കാൻ സാധിക്കാത്ത രീതിയിലായിരുന്നു അത് പോലീസുകാർ മാർക്സിസ്റ്റുകാരുടെ ചൊൽപ്പടിക്ക് നിന്നതിന്റെ ഫലമായിട്ടാണ് ഇവിടെ ക്രമസമാധാനനില അവതാളത്തിലായത്. ജനങ്ങൾക്ക് സ്വൈരമായി ജീവിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. അതിന്റെയെല്ലാം ഫലമായിട്ടാണ് ഇന്ന്, ഇപ്പോൾ ജനാധിപത്യ കക്ഷികൾ ഒന്നിച്ചുകൊണ്ട് ഒരു പുതിയ ഗവൺമെൻറ് ഉണ്ടാക്കിയിട്ടുള്ളത്. അത് ജനങ്ങളുടെ ആവശ്യമാണ്. ശ്രീ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ആഭ്യന്തരസംഘർഷം കൊണ്ട് തകർന്നപ്പോൾ ഇവിടെ വന്ന ശൂന്യത നികത്താൻ വേണ്ടി ....

ശ്രീ.കെ.എം. അബ്രഹാം: 'പോയിൻറ് ആഫ് ആർഡർ'. സി.ഐ.ടി.യു. വിന് ഗുണ്ടകളില്ല. ലീഗിന് ഗുണ്ടകളുണ്ടെങ്കിൽ അത് പറഞ്ഞാൽ മതി. ഇനിമേലാൽ സി.ഐ.ടി.യു. ഗുണ്ടകൾ എന്ന് പറയരുത്.

ശ്രീ. ഇ. അഹമ്മദ്: ഇതൊരു ക്രമപ്രശ്നമാണോ സർ? പ്രസംഗം തടസ്സപ്പെടുത്താൻ വേണ്ടി ക്രമപ്രശ്നമെന്ന് പറഞ്ഞ് എന്തെങ്കിലും പറയുന്നത് സങ്കടമാണ്.

ശ്രീ. യു.എ. ബീരാൻ: ശ്രീ. നായനാരുടെ ഗവൺമെൻറ് തകർന്നതിനുശേഷം ഇവിടെ,.....................

മി. സ്പീക്കർ: ഇവിടെ, വളരെയധികം സമയം ഇതിനിടയ്ക്കുതന്നെ ചോദ്യങ്ങളും മററുമായി പോയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ആവുന്നത്ര സഹകരിച്ച്, ആവുന്നത്ര ക്രമീകരിച്ച്, വേഗത്തിൽ പ്രസംഗിച്ച് തീർക്കാൻ ശ്രമിക്കണം.

ശ്രീ. യു. എ. ബീരാൻ: ശ്രീ. നായനാരുടെ ഗവൺമെൻറിന്റെ പതനത്തിനുശേഷം ഇവിടെ വന്ന അനിശ്ചിതാവസ്ഥ, നിശ്ചലാവസ്ഥ അവസാനിപ്പിച്ചുകൊണ്ട്, ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ, ഉത്തരവാദിത്വബോധമുള്ള ഒരു ജനാധിപത്യ ഗവൺമെൻറ് വേണമെന്നുള്ള ആഗ്രഹം കണക്കിലെടുത്തുകൊണ്ടാണ് ഈ ഗവൺമെൻറ് നിലവിൽ വന്നിട്ടുള്ളത്. ഈ ഗവൺമെൻറിന്റെ പിന്നിൽ ബഹുഭൂരിപക്ഷം ആളുകളുമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ഫലം വിശകലനം ചെയ്തുകൊണ്ടുതന്നെ നോക്കുമ്പോൾ ഈ ഗവൺമെൻറിന്റെ പിന്നിലുള്ള ഇന്നത്തെ ജനശക്തിയെസംബന്ധിച്ച് ബോദ്ധ്യമാകും.

തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞ് ഭീഷണിപ്പെടുത്തുന്നു. തെരഞ്ഞെടുപ്പിനെ ഞങ്ങൾ ഭയപ്പെടുന്നില്ല. ജനങ്ങൾ ഞങ്ങളുടെ പിന്നിലുണ്ട്. തെരഞ്ഞെടുപ്പിനെ നേരിടുകയാണെങ്കിൽ 127 ഇല്ലെങ്കിലും നൂറിലധികം സീററ് കിട്ടു

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. അതിനെ സംബന്ധിച്ച് ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. നിങ്ങളുടെ പിന്നിൽ ഇന്ന് ആരാണുള്ളത്.

ജനതാപാർട്ടിയിലെ ശ്രീ. ചന്ദ്രശേഖരൻ ഇവിടെ സംസാരിച്ചപ്പോൾ എനിക്ക് വളരെ ഖേദം തോന്നി. ജനതാപാർട്ടി ഭരിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ദേശായി ഗവൺമെൻറിനെ അട്ടിമറിക്കാൻ ശ്രമിച്ചവരാണ് മാർക്സിസ്ററുകാർ. എന്നിട്ട് ചരൺസിംഗിൻെറ നേതൃത്വത്തിലുള്ള ന്യൂനപക്ഷ ഗവൺമെൻറിനെ പിൻതാങ്ങിയവരാണ് മാർക്സിസ്ററുകാർ! അതുമാത്രമല്ല, എൻെറചില സുഹൃത്തുക്കൾ സൂചിപ്പിച്ചപോലെ, ആസാമിൽ തൈമൂറിൻെറ മന്ത്രിസഭയ്ക്ക് പിന്തുണ നൽകിയവരാണ് മാർക്സിസ്ററുകാർ. എന്നിട്ടാണ് ഇവിടെ ആദർശം പ്രസംഗിക്കുന്നത്. എന്ത് ആദർശമാണ്? ഇതാണോ ആദർശമെന്നു പറയുന്നത്? ഇങ്ങനെ അവസരത്തിനനുസരിച്ച് പറയുന്ന മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ നേതാവ് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇപ്പോൾ ബി. ജെ. പി. യെയാണ് വിളിക്കുന്നത്. ഇതുവരെ പറഞ്ഞിരുന്നത് ഏകാധിപത്യത്തിനും വർഗ്ഗീയതയ്ക്കും എതിരായിട്ടായിരുന്നു. ഇപ്പോൾ ഏകാധിപത്യത്തിനും സ്വേച്ഛാധിപത്യത്തിനും മാത്രം എതിരായിട്ട് ബി.ജെ.പി.യെ. കൂട്ടുപിടിക്കാൻ ആഗ്രഹിക്കുകയാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി.

(ബഹളം)

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങളുടെയെല്ലാം വോട്ടോടുകൂടി ജയിച്ച ശ്രീ. ചന്ദ്രശേഖരൻെറ പാർട്ടി മാർക്സിസ്ററ് പാർട്ടിക്ക് അനുകൂലമായ നിലപാട് എടുത്തത് വളരെ ഖേദകരമായിപ്പോയി എന്നു മാത്രമാണ് എനിക്ക് പറയുവാനുള്ളത്. അതുകൊണ്ട് അപ്പുറത്തിരിക്കുന്ന മാർക്സിസ്ററുകാരല്ലാത്ത സ്നേഹിതൻമാരോട് ഞാൻ പറയുകയാണ്, എൻെറ സ്നേഹിതൻമാരായ പി.സി. ചാക്കോയും, ഷൺമുഖദാസും അടക്കമുള്ള ആളുകളോടും ശ്രീ. ചന്ദ്രശേഖരനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്, അവിടെയുള്ള ജനാധിപത്യ വിശ്വാസികളുടെ യഥാർത്ഥസ്ഥാനം ഈ ഭാഗത്താണ്. അതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. മാർക്സിസ്ററുപാർട്ടി മാത്രം അപ്പുറത്തും, മാർക്സിസ്ററ് വിരുദ്ധപാർട്ടികൾ ഒരു ഭാഗത്തുമായി അണിനിരന്നിട്ടുള്ള ഈ സന്ദർഭത്തിൽ അവരുടെകൂടെ നിന്നുകൊണ്ട് ഈ രാജ്യത്ത് വീണ്ടും അന്തഃഛിദ്രവും കുഴപ്പങ്ങളും ഉണ്ടാക്കാനുള്ളസാഹചര്യം ഉണ്ടാക്കത്തക്കവിധത്തിൽ അതിന് സഹായകരമായി നിൽക്കരുതെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരനോട് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ഈ സന്ദർഭത്തിൽ കഴിഞ്ഞ ഗവൺമെൻറിൻെറ ചെയ്തികളെ സംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല. എത്രയോ കൊലപാതകങ്ങൾ ഇവിടെ നടന്നു; രാഷ്ട്രീയ കൊലപാതകങ്ങൾ! അതിന് ആരാണ് ഉത്തരവാദികൾ? അന്ന് പോലീസ് എന്താണ് ചെയ്തിരുന്നത്? പോലീസുകാർക്ക് എന്തെങ്കിലും ചെയ്യാൻ സാധിച്ചിരുന്നോ? മാർക്സിസ്ററ് കമ്മ്യൂണിസ്ററുകാർ പറയുന്നതിനപ്പുറമായി പോലീസുകാർക്ക് യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥിതിയാണ് ഇവിടെ ഉണ്ടായിരുന്നത്. ഇന്ന് അങ്ങനെയല്ല. ഇന്ന് ഇവിടെ മുഖം നോക്കാതെ ഭരണം നടത്തുകയാണ്. ആരെങ്കിലും തെററ് ചെയ്താൽ, ആ തെററ് തെററാണെന്ന് കണ്ടുകൊണ്ടുതന്നെ അതിനെതിരായി നടപടിയെടുക്കുന്ന ഒരു ഗവൺമെൻറാണ് ഇന്ന് നിലവിലുള്ളത്. അന്ന് ശ്രീ. പി.കെ. വാസുദേവൻ നായർ വളരെ സങ്കടത്തോടുകൂടി ശ്രീ. ടി.കെ. രാമകൃഷ്ണൻെറപോലീസ് നയത്തെസംബന്ധിച്ച് പ്രസംഗിച്ചു. എന്നിട്ട് ഇപ്പോൾ എന്താണ് പറയുന്നത്? ഇപ്പോൾ ഗുണ്ടായിസം പറയുകയാണ്. ഗുണ്ടായിസമെന്നു പറഞ്ഞാൽ എന്താണ്? എന്താണ് അതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥം? അതിനെപ്പററി ഗൗരവമായി ചിന്തിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ചില മെമ്പറൻമാരെഗുണ്ടാകളെന്നു വിളിക്കുന്നു. അത് അപമാന കരമല്ലേ എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതൊന്നും ശ്രീ. പി.കെ. വാസുദേവൻ നായരെപ്പോലെയുള്ള പരിപക്വമതികളായിട്ടുള്ള നേതാക്കൻമാർക്ക് ചേർന്നതല്ല, അവർക്ക് അതൊരു ഭൂഷണമല്ല എന്നു മാത്രമാണ് എനിക്ക് പറയുവാനുള്ളത്. ഇന്നത്തെ പരിത:സ്ഥിതിയിൽ ഈ ഗവൺമെൻറിന് ഇവിടെ ഭൂരിപക്ഷമുണ്ടെന്ന് ഇന്ന് തെളിയിക്കാൻ പോവുകയാണ്. ഇതുവരെയും പറഞ്ഞിരുന്നത് ന്യൂനപക്ഷ ഗവൺമെൻറ് എന്നാണ്. ഇപ്പോൾ പറയാൻ പോകുന്നത് 'കാസ്ററിംഗ്' ഗവൺമെൻറ് ആണെന്നാണ്. ഇതിനെ എന്തു പേരുവിളിച്ചാലും ഇതൊരുജനകീയ ഗവൺമെൻറാണ്, ജനങ്ങളുടെ ഗവൺമെൻറാണ്. ജനാധിപത്യത്തിൽ വിശ്വാസമുള്ള ഗവൺമെൻറാണ്: ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടേയും പിൻതുണയുള്ള ഒരു ഗവൺമെൻറാണിത്. അതിനെ അനക്കാനോ ഇളക്കാനോ സാദ്ധ്യമല്ല. ജനങ്ങൾക്ക് വിശ്വാസമുള്ള ഒരു ഗവൺമെൻറാണിത്. ജനങ്ങളെ തെരഞ്ഞെടുപ്പിന് സമീപിക്കാൻ ധൈര്യം കാണിച്ചിട്ടുള്ള ഒരു ഗവൺമെൻറാണിത്. അത് ഞങ്ങളുടെ നേതാവ് ശ്രീ. കരുണാകരൻ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ച് ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. ഇത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ സ്വേച്ഛാധിപത്യത്തിന്റെ പ്രശ്നമല്ല. കേരളത്തിലെ ജനങ്ങളുടെ പ്രശ്നമാണ്. കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. അത് പരിഹരിക്കാനുള്ള പരിപാടികൾ ഗവർണ്ണർ ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്.

കർഷക തൊഴിലാളി പെൻഷന്റെ കാര്യം പറഞ്ഞു. ഞങ്ങളാരും അതിന് എതിരല്ല. ഈ ഗവൺമെൻറിന്റെ നയപ്രഖ്യാപനത്തിൽത്തന്നെ ഇതിനെപ്പററി പറഞ്ഞിട്ടുണ്ട്. പക്ഷേ കമ്മ്യൂണിസ്ററ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യഗവൺമെൻറ് ഭരിച്ചിരുന്ന സമയത്ത് ആർക്കാണ് കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തിരുന്നത്? ആർക്കാണ് തൊഴിലില്ലായ്മാവേതനം കൊടുത്തിരുന്നത്? അർഹരായ ആളുകൾക്കല്ല. പാർട്ടിക്ക് പണമുണ്ടാക്കാനും, മററ് പാർട്ടികളെ പിളർക്കാനും, പാർട്ടി വളർത്താനുമല്ലാതെ ഏതെങ്കിലും സന്ദർഭത്തിൽ മാർക്സിസ്ററ് പാർട്ടി അധികാരം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ?

1957-ലായാലും, 67-ലായാലും 80-ലായാലും മാർക്സിസ്ററ് പാർട്ടിയുടെ ആളുകൾ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഇങ്ങനെ ഈ രാജ്യത്ത് സംഭവിക്കാൻ എന്താണ് കാരണം എന്നുള്ളതിനെ സംബന്ധിച്ച് ശാന്തമായിത്തന്നെ ചിന്തിക്കേണ്ടതായിട്ടുണ്ട്; ആ ഭാഗത്തുള്ള ജനാധിപത്യവിശ്വാസികൾ. ഏതെങ്കിലും അഭിപ്രായവ്യത്യാസത്തിന്റെ പേരിലല്ല. ശ്രീ. ചാക്കോയ്ക്ക് അഭിപ്രായവ്യത്യാസമുണ്ടായിരിക്കാം, ശ്രീ. ആൻറണിയെ സംബന്ധിച്ച്. ആൻറണിക്ക് ചാക്കോയെസംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടായിരിക്കാം. പക്ഷേ ജനാധിപത്യപരമായ രീതിയിൽ പരിഹരിക്കേണ്ട പ്രശ്നമാണിത്. അതല്ലാതെ മാർക്സിസ്ററ് പാർട്ടിക്ക് മനംമാററമുണ്ടായിരിക്കുന്നു, അതുകൊണ്ട് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറയുന്നത് ശരിയല്ല. മാർക്സിസ്ററ് കമ്മ്യൂണിസ്സ്ററ്പാർട്ടി ഉൾപ്പെടെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഇൻഡ്യയ്ക്കാകമാനം മാതൃകയാകുമെന്നൊക്കെ പ്രസംഗിച്ച ആളുകളും ഇവിടെയുണ്ട്. അവർ ഇപ്പോൾ എവിടെപോയി? ആ ഇടതുപക്ഷ ജനാധിപത്യമുന്നണി എവിടെ, എന്തു മാതൃക? എവിടെയാണ് അതുള്ളത്? അതിനെപ്പററി ചിന്തിക്കുമ്പോൾ മാർക്സിസ്ററ് പാർട്ടിയുടെ യഥാർത്ഥമായിട്ടുള്ള ഉദ്ദേശം എന്താണെന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഭരിക്കലല്ല, നേരെ മറിച്ച് ആളുകളെ തമ്മിൽ അടിപ്പിച്ച് അതിൽനിന്ന് രാഷ്ട്രീയ മുതലെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുക, പ്രനം ഉണ്ടാക്കുക, ഇതിൽ കവിഞ്ഞ് മാർക്സിസ്റ്റ് പാർട്ടിക്ക് യാതൊരു ലക്ഷ്യവുമില്ല. ഇപ്പോൾ സംഗതിവശാൽ യാതൊരു നിവൃത്തിയുമില്ലാത്തതുകൊണ്ടാണ് ശ്രീ. ബേബി ജോണും, ശ്രീ. പി.കെ.വി. യുമെല്ലാം ആ ഭാഗത്തിരിക്കുന്നത്; മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കൂടെ. അതിൽ യാതൊരു അർത്ഥവുമില്ല. അതുകൊണ്ട് അവിടെയുള്ള ജനാധിപത്യവിശ്വാസികളായിട്ടുള്ള എല്ലാ ആളുകളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്, നിങ്ങൾ ഒരു പുന:പരിശോധന നടത്തി ജനാധിപത്യ ചേരിയിലേക്ക് വരണമെന്ന്. കാരണം അത് ഈ രാജ്യത്തെ ജനങ്ങളുടെ അഭിലാഷമാണ്. കേരളത്തിലെജനങ്ങളിൽ ഭൂരിഭാഗവും സമാധാനകാംക്ഷികളായ ജനങ്ങളാണ്. ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് ജനാധിപത്യത്തിന്റെ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്ന ഈ ഗവൺമെന്റിന്റെ പിന്നിൽ നിങ്ങൾ അണിനിരക്കണമെന്ന് ഇവിടെയുള്ള ജനാധിപത്യ വിശ്വാസികളായ ആളുകളോട് ഞാൻ ആവർത്തിച്ച് അഭ്യർത്ഥിക്കുകയാണ്. ഈസന്ദർഭത്തിൽ എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത് ഞങ്ങളുടെപാർട്ടി ഈ പ്രക്രിയയിൽ വളരെ പ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. കാരണം ഞങ്ങളുടെ പിന്നിൽ ജനങ്ങളുണ്ട്. അതുകൊണ്ടുതന്നെയാണ്. ജനങ്ങൾ ഉള്ളതുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ജനാധിപത്യ കക്ഷികൾ ഒററക്കെട്ടായി പ്രവർത്തിക്കുന്നതിൽ ഞങ്ങളുടെ പാർട്ടിയുടെ പങ്ക് വളരെയധികം പ്രധാനമാണെന്ന് ഇവിടെ ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ സന്ദർഭത്തിൽ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ ഒരിക്കൽക്കൂടി പുനർചിന്തനം നടത്തണമെന്നാണ്. മാർക്സിസ്റ്റു പാർട്ടിയുടെ നിലപാട് ഈ രാജ്യത്തെ ജനങ്ങൾക്ക് യോജിച്ചതല്ല. ഇൻഡ്യയുടെ മണ്ണിന് യോജിച്ചതല്ല. ഇൻഡ്യയുടെ മണ്ണിന് യോജിച്ചതായിരുന്നെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കാൽ നൂററാണ്ടിനുശേഷം ഇങ്ങനെയായാൽ പോരായിരുന്നു.

സർ, ഇവിടെ 19-ാം തീയതിയിലെ ബന്തിന്റെ കാര്യത്തെ സംബന്ധിച്ച് പറഞ്ഞു. 19-ാം തീയതി ബന്തിന്റെ ദിവസം ഉമ്മൻചാണ്ടി എന്തെല്ലാമോ കാണിച്ചു എന്ന് അപ്പുറത്തുനിന്ന് ശ്രീ. കുര്യൻ പറഞ്ഞു. ശ്രീ. ജ്യോതിബാസു ഭരിക്കുന്ന ബംഗാളിൽ സംഭവിച്ചതെന്താണ്. അവർ ബന്തിന് അനുകൂലം ആയിരുന്നു. എന്നിട്ടവിടെ വെടിവയ്പ്പു നടന്നു. നാലാളുകൾ മരിച്ചു. അതിനെക്കുറിച്ചൊന്നും പറയാനില്ല. മാർക്സിസ്റ്റു പാർട്ടി ഭരിക്കുന്ന ബംഗാളിലെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം ഒന്നും പറയാനില്ല. തൈമൂറിന്റെ ഗവൺമെന്റിനെ മാർക്സിസ്റ്റു പാർട്ടി പിൻതാങ്ങിയതെന്തിനാണ്. ബംഗാളിലെ ഗവൺമെന്റിനെ നിലനിറുത്താനാണ്. അതു മാത്രമാണ് അവരുടെ ലക്ഷ്യം. രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടിമാത്രമുള്ള പ്രവർത്തനമാണ്. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ ഈ ഗവൺമെന്റിന് ഇവിടെ ഭൂരിപക്ഷമുണ്ട് ഈ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടാക്കാൻവേണ്ടി സഹായിക്കേണ്ടത് ജനാധിപത്യത്തിൽ വിശ്വാസമുള്ള എല്ലാ ആളുകളുടെയും ചുമതലയാണ്, ജനങ്ങൾക്ക് അതാണ് ആഗ്രഹം. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം 69 മുതൽ 79 വരെയുള്ള ഭരണത്തെ സംബന്ധിച്ചും 21 മാസത്തെ നായനാരുടെ ഭരണത്തെ സംബന്ധിച്ചും നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ ആ ഭരണം എങ്ങനെയുള്ളതായിരുന്നു എന്ന് എല്ലാവർക്കും അറിയാം. ഇതു താരതമ്യപ്പെടുത്തുമ്പോൾ 21 മാസത്തെ ദുർഭരണത്തിൽനിന്നും രക്ഷ നേടിയ ജനങ്ങൾ ഇന്ന് ആശ്വാസം കൊള്ളുകയാണ്. അവരുടെ ആശ്വാസത്തിൽ പങ്ക് ചേരണമെന്നഭ്യർത്ഥിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എം. സുധീരൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി എതിർക്കുന്നു. ഈ ഗവൺമെന്റിന് എതിരായി ഇത്തരത്തിലുള്ള ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കാനുള്ള, ഈ ഗവൺമെന്റിനെ എതിർക്കാനുള്ള ധാർമ്മികമായ, രാഷ്ട്രീയമായ നിലവിലുള്ള പാരമ്പര്യങ്ങൾക്കനുസരിച്ച് യാതൊരു അർഹതയും അപ്പുറത്തിരിക്കുന്ന ആർക്കും തന്നെയില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റിനെ വളരെ വാശിയോടുകൂടി, എന്തിനേറെ പറയുന്നു, രാജാവിനെക്കാൾ വലിയ രാജ്യഭക്തിയോടുകൂടി എതിർക്കുന്ന സി. പി. ഐ. യിലെ പ്രിയപ്പെട്ട പി. എസ്. ശ്രീനിവാസനോട് ഞാൻ ചോദിക്കുകയാണ്, 1969-ൽ അച്യുതമേനോൻ ഗവൺമെന്റ് അധികാരത്തിൽ എങ്ങനെ വന്നു എന്നുള്ളത് നിങ്ങൾ എങ്ങനെയാണ് മറന്നത്. അന്ന് നിലവിലുണ്ടായിരുന്ന മുന്നണിയിൽനിന്നും മാറി നിയമസഭാമെമ്പർ പോലും അല്ലാതിരുന്ന അച്യുതമേനോനെ കൊണ്ടു വന്ന് സത്യപ്രതിജ്ഞ ചെയ്യിച്ചത് മറന്നുകൊണ്ട് സംസാരിക്കരുത്; നിങ്ങൾ മറന്നെങ്കിലും കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. ജനങ്ങളുടെ മുമ്പിൽ നിങ്ങൾ പരിഹാസ്യരാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. 1977-ൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന മൊറാർജി ഗവൺമെന്റിനെ താഴെ ഇറക്കി ചരൺസിംഗ് ഗവൺമെന്റിനെ ഇന്ദിരാഗാന്ധിയുടെ പിൻതുണയോടുകൂടി അധികാരത്തിലേറ്റിയ സി. പി. എം. ഈ ഗവൺമെന്റിനെ എതിർക്കുന്നതിന്റെ, നിലവിലുള്ള ഒരു ഭരണം താഴെ പോയാൽ മറ്റൊരു ഭരണം വരുന്നതിന്റെ പ്രസക്തിയെ ചോദ്യം ചെയ്യുന്നത് മനസ്സിലാകുന്നില്ല. നിങ്ങളുടെ കാലാകാലങ്ങളിലുണ്ടായ അവസരവാദപരമായ നിലപാടുകളെക്കുറിച്ച് അറിയാവുന്ന കേരളത്തിലേയും ഈ രാജ്യത്തിലേയും ജനങ്ങളുടെ മുമ്പിൽ നിങ്ങളുടെ അന്തസ്സാര ശൂന്യമായ, അവസരവാദപരമായ നിലപാടുകൾ കൂടുതൽക്കൂടുതൽ പുറത്തുവരുന്നു എന്നുള്ളതു മാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളു. ഏതായാലും ശരി ഇവിടെ ഈ ഗവൺമെന്റ് എങ്ങനെ വന്നു. ഇടതുപക്ഷജനാധിപത്യമുന്നണി എങ്ങനെ തകർന്നു. ഇന്ന് ഈ ഗവൺമെന്റിനെതിരായി, കോൺഗ്രസ്സിനെതിരായി, മററു പാർട്ടികൾക്കെതിരായി കുന്തമുന ഉയർത്താനാഗ്രഹിക്കുന്ന മാർക്സിസ്ററു പാർട്ടി ദയവായി ഇനിയെങ്കിലും നിഷേധാത്മകമായ നയത്തിൽനിന്നു പിന്തിരിഞ്ഞ് യാഥാർത്ഥ്യബോധത്തോടുകൂടി പ്രശ്നങ്ങളെ കാണാൻ തയ്യാറാകണമെന്ന് ആ സ്നേഹിതൻമാരോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

1957-ലും 67-ലും 80-ലും മൂന്നു തവണ ഭരണം കിട്ടിയിട്ട് ആ ഭരണം കൊണ്ടു നടക്കാൻ നിങ്ങൾക്ക് സാധിക്കാതെ പോയതെന്തുകൊണ്ട്? മറുപടി പറയണം? നിങ്ങളെ സംബന്ധിച്ചിടത്തോളം അധികാരം എന്നു പറയുന്നത് കുരങ്ങന്റെ കയ്യിൽ കിട്ടിയ പൂമാലയ്ക്ക് തുല്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്, നിങ്ങൾ ആലോചിക്കണം. എങ്ങനെ ഇടതുമുന്നണി ഗവൺമെന്റ് താഴെ പോയി. ഇടതുപക്ഷമുന്നണി അന്നും പ്രസക്തമാണെന്ന് പ്രിയപ്പെട്ട പി. കെ. വി. ഇന്നു പറഞ്ഞു, ഇന്നലെ സി. ബി. സി. പറഞ്ഞു. പ്രിയപ്പെട്ട പി. കെ. വി. ഇടതുപക്ഷം ഇൻഡ്യയിൽ ഇന്നും പ്രസക്തമാണെങ്കിൽ എന്തുകൊണ്ട് കേരളത്തിനപ്പുറത്ത് ബംഗാളിലും ത്രിപുരയിലും ഇടതുജനാധിപത്യമുന്നണി ഉണ്ടാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല. ബംഗാളിലെ കോൺഗ്രസ് നേതാവ് പ്രിയരഞ്ജൻ ദാസ് മുൻഷിയുടെ നേതൃത്വത്തിൽ ബംഗാളിലെ ജനതാ നേതാവ് ശ്രീമാൻ പി. സി. സെന്നിന്റെ നേതൃത്വത്തിൽ മാർക്സിസ്ററ് പാർട്ടിക്ക് എതിരായി

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ ജനാധിപത്യ പ്രസ്ഥാനം അവിടെ വളർന്നുവരാൻ എങ്ങനെ സാഹചര്യം ഉണ്ടായി. ഇടതുപക്ഷമുന്നണിയെക്കുറിച്ച് സംസാരിക്കുന്ന സി. പി. ഐ. പോലും ബംഗാളിലെ മുന്നണിയിൽ എങ്ങനെയാണ് നിൽക്കുന്നതെന്ന് ഞങ്ങൾ പറയണമോ പി. കെ. വി., പി. കെ. വി. പ്രസംഗിക്കുമ്പോൾ പറഞ്ഞാലും മതി. ഏതായാലും മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷജനാധിപത്യ മുന്നണി എന്നുള്ളത് ഈ രാജ്യത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു മാദ്ധ്യമം ആയിരുന്നില്ല. ഒരു വേദി ആയിരുന്നില്ല. മറിച്ച് അവരെ സംബന്ധിച്ചിടത്തോളം പത്തുപന്ത്രണ്ടു വർഷക്കാലം രാഷ്ട്രീയമായ വനവാസത്തിൽ ആയിരുന്ന അവർക്ക് അധികാരത്തിൽ എത്താനുള്ള കുറുക്കുവഴി ആയിരുന്നു എന്നുള്ളതാണ് സത്യം. അതുകൊണ്ടുതന്നെയാണ് ആ മുന്നണിയുടെ പതനം ആരംഭിച്ചത്. ഈ മുന്നണി വന്ന അന്നുമുതൽ തന്നെ ഇടതുപക്ഷജനാധിപത്യമുന്നണിയെ പൊളിക്കാൻ സി. ഐ. റ്റി. യുവും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുന്നണിക്കെതിരായ ലോബിയും നടത്തിയ ശ്രമങ്ങളുടെ ഫലമാണ് ഇടതുമുന്നണിയുടെ പതനം. അതിന്റെ ഫലമായിരുന്നു ആ മുന്നണിയുടെ തകർച്ച. ഇല്ലെന്നു പറയാൻ സാധിക്കുമോ ?

മറെറാരു സംഭവം ഞാൻ ഓർക്കുന്നു. ഈ നിയമസഭയിൽ ഇടതുജനാധിപത്യമുന്നണി എന്ന പേരിൽ ഇവിടെ വളരെ പ്രതീക്ഷയോടുകൂടി വന്ന ഞങ്ങൾക്കുണ്ടായ ആദ്യാനുഭവം, ഈ നിയമസഭാവേദിയിൽ എം.എൽ.എ. മാരായി സത്യപ്രതിജ്ഞ ചെയ്യാൻവേണ്ടി ഞങ്ങൾ വന്ന ദിവസമാണ് മലമ്പുഴയിൽ, ബഹുമാന്യനായ അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർക്കുവേണ്ടി പാടുപെട്ടു പണിയെടുത്ത മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡന്റായ ആറുമുഖൻ മാർക്സിസ്റ്റുകാരാൽ വധിക്കപ്പെട്ടു എന്ന വാർത്ത കിട്ടിയത്. ഞങ്ങൾ നടുങ്ങിപ്പോയി. നായനാർക്കുവേണ്ടി അഹോരാത്രം പാടുപെട്ടു പ്രവർത്തിച്ച മണ്ഡലം യൂത്ത് കോൺഗ്രസ് കമ്മിററി പ്രസിഡന്റ് ആറുമുഖനെ മാർക്സിസ്റ്റുകാർ കശാപ്പ് ചെയ്തു എന്ന വാർത്ത കേട്ടപ്പോൾ ഞങ്ങൾ നടുങ്ങിപ്പോയി. (ബഹളം) നിങ്ങൾ കൂകി വിളിച്ചോളൂ. കരിങ്കൊടി പിടിക്കാനും കൂകാനും സമരം ചെയ്യാനും പണം പിരിക്കാനുമാണ് നിങ്ങൾക്ക് വിധിച്ചിട്ടുള്ളത്. രാജ്യം ഭരിക്കാൻ നിങ്ങൾക്ക് വിധിച്ചിട്ടില്ല. അന്നും മാർക്സിസ്ററു പാർട്ടി ഞങ്ങളോടു പറഞ്ഞു തെററിപ്പോയി, മാപ്പു ചോദിക്കുന്നു ; അബദ്ധത്തിൽ പററിയതാണ് എന്ന്. ഞങ്ങൾ വിശ്വസിച്ചു. അതുംകഴിഞ്ഞ് ഓരോ ദിവസവും ഉണ്ടായ സംഭവങ്ങൾ എന്തൊക്കെ ആയിരുന്നു. എത്രയോ എത്രയോ കോൺഗ്രസ് പ്രവർത്തകൻമാർ പീഢിപ്പിക്കപ്പെട്ടു. വധിക്കപ്പെട്ടു. മുഖ്യമന്ത്രിയുടെയും ആഭ്യന്തരമന്ത്രിയുടെയും മൂക്കിനുതാഴെ തിരുവനന്തപുരം ഡി. സി. സി. ഓഫീസിനു നേരെ ഉണ്ടായ ആക്രമണത്തെ സംബന്ധിച്ചിടത്തോളം എന്തു പറയാനുണ്ട്. ചാക്കോ മാർക്സിസ്ററു പാർട്ടിക്കുവേണ്ടി ഇപ്പോൾ സംസാരിക്കുമ്പോൾ ഇതൊന്നും മറന്നുകളയരുത്. രാജഭക്തിയായിക്കൊള്ളൂ, വാദിച്ചുകൊള്ളൂ, നിങ്ങളുടെ തല അവരുടെ വായിലാണ്. അതുകൊണ്ടു പറഞ്ഞുകൊള്ളൂ. പക്ഷേ അന്നത്തെ പാർട്ടി ഓഫീസിന് നേരെ ഉണ്ടായ ആക്രമണത്തെ തമസ്കരിച്ചുകളയരുത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവം ഒററപ്പെട്ട സംഭവമാണോ ? പുതുക്കാടിനടുത്ത് ഞങ്ങളുടെ ഐ. എൻ. റ്റി. യു. സി. പ്രവർത്തകനെ പട്ടാപ്പകൽ വെട്ടിക്കൊന്ന സംഭവം കോൺഗ്രസ്സുകാരുടെ അണികളെ എത്രമാത്രം വിഷമിപ്പിച്ച കാര്യമാണ്. കോൺഗ്രസ്സിന് മാത്രമാണോ ? ഭരണത്തിൽ അവരുടെ കൂടെ ഇരിക്കുന്ന ഓരോ കക്ഷികളുടെ പ്രവർത്തകൻമാർക്ക് നേരെ ഉണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവങ്ങൾ പി. കെ. വി, അങ്ങ് മറന്നുപോയോ? അങ്ങയുടെ ഭാഷ എനിക്ക് വളരെ ഇഷ്ടമാണ്. അങ്ങയുടെ പ്രസംഗം ഞാൻ പലപ്പോഴും ശ്രദ്ധാപൂർവ്വം കേട്ടിട്ടുണ്ട്. ഒരു കൊച്ചു കല്ലോലിനിപോലെ ഒഴുകി വരുന്ന അനർഗള സുന്ദരമായ പ്രസംഗം. പക്ഷേ പി. കെ. വി. അന്ന് പൊൻകുന്നത്ത് നിങ്ങളുടെ പാർട്ടി പ്രവർത്തകനെ മാർക്സിസ്റ്റുകാർ കശാപ്പ് ചെയ്തതിൽ പ്രതിഷേധിച്ചത് ഈ ഗവൺമെൻറിനെ പൊളിക്കാൻവേണ്ടിയാണോ? അന്ന് ഈ നിയമസഭയിൽ കേട്ട ശബ്ദം, പോലീസിനെതിരായ പ്രസംഗം അങ്ങയുടേതായിരുന്നില്ലേ? ക്രമസമാധാന പ്രശ്നത്തെക്കുറിച്ച് ഞങ്ങൾ മാത്രമായിരുന്നോ പറഞ്ഞത്. ഞങ്ങൾ പറഞ്ഞിരുന്നു. ശ്രീ. എ. കെ. ആൻറണി, കേരളത്തിലെ കോൺഗ്രസ് ഇടതുമുന്നണി വഴിവിട്ടുപോയെന്ന്, ഈ നാട്ടിലെ ഇടത്തരക്കാർക്കെതിരായി, തൊഴിലാളികൾക്കെതിരായി, സാധാരണക്കാർക്കെതിരായി, കൃഷിക്കാർക്കെതിരായി, ചെറുകിടകച്ചവടക്കാർക്കെതിരായി അങ്ങനെ ഈ മുന്നണിക്കനുകൂലമായി 1980-ലെ നിയമസഭ തിരഞ്ഞെടുപ്പിൽ അനുകൂലമായി അണിനിരന്ന ജനവിഭാഗങ്ങൾക്ക് എതിരായിപ്പോലും തിരിയുന്ന, മുന്നണിയുടെ അനുകൂലികളെ ശത്രുക്കളാക്കി മാററുന്നു എന്നു വന്നപ്പോൾ ആൻറണി പറഞ്ഞു; ഞങ്ങൾ പറഞ്ഞു തിരുത്തണം എന്ന്. ആൻറണി പറഞ്ഞത്, കോൺഗ്രസ് പറഞ്ഞത് മുന്നണി പൊളിക്കാൻ ആയിരുന്നില്ല. നിങ്ങളെ തിരുത്താൻ ആയിരുന്നു.

കേരളത്തിൽ പോലീസ് അസോസിയേഷൻെറ പേരിൽ പോലീസ് അസോസിയേഷനിലെ ഒരു വിഭാഗം ആളുകളെ മാർക്സിസ്ററുവൽക്കരിച്ചുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ അന്നത്തെ ആഭ്യന്തരകാര്യ മന്ത്രി തൃശ്ശൂരിൽ രാമവർമ്മപുരം പോലീസ് ട്രെയിനിംഗ് സ്കൂളിൽ ചെന്നപ്പോൾ മന്ത്രിയെ സല്യൂട്ട് ചെയ്തു സ്വീകരിക്കേണ്ട പോലീസുകാരിൽ ഒരു വിഭാഗം ആളുകൾ ഏതാണ്ട് സി. ഐ. ററി. യു. നേതാവ് സി. ഐ. ററി. യു. സമ്മേളനത്തിൽ ചെന്നാൽ സി. ഐ. ററി. യു.ക്കാർ ഇംക്വിലാബ് സിന്ദാബാദ്, സഖാവ് ടി. കെ. സിന്ദാബാദ് എന്ന് വിളിക്കുന്നതുപോലെ മുദ്രാവാക്യം വിളിച്ചപ്പോൾ ഞങ്ങൾ പറഞ്ഞു അപകടമാണ്. ഇങ്ങനെ ഓരോ ഘട്ടങ്ങളിലും ഞങ്ങൾ പറഞ്ഞു അപകടമാണ്. ഞങ്ങൾ പറഞ്ഞത് ആദ്യം രസിച്ചില്ലെങ്കിലും പിന്നെ നിങ്ങളെല്ലാവരും അംഗീകരിച്ചു. പക്ഷേ തിരുത്താൻ തയ്യാറായില്ല.

പ്രതിപക്ഷത്തിനുനേരെ, രാഷ്ട്രീയ പ്രതിയോഗികൾക്കുനേരെ, നിങ്ങളോടൊപ്പം ഒരുമിച്ച് നിൽക്കുന്ന ആളുകൾക്കുനേരേ രാജ്യവ്യാപകമായി പോലീസ് അധികാരം ഉപയോഗപ്പെടുത്തി സി. ഐ. ററി. യു. ക്കാരെകൊണ്ട് നിയമം കയ്യിലെടുപ്പിച്ച് സംഹാരതാണ്ഡവമാടിച്ച് ഈ രാജ്യത്ത് ക്രമസമാധാനനില അപകടപ്പെടുത്തി മുഴുവൻ ജനാധിപത്യ വിശ്വാസികൾക്കും ഭയപ്പാട് ഉണ്ടാക്കിയപ്പോൾ ഈ സഭതന്നെ നിയമസമാധാന പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്തില്ലേ. ഈ സഭയിൽ വിശദമായി ചർച്ചചെയ്ത് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പത്ത് കൽപ്പന പുറപ്പെടുവിച്ചില്ലേ. ബഹുമാനപ്പെട്ട പി. കെ. വി., ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി അന്ന് ഈ സഭയിൽ അവതരിപ്പിച്ച 10 കൽപനകൾക്ക് അത് എഴുതിയ കടലാസിൻെറ വിലപോലും അവർ പിന്നീട് കല്പിച്ചിരുന്നോ? കല്പിച്ചില്ല അതാണ് നിർഭാഗ്യകരമായ സ്ഥിതി. എന്തിനേറെപറയുന്നു, ഞങ്ങൾ ചോദ്യം ചെയ്തപ്പോൾ, തെററ് ചൂണ്ടിക്കാണിച്ചപ്പോൾ ഞങ്ങളെ ഭീഷണിപ്പെടുത്താനുള്ള ഏററവും ജനാധിപത്യ വിരുദ്ധമായ തന്ത്രങ്ങൾ പ്രയോഗിച്ചു. മാർക്സിസ്ററ് പാർട്ടിയും ടി. കെ. രാമകൃഷ്ണനും, രണ്ട് കാൺഗ്രസ്സ് നേതാക്കളെ വധിക്കാൻവേണ്ടി കേന്ദ്രം ഗൂഢാലോചന നടത്തുന്നു എന്നുപോലും പറഞ്ഞു. എന്തിനു പറയുന്നു, എല്ലാ അവേു

LIBRARY ARCHIVES Kerala Legislative Assembly

കളും പരാജയപ്പെട്ട് നാണംകെട്ട ഈ നടപടിയുമായി വന്ന ബഹുമാന്യനായ റി. കെ. അംഗ് കാരണം മുഖ്യമന്ത്രി നായനാർക്ക് ഞങ്ങൾ എതിർക്കുന്ന ഇന്ദിരാഗാന്ധിക്കും കേന്ദ്ര ആഭ്യന്തരവകുപ്പു മന്ത്രി സെയിൽസിംഗിനും മാപ്പ് എഴുതി കൊടുക്കേണ്ടിവന്നില്ലേ ? ആ സാഹചര്യം എന്തിനുണ്ടാക്കി. ഇതൊക്കെ സഹിച്ചുകൊണ്ട് ഞങ്ങൾ തുടരണമോ ഈ ബ്ലാക്ക് മെയിൽ രാഷ്ട്രീയം സഹിച്ചുകൊണ്ട് തുടരണമോ സാദ്ധ്യമല്ല. അതുകൊണ്ടാണ്, എല്ലാ പ്രതിപക്ഷകക്ഷികളേയും തകർത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ രാജ്യത്തെ ജനങ്ങൾക്കെതിരെ യുദ്ധം ചെയ്യാനുള്ള, അവരെ പീഢിപ്പിക്കാനുള്ള, അവരുടെ ജനാധിപത്യ അവകാശത്തെ കശാപ്പ് ചെയ്യാനുള്ള ഒരേർപ്പാടായി നിങ്ങൾ കണ്ടപ്പോഴാണ് ഞങ്ങൾ പിൻവാങ്ങി ഈ രാജ്യത്തെ ജനാധിപത്യ കക്ഷികളോടൊപ്പം ചേർന്നത്. ഈ ശക്തി ഞങ്ങൾ വളർത്തിയെടുക്കും. ഇനി ആരൊക്കെ ആഗ്രഹിച്ചാലും ആരൊക്കെ എന്തൊക്കെ ശ്രമിച്ചാലും ഇനി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഈ സംസ്ഥാനത്ത് അധികാരത്തിൽ വരാത്ത സാഹചര്യം ഈ രാജ്യത്തെ ജനങ്ങൾ ഉണ്ടാക്കുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

സർ ഈ ഗവൺമെൻറ് 19-ാം തീയതിയിലെ പൊതുപണിമുടക്കിന് നേരിട്ടത് സംബന്ധിച്ച് പല പരാമർശനങ്ങളുമുണ്ടായി. പക്ഷേ സാമൂഹ്യവിരുദ്ധരെ മാത്രമാണ് അറസ്റ്റ് ചെയ്തത്. പോലീസ് എത്രയും ഭംഗിയായി ഒരു സമരത്തെ കൈകാര്യം ചെയ്ത മുൻകാല അനുഭവം ഇല്ലെന്ന് ഈ ഗവൺമെൻറിനെ എതിർക്കുന്ന പത്രങ്ങൾപോലും വാനോളം പുകഴ്ത്തി, ബംഗാളിൽ മൂന്നു പേർ മരിച്ചു. ടി. കെ. പറയുന്നത് പോലീസ്കാർ ഇവിടെ തല്ലി ചതച്ചു എന്നാണ്. ബഹുമാനപ്പെട്ട ടി. കെ. ജനതാപാർട്ടി എം. എൽ. എ. മാരായ പി. ഭാസ്ക്കരനെയും കൃഷ്ണൻകുട്ടിയേയും ഈ സെക്രട്ടേറിയററിൻെറ പടിക്കലിട്ടു തല്ലി ചതച്ച് ചോര പുരണ്ട വസ്ത്രങ്ങളുമായി അവർ ഈ സഭയിൽ കടന്നുവന്നത് നിങ്ങൾ മറന്നോ. അങ്ങനെ നിയമസഭാ മെമ്പറൻമാരെ തല്ലിച്ചതച്ച ആളുകൾ ഇവിടെ വന്ന് ഈ ഗവൺമെൻറ് തല്ലിച്ചതച്ചു എന്നു പറയുമ്പോൾ അതിൻെറ അന്തസ്സാരം മനസ്സിലാക്കാനുള്ള ബോധം ഈ രാജ്യത്തെ ജനങ്ങൾക്കുണ്ട്. ഏതായിരുന്നാലും ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല.

സർ, ഇന്നലത്തെ പി. എസ്. ശ്രീനിവാസൻെറ പ്രസംഗം വളരെ നിർഭാഗ്യകരമായിപ്പോയി. സ്വന്തം അണികൾക്ക് ജനങ്ങൾക്കെതിരെ യുദ്ധം ചെയ്യാനുള്ള ഒരാഹ്വാനം കൊടുക്കലാണ് അദ്ദേഹം നടത്തേണ്ടത്. അധികാരം നഷ്ടപ്പെട്ടാലും സമനില വിടരുതെന്ന് ആ ബഹുമാനപ്പെട്ട സുഹൃത്തിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഇവിടെ ശ്രീ. ചാക്കോ ചില പരാമർശനങ്ങൾ നടത്തി, ആര്യാടൻ മുഹമ്മദിനെതിരായിട്ട് ചാക്കോ ചാക്കോച്ചൻ മിടുക്കനാണ്, എന്തുകൊണ്ടെന്നാൽ ഒഫൻസാണ് ഏററവും നല്ല ഡിഫെൻസ് എന്ന് താങ്കൾക്കറിയാം. താങ്കളെക്കുറിച്ച് ഞങ്ങൾ പറയാനുദ്ദേശിച്ചതല്ല. വ്യക്തിപരമായ പരാമർശനം ഒഴിവാക്കണമെന്ന് ആഗ്രഹിച്ചതായിരുന്നു. താങ്കളുടെ തല എം. കെ. കൃഷ്ണൻെറ വായിലാണ്. ഇവിടെ ഈ സഭയിൽ സ്പിരിററ് പ്രശ്നം വന്നപ്പോൾ ഞങ്ങളല്ല ഇൻഡസ്ട്രീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന ചാക്കോയാണ് അതിന് ഉത്തരവാദിയെന്നു പറഞ്ഞ് മാർക്സിസ്റ്റ് പാർട്ടിയുടെ ആളുകൾ നടത്തിയ പ്രചരണത്തിൽ താങ്കൾ വേദനപൂണ്ട് കെ. പി. സി. സി. ഭാരവാഹികളുടെ യോഗത്തിൽ പറഞ്ഞത് മറന്നുപോയോ ചാക്കോ. മാർക്സിസ്റ്റുകാർ എം. കെ. കൃഷ്ണന് പങ്കില്ല ചാക്കോയ്ക്കാണ് പങ്ക് എന്നു പറഞ്ഞ് ഫയലുകളിലൂടെ നീക്കം നടത്തുന്നു എന്ന് അങ്ങ് പറഞ്ഞത് മറന്നുപോയോ. ഇപ്പോൾ ഈ തരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള പരാമർശങ്ങൾ നടത്തുന്ന ചാക്കോ അങ്ങ് എന്തും പറഞ്ഞുകൊള്ളും. മാർക്സിസ്ററുകാർക്കുപോലും പറയാൻ പററാത്ത കാര്യങ്ങൾ, മാർക്സിസ്ററുപോലും പറയാൻ മടിക്കുന്ന കാര്യങ്ങൾ നിങ്ങളെക്കൊണ്ട് പറയിപ്പിക്കുന്നതിൽ അവർ വിജയിച്ചിരിക്കുന്നു. അവരെ ആ കാര്യത്തിൽ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ ബഹുമാനപ്പെട്ട ചാക്കോ നിങ്ങൾ തലമറന്ന് എണ്ണ തേയ്ക്കരുത്; നിങ്ങൾ മലർന്നുകിടന്ന് തുപ്പരുതേ എന്നു മാത്രമേ എനിക്ക് പറയാനുള്ളു. കൂടുതലായി ഈ വേദിയിൽ അതിനെക്കുറിച്ചൊന്നും പറയാനാഗ്രഹിക്കുന്നില്ല.

ശ്രീ. പി. സി. ചാക്കോ: സർ, എന്നെ സംബന്ധിച്ച് ഒരു വ്യക്തിപരമായ പരാമർശനമുണ്ട്.

മി. സ്പീക്കർ: ശ്രീ ചാക്കോ ഇരിക്കണം.

ശ്രീ. വി. എം. സുധീരൻ: സർ, എനിക്ക് എന്റെ സ്നേഹിതൻ ചാക്കോയോട് അല്പംപോലും പരിഭവമില്ല. ശ്രീ. ചാക്കോയ്ക്കെതിരായി വ്യക്തിപരമായി ഒന്നും ഞാൻ പറഞ്ഞിട്ടില്ല. ചാക്കോയെ തേജോവധം ചെയ്യാൻ വേണ്ടി മാർക്സിസ്ററ് പാർട്ടിയിലും അന്നത്തെ ആഭ്യന്തരമന്ത്രി ആഫീസിലും നടന്ന ചില ശ്രമങ്ങളിൽ ചാക്കോയ്ക്ക് ഉണ്ടായ പരാതി ഞങ്ങളോട് പറഞ്ഞത് ഒന്നു ഓർമ്മിപ്പിച്ചു എന്നുമാത്രമേ ഉള്ളു.

(ബഹളം)

എന്തിനാ ചാക്കോ പിണങ്ങുന്നത് നമ്മൾ തമ്മിൽ യാതൊരു വഴക്കുമില്ല. പക്ഷേ ചാക്കോ അഴിമതിക്കാരനാണെന്ന് സ്ഥാപിക്കാൻവേണ്ടി മാർക്സിസ്ററ് പാർട്ടിക്കാർ നടത്തിയ ശ്രമങ്ങളെ സംബന്ധിച്ച് ചാക്കോ ഞങ്ങളോട് പരാതിപറഞ്ഞില്ലേ ? അതേ പറഞ്ഞുള്ളു. വേറെ ഒന്നും പറഞ്ഞില്ല. ശ്രീ. ചാക്കോ അങ്ങ് ഇപ്പോൾ പറഞ്ഞത് പറഞ്ഞ് എ. കെ. ആൻറണിയെ വ്യക്തിപരമായി ആക്രമിക്കുകയാണ്. ചാക്കോ മററാരു പറഞ്ഞാലും മനസ്സിലാക്കാം. മാർക്സിസ്ററ് പാർട്ടിയും അതുപോലുള്ള ആളുകളും വർഷങ്ങളായി നടത്തിവരുന്ന ശ്രമങ്ങളിൽ അവർ വിജയിച്ചിട്ടില്ല. പിന്നല്ലേ ചാക്കോ, അപ്പോൾ അതുകൊണ്ട് ആ വക കാര്യങ്ങളെക്കുറിച്ച് ഒന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് നിങ്ങളോട് സഹതാപം മാത്രമെയുള്ളു. എന്തുകൊണ്ടെന്നാൽ താൽക്കാലികമായ ചില പ്രശ്നങ്ങളുടെ പേരിൽ, അധികാരം നഷ്ടപ്പെട്ടതിന്റെ പേരിൽ ആളുകൾക്ക് പരിഭവം ഉണ്ടാകാം, വിഷമമുണ്ടാകാം, വേദനയുണ്ടാകാം. പക്ഷേ അതിനുവേണ്ടി ഇത്ര മാത്രം വിലകൊടുക്കുന്നത് കഷ്ടമാണ് ചാക്കോ. കോമാളി വേഷം കെട്ടരുത് ചാക്കോ അതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് ഇനിയും സാവകാശം ആലോചിക്കാനുണ്ട്.

നിങ്ങളുടെ കൊടിയെ സംബന്ധിച്ച് ഇവിടെ സംസാരിച്ചത് ബഹുമാനപ്പെട്ട ററി. കെ. ആണ്. ടി. കെ. പറയുന്നു അവർ ആ കൊടിപിടിച്ച് പോവുകയാണ്. ടി. കെ. നിങ്ങൾ അവരെ കൊണ്ടുപോയി കൊണ്ടുപോയി കോൺഗ്രസ്സ് കൊടിപിടിക്കാനുള്ള അർഹത താമസം കൂടാതെ ഇല്ലാതാക്കും. എന്തുകൊണ്ടെന്നാൽ അവരുടെ നേതാവ് ശരത്പവാർ ഇന്നത്തെ ഡൽഹിയിൽ നിന്ന് ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിന് യു. എൻ. ഐ. റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒരു വാർത്തയുണ്ട്. ലോക്ദളും ജനതയും ഇവരുംകൂടി ചേർന്ന് ലയിച്ച് ഒരു പാർട്ടി ഉണ്ടാക്കുന്നതിലേക്ക് ഗൗരവമായി നീങ്ങുന്നു. പാർട്ടിയുടെ പേരുപോലും ഇതിൽ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ശ്രീമാൻ പവാർ പറഞ്ഞിരിക്കുന്നത് ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ യു. എൻ. ഐ. റിപ്പോർട്ട് ചെയ്തിട്ടുള്ളതനുസരിച്ച് ലോക്ദളും

LIBRARY ARCHIVES Kerala Legislative Assembly

ജനതയും ഇവരുംകൂടി ചേർന്ന് ഒരു പുതിയ പാർട്ടി ഉണ്ടാക്കുന്നതിനുവേണ്ടി ഗൗരവമായി നീങ്ങുന്നു എന്നാണ്. പാർട്ടിയുടെ പേരുപോലും പറഞ്ഞിട്ടുണ്ട്. ഞാൻ ആ പ്രസക്തമായ ഭാഗം വായിക്കാം.

"The Committee had already agreed to name the merged party as Janata Party and its flag will be that of the original Janatha Party."

ദേവരാജ് അരശും ജോർജ് ഫെർണാണ്ടസും ഉൾപ്പെടെയുള്ള ആളുകൾ ചേർന്ന് തീരുമാനിച്ചിരിക്കുകയാണ്. നിങ്ങൾ അത് അംഗീകരിക്കുന്നുണ്ടെങ്കിൽ തുറന്നു പറയണം. തള്ളിപ്പറയണം. പവാർ നിങ്ങളെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഏതായാലും കോൺഗ്രസ്സ് കൊടിപിടിച്ച് നടക്കാൻ അവർക്ക് വലിയ താമസമുണ്ടാകുമെന്നെനിക്ക് വിശ്വാസമില്ല. അവർ നിങ്ങളുടെ കൊടിപിടിച്ചോട്ടെ. അതിന് ഈ പാവപ്പെട്ട ആളുകളെ വഴിയാധാരമാക്കണമായിരുന്നോ ടി. കെ. ? രാജ്യം മുഴുവൻ നടന്ന് മാർക്സിസ്റ്റുകാർ കോൺഗ്രസ്സുകാരോ സ്വാധീനിക്കുന്നതിന്റെ രസകരമായ കഥകളാണ് പുറത്തുവരുന്നത്. കഥകൾ കേട്ടുകഴിഞ്ഞാൽ കേരളത്തിൽ വരുന്ന തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി മൽസരിക്കുന്നേയില്ല എന്നു തോന്നും. എല്ലാവർക്കും സീറ്റുകൾ ഓഫർ ചെയ്തിരിക്കുകയാണ്. കടന്നപ്പള്ളിയെ കൊണ്ടുനടന്ന് ഈവിധമാക്കിയില്ലേ രാഘവാ ? ഞാൻ അന്നേ പറഞ്ഞതാണ് കടന്നപ്പള്ളിയോട് രാഘവനെ സൂക്ഷിക്കണം, രാഘവൻ കുഴയ്ക്കും എന്ന്. രാഘവൻ മൂർഖൻ പാമ്പാണ് കടന്നപ്പള്ളി. സർ, അങ്ങനെ എല്ലാവർക്കും സീറ്റുകൾ ഓഫർ ചെയ്യുകയാണ് മാർക്സിസ്റ്റുപാർട്ടി. സി. പി. ഐ. ക്കാർക്ക് പരാതിയില്ല. പി. കെ. വി. വാരാണസി കോൺഗ്രസ്സ് കഴിഞ്ഞോട്ടേ. വാരാണസികോൺഗ്രസ്സിന്റെ പരിഗണനയ്ക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ള കരടുരേഖയിൽ ഇന്നലെവരെ നിങ്ങൾ പറഞ്ഞ മുദ്രാവാക്യം മാററിയിരിക്കുകയാണ്. ഏകാധിപത്യവും വർഗ്ഗീയതയുമാണ് ഏററവും വലിയ അപകടം എന്നു പറഞ്ഞു നടന്നിരുന്ന നിങ്ങൾ ഇപ്പോൾ ഒന്നു വിട്ടിരിക്കുന്നു. ഏകാധിപത്യം വിട്ടിരിക്കുന്നു. വർഗ്ഗീയതയാണ് ഈ രാജ്യത്തെ മുഖ്യ അപകടം എന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. മാർക്സിസ്റ്റുപാർട്ടി വിജയവാഡാ കോൺഗ്രസ്സിൽ പറഞ്ഞിട്ടുള്ളത് ഏകാധിപത്യമാണ് ഏററവും വലിയ അപകടം എന്നാണ്. വർഗ്ഗീയത എന്നുള്ളത് മാർക്സിസ്റ്റു പാർട്ടി വിട്ടിരിക്കുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് നമ്മൾ വിളിച്ച മുദ്രാവാക്യം ഏകാധിപത്യത്തിനും വർഗ്ഗീയതയ്ക്കും എതിരായിട്ടാണ്. എന്തേ മാറിയത് ? ഇപ്പോൾ വന്നുവന്ന് ഏകാധിപത്യം മുഖ്യ അപകടമെന്നു സി. പി. എം —വർഗ്ഗീയത അവർ വിട്ടുപോയി. കുഴപ്പമില്ല. ബി. ജെ. പി. യുമായി വരാനിരിക്കുന്ന രാഷ്ട്രീയ സഖ്യത്തിനുള്ള പരവതാനി വിരിക്കലാണത്. മങ്കൊമ്പിലെ കൊലയെക്കുറിച്ച് നേരത്തെ രാഘവൻ പറഞ്ഞല്ലോ. അതിന്റെ ആളുകളായ ആർ. എസ്. എസ്. ഉൾപ്പെടുന്ന ബി. ജെ. പി. യു. മായി സഹകരിച്ചുകൊണ്ട് നിങ്ങളുടെ പാർട്ടി ഐക്യം ഉണ്ടാക്കാൻ പോകുകയാണല്ലോ. എന്താ എതിർക്കാൻ തയ്യാറുണ്ടോ ? അവസരത്തിനൊത്ത് താളം ചവിട്ടാൻ കഴിവുള്ള സി. പി. ഐ. വലിയ താമസമൊന്നും കൂടാതെതന്നെ അവരുടെ മാർക്സിസ്റ്റു കൂട്ടുകെട്ട് അവസാനിപ്പിക്കുമെന്നുള്ളതിന് അൽപംപോലും സംശയമില്ല. നമ്പൂതിരിപ്പാട് രണ്ടാഴ്ച മുൻപ് മാഗ്ലൂരിൽവച്ച് പറഞ്ഞത് വായിച്ചില്ലേ പി.കെ.വി. സി. പി. ഐ അവസരവാദികളും അധികാര ദുർമോഹികളുമാണെന്നാണ് പറഞ്ഞിരിക്കുന്നത്. കേട്ടിരുന്നോ. ഏതായാലും സി.പി.ഐ. യെ പോലെ നാണംകെട്ട് അടിയുംകൊണ്ട് തൊഴിയുംകൊണ്ട് അവിടെയിരിക്കാൻ ഞങ്ങളെ കിട്ടില്ല എന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഈ സംസ്ഥാനത്തെ ജനങ്ങളാഗ്രഹിക്കുന്ന ഒരു മുന്നണിയാണിത്. ഈ മുന്നണിയിലെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പാർട്ടികളും ഒററക്കെട്ടായി മുന്നോട്ടു നീങ്ങും. ശ്രീ. പി. എസ്. ശ്രീനിവാസൻ പറഞ്ഞത് കരുണാകരൻ നിങ്ങളെയൊക്കെ വിഴുങ്ങും എന്നാണ്. ശ്രീനിവാസനോട് ഒന്നേ പറയാനുള്ളു. മാർക്സിസ്ററുകാരൻ വിഴുങ്ങാതെ രക്ഷപ്പെട്ട ഞങ്ങളുടെ കാര്യം നോക്കാനുള്ള മിടുക്ക് ഞങ്ങൾക്കുണ്ട്. ആ കാര്യത്തിൽ അൽപംപോലും സംശയം വേണ്ട. ഈ വക കാര്യങ്ങൾ പറഞ്ഞ് ഞങ്ങളെ തെററിദ്ധരിപ്പിക്കാൻ നോക്കേണ്ട. മാർക്സിസ്ററു പാർട്ടി ഇപ്പോൾ പ്രചരിപ്പിക്കുന്നത് ഇന്ദിരാ കോൺഗ്രസ്സിനെ തൊടാൻ പാടില്ല, തൊട്ടാൽ മഹാപാപമാണ്, അശുദ്ധമാണ് എന്നൊക്കെയാണ്. എന്താണ് സർ, മാർക്സിസ്ററു പാർട്ടിയുടെ പാരമ്പര്യം? അവർക്കാവശ്യമുണ്ടെങ്കിൽ ഈ രാജ്യത്ത് ആരെയും പിടിക്കാം, ആരെയും പിന്താങ്ങാം. ന്യൂനപക്ഷഗവൺമെൻറിന്റെ കാര്യം പറഞ്ഞല്ലോ. 1969-ൽ പാർലമെൻറിൽ ഇന്ദിരാഗാന്ധിയുടെ ഭൂരിപക്ഷം സംശയകരമായ സാഹചര്യത്തിൽ ഇന്ദിരാഗാന്ധിക്ക് പിന്തുണ കൊടുത്തതാരാണ്? മഹാനായ എ. കെ. ജി. യും മാർക്സിസ്ററു പാർട്ടിയും ആണ്. എന്തിനേറെ പറയുന്നു? മൊറാർജി താഴെ പോയപ്പോൾ ചരൺസിംഗ് ഗവൺമെൻറുണ്ടാക്കാൻ വന്നപ്പോൾ പുരോഗമനം കണ്ടെത്തി; പിന്താങ്ങി. ആസ്സാമിലെ പ്രത്യേക സാഹചര്യത്തിൽ ശ്രീമതി അൻവാരാ തൈമൂറിന്റെ ഗവൺമെൻറിനെ പിന്താങ്ങി. അങ്ങനെ ആവശ്യത്തിനു വേണ്ടി ആർ. എസ്. എസ്. നെയോ കോൺഗ്രസ്സ്—ഐ. യേയോ ഏതു പാർട്ടിയെ വേണമെങ്കിലും പിടിക്കാൻ മടി കാണിക്കാത്ത മാർക്സിസ്ററു പാർട്ടി നടത്തിയ രാഷ്ട്രീയകച്ചവടം ആർക്കാണറിയാത്തത്? കോൺഗ്രസ്സ് നായനാരുടെ പിൻതുണ പിൻവലിച്ചപ്പോൾ ഈ നിയമസഭ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പു നടത്താൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ അതൊരു മാന്യതയാണെന്ന് പറയാമായിരുന്നു. നാലുദിവസം ആ ഗവൺമെൻറിനെ കൊണ്ടുപോയത് കാസ്ററിംഗ്‌വോട്ടോടു കൂടിയല്ലേ? അന്നത്തെ സ്പീക്കർ കുര്യന്റെ പിന്തുണയോടുകൂടി 71 പേർമാത്രമല്ലേ ഉണ്ടായിരുന്നുള്ളു? കെ. എം. മാണി മാറിയ ശേഷം ഗവർണ്ണറെ കാണാൻപോയപ്പോൾ ഈ നിയമസഭ പിരിച്ചുവിടണമെന്നാവശ്യപ്പെട്ടോ? അതിനു ചങ്കൂററമുണ്ടായില്ല. നമ്പൂതിരിപ്പാട് ഡൽഹിയിൽ നിന്നു വന്നുപറഞ്ഞത് പ്രതിപക്ഷത്തിരിക്കുന്ന യൂണിയൻ മുസ്ലീംലീഗും ജനതാപാർട്ടിയും പി. ജെ. ജോസഫുമൊക്കെ വരണം എന്നാണ്. അങ്ങനെ എല്ലാവരെയും ക്ഷണിച്ചുനോക്കി. എല്ലാവരും ചവിട്ടിമാററി. അങ്ങനെ എത്രയോ ആളുകളുടെകൂടെപോയി നാണംകെട്ട് കുതിരക്കച്ചവടം നടത്തി പരാജയപ്പെട്ടു കഴിഞ്ഞപ്പോഴാണ് നിയമസഭ പിരിച്ചുവിടണം, തങ്ങളെ ക്കൊണ്ടാകാത്തത് മററാരെക്കൊണ്ടും ആകരുത് എന്നായത്. ഈവക വേഷം കെട്ടലുകളും അഭ്യാസങ്ങളുമൊക്കെ ആർക്കാണറിയാത്തത്? അതുകൊണ്ട് നിങ്ങൾ കുതിരക്കച്ചവടത്തെക്കുറിച്ചു സംസാരിക്കേണ്ട, അതിനുള്ള അർഹത നിങ്ങൾക്കില്ല. ആവക കാര്യങ്ങൾ പറഞ്ഞുകൊണ്ട് വഴിതെററിക്കാൻ നോക്കേണ്ട. ഈ ഗവൺമെൻറ് കേരളത്തിലെ ജനകോടികളുടെ പിന്തുണയുള്ള ഗവൺമെൻറാണ്. മാർക്സിസ്ററു പാർട്ടിക്കെതിരായി ഒററക്കെട്ടായി നിൽക്കാൻ ഏതുസാഹചര്യത്തിലാണെങ്കിലുംശരി ഞങ്ങൾക്ക് അൽപംപോലും മടിയില്ല. ജനങ്ങളെ സമീപിക്കാനും എപ്പോഴും ഞങ്ങൾ തയ്യാറാണ്. ജനങ്ങളുടെ പിന്തുണയോടുകൂടി ഈ മുന്നണി ധീരമായി മുന്നോട്ടുപോകും. അപ്പോൾ വഴിവക്കിൽനിന്ന് നിങ്ങൾക്ക് കുരയ്ക്കാമെന്നുള്ളതല്ലാതെ മററു യാതൊരു നിവൃത്തിയുമില്ല. ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി എതിർത്തു കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബേബിജോൺ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെൻറിന്റെ കഷ്ടിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒരു മാനസത്തെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്താൻ അല്ല ഞാൻ മുതിരുന്നത്. ഇത്ര കിരാതമായ ഒരു ഭരണം കേരളത്തിൽ ഇതിനുമുമ്പ് കണ്ടിട്ടില്ല. എങ്കിലും അതേക്കുറിച്ച് കൂടുതൽ പ്രതിപാദിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ കള്ളക്കേസുകൾ ഉണ്ടാക്കാൻ ഉള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത് മറെറാരു കാര്യം. അവിശ്വാസ പ്രമേയം അവതരിപ്പിക്കാനുണ്ടായ പ്രധാന കാരണം ഈ ഗവൺമെൻറ് നിയമവിരുദ്ധ ഗവൺമെൻറാണ്; ഈ ഗവൺമെൻറ് ന്യൂനപക്ഷ ഗവൺമെൻറാണ് എന്നതാണ്. ന്യൂനപക്ഷ ഗവൺമെൻറിന് നിയമവിരുദ്ധ ഗവൺമെൻറിന് തുടരാൻ ധാർമ്മികമായോ നിയമപരമായോ രാഷ്ട്രീയമായോ അവകാശമില്ല എന്ന അടിസ്ഥാനത്തിലാണ് ഈ അവിശ്വാസ പ്രമേയം അവതരിപ്പിച്ചതും അതിന് പിന്തുണ നൽകിയതും.

സർ, എൻെറ കഴിഞ്ഞകാല സഹപ്രവർത്തകൻമാരെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് ഇപ്പുറത്തോട്ടും കഴിഞ്ഞകാല ഗവൺമെൻറിൻെറ നൻമകളെക്കുറിച്ച് പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ പ്രശ്നം അതല്ല. എന്തുകൊണ്ട് ചിലർ അങ്ങോട്ട് മാറി? അത് പറയാൻ വേറെ വേദി ഉണ്ട്. ന്യൂനപക്ഷമായ നിയമവിരുദ്ധ ഗവൺമെൻറിനെക്കുറിച്ചാണ് ചർച്ച. എനിക്ക് സന്തോഷമുണ്ട്. ഭരണകക്ഷി എന്നവകാശപ്പെടുന്ന കക്ഷികളിൽ ഏററവും ഒടുവിൽ പ്രസംഗിച്ചുതീർത്ത ബഹുമാന്യനായ സുധീരൻ വരെ പരോക്ഷമായി സമ്മതിച്ചു ന്യൂനപക്ഷ ഗവൺമെൻറാണ് എന്ന്. ന്യൂനപക്ഷ ഗവൺമെൻറായാൽ എന്ത് എന്നാണ് ചോദിക്കുന്നത്. 1969-ൽ ന്യൂനപക്ഷ ഗവൺമെൻറുണ്ടായിരുന്നു. ചരൻസിംഗിൻെറ ഗവൺമെൻറ് ന്യൂനപക്ഷമായിരുന്നു. അതിന് ഇപ്പുറത്തിരിക്കുന്നവർ പിന്തുണ നൽകി. ബഹുമാനപ്പെട്ട ശ്രീനിവാസനും അതുതന്നെ പറഞ്ഞു; അതിൻെറ അർത്ഥം പരോക്ഷമായി അവർ സമ്മതിക്കുന്നു ഈ ഗവൺമെൻറ് ന്യൂനപക്ഷ ഗവൺമെൻറാണ് എന്ന്. അതിൽ കൂടുതൽ സമ്മതം വേണോ?

സർ, ഇത് ജനാധിപത്യ മുന്നണി ആണെന്ന് പറയുന്നു. എന്ത് ജനാധിപത്യ മുന്നണി? രാഷ്ട്രീയം കുതിരക്കച്ചവടം ചെയ്യുന്ന ജനാധിപത്യം. പാർലമെൻററി ജനാധിപത്യത്തിൻെറ ചരിത്രത്തിൽ നിങ്ങൾക്ക് ഇതുപോലൊരു സ്ഥിതിവിശേഷം കാണിച്ചു തരാനൊക്കുമോ? തിരുവിതാംകൂറിൻെറയോ, തിരു-കൊച്ചിയുടെയോ, കേരളനിയമ സഭയുടേയോ ചരിത്രത്തിൽ ഇന്നുള്ളതുപോലെ ഒരു സ്ഥിതിവിശേഷം ഉണ്ടോ? ഇത്രയേറെ ന്യൂനപക്ഷമായ ഏതെങ്കിലും ഒരു കക്ഷി അധികാരത്തിലേറിയ ചരിത്രം ഉണ്ടോ? എന്നിട്ട് ജനാധിപത്യം പ്രസംഗിക്കുകയാണ്.

(ബഹളം)

സർ, എന്നെ അങ്ങ് സഹായിക്കണം. ഇടക്ക് ഇങ്ങനെയൊക്കെ കയറിപ്പറഞ്ഞാൽ ബുദ്ധിമുട്ടാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭ നടത്തിക്കൊണ്ടു പോകാൻ സഹകരിക്കണം.

ശ്രീ. ബേബിജോൺ: ജനാധിപത്യം രാഷ്ട്രീയ കുതിരക്കച്ചവടമാണോ? നിങ്ങൾ ഗവൺമെൻറ് രൂപീകരിച്ച സമയത്ത് നിങ്ങൾക്ക് എത്ര അംഗങ്ങൾ ഉണ്ടായിരുന്നു? ഇന്നലെ ഗവൺമെൻറിനുവേണ്ടി പ്രസംഗിച്ച ഒരു ബഹുമാനപ്പെട്ട അംഗം പറഞ്ഞു ഞങ്ങൾ 68 പേർ ഉണ്ടായിരുന്നുവെന്ന്. ഏത് കണക്കിലാണ് 68 പേർ ഉണ്ടായിരുന്നു എന്ന് പറഞ്ഞത്. 67 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നത് വളരെ വ്യക്തമായ വസ്തുതയല്ലേ? 67 പേരുടെ പിന്തുണയോടുകൂടി അധികാരത്തിൽ വന്ന ഗവൺമെൻറ്, നിയമവിരുദ്ധമായ ഗവൺമെൻറ് രാഷ്ട്രീയ കുതിരക്കച്ചവടം നടത്തുന്നു. ഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

തികയ്ക്കാൻ. എന്നിട്ട് ഭൂരിപക്ഷം ഉണ്ടെന്ന് പറയുന്നു. എവിടെയാണ് ഭൂരിപക്ഷം. ഭൂരിപക്ഷത്തിന്റെ കണക്ക് എന്ത് ? 141 അംഗങ്ങളുള്ള നിയമസഭയിൽ ഭൂരിപക്ഷം എത്രയാണ് ? ഞാൻ പഠിച്ച കണക്കുകൾ ഈ ഭൂരിപക്ഷം കൂട്ടുന്നത്, total number divided by two plus one എന്നാണ്. അതേ സർ, 141-ൽ ഭൂരിപക്ഷം 71 വരികയില്ല. 72 വേണം. അതല്ലേ ഭൂരിപക്ഷം.

മറ്റൊരു കാര്യം. അങ്ങ് സ്പീക്കറായിരിക്കുന്നു. അങ്ങ് പ്രിസൈഡിംഗ് ആഫീസറാണ്. പിന്നെ ഈ സഭയിൽ 140 പേരെ ഉള്ളു. എത്ര പേർ വേണം സർ, ഭൂരിപക്ഷം ഉണ്ടാകാൻ ? എന്നിട്ട് നാണമില്ലാതെ ഭൂരിപക്ഷമുണ്ട് ഭൂരിപക്ഷമുണ്ട് എന്ന് പറയുന്നു. 140 പേരുടെ ഭൂരിപക്ഷമെത്രയാണെന്ന കണക്ക് നമുക്കറിയാമല്ലോ ? പാർലമെന്ററി ജനാധിപത്യത്തിന്റെ ചരിത്രത്തിൽ സ്പീക്കറുടെ വോട്ട് ഒരു കക്ഷിയുടെ വോട്ടായി ആർക്കെങ്കിലും അവകാശപ്പെടാൻ കഴിയുമോ സർ ? ക്യാബിനററ് സിസ്ററത്തിൽ പ്രവർത്തിക്കുന്ന ഒരു സമ്പ്രദായത്തിൽ സ്പീക്കറുടെ വോട്ട് ഒരു കക്ഷിയുടെ ഭൂരിപക്ഷം നിലനിറുത്താൻവേണ്ടി ഉള്ള ഒരു വോട്ടാണെന്ന് വാദിക്കുന്നത് ജനാധിപത്യ വിരുദ്ധമല്ലേ സർ. ജനാധിപത്യത്തെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നവർക്ക് മാത്രമല്ലേ അതിന് സാധിക്കുകയുള്ളു. നല്ല കീഴ്വഴക്കമുള്ള നമ്മുടെ മദർ പാർലമെന്റ് എന്ന് നമ്മൾ വിശ്വസിക്കുന്ന ബ്രിട്ടീഷ് പാർലമെന്റിലെ ഹൗസ് ഓഫ് കോമൺസിലൊക്കെത്തന്നെ നമ്മുടെ സ്പീക്കർമാർ പാലിച്ചിട്ടുള്ള മര്യാദകളൊക്കെ നമുക്കൊക്കെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇന്നലെ അങ്ങയെ അനുമോദിച്ചു സംസാരിച്ച അവസരത്തിൽ പറഞ്ഞു. യശഃശരീരനായ കെ. പി. നീലകണ്ഠപ്പിള്ളയുടെ മഹത്തായ മാതൃക അങ്ങ് പാലിക്കണമെന്ന്. എന്താണ് സർ, യശഃശരീരനായ കെ. പി. നീലകണ്ഠപ്പിള്ളയുടെ മഹത്തായ മാതൃക ? ഒരു കക്ഷിയുടെ ഭൂരിപക്ഷം നിലനിറുത്താനും ഭൂരിപക്ഷം തെളിയിക്കാനും യശഃശരീരനായ കെ. പി. നീലകണ്ഠപ്പിള്ള വോട്ടു ചെയ്തോ സർ ? ചെയ്തിട്ടില്ല. ഒരു ബില്ല് നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ അതിൽ ഒരു ഭേദഗതിയെ സംബന്ധിച്ച് പോൾ നടന്നു. വോട്ട് എടുക്കുന്ന അവസരത്തിൽ കയറിവന്ന അംഗങ്ങളെ സംബന്ധിച്ച് വോട്ടു ചെയ്യണമോ വേണ്ടയോ എന്ന ക്രമപ്രശ്നം ഉന്നയിച്ചു. അദ്ദേഹം റൂൾ ചെയ്തു വോട്ട് ചെയ്യാൻ പാടില്ലെന്ന്. അങ്ങനെ വന്നപ്പോൾ 44–44 ആയി. അല്ലാതെ ഗവൺമെന്റിന്റെ ഭൂരിപക്ഷം തെളിയിക്കാനല്ല ചെയ്തത്. അപ്പോഴാണ് സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട് ഉപയോഗിച്ചത്. ആ കീഴ്വഴക്കമാണ് നമുക്കുള്ളത്. ഒരു ഗവൺമെന്റിന്റെ ഭൂരിപക്ഷം തെളിയിക്കുന്നതിനുവേണ്ടി സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടിനെ ആശ്രയിക്കുന്നത് അപമാനകരമാണ്. ജനാധിപത്യ വിരുദ്ധമാണ്. ബഹുമാനപ്പെട്ട ബീരാൻ ഇവിടെ പറഞ്ഞു ഇനി ഞങ്ങളെ കാസ്റ്റിംഗ് ഗവൺമെന്റ് എന്ന് വിളിക്കുമെന്ന്. അപ്പോൾ അത് തീരുമാനിച്ചുകഴിഞ്ഞു, അങ്ങയുടെ വോട്ട് ഭൂരിപക്ഷം തെളിയിക്കുന്നതിനുവേണ്ടി ആണെന്ന്. അങ്ങയുടെ അറിവിനുവേണ്ടി ഹൗസ് ഓഫ് കോമൺസിൽനടന്ന ഒരു വസ്തുത ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. കാസ്റ്റിംഗ് വോട്ടിംഗിനെക്കുറിച്ച് മേയ്സ് പാർലമെന്ററി പ്രാക്ടീസിൽ പറയുന്നത് If the numbers in a division are equal, the Speaker, who otherwise does not vote, must give the casting vote. In the performance of this duty, he is at liberty to vote like any other Member, according to his conscience, without assigning a reason ; but, in order to avoid the least imputation upon his impartiality, it is usual for him, when practicable, to vote in such a manner as not to make the decision of the House final, and to explain his reasons, which are entered in the Journal എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

Minister of Finance & Law (**Shri K. M. Mani**) : I am referring to the Practice and Procedure of Parliament by Shri M. N. Kaul and Shri S. L. Shakdher. "The Constitution, as stated above, debars the Speaker or the person acting as such from voting in the first instance, i.e., he cannot vote in a division as an ordinary member, he has only a casting vote which he must exercise in the case of an equality of votes, it is customary for the presiding officer to exercise the casting vote in such a manner as to maintain Status.quo".

XX XXX XXX XXX XXX XXX XXX XXX

(ബഹളം).

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇന്നത്തെ സ്റ്റാറ്റസ്കോ ന്യൂനപക്ഷ ഗവൺമെൻറാണ്. ആ സ്റ്റാറ്റസ്കോ നിലനിറുത്തുകയാണോ വേണ്ടത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ശ്രീ. മാണി ഇവിടെ ചൂണ്ടിക്കാണിച്ചത് തെററാണ്.

ശ്രീ. കെ. എം. മാണി : ഞാൻ റഫർ ചെയ്തത് പേജ് 796 ആണ്

Shri Varkala Radhakrishnan : In British Common Law Practice when there is equality it is the duty of the presiding officer to exercise in favour of the defence. You are entitled and the Speaker is expected to vote in favour of the opposition.

മി. സ്പീക്കർ : ബഹുമാനപ്പെട്ട സഭ എന്നെ സ്പീക്കറായി തെരഞ്ഞെടുത്ത നിലയ്ക്ക് ഏത് രീതിയിൽ പെരുമാറണമെന്ന് തീരുമാനിക്കാനുള്ള തർക്കം ഇവിടെ വേണോ ? അത് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം എനിക്ക് വിട്ടുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ബേബിജോൺ : അങ്ങ് ഏത് രീതിയിൽ തീരുമാനിക്കണമെന്ന് അങ്ങയെ ഉപദേശിക്കാനല്ല ഞാൻ പറഞ്ഞത്. ഈ സഭയിൽ ഭൂരിപക്ഷം ഉണ്ടെന്ന് പറഞ്ഞതുകൊണ്ട് അതുപോലെതന്നെ ഭരണകക്ഷിയിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട ഒരു മെമ്പർ സൂചനനൽകി അങ്ങ് വോട്ടുചെയ്യാൻ പോകുന്നുവെന്ന്. ബഹുമാനപ്പെട്ട കെ. എം. മാണി ഉന്നയിച്ചത് ശരിയാണ്. സ്റ്റാറ്റസ് കോ-മെൻറയിൻ ചെയ്യാനാണ്. അതായത് ന്യൂനപക്ഷ ഗവൺമെൻറാണ് ന്യൂനപക്ഷ ഗവൺമെൻറിന്റെ സ്റ്റാറ്റസ്-കോ നിലനിറുത്താനാണ്. സാധാരണ സ്പീക്കർ വോട്ട് ചെയ്യുന്ന സമയം എപ്പോഴാണ് ? ....when the question was for or against giving to any measure a further opportunity for discussion, he should always vote for the further discussion............when the Speaker gave his casting vote with the ayes, saying "that upon all occasions when the question was for or against giving to any measure a further opportunity of discussion, he should always vote for the further discussion ....അതുപോലെതന്നെ പറയുന്നുണ്ട്.

The course adopted by successive Speakers, in giving their casting vote, can be traced in the following examples, beginning with cases of the casting vote given so as to avoid the responsibility of deciding a matter and to afford the House an opportunity for the further decision.

ശ്രീ. ഇ. അഹമ്മദ് : ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് എപ്പോഴും സ്പീക്കർ എക്സർസൈസ് ചെയ്യുന്നത്, ഗവൺമെൻറിന് അനുകൂലമായിട്ടാകണം എന്നല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: അല്ല, അല്ല.

ശ്രീ. ഇ. അഹമ്മദ്: അതുതന്നെയാണ് പറയുന്നത്. സ്റ്റാറ്റസ് ക്വോ എന്ന് പറയുന്നത് അതാണ്. എസ്കിൻമേ സ്റ്റാറ്റസ്കോയെപ്പറ്റി പറഞ്ഞില്ല. അത് കൗളിന്റെ പുസ്തകത്തിലാണ് പറഞ്ഞത്.

Sri Baby John: വളരെ അസന്നിഗ്ദ്ധമായി പറയുന്നുണ്ട്. The numbers being equal upon a proposed resolution relative to Trinity College, Dublin, 24 July 1867, Mr. Speaker Denision stated "that this was an abstract resolution, which, if agreed to by the House, would not even from the basis of legislation; but undoubtedly the principle involved in it was one of great importance, and, if affirmed by a majority of the House, it would have much force. It should, how ever, be affirmed by a majority of the House and not merely by the casting vote of its Presiding Officer ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്.

എന്നിട്ടും ഇത് ഭൂരിപക്ഷഗവൺമെന്റാണെന്നവകാശപ്പെടുക! അത് ജനാധിപത്യവിരുദ്ധമാണ്. അതാണിവിടെ പ്രശ്നം. അല്ലാതെ കേരള കോൺഗ്രസ്സോ കോൺഗ്രസോ കക്ഷിമാറിയതോ ഒന്നുമല്ല ഇവിടെ പ്രശ്നം.

ശ്രീ. കെ. എം. മാണി: ഭൂരിപക്ഷ ഗവൺമെന്റ് നിർണ്ണയിക്കുന്നത്—ഗവൺമെന്റിനെതിരായിട്ടുള്ള അവിശ്വാസ പ്രമേയം തള്ളപ്പെട്ടാൽ ഇതൊരു ഭൂരിപക്ഷഗവൺമെന്റാണ്.

ശ്രീ ബേബിജോൺ: നല്ല വ്യാഖ്യാനമാണ്! ഇങ്ങനെ വ്യാഖ്യാനിച്ചാൽ പാർലമെന്ററി ജനാധിപത്യത്തിന്റെ ആരാച്ചാരൻമാരായിരിക്കും നിങ്ങൾ. ജനാധിപത്യത്തെ നിങ്ങൾ മുക്കിക്കൊല്ലുകയാണ്. അതുകൊണ്ടാണ് ഇത് പറയുന്നത്. ജനാധിപത്യപാർട്ടി എന്നവകാശപ്പെടാൻ നിങ്ങൾക്ക് സാധിക്കുകയില്ല. ധാർമ്മികമായ അവകാശം നിങ്ങൾക്കില്ല. അങ്ങനെ നിയമവിരുദ്ധമായി അവിഹിതമായി വളഞ്ഞ വഴിയിൽക്കൂടി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റ് വളഞ്ഞ വഴിയിൽക്കൂടി അധികാരം നിലനിർത്താൻ ശ്രമിക്കുന്നത് അപഹാസ്യമാണ്, ജനാധിപത്യവിരുദ്ധമാണ്. അതുകൊണ്ടാണ് ഞാനീ അവിശ്വാസ പ്രമേയത്തെ പിൻതാങ്ങുന്നത്.

ശ്രീ. ഒ. ലൂക്കോസ്: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ അവിശ്വാസ പ്രമേയമവതരിപ്പിച്ച ബഹുമാനപ്പെട്ട ഷൺമുഖദാസ് അദ്ദേഹത്തിന് എ. കെ. ആന്റണിയോടും ഉമ്മൻ ചാണ്ടിയോടുമൊക്കെയുള്ള വിശ്വാസം നഷ്ടപ്പെട്ടതിനെ സംബന്ധിച്ച് കാര്യകാരണസഹിതം പരാമർശിക്കുകയുണ്ടായി. ഗവൺമെന്റിൽ വിശ്വാസമില്ലാത്തതിന്റെ കാര്യത്തെപ്പറ്റി അദ്ദേഹം കാര്യമായി ഒന്നും പറഞ്ഞില്ല. ആ അവിശ്വാസ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് പ്രസംഗിച്ച ശ്രീമാൻ എം. വി. രാഘവൻ ഒരു പൊറാട്ടു നാടകത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന രീതിയിൽ നടത്തിയ പ്രകടനത്തെപ്പറ്റി ഞാൻ ഒന്നും പരാമർശിക്കാനാഗ്രഹിക്കുന്നില്ല. പക്ഷേ ബഹുമാന്യനായ സി. ബി. സി. യും ശ്രീമാൻ പി. എസ്. ശ്രീനിവാസനും ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനുമൊക്കെ അവരുടെ പ്രസംഗത്തിനിടക്ക്, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ പങ്കാളിത്തം വഹിച്ച കേരളകോൺഗ്രസ് പാർട്ടിയെടുത്ത നിലപാടിനെപ്പറ്റി, വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ലെന്നും മുന്നണിയെ വഞ്ചിച്ചുവെന്നുമൊക്കെ നടത്തിയ പരാമർശങ്ങളെപ്പറ്റി കേരള കോൺഗ്രസ് പാർട്ടിയെ പ്രതിനിധീകരിക്കുന്ന മെമ്പറെന്നനിലയിൽ ചുരുങ്ങിയ സമയം കൊണ്ടാണെങ്കിലും മറുപടി പറയാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബാധ്യതയെനിക്കുണ്ട്. ഇവിടെ ഈ ഗവൺമെൻറിലവിശ്വാസം രേഖപ്പെടുത്തുന്നുവെന്ന് പറഞ്ഞവരിൽ അവസാനം പ്രസംഗിച്ച ശ്രീ. ബേബി ജോണൊഴിച്ച്, മുഴുവനാളുകളുംതന്നെ പ്രകടിപ്പിച്ചത്, 93 നിയമസഭാ സാമാജികൻമാരുടെ പിൻതുണനേടിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായ ജന വിധിക്കെതിരായി കുറെയാളുകൾ കരുണാകരൻെറ കൂടെച്ചേർന്ന് ഗവൺമെൻറുണ്ടാക്കാൻ ശ്രമിച്ചത് ധാർമ്മികമായി, നിയമപരമായി, ഭരണഘടനാപരമായി, അങ്ങനെ പല തരത്തിലും, മോശമായിപ്പോയി എന്നുള്ള അഭിപ്രായമാണ്. സർ, ഇവിടെയീ ധാർമ്മികമൂല്യങ്ങളും നമ്മുടെ ഇൻഡ്യൻ ഭരണഘടനയും എല്ലാമെല്ലാം നിലനില്ക്കെത്തന്നെ 1969ലും 1979 ലുമൊക്കെ നടന്ന രാഷ്ട്രീയ മാററങ്ങളും. മുന്നണി മാററങ്ങളുമെല്ലാം ഈ രാജ്യത്തെ ജനങ്ങൾക്കറിയാവുന്നതാണ്. ഒരു മുന്നണിയിൽ പ്രവർത്തിച്ചിരുന്നയാളുകൾ മറെറാരു മുന്നണിയിൽ പോകുകയും ഭരണപക്ഷത്തിരുന്നവർ പ്രതിപക്ഷത്തു വരികയും പ്രതിപക്ഷത്തിരുന്ന ആളുകൾ കൂടിച്ചേർന്ന് മുന്നണിയുണ്ടാക്കുകയുമൊക്കെ ചെയ്യുന്ന രാഷ്ട്രീയ പാരമ്പര്യം കേരളത്തെ സംബന്ധിച്ചിടത്തോളം പുത്തരിയായിട്ടുള്ള കാര്യമല്ല. ഇങ്ങനെ മുന്നണിയിൽ മാററമുണ്ടാകുന്നതും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പുനഃപരിശോധന നടത്തുന്നതും എപ്പോഴൊക്കെയാണ്? ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളിൽ മാററം വരുത്തിക്കൊണ്ട് ആ വാഗ്ദാനം ലംഘിച്ചുകൊണ്ട് ആ ജനകീയാഭിപ്രായത്തെ ഗവൺമെൻറിനെതിരായി മാററുന്നു എന്ന് മനസിലാകുമ്പോൾ നമ്മുടെ രാജ്യത്ത് രാഷ്ട്രീയ ബന്ധങ്ങളിൽ ഉലവു പററിയിട്ടുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട ബേബി ജോൺ ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം പറയുന്നു ന്യൂനപക്ഷമാണെന്ന്. എനിക്കൊരു സംശയം. നാളെ ഈ രാജ്യത്ത് രണ്ടു മുന്നണികൾ പൊതു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നു; ഒരു മുന്നണിക്ക് 71 സീററും മറെറാരു മുന്നിണിക്ക് 70 സീററും കിട്ടിയാൽ എന്തായിരിക്കും സ്ഥിതി? മന്ത്രിസഭയുണ്ടാകണമോ വേണ്ടയോ? അദ്ദേഹമോ അല്ലെങ്കിൽ പിന്നീട് പ്രസംഗിക്കുന്ന ആരെങ്കിലുമോ അത് വിശദീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(തടസ്സം)

ഞാനൊരുകാര്യം സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഇവിടെ കേരള കോൺഗ്രസ് പാർട്ടി വഞ്ചിച്ചുവെന്നാണ് ബഹുമാനപ്പെട്ട ശ്രീനിവാസനും ബഹുമാനപ്പെട്ട സി. ബി. സി. വാര്യരും ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനുമൊക്കെ പറയുന്നത്. 1969-ൽ ഈ രാജ്യത്ത് ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ നേതാവു ശ്രീ. അച്യുതമേനോൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ പങ്കാളിത്തം വഹിക്കാൻ തുടങ്ങിയ കേരള കോൺഗ്രസ് പാർട്ടി അച്യുതമേനോൻെറയും പി. കെ വാസുദേവൻ നായരുടെയും എ. കെ. ആൻറണിയുടെയും 1980-ൽ ഇ. കെ. നായനാരുടെയും നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. 69 മുതൽ ഇന്നുവരെ ഞങ്ങളീരാജ്യത്ത് മുന്നണികളുമായി ബന്ധപ്പെട്ട ഒരു കാലഘട്ടത്തിലും ആ മുന്നണിക്ക് ഒരിക്കലും ഞങ്ങൾ തലവേദനയുണ്ടാക്കിയിട്ടില്ല; വഞ്ചിച്ചിട്ടില്ല, സർ. 1980-ൽ ശ്രീ. നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ പങ്കാളിത്തം വഹിച്ച കേരള കോൺഗ്രസ് പാർട്ടി 1981 ഒക്ടോബർ 20-ാം തീയതി പിൻതുണ പിൻവലിക്കുന്നുവെന്ന് പറയുന്നതു വരെ ഈ മുന്നണിക്കെതിരായി നിയമസഭയ്ക്കകത്തോ പുറത്തോ ഒരു വാക്കും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർപോലും ശ്രീ. ടി. കെ. രാമകൃഷ്ണൻെറ മുഖത്തുനോക്കി ക്രമസമാധാന ഭഞ്ജനത്തെപ്പററി സംസാരിച്ചപ്പോഴും കേരള കോൺഗ്രസ് പാർട്ടി മങ്കൊമ്പിലും കാവിലപ്പാറയിലും തിരുവമ്പാടിയിലുമുണ്ടായ സാമൂഹ്യ വിരുദ്ധപ്രവർത്തനത്തെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചുപോലും നിയമസഭയ്ക്കകത്ത് ഒരുവാക്കു പറഞ്ഞ് എതിരാളികൾക്ക് ഒരു വടികൊടുത്ത് മുന്നണിയെ പരാജയപ്പെടുത്തണമെന്ന് ആഗ്രഹിച്ചവരല്ല. നാളെയും ഈ രാജ്യത്ത് ഞങ്ങൾ രാഷ്ട്രീയ സഖ്യത്തിലേർപ്പെട്ടുകൊണ്ട് ഒരു മുന്നണിയിൽ പങ്കാളിത്തം വഹിച്ചാൽ ഇറങ്ങിപ്പോകുന്നതുവരെ സത്യസന്ധമായി നിൽക്കുമെന്നുള്ളത് ഞങ്ങളുടെ രാഷ്ട്രീയ പാരമ്പര്യമാണ്. വഞ്ചിച്ചുവെന്ന് പറയുന്നു. എന്തിനാണ് വഞ്ചിക്കുന്നത്! ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്ന് കേരള കോൺഗ്രസ് പാർട്ടി ഇറങ്ങിപ്പോന്നതാണ്. ഭൂരിപക്ഷമുള്ള മുന്നണിയിൽനിന്ന് ഇറങ്ങിപ്പോകുമ്പോൾ മന്ത്രിസഭയുണ്ടാക്കാമെന്നുകരുതിയല്ല. ശ്രീമാൻ കെ. എം. മാണിക്ക്, കേരള കോൺഗ്രസ് പാർട്ടിക്ക്, മന്ത്രിസ്ഥാനമില്ലായിരുന്നോ ഇടതുപക്ഷജനാധിപത്യമുന്നണിയിൽ ഞങ്ങൾക്ക് മന്ത്രിസ്ഥാനമുണ്ടായിരുന്നു. മന്ത്രിസ്ഥാനമുണ്ടായിരുന്നപ്പോൾ മുന്നണിയിൽനിന്ന് ഞങ്ങളിറങ്ങി; ആ മുന്നണിക്ക് ഭൂരിപക്ഷമുണ്ടായിരുന്നപ്പോൾ മുന്നണിയിൽനിന്ന് ഞങ്ങളിറങ്ങിപ്പോരുകയാണ് ചെയ്തത്. സർ, അത് വഞ്ചനയല്ല. കേരള കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം, ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കോ-ഓർഡിനേഷൻ കമ്മിററിയിൽ ഞങ്ങൾ ശക്തമായ വ്യക്തമായ അഭിപ്രായവ്യത്യാസങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ ഒക്ടോബർ മാസം പത്താം തീയതി അന്നത്തെ മുഖ്യമന്ത്രി ശ്രീമാൻ ഇ. കെ. നായനാരുടെ വീട്ടിൽച്ചെന്ന് പറഞ്ഞു, ദൈവത്തെയോർത്ത് നിങ്ങളീ ആഭ്യന്തരം ഉപേക്ഷിക്കണം എന്ന്. നിങ്ങളീ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്നിടത്തോളം കാലം ശരിയായാലും തെററായാലും ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. നിങ്ങളിതുപേക്ഷിക്കണം. ഞങ്ങളിങ്ങനെ ആവർത്തിച്ചാവർത്തിച്ചാവശ്യപ്പെട്ടു. സർ, നടന്നില്ല.

മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ആഭ്യന്തരവകുപ്പ് ഉപേക്ഷിക്കാൻ ബുദ്ധിമുട്ടാണ്. ഞങ്ങൾ അത് പറഞ്ഞതാണ്. അതിനുശേഷം ഈ രാജ്യത്ത് ഉണ്ടായ സംഭവവികാസങ്ങൾ ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഞങ്ങൾ ഒരു വഞ്ചനയും കാണിച്ചിട്ടില്ല. ഇനിയും കാണിക്കുകയില്ല. ശ്രീമാൻ ശ്രീനിവാസൻ പറഞ്ഞു ശ്രീ. കെ. എം. മാണി ഇടതുപക്ഷജനാധിപത്യമുന്നണിയിൽനിന്നും ഇറങ്ങി പോയതിനുശേഷം 72 നല്ല കാര്യങ്ങൾ ചെയ്തതിനെപ്പററി നാടുനീളെ പ്രസംഗിച്ചല്ലോയെന്ന്, അഭിമാനത്തോടുകൂടി അതിനെപ്പററി പറഞ്ഞിട്ടുണ്ട്, പ്രസംഗിച്ചിട്ടുണ്ട്. ഇപ്പോഴും പ്രസംഗിക്കുകയും ചെയ്യും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നുകൊണ്ട് നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ച ഞങ്ങൾ ഇന്നും ആ നല്ല കാര്യങ്ങൾ അംഗീകരിക്കുന്ന ആളുകളാണ്. പക്ഷെ എന്തുകൊണ്ട് കേരളകോൺഗ്രസ് ആ മുന്നണിയിൽനിന്നും പോയെന്നു ചോദിച്ചാൽ ഒററ വാചകത്തിൽ അതിന് മറുപടി പറയാം. ഇടതുപക്ഷജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം കേരളത്തിൻെറ രാഷ്ട്രീയ കൃഷിഭൂമിയിൽ നട്ടു വളർത്താവുന്ന ഉല്പാദനശേഷിയോടുകൂടിയ ഒരു സങ്കരവർഗ്ഗ രാഷ്ട്രീയ ചെടിയാണെന്ന് ഞാൻ തന്നെ ഈ സഭയിൽ പ്രസംഗിക്കുകയുണ്ടായി. ആ വിശ്വാസത്തോടുകൂടി തന്നെയാണ് ഈ മുന്നണിയിൽ പങ്കാളിത്തം വഹിച്ചത്. ആ കൃഷിയോട് ആഭിമുഖ്യമുള്ള ശ്രീ. പി. കെ. വി. ക്കും ശ്രീ. ശ്രീനിവാസനും അത് അറിയാം. ഒരു സങ്കരവർഗ്ഗ രാഷ്ട്രീയ ചെടിയെ സംബന്ധിച്ചിടത്തോളം പെട്ടെന്ന് അതിന് പല കീട ബാധകളും ഉണ്ടാകും. സങ്കരവർഗ്ഗ രാഷ്ട്രീയ ചെടിയെന്നു പറയുമ്പോൾ ഐ. ആർ. എട്ട്. ജയ, പത്മ തുടങ്ങിയ ഉൽപ്പാദനശേഷി കൂടിയ നെൽവിത്തുകൾ കൃഷി ചെയ്യുമ്പോൾ പെട്ടെന്ന് തണ്ടുതുരപ്പൻ, മുഞ്ഞ, ഓലചുരുട്ടി തുടങ്ങിയ കീടബാധകൾ അതിന് ഉണ്ടാകും. ഈ കീടബാധകളെ സംബന്ധിച്ചിടത്തോളം അത് സമയാസമയം നോക്കി മരുന്നു

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

തളിക്കാൻബാദ്ധ്യതയുള്ള പരമസാത്വികനായ ശ്രീ. ടി. കെ. രാമകൃഷ്ണനു് സാധിക്കാത്തതുകൊണ്ടു് കേരളത്തിന്റെ രാഷ്ട്രീയ കൃഷിഭൂമിയിൽ നട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന രാഷ്ട്രീയ ചെടിക്കു് തണ്ടു തുരപ്പൻ, മുഞ്ഞ ഓലചുരുട്ടി തുടങ്ങിയ രോഗബാധകൾ ഉണ്ടായി. ശ്രീ. ടി. കെ. രാമകൃഷ്ണൻ അതു് നിഷ്ക്രിയനായി നോക്കി നിന്നതുകൊണ്ടു് ആണു് ഇടതുപക്ഷ ജനാധിപത്യ മുന്നണി പൊളിഞ്ഞതു്. നിങ്ങൾ ഞങ്ങളെയാണു് വഞ്ചിച്ചതു്. അല്ലാതെ ഞങ്ങൾ നിങ്ങളെ വഞ്ചിച്ചിട്ടില്ല. ഞങ്ങളുടെ മിത്രങ്ങളെപ്പോലും പിണക്കിക്കൊണ്ടു്, ഒഴുക്കിനെതിരായി നീന്തിക്കൊണ്ടു ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തറവാട്ടിൽ അഞ്ചുകൊല്ലം താമസിക്കാൻവേണ്ടി തലയണയും പായും കെട്ടുമായി വന്നവരാണു് ഞങ്ങൾ. പക്ഷെ നിങ്ങൾ അവിടെ താമസിക്കാൻ സമ്മതിച്ചില്ല. കൂറെക്കൂടി വ്യക്തമായി പറഞ്ഞാൽ എന്തുകൊണ്ടു് മുന്നണിയിൽനിന്നും പോയെന്നു ചോദിച്ചാൽ കേരളത്തിന്റെ സാമൂഹ്യ ശരീരത്തിൽ അട്ടിമറിയെന്നു പറയുന്ന മാരകമായ ഒരു രോഗം ബാധിച്ചു. ആ രോഗത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ അമീബിക്കു് ഡിസൻട്രി പോലെ ഉള്ളതാണു്. അതു് ശ്രീമാൻ ടി. കെ. രാമകൃഷ്ണന്റെ കാലത്തു് മാത്രം ഉണ്ടായതാണെന്നു പറയുന്നില്ല. അതുപോലുള്ള രോഗങ്ങൾ പിടിപെട്ടാൽ തീരെ വിട്ടു മാറാൻ പ്രയാസമാണു്. പിന്നെ എങ്ങനെ അതിനെ നേരിടുമെന്നു ചോദിച്ചാൽ ഇടയ്ക്കിടയ്ക്കു് ഫ്ലാജിൽ എന്നു പറയുന്ന ഒരു ഗുളിക കൊടുത്താൽ 6 മാസത്തേയ്ക്കു് കുറഞ്ഞിരിക്കും. പിന്നെയും അനുകൂലമായ കാലാവസ്ഥ വരുമ്പോൾ അണുക്കൾ പൊട്ടി ചിതറും. കേരളത്തിലെ മിക്ക സ്ഥലത്തും ശ്രീ. കെ. എം. മാണിയെപ്പോലുള്ള ആളുകൾ ആഭ്യന്തരവകുപ്പു് കൈകാര്യം ചെയ്തുകൊണ്ടിരുന്നപ്പോൾ ഗുളിക കൊടുത്തു് ഒതുക്കിയിരുന്ന അട്ടിമറിക്കാർ എന്നു പറയുന്ന അമീബിക്കു് ഡിസൻട്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ ആഭ്യന്തര മന്ത്രിയായി വന്ന അനുകൂലമായ കാലാവസ്ഥയിൽ പൊട്ടി വളർന്നതുകൊണ്ടു് രാജ്യത്തെ ആളുകൾക്കു് കിടക്കപ്പൊറുതി ഇല്ലാതെ വന്നതുകൊണ്ടു് ആണു് ഞങ്ങൾക്കു് ഈ നിലപാടു് എടുക്കേണ്ടതായി വന്നതു്.

സർ, ശ്രീ. പി. എസ്. ശ്രീനിവാസൻ ഇവിടെ ശ്രീ. കെ. എം. മാണി നാലു ദിവസം ആലോചിച്ചു കളഞ്ഞു എന്നു പറഞ്ഞു. ഞങ്ങൾ നാലു ദിവസം ആലോചിച്ചതാണു്. ശ്രീ. ബേബിജോണും ശ്രീ. ടി. കെ. രാമകൃഷ്ണനും ശ്രീ. നായനാരും ഗൗരിയമ്മയുമെല്ലാം ഉള്ള ആ തറവാട്ടിൽ നിന്നും ഇറങ്ങിപ്പോകുമ്പോൾ പെട്ടെന്നു് ഇറങ്ങിപ്പോകാൻ സാധിക്കുകയില്ലല്ലോ. കാര്യമായി ആലോചിച്ചിട്ടു് തന്നെയാണു് ഇറങ്ങിപ്പോയതെന്നു സൂചിപ്പിക്കാൻ കൂടി ഈ സന്ദർഭം വിനിയോഗിക്കുകയാണു്. ബഹുമാനപ്പെട്ട രാഘവനോടു് എനിക്കു് ഒററ കാര്യം മാത്രമേ പറയാനുള്ളു. ഞാൻ ശ്രീ. രാഘവന്റെ ഭാഷയിൽ പറയാൻ ആഗ്രഹിക്കുന്നില്ല. ചെന്നായുടേയും കുയിലിന്റേയും കഥ രാഘവനു സുപരിചിതമാണെന്നാണു് എന്റെ വിശ്വാസം. ഒരു വൃക്ഷത്തിന്റെ പോട്ടിൽ ഒരു ചെന്നായയും അതിന്റെ മുകളിൽ ഒരു കുയിലും താമസിച്ചിരുന്നു. പഞ്ചതന്ത്രത്തിലെ പ്രസിദ്ധമായ കഥയാണു്. ഒരു ദിവസം ആ ചെന്നായ കുയിലിനോടു് പറഞ്ഞു 'എടോ കൂട്ടുകാരാ ഞാൻ ഇവിടെനിന്നും പോവുകയാണു്. കുയിൽ ചോദിച്ചു എന്താണു് പോകുന്നതെന്നു്. ഈ നാട്ടിലുള്ളവരെല്ലാം നാറികളാണു്. അതുകൊണ്ടാണു് പോകുന്നതെന്നു പറഞ്ഞു. അവരെല്ലാം കുഴപ്പക്കാരാണു്. ഇവരുടെ സമൂഹത്തിൽ ഞാൻ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല. എവിടെയെങ്കിലും നടക്കുമ്പോൾ എന്റെ നേരെ അമ്പു് എയ്യുന്നു, എന്നെ വെടിവയ്ക്കാൻ ശ്രമിക്കുന്നു, എന്നെ കല്ലു് എറിയുന്നു, അതുകൊണ്ടു് ഇവിടെയുള്ളവരെല്ലാംകൊള്ളരുതാത്ത ആളുകളാണു്. അപ്പോൾ നിങ്ങൾ പോവുകയാണോയെന്നു് കുയിൽ ചോദിച്ചു. അപ്പോൾ കുയിൽ പറഞ്ഞു സ്നേഹിതൻ ഇവിടെനിന്നും പോയാലും സ്നേഹിതന്റെ ശരീരത്തിലുള്ള കൂർത്തുമൂർത്ത നഖങ്ങളും കോമ്പല്ലുകളും ഉപയോഗിച്ചു് അന്യ ജീവികളെ പിടിച്ചു് തിന്നുകയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ ചെന്നായ പറഞ്ഞു അത് ഞാൻ ചെയ്യും. അപ്പോൾ കുയിൽ പറഞ്ഞു എന്നാൽ ഈ നാട്ടുകാരെ കുററം പറഞ്ഞിട്ട് കാര്യമില്ല. സ്നേഹിതന്റെ ശത്രുക്കൾ എന്നു പറയുന്നത് സ്വന്തം ശരീരത്തിൽ തന്നെയുള്ള കോമ്പല്ലുകളും നഖങ്ങളും ആണ്. അതുപോലെ ശ്രീമാൻ രാഘവൻ കേരളാകോൺഗ്രസ്സുകാരേയും ശ്രീ. കെ. എം. മാണിയേയും കുററം പറഞ്ഞിട്ടു കാര്യമില്ല. നിങ്ങൾക്കു പററിയ അബദ്ധത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കണം. എന്റെ അഭിപ്രായത്തിൽ നിങ്ങൾക്ക് ഇനിയും നന്നാകാൻ സാദ്ധ്യതകളുണ്ട് 1957—59 കാലഘട്ടങ്ങളിൽനിന്നും നന്നായിട്ടുണ്ട്. മററുള്ളവരെ കുററം പറഞ്ഞുകൊണ്ട് സ്വന്തം തെററ് കാണാൻ കഴിയാതെ പോകരുതെന്നു പറഞ്ഞുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഒന്നുകൂടി ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. നായർ: സർ, രണ്ട് വർഷങ്ങൾക്കുമുമ്പ് 93 പേരുള്ള ഒരു മുന്നണിയും 46 പേരുള്ള മറെറാരു മുന്നണിയും നിലവിലിരുന്ന ഈ നിയമസഭാതലത്തിൽ ഞാൻ ഏകനായി കടന്നുവന്നപ്പോൾ ഇത്ര സാഹസികമായ ഒരു സന്ദർഭത്തിന് സാക്ഷ്യം വഹിക്കേണ്ടിവരുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. കുരുക്ഷേത്ര യുദ്ധത്തിൽ ധൃതരാഷ്ട്രർ വിദുരരോടു ചോദിച്ചു എങ്ങനെയിരിക്കുന്നു യുദ്ധമെന്ന്. അപ്പോൾ "അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ" എന്നാണ് പറഞ്ഞത്. ഒരു അമ്പ് രാവിലെ ശ്രീ.എം.വി.രാഘവൻ എന്റെ നേർക്കും വിട്ടു. അദ്ദേഹത്തോട് എനിക്ക് ഒന്നേ പറയാനുള്ളു. ഞാൻ ഈ രാജ്യത്ത് കായൽ രാജാക്കൻമാരുടേയും തോട്ടം മുതലാളിമാരുടേയും തോളിൽ കൈ ഇട്ടുകൊണ്ട് വന്നവനല്ല. കുഞ്ഞാലിയെപ്പോലുള്ള സഖാക്കളുടെ രക്തത്തിന് വില പറഞ്ഞിട്ടും വന്നവനല്ല. ഈ രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ വളരെ വർഷത്തെ രാഷ്ട്രീയ പ്രവർത്തനത്തിനുശേഷം അവരുടെ വോട്ടു നേടി വന്നവനാണ് ഞാൻ. എന്നെ തെരഞ്ഞെടുത്ത ജനങ്ങളുടെ വികാരങ്ങൾക്കും ആഗ്രഹങ്ങൾക്കും രൂപം കൊടുക്കാനുള്ള ബാദ്ധ്യത മാത്രമാണ് എനിക്കുള്ളത്. ഒരു മുന്നണിയുടേയും രാഷ്ട്രീയ ആവശ്യത്തിന് നിന്നുതരാൻ ഞാൻ കടപ്പെട്ടവനല്ല. അത് ഈ നിയമസഭാക്കാലത്ത് ചെയ്യാൻ ഞാൻ ഒട്ടും ആഗ്രഹിക്കുന്നും ഇല്ല. നിങ്ങൾക്ക് ഈ നിയമസഭ പിരിച്ചുവിടാനാണ് ആഗ്രഹമെങ്കിൽ അതിന് എത്രയോ സന്ദർഭങ്ങൾ ഉണ്ടായിരുന്നു. കോൺഗ്രസ് എസ്സ്. നിങ്ങളിൽനിന്നും വിട്ടു പിരിഞ്ഞുപോയിട്ട് ബാക്കി 71 അംഗങ്ങൾ ഉണ്ടായിരുന്ന അവസരത്തിൽ എന്റെ പിന്തുണകൂടി ഞാൻ നിങ്ങൾക്ക് വാഗ്ദാനം ചെയ്തിരുന്നതാണ്. അന്ന് നിങ്ങൾക്കു വേണമെങ്കിൽ പിരിച്ചുവിടാമായിരുന്നു. അതുകഴിഞ്ഞശേഷം കഴിഞ്ഞ ഡിസംബർ 26-ാം തീയതിവരെ ഈ നിയമസഭ സസ്പെൻറ് ചെയ്തുനിർത്തിയിരിക്കുകയായിരുന്നു. ആ കാലഘട്ടത്തിൽ പിരിച്ചുവിടണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ നിങ്ങൾക്ക് എന്നെ സമീപിക്കാമായിരുന്നു. എന്റെ സമ്മതത്തോടുകൂടി പിരിച്ചുവിടാനുള്ള അന്തരീക്ഷം ഉണ്ടാക്കാമായിരുന്നു. ആ അവസരത്തിൽ ആരും എന്നെ സമീപിച്ചില്ല. അതിനുള്ള രംഗം ഒരുക്കിയുമില്ല. ആ അവസരത്തിലാണ് ജനാധിപത്യമുന്നണിയുടെ പ്രവർത്തകർ എന്നെ സമീപിച്ചുകൊണ്ട് ആ മുന്നണിയിൽ ഭാഗഭാഗിത്വം വഹിക്കണമെന്നു പറഞ്ഞത്. പക്ഷെ ഞാൻ അതിന് തയ്യാറായില്ല. അവസാനം അവർ എന്നോടു ചോദിച്ചത് കഴിഞ്ഞ നിയമസഭാക്കാലത്ത് ഗവൺമെൻറിന് കൊടുത്തതുപോലുള്ള പിന്തുണ ഞങ്ങളുടെ ഗവൺമെൻറിനും തന്നുകൂടായോയെന്നാണ്. ഒരു കക്ഷിരഹിതനെന്നുള്ള നിലയിൽ അത് എന്റെ ബാദ്ധ്യതയാണ്. ഈ രാജ്യത്ത് ഒരു ഗവൺമെൻറുണ്ടായിക്കഴിഞ്ഞാൽ എന്നെ തെരഞ്ഞെടുത്ത ജനങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നിറവേററുന്നതിനുവേണ്ടി ആ ഗവൺമെൻറിനെ സഹായിക്കുകയെന്നുള്ളത് ഒരു സ്വതന്ത്രമെമ്പർ എന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്റെ കടമയാണ്. ആ കടമ നിറവേററുന്നതിലപ്പുറം രാഷ്ട്രീയമായ ഒരു നിലപാടും ഞാൻ ഈ നിയമസഭയിൽ സ്വീകരിക്കുന്നില്ല. ഈ നിയമസഭയിൽ ഉന്നയിച്ച പ്രധാനമായ മറെറാരു പ്രശ്നം ഗവർണ്ണർ ശ്രീ. കരുണാകരന് സത്യപ്രതിജ്ഞ ചെയ്യാനുള്ള അവസരം കൊടുത്ത അവസരത്തിൽ ഭൂരിപക്ഷം ഉണ്ടായിരുന്നോ എന്നുള്ളതാണ്. ഇന്ന് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്നുള്ളത് പ്രശ്നമല്ല. പക്ഷേ ഡിസംബർ 26-ാം തീയതിതന്നെ ഞാൻ എന്റെ പിന്തുണ വാഗ്ദാനം ചെയ്തിരുന്നു. അതുപോലെതന്നെ ജനതാപാർട്ടിയിലെ മൂന്നു അംഗങ്ങൾ അന്ന് സ്വന്തമായി അവരുടെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കണം. അതുകൊണ്ടാണല്ലോ മറിച്ചൊരു തീരുമാനം വന്നപ്പോൾ ഇത്തരമൊരു തീരുമാനം എടുക്കേണ്ടതായിവന്നത്. അങ്ങനെവച്ചുനോക്കുമ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ സത്യപ്രതിജ്ഞ ചെയ്യാൻ ശ്രീ. കെ. കരുണാകരനെ അനുവദിക്കുന്ന സന്ദർഭത്തിൽ 71 പേർ ഒരു വശത്തും മറുവശത്ത് ശ്രീ. കെ. ചന്ദ്രശേഖരനും ശ്രീ. കൃഷ്ണൻകുട്ടിയും തീരുമാനമെടുക്കാതിരുന്ന അവസരത്തിൽ സ്പീക്കർ ഉൾപ്പെടെ 68 പേരുടെ പിന്തുണയാണ് ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിൽ സബ്ജക്ടീവ് സാററിസ് ഫാക്ഷൻ കേരളത്തിലെ ഗവർണ്ണർക്ക് ഉണ്ടായിപ്പോയിയെങ്കിൽ അത് അക്ഷന്തവ്യമായ അപരാധമാണോയെന്ന് ചോദിക്കുകയാണ്. ഞാനൊരു തീരുമാനമെടുത്തത് പ്രത്യേക സാഹചര്യത്തിലാണ്. ഈ രാജ്യത്തെ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ വളർച്ച ഒതുക്കുവാൻ വേണ്ടിയല്ല. ഞങ്ങൾ ആലോചിച്ചപ്പോൾ ഈ രാജ്യത്ത് ഇതിനുമുൻപ് ഇതുപോലുള്ള അവസരങ്ങളുണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്ലാനും പദ്ധതികളും തായാറാക്കുന്ന അവസരത്തിൽ ഒരു പോപ്പുലർ ഗവൺമെൻറ് ഉണ്ടായിരിക്കേണ്ടത്......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ: ഞങ്ങളുടെ പാർട്ടിക്കുള്ള 5 മിനിററ് കൂടി അനുവദിച്ചാൽ മതി.

ശ്രീ. ഇ. അഹമ്മദ്: ഞങ്ങളുടെ പാർട്ടിയിൽനിന്നും..........

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീമാൻ കരുണാകരന്റെ പാർട്ടിയുടെ സമയവും ശ്രീ. ഇ. അഹമ്മദിന്റെ പാർട്ടിയുടെ സമയവും.... ......

ബഹളം

ശ്രീ. കെ. കെ. നായർ: പ്ലാനും പദ്ധതികളും തയ്യാറാക്കുമ്പോൾ ഒരു പോപ്പുലർ ഗവൺമെൻറ് ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അടുത്ത വർഷത്തേയ്ക്ക് ബഡ്ജററ് തയ്യാറാക്കുമ്പോൾ ഒരു പോപ്പുലർ ഗവൺമെൻറ് ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ആ അവസരത്തിൽ പെൻഷൻ പററി ഷഷ്ടിപൂർത്തി കഴിഞ്ഞിട്ടുള്ള ഐ. എ. എസ്., ഐ. സി. എസ്. ഉദ്യോഗസ്ഥൻമാർ നമ്മുടെ സംസ്ഥാനത്ത് നാട്ടുരാജാക്കൻമാരെപ്പോലെ നടക്കുന്നത് കാണാൻ എനിക്ക് ഇഷ്ടമില്ല. അതേയവസരത്തിൽ ഇവിടെ തെരഞ്ഞെടുക്കപ്പെട്ട, നിയമസഭാംഗങ്ങൾ ഉൾപ്പെട്ട ഒരു ഗവൺമെൻറ് ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചു. അതിന്റെ പേരിലാണ്. ഞാൻ ഈ ഗവൺമെൻറിന് പിന്തുണ പ്രഖ്യാപിച്ചത്. ആ പിന്തുണ ഈ ഗവൺമെൻറിനെ നിലനിറുത്തുവാൻ വേണ്ടി ഉപയോഗിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് പറയുന്ന അവസരത്തിൽ ഒരുപേക്ഷ എന്റെ പിന്തുണ മറുപക്ഷത്ത് വാഗ്ദാനം ചെയ്തിരുന്നുവെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു മോമൻററി സാററിസ്ഫാക്ഷൻ ഉണ്ടാകുമായിരുന്നു. ഞങ്ങൾ പിടിച്ചവശം ജയിച്ചല്ലോയെന്ന്. ഈ സാററിസ് ഫാക്ഷൻ ഉണ്ടാകുന്ന അവസരത്തിൽ മറുവശത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് ഒരു ഗവൺമെൻറ് ജനങ്ങൾക്ക് താൽക്കാലികമായിട്ടെങ്കിലും ഉണ്ടാവുകയാണ്. ഞാൻ ഈ ഗവൺമെൻറിന് പിന്തുണ പ്രഖ്യാപിക്കുകയാണ്. ഈ അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു.

പ്രൊഫസർ ഉമ്മൻ മാത്യു : സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിയുക്തം എതിർക്കുകയാണ്. അവിശ്വാസ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഇവിടെ പ്രസ്താവിച്ചത് കേരള ഗവർണ്ണർ ഒരു ന്യൂനപക്ഷ ഗവൺമെൻറിനെ അധികാരത്തിലേററാൻ സമ്മതിച്ചു കൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ ചെയ്ത നടപടി തെററാണെന്നും ഇവിടെ ഉള്ളത് ഒരു ന്യൂനപക്ഷ ഗവൺമെൻറാണെന്നുമാണ്. സർ, ഒക്ടോബർ മാസം 20-ാം തീയതി മുതൽ ഡിസംബർ 28 വരെയുള്ള തീയതികളിൽ കേരളനിയമസഭയിലെ അംഗങ്ങളിൽ 62 പേർ മാത്രമാണ് നിയമസഭ പിരിച്ചുവിടണമെന്നുള്ള വാദഗതി ഉന്നയിച്ചിട്ടുള്ളത്. ജനതാ പാർട്ടിയിലെ സ്നേഹിതൻമാരും കോൺഗ്രസ് എസ്സിലെ സ്നേഹിതൻമാരും ഒന്നുംതന്നെ നിയമസഭ പിരിച്ചുവിടണമെന്നുള്ള വാദവുമായി മുമ്പോട്ട് വന്നിരുന്നില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഇവിടെ ഒരു ഗവൺമെൻറ് ഉണ്ടാക്കിയതിന് ഇത്രമാത്രം അപരാധം കാണുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഈ നിയമസഭ കൂടുന്ന സമയത്ത് ഇപ്പുറത്ത് 71 ആളുകളും അപ്പുറത്ത് 69 ആളുകളുമായിരുന്നു ഉണ്ടായിരുന്നത്. അന്നത്തെ സ്പീക്കർ ശ്രീ. എ. പി. കുര്യൻ രാജിവച്ചതുകൊണ്ടാണ് ഇപ്പോൾ അപ്പുറത്ത് 70 അംഗങ്ങളായത്. അപ്പോൾ ഈ സഭ കൂടുമ്പോൾ ഉണ്ടായിരുന്ന കക്ഷിനില എഴുപത്തിയൊന്നും അറുപത്തി ഒൻപതുമായിരുന്നു. അതാണ് സ്ററാററസ്കോ. ആ സ്റററസ്കോ മെയിൻറയിൻ ചെയ്യാനുള്ള കടമയെക്കുറിച്ച് ഇവിടെ കൂടുതലൊന്നും സംസാരിക്കുന്നില്ല. ഇതിനുമുൻപും കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്തരം ഗവൺമെൻറ് ഉണ്ടായിട്ടുണ്ട്. 64 അംഗങ്ങളെ വച്ചുകൊണ്ട് ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായരുടെ നേതാവ് ശ്രീ. സി. അച്യുതമേനോൻ 1969-ൽ ഒരു ഗവൺമെൻറ് ഉണ്ടാക്കിയ കാര്യം അത്രപെട്ടെന്ന് മറക്കരുത് എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. 64 അംഗങ്ങൾ മാത്രമുണ്ടായിരുന്നപ്പോൾ കോൺഗ്രസ്സുമായും സഹകരിച്ച് ഇവിടെ ഒരു ഗവൺമെൻറ് ഉണ്ടാക്കുകയില്ലെന്ന് പ്രഖ്യാപിച്ച ശ്രീ. സി. അച്യുതമേനോൻ ഈ രാജ്യത്ത് മുഖ്യമന്ത്രിയായ ചരിത്രമുണ്ട്. ആ അനുഭവമല്ല ഇപ്പോഴുള്ളത്. മുഖ്യമന്ത്രിയായി ശ്രീ. കെ. കരുണാകരൻ ചാർജ് എടുക്കുമ്പോൾ ഈ ഗവൺമെൻറിന് വ്യക്തമായ ഭൂരിപക്ഷമുണ്ടായിരുന്നു. അത് കണക്കുകൾ വ്യക്തമാക്കുന്നതാണ്. ശ്രീ. ഇ. കെ. നായനാരോട് എനിക്ക് ഒരുകാര്യം ചോദിക്കുവാനുണ്ട്. ഒക്ടോബർ 16-ാം തീയതി മുതൽ 20-ാം തീയതിവരെയുള്ള 4 ദിവസങ്ങളിൽ ശ്രീ. നായനാർക്ക് എത്രപേരുടെ പിന്തുണയുണ്ടായിരുന്നു? സ്പീക്കറെ കൂടാതെ 70 പേരെ വച്ചുകൊണ്ട് 4 ദിവസം മുഖ്യമന്ത്രിയായിട്ടിരുന്നു ചാക്കിട്ട് പിടിച്ച് ആളുകളെ കണ്ടുപിടിച്ച് ഭരണം തുടരാമെന്ന് വിചാരിച്ച ശ്രീ. നായനാർ ഇപ്പോൾ 70 പേരെ വച്ചുകൊണ്ട് ഭരിക്കുന്നത് ശരിയല്ലാ എന്നു പറഞ്ഞ് ധാർമ്മികോപദേശം നടത്തുന്നത് ശരിയല്ലായെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. സർ, മാർക്സിസ്ററ് പാർട്ടിയുടെ സ്ഥിരമായ ഒരേർപ്പാടാണ് ഇരട്ടത്താപ്പുനയം. അവർ ചെയ്യുന്നത് മററാരെങ്കിലും ചെയ്താൽ അതിനെ അപലപിക്കുന്ന നയം ആണ് മാർക്സിസ്ററ് പാർട്ടി എക്കാലത്തും തുടരുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ ഇവിടെ മങ്കൊമ്പിലെ കൊലപാതകത്തെക്കുറിച്ച് പറഞ്ഞു. അതിനെ ഞങ്ങളും അപലപിക്കുന്നു. അത് തെററാണ് രാഷ്ട്രീയമായ കാര്യങ്ങളിൽ കൊലപാതകം നടത്തുന്നത് തെററാണെന്നുള്ള അഭിപ്രായമാണ് എനിക്കും എൻെറ കക്ഷിക്കും ഉള്ളത്. ശ്രീ. ഇ. എം. ശങ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിപ്പാട് മങ്കൊമ്പിൽ എത്തുകയുണ്ടായി. ഇത്രയും ക്രൂരവും നിന്ദ്യവുമായ കൊലപാതകം കേരള ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നു പറഞ്ഞു. എനിക്കൊന്നു ചോദിക്കുവാനുള്ളത് മാർക്സിസ്റ്റുപാർട്ടി ഭരിച്ചിരുന്ന കാലത്ത് ഇത്രയും ക്രൂരവും നിന്ദ്യവുമായ കൊലപാതകം നടന്നിട്ടില്ലേ എന്നാണ്. മങ്കൊമ്പിൽ ഈ കൊലപാതകം നടന്ന സ്ഥലത്തുതന്നെ ബി.ജെ.പി. പ്രവർത്തകൻ ഒരു ഹരിജനെ തലവെട്ടി കൊന്നിട്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ എന്തുചെയ്തുവെന്ന് ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. നാദാപുരത്ത് ബി. ജെ. പി. പ്രവർത്തകനായ കൊക്കൻ എന്നുപേരുള്ള ഒരാളെ അതിനീചമായി നാൽക്കവലയിൽ വിസ്തരിച്ച് വിചാരണ ചെയ്തുകൊണ്ട് കൈത്തോക്കുകൊണ്ട് വെടിവച്ച് തളർത്തിയശേഷം അവിടെവച്ച് വെടിവച്ചുകൊന്നപ്പോൾ ശ്രീ. ഇ. എം. എസ്സിന്റെയും ശ്രീ. ടി. കെ. രാമകൃഷ്ണന്റെയും വികാരം എവിടെപ്പോയി ഒളിച്ചിരിക്കുകയായിരുന്നുവെന്ന് ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. മങ്കൊമ്പിലെ കൊലപാതകം അതിനീചമാണെന്നും തെററാണെന്നും ഇ. എം. എസ്. പറഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾ മണലൂരിൽ മാർക്സിസ്റ്റു പാർട്ടിക്കാർ രണ്ട് കോൺഗ്രസ് ഐ പ്രവർത്തകരെ കൊന്നു. അന്നത്തെ ദേശാഭിമാനി പത്രത്തിൽ മണലൂരിൽ രണ്ട് കൊലപാതകം—ഇ. എം. എസ്. ഡൽഹിയിൽ. മണലൂരിൽ കോൺഗ്രസ് ഐ പ്രവർത്തകരെ കൊന്നപ്പോൾ ഇ. എം. എസ്സിന് വികാരമില്ലായിരുന്നു. അപ്പോൾ മാർക്സിസ്റ്റു പാർട്ടി ഇരട്ടത്താപ്പുനയമാണ് എല്ലാ രംഗങ്ങളിലും കാണിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്.

സർ, ഈ ഗവൺമെൻറിന് ഈ സഭയിൽമാത്രമല്ല, രാജ്യത്തിന് പുറത്തും ഭൂരിപക്ഷമുണ്ട്. അതിൽ യാതൊരു സംശയവും വേണ്ട. ആയിരം വോട്ടിന്റെ മാത്രം ഭൂരിപക്ഷത്തോടുകൂടി ആലപ്പുഴയിൽനിന്നും വിജയിച്ച ശ്രീ. പി. കെ. വാസുദേവൻനായർക്ക് ശ്രീ. മാണിയുടേയും ശ്രീ. ആൻറണിയുടേയും പിന്തുണ പിൻവലിച്ചതിനുശേഷം ഈ സഭയിൽ അംഗമായിരിക്കുവാനുള്ള ധാർമ്മികാവകാശമില്ല എന്നാണ് എനിക്കു പറയാനുള്ളത്.

പുതുപ്പള്ളിയിലും തൊടുപുഴയിൽ ശ്രീ. പി. ജെ. ജോസഫ് സംബന്ധിച്ച യോഗങ്ങളിലും സംഭവിച്ച കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ആഭ്യന്തരവകുപ്പു മന്ത്രിയും വിദ്യാഭ്യാസവകുപ്പു മന്ത്രിയും പ്രസംഗിക്കുന്ന യോഗങ്ങളിൽ കടന്നുചെന്ന് കല്ലെറിയുകയും കരിങ്കൊടി പ്രകടനമെന്ന വ്യാജേന മുളവടി കൊണ്ടുചെന്ന് മന്ത്രിമാരെ നേരിടുവാൻവേണ്ടി കവലച്ചട്ടമ്പിമാരെ പറഞ്ഞയച്ചാൽ അതിനെ ധീരമായി പോലീസ് നേരിടണമെന്ന അഭിപ്രായമാണ് എനിക്കും എന്റെ പാർട്ടിക്കും ഈ ഗവൺമെൻറിനും ഉള്ളത്. മാർക്സിസ്റ്റുപാർട്ടി രാജ്യവ്യാപകമായി കരിങ്കൊടിപ്രകടനം നടത്തുന്നു. കരിങ്കൊടി കരിംകുരങ്ങ് രസായനംപോലെ കരിങ്കൊടിയിൽ കൊടിയൊന്നുമില്ല, വടിമാത്രമേയുള്ളൂ. ഈ വടിയുമായി നടന്നു സി. ഐ. ടി. യു. പ്രവർത്തകരെക്കൊണ്ട് ഈ രാജ്യത്തെ ജനജീവിതം സ്തംഭിപ്പിക്കാം എന്ന് മാർക്സിസ്റ്റ് പാർട്ടി ധരിക്കുകയാണെങ്കിൽ അതിനെ ധീരമായി നേരിടാൻ ഗവൺമെൻറ് മുമ്പോട്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എം. അബൂബേക്കർ: സർ, എന്റെ സുഹൃത്ത് ശ്രീ. എ. സി. ഷൺമുഖദാസ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നതിന് കാരണം ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇന്ന് അധികാരത്തിലിരിക്കുന്ന ഈ ഗവൺമെൻറിന് ജനങ്ങളുടെ മാൻഡേററ് ഇല്ലായെന്നുള്ളതുകൊണ്ടും ഈ സഭയുടെ മാൻഡേററ് ഇല്ലായെന്നുള്ളതുകൊണ്ടുമാണ്. അതിനുംപുറമേ ഈ ഗവൺമെൻറിന് അധികാരത്തിൽ തുടരുന്നതിന് ഭരണഘടനാപരമായോ നിയമപരമായോ രാഷ്ട്രീയമായോ

LIBRARY ARCHIVES Kerala Legislative Assembly

ധാർമ്മികമായോ ഉള്ള അർഹതയും അവകാശവും ഇല്ലായെന്നുള്ളതിനെ സംബന്ധിച്ചെല്ലാം ഈ ഭാഗത്തുനിന്നും സംസാരിച്ച സുഹൃത്തുക്കൾ സൂചിപ്പിച്ചുകഴിഞ്ഞു അതുകൊണ്ട് ആ വിഷയങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട ഗവർണ്ണർ ഈ മന്ത്രിസഭയ്ക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുമ്പോഴംതന്നെ, അധികാരത്തിൽ കയറുമ്പോഴംതന്നെ ഈ ഗവൺമെൻറിന് ഭൂരിപക്ഷമില്ലായിരുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് എല്ലാവരും അംഗീകരിച്ചിട്ടുള്ള ഒരു യാഥാർത്ഥ്യംകൂടിയാണ്. നീതി നിർവ്വഹിച്ചു കഴിഞ്ഞാൽ മാത്രംപോരാ നീതി നിർവ്വഹിച്ചിരിക്കുന്നുവെന്ന് ബോധ്യപ്പെടുത്തുക കൂടി വേണമെന്ന് ഒരു ചൊല്ലുണ്ട്. ആ ചൊല്ല് ഇവിടെ കർശനമായും പാലിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തെ എല്ലാ ജനാധിപത്യ മൂല്യങ്ങളേയും അവഗണിക്കുകയും ഭരണഘടനാവ്യവസ്ഥയെ മറികടക്കുകയും ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ പോലും ഈ നെറികേടിന് കൂട്ടുനിന്ന അനുഭവമാണ് കാണാൻ കഴിയുന്നത്. ഇതിന് പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ ആശീർവാദവും ഉണ്ടായിരുന്നുവെന്നുള്ള സംഗതി അവിതർക്കിതമാണ്. ഈ ഗവൺമെൻറിന് രൂപംനൽകുന്ന കാര്യത്തിൽ ഭരണഘടനയ്ക്ക് അതീതമായി ചിന്തിക്കേണ്ടതായി വന്നുവെന്ന് ഈ സഭയിൽ പൂർണ്ണമായി ചെയ്യാത്ത പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ പോലും സമ്മതിക്കേണ്ടതായി വന്നിട്ടുണ്ടെന്ന് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്.

ഇവിടെ കഴിഞ്ഞ 21 മാസം അധികാരത്തിലിരുന്ന ഒരു ഗവൺമെൻറിനെ ഇടതുപക്ഷജനാധിപത്യ ഗവൺമെൻറിനെ ഈ നാട്ടിലെ സ്ഥാപിത താൽപര്യക്കാർ പൊളിച്ചു. പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും ഇന്ത്യ ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയിലെ നേതാക്കൻമാരുമെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിനെ പൊളിക്കുന്നതിൽ പങ്കാളികളായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽനിന്ന് ശ്രീ. എ. കെ. ആൻറണി നേതൃത്വം നൽകുന്ന കോൺഗ്രസ്സും, ശ്രീ. കെ. എം. മാണി നേതൃത്വം നൽകുന്ന കേരളാ കോൺഗ്രസ്സും അപ്പുറത്തേക്ക് പോയതിന് അവരുടേതായ ചില ന്യായീകരണങ്ങൾ ഈ സഭയിൽ കേട്ടു. ഇന്നലേയും ഇന്നും അപ്പുറത്തുനിന്ന് സംസാരിച്ച ശ്രീ. ആൻറണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിലെ സ്നേഹിതൻമാർക്കും ശ്രീ. മാണിയുടെ നേതൃത്വത്തിലുള്ള സ്നേഹിതൻമാർക്കും പറയാനുണ്ടായ ഏക കാരണം ഇവിടത്തെ ക്രമസമാധാനനില താറുമാറായിയെന്നുള്ളതാണ്. ക്രമസമാധാനപാലനം ഉറപ്പുവരുത്തുന്നതിനുവേണ്ടി അപ്പുറത്തേക്ക് പോയിട്ടുള്ള സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിലെ ക്രമസമാധാനനില ഭദ്രമായിട്ടുണ്ടോ ? കുരുടൻെറ വടിപോലെ എവിടെയും എങ്ങും കുത്തിപ്പിടിക്കാനുള്ളതാണ് പോലീസ് എന്നാണ് എൻെറ സ്നേഹിതൻ ഉമ്മൻചാണ്ടി ധരിച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ മുഖത്തും പിഞ്ചു കുട്ടികളുടെ നെഞ്ചത്തും സ്ത്രീകളുടെ നേരെയും തൊഴിലാളികളുടെ നേരെയും ശ്രീ. ഉമ്മൻചാണ്ടി വടിപ്രയോഗം നടത്തുന്നതാണ് കഴിഞ്ഞദിവസങ്ങളിൽ കണ്ണൂരും കൊല്ലത്തും യൂണിവേഴ്സിറ്റി ഹാളിലുമെല്ലാം നമുക്ക് കാണാൻ കഴിഞ്ഞത്. ഈ കച്ചവടത്തിൽ പലിശസഹിതം ലാഭമുണ്ടാക്കുകയാണ് ശ്രീ. കരുണാകരൻ ചെയ്തത്. സഞ്ജയ്ഗാന്ധിയെ സ്വീകരിക്കുന്നതിൽ ധാർമ്മികരോഷംകൊണ്ട ആൻറണി കരുണാകരൻെറ തിരുമുമ്പിൽനിന്നുകൊണ്ട് പശ്ചാത്താപബോധത്തോടുകൂടി ഇന്ന് ഏത്തമിടുന്നതു കാണുമ്പോൾ സഹതാപം തോന്നുകയാണ്. കഴിഞ്ഞ അഞ്ചാഴ്ചകൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ക്രമസമാധാനത്തിൻെറ കാര്യത്തിൽ അപമാനകരമായ ചില സംഭവങ്ങളാണ് നടന്നത്. രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തുന്നതിനുവേണ്ടിയുള്ള ചില പ്രവർത്തനങ്ങൾ ഈ ഗവൺമെൻറിൻെറ കാലത്ത് നടന്നിട്ടുണ്ട്. ശ്രീ. ജോസഫിൻെറ കൈപിടിയിൽ ഒതുങ്ങിക്കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാണിയും അവരെ സ്വീകരിക്കേണ്ടിവന്ന ശ്രീ. ജോസഫും മധുവിധുവിന്റെ മധുരക്കിനാക്കൾ അയവിറക്കുന്നസന്ദർഭത്തിൽതന്നെ പരസ്പരം ഏററുമുട്ടുകയും വൈധവ്യദുഃഖം അനുഭവിക്കേണ്ടിവരികയും ചെയ്തിരുന്ന സാഹചര്യത്തിൽ ഇന്ന് മൂകസാക്ഷികളായി അപ്പുറത്തിരിക്കുന്നത് ഞാൻ കാണുന്നു. ജാനുവരി 19-ാം തീയതി എന്തെല്ലാം സംഭവങ്ങളുണ്ടായി. കഴിഞ്ഞകാലത്ത് നടന്ന കൊലപാതകങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. പത്തനാപുരത്ത് റസാക്കിനേയും ഏലൂരിൽ ഷാഹുൽ ഹമീദിനേയും കൊലപ്പെടുത്തിക്കൊണ്ട് ക്രമസമാധാനത്തിന്റെ കാര്യത്തിൽ പുതിയ പുതിയ മാനങ്ങൾ സൃഷ്ടിക്കുകയാണ് ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന ശ്രീ. ഉമ്മൻചാണ്ടി ചെയ്തത്. ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ശ്രീ. ആൻറണിയുടെ ആദർശധീരതയെക്കുറിച്ച് ദയവായി നിങ്ങളൊന്നും പറയാതിരിക്കണം. ആ സുന്ദരമായ പദം ശ്രീ. ആൻറണിയുടെ പേര് ചേർത്തുകൊണ്ട് അതിന്റെ പവിത്രതയെ നിങ്ങൾ നശിപ്പിക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. ആദർശധീരതയല്ല അധികാരമോഹമാണ് ശ്രീ. ആൻറണിയെന്ന പൂച്ചസന്യാസി ഇക്കാലമത്രയും അണിഞ്ഞുകൊണ്ടു നടന്നിട്ടുള്ള മുഖംമൂടി എന്ന് കഴിഞ്ഞകാലത്തെ അനുഭവം തെളിയിച്ചു കഴിഞ്ഞു. ഇന്നലെ ശ്രീ. ഹസ്സൻ സംസാരിക്കുന്ന സന്ദർഭത്തിൽ ഡ്രാക്കുളപോലെയുള്ള ചില കഥാപാത്രങ്ങളെ ഈ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ചരിത്രത്തിൽ പ്രസിദ്ധിയോ കുപ്രസിദ്ധിയോ ആർജ്ജിച്ചിട്ടുള്ള ക്ലിയോപാട്രയെക്കുറിച്ച് ഈ സന്ദർഭത്തിൽ ഞാൻ ഓർത്തുപോവുന്നു. സർപ്പസൗന്ദര്യത്തിന്റെ പ്രതീകമായ ക്ലിയോപാട്ര ഒരു രാത്രി സുഖശയനം നടത്തിക്കഴിഞ്ഞാൽ പ്രഭാതത്തിൽ തന്നെ പ്രാപിച്ചവരെ വകവരുത്തുന്ന സർപ്പസൗന്ദര്യത്തിന്റെ ഉടമയായ ക്ലിയോപാട്രയുടെ രാഷ്ട്രീയപതിപ്പല്ലേ ശ്രീ. ആൻറണിയെന്ന് ചോദിച്ചാൽ എന്നോട് പരിഭവിക്കരുത്. ഇതിനുള്ള അനുഭവസാക്ഷികൾ ഈ സഭയിൽതന്നെ ഉണ്ട്. 1977 ആദ്യഘട്ടത്തിൽ ഈ സഭയിൽ ഇന്നും മുഖ്യമന്ത്രി സ്ഥാനത്ത് ഇരിക്കുന്ന അതേ സ്ഥാനത്ത് കരുണാകരനെ കയററി ഇരുത്തിയ ആൻറണി അതിനുശേഷമുള്ള കാലഘട്ടത്തിൽ, 1979-ന്റെ അവസാന കാലഘട്ടത്തിൽ ഏതാനും ദിവസം ശ്രീ. സി. എച്ച്. മുഹമ്മദുകോയയേയും കേരളത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്ത് ഇരുത്തിയിരുന്നു. ആ ഇരുത്തിയ ആളുകളുടെ മന്ത്രിസഭകളെയെല്ലാം ഇരുത്തിയതുപോലെതന്നെ അവിടെനിന്ന് പുറത്തേക്കു ഇറക്കുന്ന കാര്യത്തിലും അഭിനവ രാഷ്ട്രീയ ക്ലിയോപാട്ര പങ്ക് വഹിച്ചിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്. അത് ആർക്കും നിഷേധിക്കാൻ പററുകയില്ല. കൂറുമാററ ഗവൺമെന്റാണ്, കാലുമാററ ഗവൺമെന്റാണ് ഇവിടെ നിലവിലിരിക്കുന്നത്. ഈ സഭയിൽ ഈ ഗവൺമെന്റിനെ അനുകൂലിക്കുന്നുവെന്നു പറയുന്നവരിൽ നാലിലൊരു ഭാഗവും വ്യത്യസ്ത പാർട്ടിയിൽനിന്ന് കൂറുമാറി പോയവരാണ്. ശരത്പവാറിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന കോൺഗ്രസ്സിൽനിന്ന് കൂറുമാറിപ്പോയ പതിനാറുപേരും ജനതാപാർട്ടിയിൽ നിന്ന് കൂറുമാറിപ്പോയ മൂന്നുപേരും അപ്പുറത്ത് ഉണ്ട്. കൂറുമാററക്കാരുടേയും കാലുമാററക്കാരുടേയും ഒരു സങ്കേതമെന്നുള്ള നിലയിൽ അവരുടെ ആശീർവാദം കൊണ്ട്, അംഗീകാരംകൊണ്ടുമാത്രം നിലനിൽക്കുന്ന ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ അവകാശമില്ല. ആ കാരണംകൊണ്ടാണ് ഈ ഗവൺമെന്റ് രാജിവച്ചു പോകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത് ഞങ്ങൾ മാത്രമല്ല ശ്രീ. മാണി നേതൃത്വം നൽകുന്ന കേരളാ കോൺഗ്രസ് യൂത്ത് ഫ്രണ്ടും കരുണാകരന്റെ നേതൃത്വത്തിലുള്ള യൂത്ത് കോൺഗ്രസ്സുകാരും മുല്ലപ്പള്ളി രാമചന്ദ്രനെപ്പോലെയുള്ള ആളുകളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ മാൻഡേററില്ലാത്ത, നിയമവിരുദ്ധമായ, ന്യൂനപക്ഷ ഗവൺമെന്റിനെതിരായി കൊണ്ടുവന്ന അവിശ്വാസപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. സരസ്വതി അമ്മ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിയുക്തം എതിർക്കുകയാണ്. മറെറാന്നും കൊണ്ടല്ല ഇതിനകത്ത് യാതൊരു കഴമ്പുമില്ല, കാര്യവുമില്ല എന്നു ബോധ്യമുള്ളതു കൊണ്ടാണ്. ഈ രാജ്യത്ത് ഒരു പുതിയ സംവിധാനമില്ല. ഇവിടെ 1969-ലും കേന്ദ്രത്തിൽ 1971-ലും നടന്ന കാര്യങ്ങൾ അനുസ്മരിക്കുന്ന അവസരത്തിൽ പുതിയ കാര്യമായി പറയാൻ നിവർത്തിയില്ല ഇത് രാഷ്ട്രീയപ്രേരിത മാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. ഈ രാജ്യത്ത് അധികാരം നഷ്ടപ്പെട്ട ചില രാഷ്ട്രീയകക്ഷികളുടെ അഗാധമായ നൈരാശ്യത്തിന്റെ ബാഹ്യ പ്രകടനമായിട്ട് മാത്രമേ ഇതിനെ കണക്കാക്കുന്നുള്ളു. ശ്രീ. കെ. കെ. നായർ പറയുന്നു ഈ മന്ത്രിസഭ ഉണ്ടായകാലത്തു തന്നെ പിന്തുണ നൽകിയിരുന്നു വെന്ന്. ഇന്ന് ജനതാപാർട്ടി രണ്ടായി പിളർന്നെങ്കിലും ഈ ജനാധിപത്യ ചേരിയിൽ പ്രവർത്തിക്കുന്ന മൂന്നുപേർ ഉണ്ടെന്ന് 26-ാം തീയതിക്കുമുമ്പുതന്നെ മിക്കവാറും എല്ലാവർക്കും അറിയാമായിരുന്നു. അവരും ഒരു തീരുമാനമെടു ത്തിരുന്നു. പക്ഷേ പാർട്ടി പിളർക്കാതെ അഞ്ചുപേരും ഒരുമിച്ച് വരാമെന്നുള്ള വിചാരത്തിൽ കുറെക്കാലം കഴിഞ്ഞുവെന്നുള്ളതാണ് സത്യം. നൂറുകണക്കിന് ജനതാപാർട്ടിയുടെ അംഗങ്ങൾ, ഞാൻ താമസിക്കുന്ന ക്വാർട്ടേഴ്സിൽ ശ്രീമതി കമലത്തിനെ കാണാൻവന്നിട്ട് ആവശ്യപ്പെട്ടത്, കമലം ചേട്ടത്തി നിശ്ചയമായും നിങ്ങൾ ജനാധിപത്യചേരിയിൽ നിൽക്കണമെന്നായിരുന്നു. അതു ഞാൻ ഇപ്പുറത്തെ മുറിയിൽ ഇരുന്നു കേട്ടിട്ടുണ്ട്. അന്നു തന്നെ ഈ ഗവൺമെന്റിന് ധാർമ്മികമായി പിന്തുണ ഉണ്ടായിരുന്നു. അപ്പുറത്തുള്ളവർ ചില ആരോപ ണങ്ങൾ ഉന്നയിക്കുന്നത് കേട്ടു. പാപം ചെയ്യാത്തവർ കല്ല് എറിയട്ടെയെന്ന് ഒരു മഹാനുഭാവൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹം ആരാണെന്ന് എല്ലാവർക്കും അറിയാം. പാപം ചെയ്തവന് കല്ല് എറിയാൻ എന്ത് അവകാശ മാണെന്ന് ചോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അപ്പുറ ത്തുള്ളവരിൽ ചില സവിശേഷതകൾ എനിക്ക് കാണാൻ കഴിഞ്ഞു. ശ്രീ. രാമകൃഷ്ണനും ശ്രീ. സി. ബി. സി. യും ചില ആരോപണങ്ങൾ ഉന്നയിച്ചു. അത് കേട്ടപ്പോൾ

എവിടെപ്പോയിരുന്നിതു മുന്നം ധർമ്മ-

മെവിടെനിന്നിപ്പോളിവിടേക്കു വന്നു? എന്ന് ചോദിക്കാനാഗ്രഹി ക്കുകയാണ്. ഈ രാജ്യത്തെ കൂറുമാററത്തെക്കുറിച്ചും ചേരിതിരവിനെ കുറിച്ചും പറഞ്ഞു. അപ്പുറത്തിരിക്കുന്നവരും കൂറുമാറുകയും ചേരിതിരി യുകയും ചെയ്തിട്ടില്ലേ? ഇതെല്ലാം രാഷ്ട്രീയത്തിന് അനിവാര്യമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ നടന്നുവരുന്നത് ഈ കാര്യങ്ങളൊ ക്കെയാണ്. അതുകൊണ്ട് ആരും അങ്ങോട്ടുമിങ്ങോട്ടും ചെളിവാരി എറിഞ്ഞിട്ട് കാര്യമില്ല. നിർഭാഗ്യകരമായ ചില കാര്യങ്ങളെപ്പററി ഈ സഭയിൽ പറഞ്ഞു. മന്ത്രിസഭ ഉണ്ടായാലും ഇല്ലെങ്കിലും. ഉണ്ടാകുമെന്നുള്ളതിന് യാതൊരു സംശയ വുമില്ല, ഈ രാജ്യത്ത് നിലവിലുള്ള ചില മാനദണ്ഡങ്ങൾ അംഗീകരിച്ചു കൊണ്ട് സമാനപടികൾ മുന്നോട്ടുകൊണ്ടുപോകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇന്നലെ "ശിവദാസൻ എന്ന ഒരു വസ്തുവി"നെ കുറിച്ച് പറഞ്ഞപ്പോൾ ബഹളമുണ്ടായി. ഇന്ന് ഇത്തിക്കണ്ണിയെന്ന് പറഞ്ഞപ്പോൾ അൺ പാർലമെന്ററിയായി. ഇതുപോലുള്ള പദപ്രയോഗങ്ങൾ നടത്താൻ അറിയാത്തവരല്ല ഞങ്ങൾ. പക്ഷെ അഭിമാനത്തിന്റെ പേരിൽ, അന്തസ്സിന്റെ പേരിൽ ഈ സഭയുടെ ഉന്നതമായ നിലവാരം പുലർത്തണമെന്ന തുകൊണ്ട് ഞങ്ങൾ പറയുന്നില്ല. നിർഭാഗ്യകരമായ ചില പരാമർശങ്ങൾ ശ്രീ. കുര്യൻ ഉന്നയിച്ചു. ഈ രാജ്യത്ത് സ്ഥാനത്തും അസ്ഥാനത്തും സ്ത്രീകൾ മുന്നോട്ടുവരണമെന്ന് എല്ലാ രാഷ്ട്രീയപാർട്ടികളും ആവശ്യപ്പെടുന്നുണ്ട്, എല്ലാ സാമൂഹ്യവ്യക്തികളും ആവശ്യപ്പെടുന്നുണ്ട്, ധർമ്മം കൊടുത്തില്ലെങ്കിലും

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

പട്ടിയെവിട്ട് കടിപ്പിക്കരുതെന്ന് അപ്പുറത്തിരിക്കുന്നവരോട് പറയാനാഗ്രഹിക്കുകയാണ്. അമ്മമാരും പെങ്ങൻമാരും എല്ലാവർക്കുമുണ്ട്. അന്തസ്സായി സഭയിൽ പെരുമാറാൻ പഠിക്കണം. പുറത്ത് 127 സീററ് കിട്ടുമെന്ന് ഇവിടെ പറയുകയുണ്ടായി. ഈ രാജ്യത്ത് ബഹുഭൂരിപക്ഷത്തോടുകൂടി വിജയിച്ചു വരുന്നതിൽ ഞങ്ങൾക്ക് ആർക്കും ഭയമില്ല. ശ്രീ. ശ്രീനിവാസൻ പറഞ്ഞു തെരുവിൽ കാണാമെന്ന്. ഞങ്ങളും കാണും: കാണാൻ തയ്യാറായിട്ടുതന്നെയാണ് ഞങ്ങൾ നിൽക്കുന്നത്. പരാക്രമം സ്ത്രീകളോടല്ല വേണ്ടതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഞാൻ ഈ അവിശ്വാസപ്രമേയത്തെ അങ്ങേയററം എതിർക്കുന്നു.

മി. സ്പീക്കർ : മററ് കാര്യങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട സഭയെ ഒരു കാര്യം അറിയിക്കുവാനുണ്ട്. അവിടെ ശ്രീ. സി. എ. കുര്യൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ രണ്ടു ഭാഗത്തുനിന്നുമുണ്ടായ പരാമർശനങ്ങൾ പരിശോധിച്ച് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ മാററാമെന്ന് ബഹുമാനപ്പെട്ട സഭയെ ചെയറിൽനിന്ന് അറിയിക്കുകയുണ്ടായി. അവ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനുമുമ്പ് ആ കാര്യങ്ങൾ പത്രങ്ങളിൽ വരുന്നത് ഈ സഭയ്ക്ക് ഭൂഷണമായിരിക്കുമോ എന്ന് സംശയമുള്ളതുകൊണ്ട്, ബഹുമാനപ്പെട്ട കുര്യൻ മസ്ക്കററ് ഹോട്ടൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചത് പത്രങ്ങളിൽ വരാതിരിക്കണമെന്നുകൂടി ചെയറിൽനിന്ന് ഉള്ള തീരുമാനം അറിയിക്കുകയാണ്.

ശ്രീമതി എം. കമലം : ബഹുമാനപ്പെട്ട സ്പീക്കർ സർ, ശ്രീ ഷൺമുഖദാസ് ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു. കേരളത്തിലെ പ്രത്യേകതനിറഞ്ഞ രാഷ്ട്രീയ കാലാവസ്ഥയിൽ വന്ന സങ്കീർണ്ണമായ അനേകം പ്രശ്നങ്ങളെ അതിജീവിച്ചുകൊണ്ട് കഴിഞ്ഞ രണ്ട് വർഷമായി എന്റെ പാർട്ടിയായ ജനതാപാർട്ടി കൈക്കൊണ്ട രാഷ്ട്രീയ സമീപനമാണ് ഇന്ന് നിലവിലുണ്ടായിരിക്കുന്ന ജനാധിപത്യഗവൺമെന്റിന് അനുകൂലമായി, നിലകൊള്ളാനുള്ള സംഭവവികാസത്തിൽ ഞങ്ങളെ എത്തിച്ചിട്ടുള്ളത്. ഈ സംസ്ഥാനത്ത് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൂടെ മൽസരിക്കാൻ ആഗ്രഹിച്ച പാർട്ടിയായിരുന്നു എന്റെ പാർട്ടി. അടിയന്തരാവസ്ഥക്കാലത്ത് ഇരുമ്പഴികൾക്കുള്ളിലേക്ക് പോകുമ്പോൾ ഞങ്ങൾ അവർക്ക് ദിവ്യരായിരുന്നു, മാലാഖമാരായിരുന്നു. പുറത്തുവന്നപ്പോൾ ഞങ്ങൾ ശത്രുക്കളായി. ഞങ്ങളെ മുന്നണിയുടെകൂടെ അടുപ്പിക്കാൻ പാടില്ലാത്ത വിധം കേരളമണ്ണിൽ കുഴിച്ചുമൂടാനുള്ള നിലപാടാണ് ഇടതുപക്ഷമുന്നണി, മാർക്സിസ്ററ് പാർട്ടി പ്രത്യേകിച്ചും കൈക്കൊണ്ടത്. അതിന്റെ അനന്തരഫലമായി, ജനാധിപത്യ മുന്നണിയുമായി സഹകരിച്ചുകൊണ്ട് തെരഞ്ഞെടുപ്പിൽ മൽസരിച്ച് ജനാധിപത്യമുന്നണിയുടെ വോട്ടുമേടിച്ച് നിയമസഭയിൽ ഞങ്ങൾ കടന്നുവന്നു. ഇത് പരസ്യമായ ഒരു യാഥാർത്ഥ്യമാണ്. പ്രതിപക്ഷ ബഞ്ചുകളിലിരുന്നുകൊണ്ട് ക്രിയാത്മകമായ ഒരു പാർട്ടിയായി ശ്രീ. നായനാർ ഗവൺമെന്റിനെ ഞങ്ങൾ കൈകാര്യം ചെയ്യുകയും നായനാർ ഗവൺമെൻറ് കൊണ്ടുവന്ന നല്ല കാര്യങ്ങളെ അനുകൂലിക്കുകയും ഞങ്ങൾക്ക് യോജിക്കാൻ കഴിയാത്ത കാര്യങ്ങളെ ശക്തിയായി എതിർക്കുകയും ചെയ്തുകൊണ്ടാണ് കഴിഞ്ഞ കാലഘട്ടത്തിൽ ഞങ്ങളുടെ പാർട്ടി പ്രവർത്തിച്ചത്.

ഈ രാജ്യത്ത് കഴിഞ്ഞ ഇരുപത്തിയൊന്ന് മാസക്കാലത്തിനുള്ളിൽ ഉണ്ടായ ദുസ്സഹമായ, ജനജീവിതത്തെ വീർപ്പുമുട്ടിച്ചുകൊണ്ടുള്ള, ക്രമസമാധാനനില തകർന്നുകൊണ്ടുള്ള സാഹചര്യം വന്നപ്പോൾ എന്റെ നപാർട്ടി അതിനെതിരെ ഗർജ്ജിച്ചുകൊണ്ട് കേരളത്തിലുടനീളം ശക്തിയായി

പ്രവർത്തിച്ചിട്ടുണ്ട്. കാസർകോട് മുതൽ തിരുവനന്തപുരം വരെ എന്റെ പാർട്ടി നേതാക്കൻമാർ നടത്തിയ ജാഥ, ഈ സെക്രട്ടേറിയററ് പടിക്കൽ സമാധാനപരമായ പ്രകടനം എത്തിയപ്പോൾ എന്റെ പാർട്ടിയുടെ പ്രസിഡൻറ് ശ്രീ. കെ. ഗോപാലനേയും എന്റെ പാർട്ടിയിലെ എം. എൽ. എ. മാരേയും മററ് നേതാക്കളേയും തല്ലിച്ചതച്ചു. അന്ന് രക്തമൊലിപ്പിച്ചുകൊണ്ട് നിയമസഭയിലേക്ക് കടന്നുവന്ന ശ്രീമാൻ കൃഷ്ണൻകുട്ടി ഇന്ന് മാർക്സിസ്ററ് പാർട്ടിയുടെ ബെഞ്ചുകളിൽ ഇരിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ആളുകൾ അദ്ദേഹത്തിന് മാപ്പ് കൊടുക്കുകയില്ലായെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്ത് ആരും അത് വിസ്മരിച്ചിട്ടില്ല. ശ്രീമാൻ പി. ഭാസ്കരൻ രണ്ട് കൈയും പൊക്കികൊണ്ട്, ലാത്തിച്ചാർജ് കൊണ്ട് പ്രാണവേദനയോടുകൂടി ഈ സഭയിലേക്ക് ഓടിവന്ന സന്ദർഭം ഞാൻ അനുസ്മരിക്കുകയാണ്. എന്റെ നേതാവ് ശ്രീ. കെ. ചന്ദ്രശേഖരൻ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ജയിച്ച്, എം. എൽ. എ. ആയി മാലയിട്ട് പോകുമ്പോൾ വടകരയിലെ കമ്മ്യൂണിസ്ററ് പ്രവർത്തകൻമാർ അദ്ദേഹത്തെ വളയുകയും അദ്ദേഹത്തിന്റെ വാഹനം തല്ലിപ്പൊളിക്കുകയും അദ്ദേഹത്തേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകൻമാരേയും തല്ലി പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവം ശ്രീമാൻ ചന്ദ്രശേഖരൻ വിസ്മരിച്ചുപോയോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെ ഉടനീളം ഈ പ്രവർത്തനങ്ങൾ നടന്നു. എന്റെ നിയോജകമണ്ഡലത്തിൽ കൊലപാതകങ്ങൾ നടന്നു. സി. പി. ഐ. സി. പി. എം. തമ്മിലുള്ള സംഘട്ടനത്തിൽ എത്ര നിരപരാധികളെ കൊലക്കുരുതി കൊടുക്കേണ്ടിവന്നു; ആ നിലയിലുള്ള ഒരു സാഹചര്യത്തിൽ ജനവികാരത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട്, ജനങ്ങളുടെ അഭിലാഷത്തെ മാനിച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള ബാദ്ധ്യതയാണ് ജനതാപാർട്ടിക്ക് ഉണ്ടായിരുന്നത്. ഞങ്ങൾ ജനതാപാർട്ടിയെ വഞ്ചിച്ചിട്ടില്ല. ജനതാപാർട്ടി രണ്ടായി പിളർന്നിട്ടില്ല. ജനതാപാർട്ടിയുടെ ദേശീയനയത്തിനും സംസ്ഥാനനയത്തിനും വിരുദ്ധമായി ഞങ്ങൾ യാതൊന്നും പ്രവർത്തിച്ചിട്ടില്ല. ശ്രീ. ബാപ്പുകൽദാത്തെ ഇവിടെ വന്നപ്പോൾ എടുത്ത തീരുമാനം പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. ശ്രീ. രവീന്ദ്രവർമ്മയും, ശ്രീ. രാമകൃഷ്ണ ഹെഗ്ഡേയും ഇവിടെ വന്നപ്പോൾ, ഞങ്ങൾ മൊഴി കൊടുക്കാൻ പോയപ്പോൾ, ഞങ്ങൾ നാലു പേരും ഒററക്കെട്ടായിരുന്നു. മാർക്സിസ്ററ് പാർട്ടി ആരേയും ഒന്നും ചെയ്തിട്ടില്ലെന്നും, ആർ. എസ്. എസ്. കാരെമാത്രമേ കൊന്നിട്ടുള്ളു എന്നും ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞു. കണ്ണൂർ ജില്ലയിലെ ശ്രീ. കുഞ്ഞിരാമനെ കൊന്നതും ഫണ്ട് പിരിച്ചതും 'ബില്ലാ പള്ളി' സംഭവവും അതിന് പോർക്കാച്ചേരി സഖാവിനെ കൊന്നതുമെല്ലാം ഞങ്ങൾ വിവരിച്ചപ്പോൾ ഞങ്ങളുടെകൂടെ വളരെ ശക്തിയായി സംസാരിച്ച വ്യക്തിയാണ് ശ്രീ. ചന്ദ്രശേഖരൻ. ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാനകൗൺസിലിന്റേയും, ഞങ്ങളുടെ പാർട്ടിയിലെ എം. എൽ. എ. മാരുടെ ഓഫീസ് ഡയറക്ടേഴ്സിന്റെ മീററിംഗിലും സംസ്ഥാന എക്സിക്യൂട്ടീവിലും ബഹുഭൂരിപക്ഷത്തോടുകൂടിയാണ് ഞങ്ങളുടെ പ്രവർത്തകൻമാർ അഭിപ്രായം പറഞ്ഞത്. ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജില്ലകളിലേയും പ്രവർത്തകൻമാർ അന്ന് പറഞ്ഞത്, കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയുമായി ബന്ധപ്പെടുന്ന ഒരു സമീപനം കുറേക്കാലത്തേയ്ക്കെങ്കിലും ജനതാപാർട്ടി കൈക്കൊള്ളാൻ പാടില്ലായെന്നായിരുന്നു. ആ സമീപനത്തോട് നൂറ് ശതമാനവും യോജിപ്പുള്ള വ്യക്തിയായിരുന്നു ശ്രീമാൻ കെ. ചന്ദ്രശേഖരൻ.

ഞങ്ങളുടെ അഖിലേന്ത്യാ പാർട്ടി ഞങ്ങൾക്ക് സമ്മതം തന്നിട്ടുണ്ട്. ഞങ്ങളുടെ ബാംഗ്ലൂർ പ്രമേയം എന്റെ കൈയിലുണ്ട്. കമ്മ്യൂണിസ്ററ്

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് പാർട്ടിയോടും ഇതര കക്ഷികളോടും എന്ത് സമീപനമെടുക്കണമെന്ന് അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 'കേരളത്തിലും പശ്ചിമ ബംഗാളിലും ഭരണം നടത്തുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പെരുമാററം.... ....

ശ്രീ. കെ. കൃഷ്ണൻകുട്ടി: കഴിഞ്ഞ 23-ാം തീയതി ഞങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറിമാർ വന്നപ്പോൾ ബഹുമാനപ്പെട്ട ഈ മൂന്ന് എം. എൽ. എ. മാരും കോൺഗ്രസ്-ഐ. യ്ക്കു പിൻതുണ എഴുതിക്കൊടുത്തിട്ടില്ലായെന്നും പാർലമെൻററി ബോർഡിൽ എന്ത് തീരുമാനമാണോ എടുക്കുന്നത് അത് അക്ഷരംപ്രതി അനുസരിക്കുമെന്നും പറഞ്ഞിട്ട്, ഇവിടെ വന്നിട്ട് ജനതാനേതൃത്വം ഇങ്ങനെ തീരുമാനിച്ചു എന്നു പറയുന്നത് കള്ളമല്ലേ, അത് ആർഡറിലാണോ?

ശ്രീമതി എം. കമലം: സർ, ഞാൻ സത്യസന്ധമായി ജനാധിപത്യത്തിൻെറ ശ്രീകോവിലായ ഈ പരിശുദ്ധവേദിയിൽവച്ച് അങ്ങയോട് പറയുന്നു എം. എൽ. എ. മാരായ ഞങ്ങൾ മൂന്നുപേരും ആർക്കും ഒരു വാക്കും കൊടുത്തിട്ടില്ല, ഒരു വാചകവും എഴുതി കൊടുത്തിട്ടില്ല, ഗവർണ്ണറെ കണ്ടിട്ടില്ല, സംസാരിച്ചിട്ടില്ല. ശുദ്ധകള്ളമാണ് ഈ പറയുന്നത്, അതേ സമയത്ത് എൻെറ പാർട്ടിയുടെ പ്രസിഡൻറും നിയമസഭാ നേതാവും പാർട്ടി തീരുമാനിച്ചതനുസരിച്ച് ബഹുമാനപ്പെട്ട ഗവർണ്ണറെ കാണാൻ പോയപ്പോൾ ഈ നിയമസഭയിൽ അവിശ്വാസ പ്രമേയം ശ്രീ. നായനാരുടെ ഭാഗത്തു നിന്നും കൊണ്ടുവരികയാണെങ്കിൽ ഞങ്ങൾ നിഷ്പക്ഷത പാലിക്കുമെന്ന് ശ്രീ. ചന്ദ്രശേഖരനും ഞങ്ങൾ ഇവിടെ ഉണ്ടാകുന്ന മന്ത്രിസഭയെ നിലനിറുത്തും, മറിച്ചിടുകയില്ലെന്ന് ശ്രീ. കെ. ഗോപാലനും ഉറപ്പ് കൊടുത്തിട്ടുണ്ട്. അച്ചടക്കമുള്ള ഒരു പാർട്ടിപ്രവർത്തക എന്ന നിലയ്ക്ക് ജനാധിപത്യമുന്നണിയുടെ നൂറുശതമാനം വോട്ടും മേടിച്ചുകൊണ്ട് പത്തുപതിമൂന്നായിരത്തി എണ്ണൂറ് വോട്ടിൻെറ ഭൂരിപക്ഷത്തോടുകൂടി ഈ സഭയിലേയ്ക്ക് കടന്നു വന്ന എന്നെ സംബന്ധിച്ചിടത്തോളം, ശ്രീ. പി. ഭാസ്കരനെ സംബന്ധിച്ചിടത്തോളം, ജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥിയായി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ജയിച്ച ശ്രീ. പി. സി. തോമസിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ മണ്ഡലത്തിലെ വോട്ടർമാരോടും കേരളത്തിലെ ജനങ്ങളുടെ അഭിലാഷത്തോടും നീതി പുലർത്താനുള്ള ബാദ്ധ്യത ഞങ്ങൾക്കുണ്ടെന്ന വിശ്വാസമാണ് ഈ നിലപാടെടുക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചതെന്ന് ബഹുമാനപ്പെട്ട ചെയറിനെ ഞാൻ അറിയിക്കുകയാണ്. ധാർമ്മികമായ ബാദ്ധ്യതയാണ് ആ പ്രമേയത്തെ അനുകൂലിക്കാൻ ഞങ്ങളെ സംബന്ധിച്ചിടത്തോളമുള്ളത്. ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന ഒരു പാർട്ടിയാണ്. ഭരണപക്ഷത്തേയ്ക്ക് പോകാൻ ആഗ്രഹിക്കുന്ന പാർട്ടി അല്ല. അങ്ങനെയുള്ള ഞങ്ങളോട് ഒരു വാക്കു ചോദിക്കാൻ ഈ പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട നായനാരോ പ്രമേയകർത്താക്കളോ എന്തുകൊണ്ടു മുതിർന്നില്ല? ധാർമ്മികമായ എന്ത് ബാദ്ധ്യതയുണ്ട് ഞങ്ങൾക്ക് ഈ പ്രമേയത്തെ എതിർക്കാൻ എന്നു ഞാൻ ചോദിക്കയാണ്. ഞങ്ങളുടെ പ്രമേയം വളരെ വ്യക്തമാണ്. മാർക്സിസ്റ്റുപാർട്ടി ഭരിക്കുന്ന ബംഗാളിലും കേരളത്തിലും അവർക്കെതിരെ പ്രവർത്തിക്കാനുള്ള പരിപൂർണ്ണമായ സ്വാതന്ത്ര്യം പരിപൂർണ്ണമായ നയപ്രഖ്യാപനമാണ്. ഞങ്ങളുടെ ബാംഗ്ലൂർ പ്രമേയം, വളരെ വ്യക്തമായി വായിക്കാൻ ഞാനാഗ്രഹിക്കുകയാണ്. "കേരളത്തിലും പശ്ചിമബംഗാളിലും ഭരണം നടത്തുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പെരുമാററം മററു സംസ്ഥാനങ്ങളിൽ കോൺഗ്രസ് (ഐ) യുടേതിൽ നിന്നും ഒട്ടും മെച്ചപ്പെട്ടതല്ല. അഭ ...ാധിപത്യനാട്യം എത്രകണ്ട് മികച്ചതായിരുന്നാലും

LIBRARY ARCHIVES Kerala Legislative Assembly

ജീവിതത്തിന്റെ എല്ലാ തുറകളിലും മേൽക്കോയ്മ സ്ഥാപിക്കാനും മററു പാർട്ടികളുടേയും സംഘടനകളുടേയും മേൽ അധികാരം നടത്താനുമാണ് കേരളത്തിലും പശ്ചിമബംഗാളിലും മാർക്സിസ്ററുകാർ ശ്രമിക്കുന്നത്. സമാധാനപരമായ പ്രവർത്തനംപോലും അസാദ്ധ്യമാക്കി പ്രതിപക്ഷത്തെ നശിപ്പിക്കുകയാണ് പ്രത്യക്ഷത്തിൽ അവരുടെ ലക്ഷ്യം. ഈ സ്വേച്ഛാധിപത്യ പ്രവണതയ്ക്കെതിരേ കേരളത്തിലും പശ്ചിമബംഗാളിലും ത്രിപുരയിലും ജനതാപാർട്ടി സമരം ചെയ്യേണ്ടതുണ്ട്. ആ സമരത്തിൽ ജനാധിപത്യം സംരക്ഷിക്കുന്നതിനുവേണ്ടി പോരാടുന്ന മററു രാഷ്ട്രീയപാർട്ടികളും സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം കേവലം സ്വാഭാവികമത്രേ. കേരളത്തിലും പശ്ചിമബംഗാളിലും പുറത്തുള്ള ചില സംസ്ഥാനങ്ങളിലും കോൺഗ്രസ് (ഐ) യുടെ സ്വേച്ഛാധിപത്യത്തിനെതിരായി സി. പി. ഐ (എം) ജനതാപാർട്ടിയുമായി സഹകരിച്ച് യോജിച്ച് പ്രവർത്തിക്കുന്നുണ്ടെന്നുള്ള വസ്തുത കേരളത്തിലും പശ്ചിമബംഗാളിലും സി. പി. ഐ. (എം) ന്റെ ജനാധിപത്യവിരുദ്ധ നിലപാടുകൾക്കും പ്രവർത്തനങ്ങൾക്കും എതിരായുള്ള സമരത്തിനു വിലങ്ങുതടിയാകാൻ പാടില്ലാത്തതാണ്.'' ഇതാണ് ഞങ്ങളുടെ പ്രമേയം. ഇതിനെ വളച്ചൊടിച്ചുകൊണ്ട്; ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ശ്രീ. ബാപ്പു കൽദാറെയും പറഞ്ഞു നിയമസഭ പിരിച്ചുവിടാനുള്ള സാദ്ധ്യത ഇല്ല, നിയമസഭ പിരിച്ചുവിടാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല എന്ന്. ശ്രീ. രാമകൃഷ്ണ ഹെഗ്ഡേയും ശ്രീ. രവീന്ദ്രവർമ്മയും വന്നപ്പോൾ പറഞ്ഞത് പത്രങ്ങളിൽ വന്നിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട സ്പീക്കർ സർ, ഞാൻ അങ്ങയെ ബുദ്ധിമുട്ടിക്കാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ അഖിലേന്ത്യാ നേതൃത്വം ഞങ്ങളെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസ്ററ് മാർക്സിസ്ററു പാർട്ടിയെപ്പററിയും ഞങ്ങളുടെ പ്രവർത്തനത്തെപ്പററിയും വളരെയധികം വ്യക്തമായ തീരുമാനം എടുത്തിട്ടുണ്ട്. ഞങ്ങളുടെ പേരിൽ നടപടി എടുത്തു എന്ന് ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭരണഘടനയാണ് ജനതാപാർട്ടിയുടെ ഭരണഘടന. എം. എൽ. എ. മാരുടെ പേരിൽ നടപടി എടുക്കാൻ പാർട്ടി നേതാവിന് അധികാരമില്ല. കേരള പാർലമെൻററി ബോർഡ് കൂടിക്കൊണ്ട് ഞങ്ങളുടെമേൽ നടപടി എടുക്കണം. ഈ നടപടിയെ പുച്ഛിച്ചു തള്ളിക്കൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.......... (ബഹളം)

ശ്രീ. കെ. ചന്ദ്രശേഖരൻ : എന്നെ സ്പർശിച്ചുകൊണ്ട് ഒരു കാര്യം പറയുകയുണ്ടായി. അതിന് പേഴ്സണൽ "എക്സ്പ്ലനേഷൻ വേണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ചന്ദ്രശേഖരന് പേഴ്സണൽ എക്സ്പ്ലനേഷനെക്കുറിച്ചും ഈ സഭയിലുള്ള ചട്ടങ്ങളെക്കുറിച്ചും അറിയാം. അതുകൊണ്ട് ആ രീതിയിൽ അത് വിനിയോഗിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്...............(ബഹളം)

ശ്രീ. കെ. ചന്ദ്രശേഖരൻ : എന്നെ സ്പർശിച്ചുകൊണ്ട് ഞാൻ ഗവർണ്ണറുടെ അടുത്തു ചെന്ന് ഈ മന്ത്രിസഭയെ മറിച്ചിടുകയില്ലെന്നു പറഞ്ഞു എന്നു പറഞ്ഞു. ഇത് ശുദ്ധമേ കള്ളമാണ്; ആ തരത്തിൽ ഞാൻ പറഞ്ഞിട്ടില്ല. ഒരു അഷ്വറൻസ് ഗവർണ്ണർക്ക് കൊടുക്കുന്നതിനുപകരം ഞാൻ പറഞ്ഞിട്ടുള്ളത് ലെജിസ്ലേററീവ് മെജോറിററി ഈ ഗവൺമെൻറിന് കൊടുക്കില്ല എന്നാണ്.

ശ്രീമതി എം. കമലം : നിഷ്പക്ഷത പാലിക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിയായി പിന്താങ്ങുന്നു. ഈ സഭയിൽ ആർക്കെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും സംശയം ഉണ്ടായിരുന്നെങ്കിൽ അതെല്ലാം നീങ്ങി കഴിഞ്ഞിരിക്കുകയാണ്. ശ്രീ. കരുണാകരന്റെ ഗവൺമെന്റ്, ഒരു ന്യൂനപക്ഷ ഗവൺമെന്റിന്റെ മുഖ്യമന്ത്രിയായ മിസ്റ്റർ കരുണാകരൻ ഒരു കൈയേററക്കാരനാണെന്നു തെളിഞ്ഞു കഴിഞ്ഞിരിക്കുകയാണ്. സർ, ഇവിടെ ശ്രീ. കെ. കെ. നായർ അദ്ദേഹത്തിനു മാത്രം സാദ്ധ്യമായ ഒരു പ്രസ്താവന ചെയ്തുകഴിഞ്ഞു. അത്തരം അഭ്യാസങ്ങൾ കാണിക്കാൻ കഴിവുള്ള അധികമാളുകളെ ഈ കേരള ജനത ഇനിയും തെരഞ്ഞെടുക്കാതിരിക്കട്ടെ എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, 26-ാം തീയതി ഗവർണ്ണറുടെ അടുക്കൽ ഈ മന്ത്രിസഭ ഉണ്ടാക്കാൻ പിന്തുണ വാഗ്ദാനം ചെയ്തു എന്നുപറഞ്ഞ മിസ്റ്റർ നായർതന്നെയാണ് എന്റെ നിലപാട് വ്യാഴാഴ്ച മാത്രം പ്രഖ്യാപിക്കുമെന്നു പറഞ്ഞത്. പത്രങ്ങളിലും റേഡിയോയിലും എല്ലാം വന്നിട്ട് ഇതുവരെ നിഷേധിക്കപ്പെടാത്ത ഒരു പ്രസ്താവന. മിസ്റ്റർ കെ. എം. മാണി നിയമവിദഗ്ധനാണെങ്കിലും ഈ വ്യാഖ്യാനത്തിന് അദ്ദേഹം മുതിരേണ്ട. ഞങ്ങളൊക്കെ നല്ല ബുദ്ധിയുള്ള മനുഷ്യർ ഇവിടെ നിങ്ങളെപ്പോലെതന്നെ ഇരിക്കുന്നു. പിന്നെ ഞാൻ വിചാരിച്ചു, ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു ശ്രീമതി കമലം ശ്രീ. കെ. കെ. നായരെ അനുകരിക്കുമെന്ന്. ഒരു കാര്യത്തിൽ എനിക്ക് ശ്രീമതി കമലത്തോട് നന്ദി ഉണ്ട്. അവർ ഗവർണ്ണറോട് വാക്കു കൊടുത്തിരുന്നു എന്ന് പറഞ്ഞില്ല. അവർ ഇവിടെ സത്യം ചെയ്തു പറഞ്ഞു ഞങ്ങൾ ഗവർണ്ണറെ കണ്ടിട്ടില്ല. ഞങ്ങൾ ഒന്നും എഴുതിക്കൊടുത്തിട്ടില്ല. എന്നിട്ട് അവർ പിന്നെ പറഞ്ഞത് ചന്ദ്രശേഖരനും ഗോപാലനും പറഞ്ഞ കാര്യമാണ്. ശ്രീ. ചന്ദ്രശേഖരനും ഇവിടെ ജീവിച്ചിരിക്കുന്നു. ശ്രീമതി കമലം ഇവിടെ പറഞ്ഞതിനെ അദ്ദേഹം തന്നെ ഇവിടെ നിഷേധിച്ചു കഴിഞ്ഞു. ജനതാപാർട്ടിയിലെ മൂന്നു എം. എൽ. എ. മാരുടെ പിന്തുണകൂടി കണക്കാക്കികൊണ്ടായിരുന്നു ശ്രീമതി ജ്യോതി വെങ്കിടാചെല്ലം ശ്രീമാൻ കരുണാകരനെ സത്യപ്രതിജ്ഞ ചെയ്യിച്ചതെങ്കിൽ അങ്ങനെയൊരു സത്യപ്രതിജ്ഞ ചെയ്യിക്കുന്നത് തെററാണെങ്കിൽപോലും അവർക്ക് സ്വയം ന്യായീകരണം ഉണ്ടായി. ഒരു ഗവർണ്ണർക്ക് രഹസ്യമായി ഏതെങ്കിലും അംഗത്തിന്റെ പിന്തുണ, ശ്രീ. കെ. കെ. നായർ വാഗ്ദാനം ചെയ്തതു പോലെ ഉറപ്പ് കിട്ടിയാൽ പോലും ഒരു ഗവർണ്ണർ അത് ചെയ്തുകൂടാ. ഈ കേരളത്തിലെ രണ്ടരക്കോടി ജനങ്ങൾക്ക് അറിയാൻ അവകാശമുള്ള കാര്യം, കേരളത്തിലെ നിയമസഭാസാമാജികൻമാർക്ക് അറിയാൻ അവകാശമുള്ള കാര്യം, ഒരു ഗവർണ്ണർ രാജഭവന്റെ അന്ത:പുരങ്ങളിൽ രഹസ്യമായി കാത്തുസൂക്ഷിക്കാൻ പാടില്ലാത്ത കാര്യം, ഗവർണ്ണർ രഹസ്യമായി കാത്തുസൂക്ഷിച്ചാൽ അത് അവരുടെ ഭരണഘടനാപരമായ ചുമതലകൾ ലംഘിക്കലാണ്. എങ്കിൽ പോലും എനിക്ക് ബോദ്ധ്യമായി മിസ്റ്റർ കരുണാകരന്റെ ഭൂരിപക്ഷം എന്തെന്ന്. ഈ സെക്രട്ടേറിയററിലെ മുറികളിലിരുന്ന് പത്രക്കാരോട് ഗവർണ്ണർ പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു പരസ്യമായിട്ടല്ല, രഹസ്യമായിട്ടെങ്കിലും, അവർക്ക് എഴുപത്തിരണ്ടാളുകളെപ്പററി ഉറപ്പുണ്ട്" എന്ന്. ശ്രീ. കരുണാകരനും കൂട്ടുകാരും രാജഭവനിലേക്ക് എത്തുന്നതിന് ഒന്നര മണിക്കൂർ മുമ്പായിരുന്നു ഗവർണ്ണറുടെ പ്രസ്സ് കോൺഫറൻസ്. മിസ്റ്റർ കരുണാകരൻ ചെല്ലുന്നതിനുമുമ്പുതന്നെ ഗവർണ്ണർക്ക് ഭൂരിപക്ഷം ബോദ്ധ്യമായി. അത് വേറൊരു രസകരമായ നാടകം. പക്ഷെ ഇപ്പോൾ തെളിഞ്ഞ കാര്യം അങ്ങനെ രഹസ്യമായിപോലും ഭൂരിപക്ഷ മെമ്പറൻമാരുടെ പിന്തുണ ഗവർണ്ണർക്ക് ബോദ്ധ്യമായിട്ടില്ല എന്നാണ്. ശ്രീമതി കമലം അതു വ്യക്തമാക്കി. ശ്രീമാൻ ചന്ദ്രശേഖരനും അത് വ്യക്തമാക്കി. സർ, ജനതാപാർട്ടിയിലെ കൽദാത്തയുടെ ഫോർമുലയുടെ മറപിടിച്ചുകൊണ്ട് ഈ രാജ്യത്ത് പുകമറ സൃഷ്ടിച്ചുകൊണ്ടായിരുന്നു ശ്രീമാൻ കരുണാകരൻ ഈ രാജ്യത്ത് ഇതുവരെ കള്ളപ്രചരണം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഉണ്ടായിരുന്നിട്ടാണ് സത്യപ്രതിജ്ഞ ചെയ്തതെന്ന് കള്ളപ്രചരണം നടത്തിയതിനു മിസ്റ്റർ കരുണാകരന് ഉണ്ടായിരുന്ന പുകമറ കൽദാത്തെ ഫോർമുലയായിരുന്നെങ്കിൽ ഇന്നു ആ പുകമറ പിച്ചിച്ചീന്തപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബഹുമാനപ്പെട്ട, മെമ്പർ ഞാൻ ഒരിക്കലും കൽദാത്തെ ഫോർമുലയുടെ മറവിൽ പറഞ്ഞിട്ടില്ല. വളരെ വ്യക്തമായി എല്ലാകാലത്തും പറഞ്ഞത് എനിക്ക് ജനങ്ങളിലും സഭയിലെ അംഗങ്ങളിലും വിശ്വാസം ഉണ്ട്, അവരുടെ പിന്തുണ എനിക്കുണ്ടാകും എന്നാണ്.

ശ്രീ. പി. കെ. വാസുദേവൻനായർ : സർ, ഇപ്പോഠം മിസ്റ്റർ കരുണാകരനും സമ്മതിച്ചു അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത 28-ാം തീയതിയെങ്കിലും അദ്ദേഹം ഒരു ന്യൂനപക്ഷമായിരുന്നു എന്ന്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതെന്തൊരു അഭ്യാസം ഞാൻ പറഞ്ഞത് ഭൂരിപക്ഷത്തിന്റെ പിന്തുണ എനിക്കുണ്ടെന്നാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ : എന്നു വച്ചാൽ കൽദാത്തെ ഫോർമുലയോ ജനതാപാർട്ടിയോ ജനതാപാർട്ടിയുടെ മൂന്നു എം. എൽ. എ. മാരോ ഒന്നും അദ്ദേഹത്തിന്റെ കൈയിൽ ഇല്ലായിരുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ അദ്ദേഹത്തെ സത്യപ്രതിജ്ഞ ചെയ്യിച്ചു. അത്തരത്തിലാണ് ഈ മന്ത്രിസഭ ഒരു കൈയേററക്കാരന്റെ മന്ത്രിസഭയാണ്, വഞ്ചനാപരമായി അധികാരത്തിൽ കയറിയ മന്ത്രിസഭയാണെന്ന് ഞങ്ങഠം പ്രസ്താവിച്ചത്. ഡിസംബർ 28-നു ശേഷമുള്ള ഈ ദിവസങ്ങളിൽ തെളിഞ്ഞ കാര്യങ്ങളാണ് സർ. ഞങ്ങളുടെ ആരോപണം ശരിയായിരുന്നു. കേന്ദ്ര ഗവൺമെൻറിന്റെ നിർബന്ധപൂർവ്വമായ സമ്മർദ്ദത്തിന് കീഴടങ്ങി ഗവർണ്ണർ. ഇന്ദിരാഗാന്ധിയും ഇന്ദിരാകോൺഗ്രസ്സും അവരുടെ പാർട്ടിയുടെ സ്വാർത്ഥ താൽപ്പര്യങ്ങഠംക്കുവേണ്ടി ഒരു ഗവർണ്ണറെ വീണ്ടും ചട്ടുകമാക്കിയ നാണംകെട്ട നാടകമാണ് സർ, കേരളത്തിൽ നാം കണ്ടത്. ഈ രാജ്യത്ത് കഴിഞ്ഞ ഒട്ടേറെ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നതിന്റെ ഒരു ആവർത്തനം. ആദ്യമായിട്ട് അല്ല ഒരു ജോതി വെങ്കിടചെല്ലത്തിന്റെ ഈ ചട്ടുകമായിട്ടുള്ള പ്രവർത്തനം. ഞാൻ ഓർക്കുന്നു, കുപ്രസിദ്ധനായ ധർമ്മവീരയുടെ കഥകഠം. ഈ രാജ്യത്തെ ഗവർണ്ണർമാരെ ഒന്നൊന്നായി, കേന്ദ്രം ഭരിക്കുന്ന ഗവൺമെൻറ്, ആ ഗവൺമെൻറിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയപാർട്ടി, അവരുടെ സ്വാർത്ഥതാൽപ്പര്യങ്ങഠംക്കുവേണ്ടി ചട്ടുകങ്ങളാക്കി ഉപയോഗിച്ച് ഈ രാജ്യത്തെ ജനാധിപത്യത്തിന്റെ മുഖത്ത് കരിതേച്ച നിരവധി അദ്ധ്യായങ്ങളിൽ അവസാനത്തെ അദ്ധ്യായമാണ് ഈ കേരളത്തിൽ ഇപ്പോഠം നാം കണ്ടത്. അതുകൊണ്ട് ഞങ്ങഠം അതിനെ ശക്തിയായിട്ട് എതിർത്തു. ഞങ്ങഠംക്ക് അതിന് ധാർമ്മികമായും രാഷ്ട്രീയമായും ഭരണഘടനാപരമായും ഉള്ള എല്ലാ പിൻതുണയും ഉണ്ടായിരുന്നുയെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. നായനാർ മന്ത്രിസഭ രാജിവച്ചപ്പോഠം തുടങ്ങി അതിനുമുമ്പുള്ള കഥകഠം ഇപ്പോഠം പറയുന്നില്ല; 21 മാസത്തെ സംഭവങ്ങഠം, കേന്ദ്രത്തിന്റെ ഗൂഢാലോചനയുടെ ഫലമായി ഈ മന്ത്രിസഭയെ മറിച്ചിടാൻ വേണ്ടി കേന്ദ്ര ഗവൺമെൻറിന്റെ അനുഗ്രഹാശിസ്സുകളോടുകൂടി സി. ബി. ഐ. ഉദ്യോഗസ്ഥൻമാരെ ഉപയോഗിച്ച്, ഈ രാജ്യത്തെ പണച്ചാക്കുകളെ ഉപയോഗിച്ച് ഈ ഇന്ദിരാകോൺഗ്രസ് നേതൃത്വം നടത്തിയ ഗൂഢാലോചനയുടെ ചുരുളുകഠം ഈ രാജ്യത്ത് ഇന്നല്ലെങ്കിൽ നാളെ ഒന്നൊന്നായി അഴിഞ്ഞ് ഈ രാജ്യത്തെ ജനങ്ങഠംക്ക് ബോദ്ധ്യമാവുമെന്ന് എനിക്കറിയാം. ഞാൻ ആ പഴയ കഥയിലേക്കൊന്നും

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. നായനാർ ഗവൺമെൻറ് രാജി വച്ചതിനുശേഷം നിയമസഭയെ മരവിപ്പിച്ചു. സർ, മാങ്ങ ഉപ്പിലിട്ടുവയ്ക്കുന്ന മാതിരി നിയമസഭയെ കരുണാകരനുവേണ്ടി ഉപ്പിലിട്ടു വച്ചു, അദ്ദേഹത്തിന് സൗകര്യമുള്ളപ്പോൾ അത് എടുത്ത് ഉപയോഗിക്കാൻ. ഇന്ദിരാകോൺഗ്രസ്സിന് അവരുടെ രാഷ്ട്രീയതാൽപ്പര്യങ്ങൾക്കുവേണ്ടി ഒരു അവസരമുണ്ടാക്കിക്കൊടുക്കാൻ മാത്രം നിയമസഭ മരവിപ്പിച്ചുവച്ചു കേരളത്തിൽ. എന്നിട്ട് അവർ നടത്തുകയായിരുന്നു ഈ കാലമൊക്കെ കുതിരക്കച്ചവടം. ആളുകളെ ചാക്കിട്ടു പിടിക്കാൻ, വിലയ്ക്ക് വാങ്ങിക്കാൻ, എങ്ങനെയെങ്കിലും ഭൂരിപക്ഷം തട്ടിക്കൂട്ടാൻ വ്യാമോഹിച്ചു. എന്നിട്ടും അതെല്ലാം നടത്തിയിട്ടും ഇന്നുവരെ, ഈ നിമിഷംവരെ ശ്രീ. കരുണാകരന് ഒരു ഭൂരിപക്ഷം തട്ടിക്കൂട്ടാൻ കഴിഞ്ഞില്ല. ഇനി ഇന്നലെ ഞാൻ സൂചിപ്പിച്ചതുപോലെ അങ്ങ് ഒരു ഗോളടിക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ അങ്ങയുടെ കാസ്റ്റിംഗ് വോട്ടുപയോഗിച്ച് ഈ മന്ത്രിസഭയെ തടിതപ്പിക്കാൻ ഒരവസരം, അങ്ങനെ ഒരു ദുരന്തമുണ്ടാക്കാൻ അങ്ങ് അവസരം നൽകുന്നതെങ്കിൽ അവർ തൽക്കാലം തടിതപ്പും. അതിൽക്കവിഞ്ഞ് ഒന്നും സംഭവിക്കാൻ പോകുന്നില്ല. സർ, ഞാൻ ആൻറിസിപ്പേററ് ചെയ്യാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഞാൻ എൻെറ പ്രതീക്ഷയും ആഗ്രഹവും പ്രകടിപ്പിച്ചുവെന്നേയുള്ളു. ഞാൻ ഈ സന്ദർഭത്തിൽ രാഷ്ട്രീയ പാർട്ടികളിലുണ്ടായ മാററങ്ങളേപ്പററി വളരെ പറയാൻ ആഗ്രഹിക്കുന്നില്ല. എൻെറ സുഹൃത്ത് ശ്രീ. സുധീരൻ അവിടെയുണ്ടോയെന്ന് എനിക്കറിഞ്ഞുകൂട. അദ്ദേഹം വളരെ വാചാലനായി സംസാരിച്ചു. ഒരു പ്രസംഗമെന്ന നിലയ്ക്ക് നല്ല ഒരു പ്രസംഗമാണ് മിസ്റ്റർ സുധീരൻ നിങ്ങൾ നടത്തിയത്. ഞങ്ങൾ അങ്ങയെ അഭിനന്ദിക്കുകയാണ്. എന്നാൽ ഞാൻ എൻെറ യുവസുഹൃത്തായ സുധീരനെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹവും അദ്ദേഹത്തെപ്പോലുള്ള നിരവധി ആളുകളും കുറെക്കാലമായി പാടുപെട്ടു ഈ രാജ്യത്തെ ജനാധിപത്യവിശ്വാസികളുടെ ആഗ്രഹാഭിലാഷങ്ങൾക്ക് അനുസരിച്ച് കെട്ടിപ്പടുത്ത ഒരു പ്രസ്ഥാനത്തിൻെറ കഴുത്തറുത്ത ചോരയും കൈയിൽവച്ചുകൊണ്ടാണ് ശ്രീ. സുധീരൻ ഇന്നിവിടെ പ്രസംഗിച്ചത്. ആ കാര്യം മൂടിവയ്ക്കാൻ അദ്ദേഹവും അദ്ദേഹത്തിൻെറ സുഹൃത്തുക്കളും എത്ര പരിശ്രമിച്ചാലും കേരളത്തിലേയും ഇൻഡ്യയിലേയും ജനങ്ങളുടെ മുമ്പിൽനിന്ന് അത് മൂടിവയ്ക്കാനാവുകയില്ലെന്നും ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ ചരിത്രത്തിൻെറ മുമ്പിൽ ഇതിന് മാപ്പ് പറയേണ്ടിവരുമെന്നും സുധീരനെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഞങ്ങൾക്ക് ആർക്കും ഷൺമുഖദാസിനുവേണ്ടി വക്കാലത്തു പിടിക്കേണ്ട ആവശ്യമില്ല. ശ്രീ പി. സി. ചാക്കോയ്ക്കുവേണ്ടിയും വക്കാലത്തു പിടിക്കേണ്ട ആവശ്യമില്ല. സർ, കാൺഗ്രസ് (യു) അല്ലെങ്കിൽ കാൺഗ്രസ് (എസ്) എന്നു പറയുന്ന പാർട്ടി ഈ രാജ്യത്ത് ഇന്ദിരാകോൺഗ്രസിനെക്കാൾ ഒരു ചെറിയപാർട്ടിയാണ്. പാർട്ടികൾ ചെറുതും വലുതുമാകാം. ഇന്നത്തെചെറിയ പാർട്ടികൾ നാളെ വലിയ പാർട്ടികളാകും. ഇന്നത്തെ വലിയ പാർട്ടികൾ നാളെ ചെറിയ പാർട്ടികളാകും. 1980 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ നിങ്ങളുടേയും ഞങ്ങളുടേയും കണക്കുകൂട്ടലുകൾ തെററി ശ്രീമതി - ഇന്ദിരാഗാന്ധി, ഇന്ത്യയിലെ ജനങ്ങൾ ഒരു കാലത്ത് തള്ളിക്കളഞ്ഞ ഇന്ദിരാഗാന്ധിയെ ജനങ്ങൾക്ക് വ്യക്തമായ മററൊരു പോംവഴി കാണാതെ വന്നപ്പോൾ ജനതാ ഭരണത്തിൻെറതെററുകൾ കണ്ടു മനംമടുത്ത ഈ രാജ്യത്തെ ജനങ്ങൾ വീണ്ടും ഒരു മാർഗ്ഗവുമില്ലാതെ അവരെ സ്വീകരിച്ചു. ഉരുക്കുകൊണ്ടുള്ള കാലാണ് ഇന്ദിരാഗാന്ധിയുടെ ഭരണത്തിൻേറത് എന്ന് നിങ്ങളാരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ ഞാൻ ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു, അത് വെറും കളിമണ്ണുകൊണ്ടുള്ള കാലാണെന്ന്. ഈ രാജ്യത്തെ ജനങ്ങൾക്കെതിരായി ഒന്നിനു പുറകെ ഒന്നായി, ജനദ്രോഹങ്ങൾ നടത്തി കൈ തഴമ്പിച്ച ഒരു പാർട്ടിയും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറും. സമയമില്ല സർ, ആ കാര്യങ്ങൾ വിശദീകരിക്കാൻ, എന്നാലും കേരള നിയമസഭയിൽ ഈ ചർച്ച നടക്കുമ്പോൾ കുറച്ചൊക്കെ അങ്ങോട്ടേയ്ക്ക് വെളിച്ചം വീശിയസഖാവ്ടി. കെ. രാമകൃഷ്ണൻെറ വാക്കുകൾ ഞാൻ ആവർത്തിക്കുന്നില്ലെങ്കിലും അനുസ്മരിപ്പിക്കാൻ ആഗ്രഹിക്കുന്നു. എന്താണ് സർ ഇന്ന് ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ. ശ്രീമാൻ കരുണാകരൻ അതിൻെറ ഉത്തമ പ്രതിനിധിയാണ്. ആ സംഭവങ്ങൾക്ക് ഉത്തരവാദിയായ കേന്ദ്രഗവൺമെൻറിൻെറ ഉത്തമ പ്രതിനിധിയാണ്. ആ പാർട്ടിയുടെയും ആ ഗവൺമെൻറിൻെറയും അനുസരണയുള്ള ഒരു മാപ്പുസാക്ഷിയായി പ്രവർത്തിക്കുന്നതിൽ അദ്ദേഹത്തിന് തീർച്ചയായും സന്തോഷിക്കാം. എന്നാൽ ഈ രാജ്യത്തിന് അത് ശാപമാണ്; നാശമാണ് ജനാധിപത്യം കുഴിച്ചുമൂടപ്പെട്ടുകൊണ്ടിരിക്കുന്നു. കുടുംബവാഴ്ച നാണമില്ലാതെ ഈ രാജ്യത്തെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്നു. പത്രറിപ്പോർട്ടുകളൊന്നും വളരെ ഞാൻ വായിക്കുന്നില്ല. ഹൈദ്രാബാദിൽ ഇന്നലെ വന്നിറങ്ങി ''അമ്മയുടെ മകൻ''. ആ അമ്മയുടെവയററിൽ പിറന്നുപോയി എന്ന ഒററ കാരണം കൊണ്ടല്ലെങ്കിൽ പിന്നെ ഈ രാജീവ് ഗാന്ധിയെ സർക്കാരിൻെറ ഒരുകോടി രൂപയും 50 ലക്ഷം രൂപയും അങ്ങനെ ലക്ഷക്കണക്കിന്, കോടിക്കണക്കിന് രൂപ വാരിക്കോരി ചെലവാക്കി കർണ്ണാടകത്തിലും ആന്ധ്രായിലും നാളെ നമ്മുടെ കേരളത്തിലും രാജകുമാരനെപ്പോലെ സ്വീകരിച്ചുകൊണ്ടുനടക്കാൻ എന്തു രാഷ്ട്രീയപശ്ചാത്തലം? നാണമില്ലേ മിസ്ററർ സുധീരൻ, നിങ്ങൾ ആ കൂട്ടുകെട്ടിൽ ചെന്നുപെടാൻ എന്നു ഞാൻ ചോദിക്കുന്നു. നിങ്ങൾ അതിനെ എതിർത്തയാളാണ്. നിങ്ങൾ അതിനെ പാർലമെൻറിൽ ചോദ്യം ചെയ്ത ആളാണ്. അതിനെതിരായി സമരം ചെയ്ത ആളാണ്. സർ, അങ്ങ് ആ ചെയറിൽ ഇരിക്കുന്നതുകൊണ്ട് അങ്ങയുടെ പങ്ക് ഞാൻ ഇപ്പോൾ പറയുന്നില്ല. എന്നിട്ട് ഇപ്പോഴും ഒരു മകൻ കഴിഞ്ഞപ്പോൾ മറെറാരു മകനുമായി ഇറങ്ങിയിരിക്കുന്നു. എന്താണ് സർ, ഇപ്പോൾ അവിടത്തെ മുഗൾ കൊട്ടാരത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഡൽഹിയിൽ ഇപ്പോൾ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഈ രാജ്യത്തെ നിരവധി സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്? എനിക്ക് അൽഭുതം തോന്നുന്നില്ല, മിസ്ററർ കരുണാകരൻ, ഈ കേരളത്തിൽ എം. എൽ. എ. മാരെ കച്ചവടച്ചരക്കാക്കി മാററാൻ നടത്തിയ ശ്രമത്തിൽ ആന്തുലെയുടെ കാര്യം ഇപ്പോൾ ഞാൻ ബോംബെയിൽ പോയപ്പോൾ നേരിട്ടുകേട്ടു, എം. എൽ. എ. മാർക്ക് ഓരോരുത്തർക്കും രണ്ട് ഫോറിൻ ലിക്കർ ഷാപ്പ്, എം. എൽ. എ. മാർക്ക് ഓരോരുത്തർക്കും അതാതു കോൺസ്ററിററ്യൂവൻസിയിലുള്ള സിമൻറ് ഡിസ്ട്രിബ്യൂഷൻ കമ്മിററിയുടെ ചെയർമാൻഷിപ്പ് 500 രൂപ ശമ്പളമായിരുന്നത് 1500 രൂപ ശമ്പളം, മാസത്തിൽ 8 ദിവസം സർക്കാരിൻെറ വക കാറുപയോഗിക്കാം, ഉപയോഗിച്ചില്ലെങ്കിൽ ഉപയോഗിച്ചു എന്ന് എഴുതിക്കൊടുത്താൽ അതിൻെറ പൈസ തരും, പോര, നാസിക്കിലോ, ബോംബെയിലോ, പൂനയിലോ സൗജന്യമായി ഒരു ഹൗസ് സൈററ് അങ്ങനെ മിസ്ററർ ആന്തുലെ കാണിച്ച മാതൃക ഈ രാജ്യത്തെ മററു നിരവധി ഇന്ദിരാകോൺഗ്രസ്സിൻെറ മുഖ്യമന്ത്രിമാരും ഗവൺമെൻറുകളും കാണിച്ചുകൊണ്ടിരിക്കുന്ന മാതൃക, കരുണാകരൻ ഈ കേരളത്തിൽ കാണിച്ചില്ലെങ്കിലല്ലേ അൽഭുതപ്പെടാനുള്ളു. സർ, ഇപ്പോൾ ഈ കേരളത്തിൽ നടക്കുന്നതു എന്താണ്? ശ്രീ. കരുണാകരൻ എന്തും നിഷേധിക്കുമെന്ന് എനിക്കറിയാം. ഇപ്പോൾ ഈ സഭയിൽ അദ്ദേഹം എണീററ് ഒരു വർത്തമാനം പറഞ്ഞപ്പോൾ ഞാൻ നെഞ്ചത്തുകൈവച്ചുപോയി. ആര്യാടനെപ്പററി പറഞ്ഞപ്പോൾ ശ്രീ കരുണാകരൻ പറയുന്നു ചാക്കോയുടെ കേസ് ആണ് എൻെറയടുക്കൽ വന്നതെന്ന്. ഗുരുവായൂരപ്പൻെറ ഒരു ശിഷ്യൻ ഇങ്ങനെ കള്ളം പറഞ്ഞാൽ എന്താണ് ഞങ്ങളൊക്കെ വേണ്ടത് എന്ന് എനിക്കറിഞ്ഞുകൂട. അതുകൊണ്ട് മിസ്ററർ കരുണാകരൻ സമ്മതിക്കുകയില്ല. പക്ഷെ, ഞാൻ മിസ്ററർ കരുണാകരനോട് ചോദിക്കുന്നു,

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഈ കേരളത്തിൽ എം. എൽ. എ. മാർക്ക് അല്ലേ ഏററവും കൂടുതൽ വില നിങ്ങാം കൽപ്പിക്കുന്നതെന്ന്. ലക്ഷങ്ങാം കൈമാറുന്നില്ലേയെന്ന് ഞാൻ ചോദിക്കുന്നു. ഒരു മെമ്പറുടെയും പേരു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മുഖ്യ മന്ത്രി (ശ്രീ കെ. കരുണാകരൻ) : ഈ സഭയിലെ ബഹുമാനപ്പെട്ട മെംബർമാരേക്കുറിച്ച് ഉത്തരവാദിത്വത്തോടുകൂടിയാണോ അങ്ങ് ഈ ആരോപണമുന്നയിക്കുന്നതെന്ന് എനിക്ക് അറിയാൻ ആഗ്രഹമുണ്ട്. അങ്ങ് അതിന്റെ മുഴുവൻ ഉത്തരവാദിത്വം ഏറെറടുക്കാൻ തയ്യാറുണ്ടോയെന്ന് ഞാൻ ഗൗരവമായി അങ്ങയോട് ചോദിക്കുകയാണ്.

ശ്രീ പി. കെ വാസുദേവൻ നായർ : ഞാൻ മിസ്ററർ കരുണാകരനെതിരായി ഉത്തരവാദിത്വപൂർവ്വം ഉന്നയിക്കുന്ന ചാർജ് ഷീററാണ്. ഒരൊററ എം. എൽ. എ. യേയും പററി ഞാൻ പറഞ്ഞില്ല.

റവന്യൂവും വിദ്യാഭ്യാസവും വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ് :) സർ, ഒരു പോയിൻറ് ഓഫ ഓർഡർ. ഈ സഭയിലെ എം. എൽ. എ. മാരെ അടച്ച്, അവരെ പണം കൊടുത്ത് നിറുത്തിയിരിക്കയാണെന്ന് ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ ഇവിടെ പറയുകയും ഞാൻ ആ ചാർജ് ഷീററ് ശ്രീ. കരുണാകരന്റെയും മേൽ വയ്ക്കുകയും ചെയ്യുന്നുയെന്നു പറയുന്നത് ഈ സഭയെ അവഹേളിക്കുന്ന കാര്യമാണ്. ഇതു സംബന്ധിച്ച റൂളിംഗ് വേണം.

ശ്രീ. ഇ. അഹമ്മദ് : സർ, ഈ സഭയിലെ മെമ്പറൻമാരെ സംബന്ധിച്ച് ദുഃസൂചനയോടുകൂടി സംസാരിക്കുന്നതുതന്നെ പാർലമെൻററി അല്ല. അത് പി. കെ. വാസുദേവൻ നായരെ പോലെയുള്ള ഒരാരം പറഞ്ഞത് തെററായിപ്പോയി. ആളുടെ പേർ പറഞ്ഞിട്ടാണ് പറഞ്ഞതെങ്കിൽ ആ മെമ്പർക്ക് ഉത്തരം പറയാൻ കഴിയുമായിരുന്നു. ഈ സഭയിലെ അംഗങ്ങളെ അടച്ച് ആക്ഷേപിക്കുകയും ഭരണകക്ഷിയിലുള്ളവരെക്കുറിച്ച് പ്രത്യേകിച്ച് ദുഃസൂചന യോടുകൂടി സംസാരിക്കുകയും ചെയ്യുന്നു. ഇത് ഒരിക്കലും പാടില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, ഈ സഭയിലെ അംഗങ്ങളെ ഓർത്ത് അഭിമാനിക്കുന്നു. ഞാൻ ഈ സഭയിലെ ഒരൊററ മെമ്പറുടെയും പേർ ഇവിടെ പറഞ്ഞില്ല. എന്നാൽ ഞാൻ പറയുന്നു; ഈ രാജ്യത്ത് ഭൂരിപക്ഷ പിൻതുണയില്ലാതെ അധികാരത്തിൽ വന്ന മിസ്ററർ കരുണാകരനും അദ്ദേഹത്തിന്റെ കൂട്ടുകാരും ഭൂരിപക്ഷ പിൻതുണ ഉണ്ടാക്കാൻവേണ്ടി അന്നു മുതൽ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന തന്ത്രങ്ങളെപ്പററിയാണ് പറഞ്ഞത്. ആ തന്ത്രങ്ങളിൽ മെമ്പറൻമാരെ വിലയ്ക്കു വാങ്ങാൻവേണ്ടി ലക്ഷങ്ങാം ഓഫർ ചെയ്യുന്നു എന്ന ആരോപണം ഞാൻ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട ജനപ്രതിനിധികളെ നിങ്ങാം പാട്ടിലാക്കാൻവേണ്ടി നിങ്ങാം എല്ലാ വൃത്തികെട്ട അടവുകളും പ്രയോഗിച്ചുകൊണ്ടിരിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഞാൻ ആരുടെയും പേരു പറയുന്നില്ല. എന്നു പറഞ്ഞുകൊണ്ട്, എം. എൽ. എ. യെ വിലയ്ക്കു വാങ്ങാൻ ലക്ഷങ്ങാം ഉപയോഗിക്കുന്നുവെന്ന് പറഞ്ഞ് എല്ലാ എം. എൽ. എ. മാർക്കുമെതിരെ റിഫ്ളക്ട് ചെയ്യത്തക്കവണ്ണം ഒരു സ്വീപ്പിംഗ് സ്റേററുമെൻറ് നടത്തുന്നത് ഓർഡറിലാണോ ?

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് അങ്ങയുടെ റൂളിംഗിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

ഒന്ന് ആവർത്തിച്ചതിനുശേഷം അദ്ദേഹം നിറുത്തി, പിന്നീടും ഞങ്ങളെക്കുറിച്ചു പറഞ്ഞു. അങ്ങനെയെങ്കിൽ അദ്ദേഹം ചെയ്യേണ്ടത്, അദ്ദേഹത്തിന് ഈ സഭയെക്കുറിച്ച് ബഹുമാനമുണ്ടെങ്കിൽ ഏതു അംഗത്തിനാണ് ഓഫർ ചെയ്തതെന്ന് വെളിപ്പെടുത്താൻ തയ്യാറാകണം. മറിച്ച് അടച്ച് ആക്ഷേപിക്കുന്നത് ഈ സഭാനടപടികളിൽനിന്നും നീക്കം ചെയ്യണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: നിവൃത്തി ഉള്ളിടത്തോളം അത്തരം പരാമർശനങ്ങൾ ഒഴിവാക്കുന്നതാണ് നല്ലതെന്നുമാത്രമെ ഞാൻ സൂചിപ്പിക്കുന്നുള്ളു.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ ഒരു മെമ്പറെപ്പററിയും പറയുന്നില്ല, പറയുകയില്ല. ഞാൻ ഈ ഗവൺമെൻറിനെതിരായി ചാർജ് ഉന്നയിക്കുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: മുഖ്യമന്ത്രി ശ്രീമാൻ കരുണാകരന് എതിരായിട്ട് ഒരു ചാർജ്ഷീററ് കൊണ്ടുവരുന്നുവെന്നാണ് ശ്രീ. പി. കെ. വാസുദേവൻ നായർ ഇവിടെ പറഞ്ഞത്. ഇത് ഗുരുതരമായ ഒരു ആരോപണമാണ്. ഈ നിയമസഭയിൽ ഒരു അംഗത്തിനെതിരായി ഗുരുതരമായ ആരോപണം ഉന്നയിക്കുന്നതിനുമുമ്പായി അത് സ്പീക്കർക്ക് എഴുതിക്കൊടുക്കണമെന്നുള്ള ഒരു കൺവെൻഷൻ ഇവിടെ നിലവിലുണ്ട്.

മി. സ്പീക്കർ: പല പ്രാവശ്യം ഈ സഭയിൽ ആവർത്തിച്ച് എന്റെ മുൻഗാമികൾ അടക്കം പറഞ്ഞിട്ടുള്ളതുപോലെ, പറയുന്നതിന് സൗകര്യം കിട്ടിയില്ലെങ്കിൽ അത് പോയിൻറ് ഓഫ് ഓർഡറായി ഉന്നയിച്ച് സമയം കളയരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വളരെ വളരെ കൂടുതൽ സമയം പോയിരിക്കുന്നു; അതുകൊണ്ട് പോയിൻറ് ഓഫ് ഓർഡർ കഴിയുന്നത്ര ചുരുക്കണം.

ശ്രീ. സിറിയക് ജോൺ: ജനാധിപത്യത്തെപ്പററിയാണ് ഇവിടെ ചർച്ച മുഴുവൻ. ജനാധിപത്യത്തിൽ ജനപ്രതിനിധികൾക്കുള്ള വിശ്വാസ്യത ജനങ്ങളിൽ നിലനിറുത്തുകയെന്നുള്ളത് ഏററവും പരമപ്രധാനമാണ്. അതിൽനിന്ന് വ്യത്യസ്ഥമായിട്ട് ജനപ്രതിനിധികൾ മുഴുവൻ കേവലം വാടകച്ചരക്കുകളാണെന്നു പറഞ്ഞ് ജനപ്രതിനിധികളെ അപഹസിക്കുകയും അതുവഴി ജനാധിപത്യത്തെപ്പററിയുള്ള വിശ്വാസം മുഴുവൻ ജനങ്ങളിൽ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള ഈ പ്രസ്താവന അദ്ദേഹം പിൻവലിക്കണം. അതുമാത്രമല്ല, അത് സഭാനടപടികളിൽനിന്ന് നീക്കം ചെയ്യുകയും പത്രങ്ങളിൽ വരുത്താതിരിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകണം.

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെ ഏററവും ജുഗുപ്സാവഹമായ അടവുകൾ പ്രയോഗിച്ചിട്ടുപോലും മിസ്ററർ കരുണാകരന് ഭൂരിപക്ഷം തട്ടിക്കൂട്ടാൻ കഴിയാത്ത പശ്ചാത്തലത്തിലാണ് കേരളത്തിലെ ജനപ്രതിനിധികളെ അഭിമാനത്തോടുകൂടി ഞാൻ അഭിവാദ്യം ചെയ്യുന്നത്. എന്നാൽ അതുകൊണ്ടൊന്നും കരുണാകരൻ പ്രതിക്കൂട്ടിൽനിന്നും രക്ഷപ്പെടാൻ പോകുന്നില്ല, എന്നാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. അങ്ങനെയുള്ള ഇന്ദിരാകോൺഗ്രസ്സിന്റെ പാളയത്തിലേക്കാണ് നിർഭാഗ്യവശാൽ കുറച്ചു സുഹൃത്തുക്കൾ ഇപ്പോൾ സ്ഥാനം പിടിച്ചിട്ടുള്ളത്. സർ, ഇന്ദിരാകോൺഗ്രസ്സിന്റെയും കരുണാകരന്റെയും നേതൃത്വത്തിലുള്ള ഒരു ഭരണത്തെ ഞങ്ങൾ എതിർക്കുന്നത് തക്കതായ കാരണം കൊണ്ടാണെന്ന് ഞാൻ പറഞ്ഞു. ഈ കേരളത്തിൽ 35 ദിവസത്തെ അനുഭവം രണ്ടുമൂന്നു വാചകങ്ങളിൽ ഞാൻ പറയാം. ശ്രീ. ഉമ്മൻ ചാണ്ടി ഇപ്പോൾ ഇവിടെയുണ്ട്. അദ്ദേഹത്തോട് എനിക്ക് ഒരു ഉപദേശം നൽകാനുള്ളത് എന്തെന്നുവച്ചാൽ ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലുള്ള ചർച്ച നടക്കുന്നത് സദയം ശ്രദ്ധിക്കണം. ഞങ്ങൾ പോലീസ് നടപടികളെപ്പററി പറഞ്ഞു. ഇന്ദിരാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഏത് ഗവൺമെന്റ് എവിടെ വന്നാലും ഉണ്ടാകുന്ന അനുഭവം ഈ കേരളത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഞങ്ങൾ നേരത്തെ പറഞ്ഞു 19-ാം തീയതിയിലെ പണിമുടക്കിന്റെ കാര്യം. എന്റെ സ്നേഹിതൻ സുധീരൻ ഇവിടെ ഗവൺമെന്റിന് നല്ല സർട്ടിഫിക്കററ് കൊടുത്തു. അദ്ദേഹം ഏതു രാജ്യത്താണ് ജീവിക്കുന്നത്, എന്ന് എനിക്കറിഞ്ഞുകൂട; അന്നൊരു ദിവസം എവിടെയൊക്കെയാണ് ലാത്തിചാർജ്ജുകൾ നടന്നത്? പാപ്പിനിശ്ശേരി, ശ്രീകണ്ഠപുരം, മാവൂർ, ബത്തേരി, വൈക്കം, നീലംപേരൂർ, ഇരവിപേരൂർ, കൊല്ലം, ചാത്തന്നൂർ, കൊട്ടാരക്കര, തെൻമല, പത്തനാപുരം, എരുമപ്പെട്ടി, കൊച്ചിൻ ഷിപ്പ്യാർഡ്, മൂവാററുപുഴ, കൂത്താട്ടുകുളം, പെരുമ്പഴുതൂർ, നെടുമങ്ങാട്, കൊഞ്ചിറ.

സർ, ഞാൻ ഉത്തരവാദിത്വത്തോടുകൂടി മിസ്ററർ ഉമ്മൻചാണ്ടിയോടും ഈ സഭയിലെ മെമ്പറൻമാരോടും പറയുന്നു; ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗം രാജ്യവ്യാപകമായി തീരുമാനിച്ചതാണ് ഈ പൊതുപണിമുടക്കിന്, ആ പൊതു പണിമുടക്കിനെ നേരിട്ടത്, കേരളത്തിൽ സർ. സി. പി. രാമസ്വാമിഅയ്യരുടെ കാലത്തും അതിനുശേഷം പറവൂർ ടി. കെ. നാരായണപിള്ളയുടെ കാലത്തും മാത്രം കേരളം കണ്ടമാതിരി മർദ്ദനമുറകളോടെയായിരുന്നു, അന്നു—ഞാൻ അത് പറഞ്ഞേ പററു.—ആലപ്പുഴ നിയോജകമണ്ഡലത്തിലെ ചില മെമ്പറൻമാർ പറഞ്ഞു, ഞാൻ പോലീസിൽ ഇടപെടാൻ പോയി; ഞാൻ പോലീസ്സ്റേറഷനിൽ പോയി എന്ന് പറഞ്ഞു. 18-ാം തീയതി വൈകിട്ട് സാമൂഹ്യവിരുദ്ധൻമാർ എന്ന പേരിൽ പിടിച്ചുകൊണ്ടുപോയ പ്രധാനികളായ ട്രേഡ് യൂണിയൻ നേതാക്കൻമാരേയും കമ്മ്യൂണിസ്ററ് മാർക്സിസ്ററു നേതാക്കൻമാരേയും സൗത്ത് പോലീസ് സ്റേറഷനിൽ പിടിച്ചുകൊണ്ടുപോയി ചെയ്തതിനെപ്പററി ഉമ്മൻചാണ്ടി ഇതിനകം ഒരു അന്വേഷണം നടത്തിയിട്ടുണ്ടോ? അവരെ പരിപൂർണ്ണമായി നഗ്നരാക്കുകയാണ് ആദ്യം പോലീസ് ചെയ്തത്.

സർ, ഈ രാജ്യത്ത് പോലീസ് വസ്ത്രം അഴിപ്പിക്കാറുണ്ട്. ഒരു അണ്ടർവെയറെങ്കിലും ഇടാൻ സമ്മതിക്കും സർ. എന്നാൽ ഈ സൗത്ത് പോലീസ് സ്റേറഷനിലെ കുറെ പോലീസുകാർ, ഞാൻ പോലീസിനെ അടച്ച് ആക്ഷേപിക്കുകയല്ല, കുറെ പോലീസുകാർ കരുണാകരന്റെ ഭരണം വന്നതുകണ്ട് തുള്ളിച്ചാടുന്ന കുറെ പോലീസുകാർ, അവർ ചെയ്തത് ജനിച്ചമാതിരി നഗ്നരാക്കി ആ പാവങ്ങളെ അവിടെ ഇട്ട് തല്ലി. അപ്പോൾ ഞങ്ങളുടെ രണ്ടു പ്രവർത്തകരേയും അറസ്ററുചെയ്തു കൊണ്ടുപോയി. ഞാൻ അഭിമാനിക്കുന്നു. അവർ അതിനെ ചെറുത്തു, സാദ്ധ്യമല്ല. ഞങ്ങളുടെ അടുക്കൽ അതു പററുകയില്ല. അവർ അങ്ങനെ ചെറുത്തതുകൊണ്ട് വസ്ത്രാപഹരണം നടത്തിയ എല്ലാവർക്കും വസ്ത്രം കൊടുത്തു. പോലീസ് ഉദ്യോഗസ്ഥൻമാർ ഇടപെട്ടു. അങ്ങനെ രണ്ടുപേരെ പിന്നേയും വൈരാഗ്യം തീർക്കാൻവേണ്ടി തല്ലിചതയ്ക്കാൻവേണ്ടി തീരുമാനിച്ചിട്ടാണ് 25-ാം തീയതി വൈകിട്ട് എന്റെ പാർട്ടിയുടെ പ്രവർത്തകനായ, താലൂക്ക് കമ്മിററി മെമ്പറായ ടി. യു. കൗൺസിൽ സെക്രട്ടറിയായ സഖാവ് പുഷ്പരാജനെ പട്ടാപ്പകൽ പിടിച്ച് അവിടെവച്ച് അടിച്ച് രണ്ടു മണിക്കൂർ പോലീസ് വാനിൽ ചുററി കൊണ്ടുനടന്ന് ഇടിച്ചു. സർ, ഒടുവിൽ എന്റെ നിയോജകമണ്ഡലത്തിൽ എന്റെ പാർട്ടിയിൽപ്പെട്ട ഒരു പ്രവർത്തകനെ ഇതുപോലെ തല്ലിചതയ്ക്കുന്ന വിവരം അറിഞ്ഞപ്പോൾ ഒരു പോലീസ് സ്റേറഷനിലും ഇതുവരെ പോയിട്ടില്ലാത്ത ഞാൻ പോലീസ്സ്റേറഷനിൽ പോയി സർ. പോലീസ്സ്റേറഷനിൽ പോയപ്പോൾ അവിടെ പിന്നെ ഉണ്ടായ സംഭവത്തിന്റെ റിപ്പോർട്ട് ശ്രീമാൻ ഉമ്മൻചാണ്ടിക്ക് കിട്ടിക്കാണും. അദ്ദേഹത്തിന് ഭൂഷണമല്ല, അദ്ദേഹത്തിന്റെ പോലീസ്സേനയ്ക്ക് ഭൂഷണമല്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്തോ ആകട്ടെ. എനിക്ക് ആ പ്രതിയെ വിട്ടുകിട്ടിയില്ല. എന്നാൽ ഞാൻ അവിടെയിരിക്കുന്ന സമയത്ത് എടാ പി. കെ. വി. വന്നതിന്റെ ബോണസ് എന്നു പറഞ്ഞ് അവിടെ ഇട്ടു ഇടിച്ചു. ഞാൻ ഒരു നിയമസഭാ സാമാജികൻ മാത്രമാണ്. ഞാൻ എന്റെ പാർട്ടിയുടെ സഖാക്കളെ ഇങ്ങനെ നിങ്ങളുടെ പോലീസ് ഇട്ട് ചവിട്ടുകയും തൊഴിക്കുകയും ചെയ്യുന്നതു കണ്ടിട്ട് ഈ രാജ്യത്ത് കയ്യുംകെട്ടി നടക്കണമെന്നാണോ മിസ്റ്റർ ഉമ്മൻചാണ്ടി ആവശ്യപ്പെടുന്നതെന്ന് ഞാൻ ചോദിക്കുന്നു. നിങ്ങൾ സഖാവ് ചിത്തരഞ്ജനോട് ചോദിച്ചുനോക്കു, ചാത്തന്നൂർ നടന്ന സംഭവത്തെപ്പററി. മാർക്സിസ്ററു പാർട്ടിയുടെ ഒരു പഞ്ചായത്തു മെമ്പറും ഒരു ഹൈസ്ക്കൂൾ അദ്ധ്യാപകനുമായ ആളിനെ അവിടത്തെ പോലീസ് അറസ്ററുചെയ്തു. ആർ. എസ്. പി. പ്രവർത്തകർ ഉണ്ടായിരുന്നു. സി. പി. ഐ. യുടെ പ്രവർത്തകർ ഉണ്ടായിരുന്നു. അഞ്ചുപേരെ എന്തുചെയ്തു. സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. മഞ്ചേശ്വരംതൊട്ടു പാറശ്ശാല വരെ ഈ 35 ദിവസത്തിനുള്ളിൽ നടന്ന നിരവധി നിരവധി പോലീസ് മർദ്ദനങ്ങളിൽ അപൂർവ്വം ഒന്നു രണ്ടു കഥകൾ മാത്രമാണ് ഞാനിവിടെ സമർപ്പിക്കുന്നത്. ഞാൻ ഉമ്മൻചാണ്ടിയോട് ചോദിക്കാൻ ആഗ്രഹിക്കുന്നു, കരുണാകരനോട് ചോദിക്കാൻ ആഗ്രഹിക്കുന്നു; ഈ രാജ്യത്ത് കരിങ്കൊടി പ്രകടനം നടത്തുന്നത് നിയമവിരുദ്ധമാണോ ? ഈ രാജ്യത്ത് പിക്കററിംഗ് നടത്തുന്നത് നിയമവിരുദ്ധമാണോ ? നിങ്ങൾ കുററംചെയ്തവരെ ശിക്ഷിക്കു. നിങ്ങൾ ബലപ്രയോഗമോ അക്രമമോ കാണിക്കുന്നവരെപ്പററി പറയുന്നു. ഒരു സൗജന്യവും കാണിക്കേണ്ട. അറസ്ററുചെയ്യു. നിയമമനുസരിച്ച് അവരെ ശിക്ഷിക്കൂ. രംഗയേയും ബില്ലയേയും ഇപ്പോൾ തൂക്കുമരത്തിലിട്ടത് നിയമമനുസരിച്ചാണെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു, നിങ്ങളുടെ പോലീസിനു എന്തവകാശം ഞങ്ങളുടെ കുട്ടികളെ തല്ലിചതയ്ക്കാൻ. ഈ സെനററു മുറിയിലിട്ട് മിസ്റ്റർ ഉമ്മൻചാണ്ടി ? നിങ്ങൾ വിദ്യാർത്ഥി നേതാവായിരുന്നില്ലേ മിസ്റ്റർ ഉമ്മൻചാണ്ടി, നിങ്ങൾ ഇപ്പോഴും ഒരു ചെറുപ്പക്കാരനല്ലേ മിസ്റ്റർ ഉമ്മൻചാണ്ടി? നിങ്ങൾ ഞങ്ങളുടെ സഖാക്കളെ പോയി കണ്ടോ ? ശരി, ഞാൻ സമ്മതിക്കാം, അവർ ഒരുപക്ഷേ തെററു ചെയ്തിരിക്കാം. അവർ ബലപ്രയോഗം നടത്തിയിരിക്കാം. അവരെ തൂക്കിക്കൊല്ലൂ എന്നാലും നിങ്ങളുടെ നൂറു പോലീസുകാർ പോയി അവരെ തല്ലിചതച്ചതിന് എന്ത് ന്യായമാണെന്ന് ഞാൻ മിസ്റ്റർ ഉമ്മൻചാണ്ടിയോട് ചോദിക്കുന്നു. മിസ്റ്റർ ഉമ്മൻചാണ്ടിക്ക് ഒരു കേവല മര്യാദ ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ ആ സഖാക്കളെ ആശുപത്രിയിൽ പോയി ഒന്നു കാണാമായിരുന്നില്ലേ. ഈ രാജ്യത്ത് അങ്ങോളമിങ്ങോളം നിങ്ങളുടെ പോലീസ് തല്ലിചതയ്ക്കുന്നു. ഒരൊററ സംഭവത്തിനെങ്കിലും ഒരു നടപടി എടുത്തോ മിസ്റ്റർ ഉമ്മൻചാണ്ടി ! ഒരു അന്വേഷണം നടത്തിയിട്ടുണ്ടോ മിസ്റ്റർ ഉമ്മൻചാണ്ടി ! നിങ്ങൾ ടി. കെ. രാമകൃഷ്ണനെപ്പററി പറഞ്ഞു. അവിടെ എന്തെങ്കിലും സംഭവങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം ഒരു സർക്കാർ എന്ന നിലയ്ക്ക് നടപടി സ്വീകരിച്ചു. പാമ്പാടിയിൽ നിങ്ങൾ നോക്കിനിൽക്കേ തല്ലി ഇ. എം. ജോർജിനേയും ഞങ്ങളുടെ സഖാക്കളെയും. എന്തുചെയ്തു നിങ്ങൾ ? എന്തു നടപടി എടുത്തു നിങ്ങൾ ? സർ ഞാൻ നിറുത്തുന്നു ; അങ്ങയുടെ ക്ഷമ ഞാൻ പരീക്ഷിക്കുന്നില്ല. ഞാൻ, ഈ രാജ്യത്ത് ഇന്നു നടക്കുന്ന സംഭവങ്ങൾ കാണുന്നവനാണ് സർ, അറിയുന്നവനാണ് സർ. ഇന്ദിരാ കാൺഗ്രസിന്റെ ഭരണം എന്നു പറയുന്ന ശാപം ഈ കേരളത്തിന്റെ തലയിൽവച്ചുകെട്ടാൻ കൂട്ടുനിന്ന ശ്രീമാൻ ആൻറണിയുടെ കോൺഗ്രസ്സിലേയും മാണിയുടെ പാർട്ടിയിലേയും സുഹൃത്തുക്കളോട് ഞാൻ ആവശ്യപ്പെടുന്നു, നിങ്ങൾ കുറഞ്ഞപക്ഷം മനസ്സാക്ഷി ഉണ്ടെങ്കിൽ ഈ വസ്തുതകൾ അന്വേഷിക്കണം. ഇനി ഇത്തരത്തിലുള്ള ഒരു ഭരണം തുടർന്നുകൊണ്ടുപോകാനാണ് നിങ്ങൾ തീരുമാനിക്കുന്നതെങ്കിൽ ഈ രാജ്യത്ത് ബഹുജനങ്ങളെ സംഘടിപ്പിച്ച്, പൊതു

LIBRARY ARCHIVES Kerala Legislative Assembly

ജനാഭിപ്രായം സംഘടിപ്പിച്ച് അതിനെ എതിർക്കാനും തോൽപ്പിക്കാനും ഈ ഗവൺമെൻറിൻെറ ശവമഞ്ചൊ പണിയാനും ആ ബഹുജനശക്തി ഞങ്ങൾ ഉപയോഗിക്കും എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, കെ. കെ. നായരുടേയും ശ്രീമതി കമലത്തിൻേറയും പ്രസംഗം കഴിഞ്ഞതിനുശേഷം ഷൺമുഖദാസും ബേബിജോണും പി. എസ്. ശ്രീനിവാസനുമൊക്കെ തളർന്നുകഴിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെൻറ് ഇവിടെ തുടരുമെന്ന് അവർക്കുതന്നെ വിശ്വാസം വന്നിരിക്കുന്നു.

ശ്രീ. കരുണാകരൻെറ നേതൃത്വത്തിലുള്ള ന്യൂനപക്ഷ ഗവൺമെൻറിനെതിരായി ശ്രീ. ഷൺമുഖദാസ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. സർ, വളരെ പഴക്കംചെന്ന ഒരു പാർലമെൻേററിയനായ ശ്രീ. ബേബിജോൺ ഇവിടെ നടത്തിയ പ്രസംഗം വളരെ പ്രസക്തമാണ്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ അദ്ദേഹം പരാമർശിച്ചത് പാർലമെൻററി ജനാധിപത്യത്തെ മുഴുവൻ കുഴിച്ചുമൂടിയിരിക്കുന്ന ഒരു അവിഹിത ഗവൺമെൻറാണ് ഇതെന്നാണ്. ഞാൻ അദ്ദേഹത്തോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. സമയക്കുറവുകൊണ്ട് കുറച്ചു മാത്രമേ സംസാരിക്കുന്നുള്ളു. കഴിഞ്ഞ ഒക്ടോബർ 16-ാം തീയതിയാണ് ഇ. കെ. നായനാരുടെ കൂടെ ഉണ്ടായിരുന്ന ഏററവും വലിയ ഒരു പാർട്ടിയായ കോൺഗ്രസ്(എസ്)ലെ ഇരുപത്തിരണ്ടു മെമ്പറൻമാർ ആ ഗവൺമെൻറിനുള്ള പിന്തുണ പിൻവലിക്കാൻ തീരുമാനിച്ചത്. അങ്ങനെ പിൻവലിക്കാൻ തീരുമാനിച്ചതിനുശേഷം ഭൂരിപക്ഷം എന്തായിരുന്നു? സ്പീക്കർ ഉൾപ്പെടെ 71 അംഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. പാർലമെൻററി ജനാധിപത്യത്തെ കാത്തുസൂക്ഷിക്കുന്ന ആളുകളാണെന്നു പറയുന്ന ബേബിജോണും, ഇ. കെ. നായനാരും, ടി. കെ. രാമകൃഷ്ണനും, പി. കെ. വി. യും അന്ന് എവിടെ ആയിരുന്നു. അന്തസ്സുണ്ടായിരുന്നെങ്കിൽ അന്നുതന്നെ രാജിവച്ച് ഇറങ്ങിപോകേണ്ടതായിരുന്നു. നാല് ദിവസം ഇവിടെ ഭരണത്തിൽ തുടർന്നു. ഒടുവിൽ ശ്രീമാൻ കെ. എം. മാണി ഒക്ടോബർ 20-ാം തീയതി പിന്തുണ പിൻവലിച്ചപ്പോഴാണ് ഭൂരിപക്ഷം നഷ്ടപ്പെട്ടു എന്നു പറഞ്ഞ് ഇ. കെ. നായനാർ രാജിവയ്ക്കാൻ തയ്യാറായത്. സ്പീക്കർ ഉൾപ്പെടെ 71 അംഗങ്ങളുണ്ടായിരുന്ന മന്ത്രിസഭ എല്ലാ ജനാധിപത്യ മര്യാദകളേയും കാററിൽ പറത്തിക്കൊണ്ട് ഇവിടെ ഭരണത്തിൽ തുടർന്നിരിക്കെ ഇപ്പോൾ കയറിയ കരുണാകരനേയും ഞങ്ങളേയുമൊക്കെ ചൂണ്ടി കുററം പറയുന്നത്, ജനാധിപത്യത്തെ ധ്വംസിച്ചിരിക്കുന്നു എന്നു പറയുന്നത് അപഹാസ്യമാണ്. ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു........

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഭൂരിപക്ഷം ഉള്ളപ്പോൾ രാജിവയ്ക്കേണ്ട കാര്യം ഉണ്ടോ?

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഈ ഗവൺമെൻറിന് ഭൂരിപക്ഷം ഇല്ലെന്നു തെളിയിക്കാനുള്ള ചുമതല നിങ്ങൾക്കുണ്ടായിരുന്നു—ഗവർണ്ണറെ സമീപിക്കാമായിരുന്നു, ഗവർണ്ണറോട് പറയാമായിരുന്നു–അവസരങ്ങൾ ഉണ്ടായിരുന്നു. ഇതാ കരുണാകരനും അദ്ദേഹത്തിൻെറ കൂടെയുള്ള കക്ഷികൾക്കും ഭൂരിപക്ഷം ഇല്ലെന്നു തെളിയിക്കാൻ അവസരം ഉണ്ടായിട്ടും ഗവർണ്ണറെ കാണാനോ അവർക്ക് ഭൂരിപക്ഷം ഇല്ലെന്നു പറയാനോ തയ്യാറാകാതിരുന്ന ഇ. കെ. നായനാരും ബേബിജോണും പി. കെ. വി. യും ഇവിടെ വന്നുനിന്ന് ഇപ്പുറത്ത് ന്യൂനപക്ഷ ഗവൺമെൻറാണെന്നു കുററം പറയുന്നത് തീർച്ചയായും ജനാധിപത്യ മര്യാദയ്ക്ക് ചേരുന്നതല്ല. ഒരുകാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. സർ, ഇ. കെ. നായനാരുടെ ഗവൺമെൻറ് താഴെ ഇറങ്ങിയത് എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാണെന്ന് നമുക്കറിയാം. ഈ രാജ്യത്ത് കൃഷിക്കാർക്ക്, വ്യാപാരികൾക്ക് വിദ്യാർത്ഥികൾക്ക് മററു ജനാധിപത്യ വിശ്വാസികൾക്ക് ആർക്കും ഇവിടെ സ്വൈരമായി ജീവിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം സൃഷ്ടിച്ചു. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടി ആഫീസ് ബോംബുനിർമ്മാണ ശാലകളായി മാറി. ബോംബു ശേഖരണ സ്റേറാറുകളായി മാറി. മനുഷ്യന്റെ തലയോടുകളും എല്ലുകളും സൂക്ഷിക്കുന്ന സ്റേറാറുകളായി മാറി. ഈ രാജ്യത്ത് ജനാധിപത്യവിശ്വാസികൾക്ക് വഴിനടക്കാൻപോലും സാധിക്കാത്ത അക്രമങ്ങൾ അഴിച്ചുവിട്ടു. സാമൂഹ്യവിരുദ്ധൻമാരെ മുഴുവൻ കയറൂരിവിട്ടു: സി. ഐ. ടി. യു. കാരെ രംഗത്തിറക്കി. ഈ രാജ്യത്തെ ജനാധിപത്യവിശ്വാസികളെ മുഴുവൻ തല്ലിത്തകർക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. ജനാധിപത്യവിശ്വാസികളായ പ്രവർത്തകരെ റോഡിലിട്ട് കുത്തിമലർത്തി. മേൽപ്പൂരും കാവിലമ്പാറയും പനങ്ങാടും അതുപോലുള്ള പല പല സ്ഥലങ്ങളിലും തലശ്ശേരിയിലുമൊക്കെ ജനാധിപത്യ വിശ്വാസികളെ, കോൺഗ്രസ് (ഐ) പ്രവർത്തകരെയും, കോൺഗ്രസ് (എസ്) ന്റെ പ്രവർത്തകരെയും അങ്ങനെ എല്ലാ ഭാഗത്തിലുംപെട്ട ആളുകളേയും കുത്തിമലർത്താൻ തയ്യാറായ ഒരു ഗവൺമെൻറിനെ ഈ രാജ്യത്തെ ജനങ്ങളാണ് പുറത്താക്കിയത്. അതിന് ഞങ്ങളെ കുററം പറഞ്ഞിട്ട് കാര്യമില്ല. ശ്രീമാൻ കരുണാകരൻ ഇവിടെ അവിഹിതമായി നടന്ന് എം. എൽ. എ. മാരെ ചാക്കിട്ട് പിടിക്കാൻ ശ്രമിക്കുന്നു എന്ന കുററം ആരോപിക്കുകയുണ്ടായി. അപ്പുറത്തിരിക്കുന്ന ശ്രീനിവാസൻ ഇപ്പോൾ അവിടില്ല, ഷൺമുഖദാസ് ഇപ്പോൾ അപ്പുറത്തില്ല. ശ്രീനിവാസനും ഷൺമുഖദാസും അതുപോലുള്ള ആളുകളും ഏതാനും ദിവസങ്ങൾ ഇവിടെ കാട്ടികൂട്ടിയ ഇവിടെ നടത്തിയ ചാക്കിട്ടു പിടിത്ത ശ്രമങ്ങളെപ്പററി ഞാൻ ഇവിടെ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. അപഹാസ്യമായ രീതിയിൽ ഈ നിയമസഭാ മെമ്പറൻമാർക്കുപോലും അപഹാസ്യം ഉണ്ടാക്കുന്ന രീതിയിലുള്ള സമീപനം അപ്പുറത്തുള്ളവർ നടത്തിയെന്ന കുററാരോപണം നടത്താൻ ഞാനാഗ്രഹിക്കുന്നു. "അരിയും തിന്ന് ആശാരിച്ചിയേയും കടിച്ചു പിന്നെയും നായ്ക്കാണ് മുറുമുറുപ്പ്" എന്നു പറഞ്ഞപോലെ എല്ലാ കൊള്ളരുതായ്മകളുംചെയ്ത് രക്ഷയില്ലെന്ന് കണ്ടപ്പോൾ ഇപ്പുറത്ത് തിരിഞ്ഞുനിന്ന് കരുണാകരനേയും ഞങ്ങളേയും കുററംപറയുന്ന ഈ സമീപനത്തിന് മാററം വരുത്തണം. എനിക്ക് എന്റെ സ്നേഹിതൻമാർ ഷൺമുഖദാസിനോടും പി. സി. ചാക്കോയോടും ഒരു കാര്യം മാത്രമേ പറയാനുള്ളു. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുമായി എതിർത്ത്, അവരുടെ അക്രമങ്ങളെ ചെറുത്ത് നാം വളർത്തി എടുത്ത കോൺഗ്രസിന്റെ പാരമ്പര്യം നിലനിറുത്താൻ നിങ്ങൾ ഇനിയെങ്കിലും മുന്നോട്ടു വരണം. നിങ്ങൾ ഇന്ന് അവരുടെ വായിൽപ്പെട്ട് കിടക്കുകയാണ്. അക്രമികളായ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ കുരുക്കിൽപ്പെട്ടു കിടക്കുകയാണ്. അവരിൽ നിന്നും മോചനം വാങ്ങി ഇപ്പുറത്തേയ്ക്കു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമുക്ക് ഒന്നിച്ചു മുന്നോട്ട് നീങ്ങാം. 1957-ലും 1967-ലും അധികാരത്തിൽ വന്ന കമ്മ്യൂണിസ്ററു പാർട്ടിയുടേയും മാർക്സിസ്ററു പാർട്ടിയുടേയും ഗവൺമെൻറുകൾ എങ്ങനെ അധഃപതിച്ചു എന്ന് നമുക്കറിയാം.

എങ്ങനെ അധികാരത്തിൽനിന്നു പോയിയെന്ന് ഞങ്ങൾക്കറിയാം. ഈ രാജ്യത്തെ ജനങ്ങൾക്ക് ജീവിക്കാൻ സാദ്ധ്യമാകാത്ത ഒരു സ്ഥിതി വിശേഷം സംജാതമായപ്പോൾ ആ ഗവൺമെൻറിനെ താഴെ ഇറക്കേണ്ടി വന്നു. 1957 മുതൽ 1959 വരെ ഭരിച്ച കമ്മ്യൂണിസ്ററ് പാർട്ടിയെ ജനങ്ങളാൽ പുറത്താക്കപ്പെട്ടു. 1967 മുതൽ 1969 വരെ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഇവിടെ ഭരണം നടത്തിയ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്ക് ഇവിടെയുള്ള തന്റെ കൂടെയുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഘടക കക്ഷികളുടെ നേരേ എടുത്ത വൻപാർട്ടി മേധാവിത്വം കാരണം അവർക്ക് താഴെ ഇറങ്ങേണ്ടിവന്നു. 1980-ലും അതു സംഭവിച്ചിരിക്കുന്നു. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീമാൻ പി. എസ്. ശ്രീനിവാസനും ശ്രീമാൻ എം. വി. രാഘവനും ഇന്നലെയും ഇന്നുമായി ഒരു ഭീഷണി ഇവിടെ മുഴക്കുകയുണ്ടായി. ശ്രീനിവാസൻ പറഞ്ഞു, ഈ മന്ത്രിമാരെ ഞങ്ങൾ തെരുവിൽ കാണുമെന്ന്. ഇന്ന് എം. വി. രാഘവൻ പറഞ്ഞു ഭരണകക്ഷികളെ ഞങ്ങൾ തെരുവിൽ കാണുമെന്ന്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഞങ്ങളെ തെരുവിൽ കാണുമെങ്കിൽ നിങ്ങളെ നേരിടാനുള്ള ശക്തിയും ചങ്കൂറ്റവും ഇപ്പുറത്തുള്ളവർക്കുമുണ്ട് എന്നു പറയുവാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നിങ്ങളെ പേടിച്ചൊന്നും മാളത്തിലേക്ക് പോകാൻ ഞങ്ങൾ തീരുമാനിച്ചിട്ടില്ല. നിങ്ങൾ ഈ രാജ്യത്ത് അക്രമംകൊണ്ട് ഞങ്ങളെ അടിച്ചമർത്താനാണ് ഭാവമെങ്കിൽ ആ ആക്രമണത്തെ ചങ്കൂറ്റത്തോടെ നേരിടാൻ കഴിവുള്ളവരാണ് ഇപ്പുറത്തിരിക്കുന്നവർ എന്നു പറഞ്ഞുകൊണ്ട് ഞാൻ അവിശ്വാസ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട സ്പീക്കർ സർ, ഞാൻ അവിശ്വാസപ്രമേയത്തെ പിൻതാങ്ങുന്നു. ഇവിടെ ഭൂരിപക്ഷമില്ലാതെ പിൻവാതിലിൽക്കൂടി അധികാരത്തിൽവന്ന ന്യൂനപക്ഷ മന്ത്രിസഭയ്ക്ക് നിലനിൽക്കാൻ അവകാശമില്ല. ബഹുമാനപ്പെട്ട കമലത്തിന്റെയും ചന്ദ്രശേഖരന്റെയും പ്രസ്താവന വന്നതോടുകൂടി, ഭൂരിപക്ഷമില്ലാത്ത ഒരു ഘട്ടത്തിലാണ് ഗവർണ്ണർ ജോതി വെങ്കിടച്ചെല്ലം വന്ന് സത്യവാചകം ചൊല്ലിക്കൊടുത്തതും മന്ത്രിസഭയെ അധികാരത്തിൽ കൊണ്ടുവന്നതും. തീർച്ചയായിട്ടും ഭരണഘടനാവിരുദ്ധമായ ഒരു സമീപനം ഉത്തമബോദ്ധ്യത്തോടെ നടന്നു എന്ന് ഇന്നത്തോടുകൂടി തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് എന്റെ നേതാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞത്, ഈ ഗവൺമെന്റ് രാജിവയ്ക്കണമെന്ന്. ഭരണഘടനാവിധേയമായി ഭരിക്കാൻ അവകാശമില്ല. ഒരു ഗവർണ്ണർ, ഭരണഘടന ലംഘിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഗവർണ്ണർ രാജിവയ്ക്കണം എന്നു പറഞ്ഞത്. മുഖ്യമന്ത്രി രാജി വയ്ക്കണമെന്നു പറഞ്ഞത്; ഭരണഘടനാവിരുദ്ധമായ രീതിയിൽ തന്നെയാണ് പിൻവാതിലിൽക്കൂടിയാണ് ഇവിടേയ്ക്ക് കയറിവന്നത് എന്നതുകൊണ്ടുതന്നെയാണ്. ഇത് ഇന്ന് തുടങ്ങിയതല്ല. ഇന്ദിരാഗാന്ധി അടക്കം, അഖിലേന്ത്യാമന്ത്രിമാർ അടക്കം, ഇന്ദിരാ കാൺഗ്രസ്സ് നേതാക്കൻമാർ അടക്കം തുടങ്ങിവച്ച ഒരു ഗൂഢാലോചനയുടെ അവസാനമാണിത്. ഇന്ദിരാഗാന്ധി ലക്നൗവിൽ വച്ച് ഡിസംബർ 30-ാം തീയതി പറഞ്ഞു; ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷമുണ്ടെന്ന്. എങ്ങനെ ഇന്ദിരാഗാന്ധി പറഞ്ഞു, ഡിസംബർ 30-ാം തീയതി ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഉണ്ടെന്ന്. 30-ാം തീയതി ലക്നൗവിൽ ആയിരുന്നു. പത്രക്കാർ ചോദിച്ചു, ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഉണ്ടോ? ഉണ്ട്. ആ ഉണ്ട് എന്നു പറഞ്ഞതിന്റെ അർത്ഥം, ഭൂരിപക്ഷമില്ലാത്ത ഒരു മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഉണ്ടെന്ന് പറഞ്ഞ് ഇവിടെ ഭരണഘടനാവിരുദ്ധമായ നിലയ്ക്ക് ഒരു മന്ത്രിസഭയെ ജനങ്ങളുടെ തലയ്ക്ക് അടിച്ചേൽപ്പിക്കുന്നതിന് ഇന്ദിരാഗാന്ധിയടക്കം നേതൃത്വം കൊടുത്തതിന് ശേഷമാണ് ഈ ഗൂഢാലോചന നടന്നത്. ഒരു പൊളിറ്റിക്കൽ കോൺസ്പിറസി, ഒരു ഗൂഢാലോചനയായിരുന്നു അത്. ഡെമോക്രസിയുടെ വ്യവസ്ഥാപിതമായ ചട്ടപ്രകാരമായിരുന്നില്ല. അതാണ് ഇന്ദിരാഗാന്ധി അടക്കം നടത്തിയിട്ടുള്ള ഗൂഢാലോചന. ഇതു മാത്രമാണോ? നമുക്കെല്ലാവർക്കുമറിയാം, മകാപാനയടക്കം, സ്റ്റീഫനടക്കം കൽപനാഥ് റായ് അടക്കം, മൂപ്പനാർ അടക്കം ഇവിടെ വന്ന് ഈ ഗവൺമെന്റിനെ അട്ടിമറി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ വേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനം വളരെ പരസ്യമായി പത്രങ്ങളിൽ പല തവണ; പല രൂപങ്ങളിലും പുറത്തു വന്നിട്ടുണ്ട്. ഇന്ന് തുടങ്ങിയതല്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇന്ദിരാ കോൺഗ്രസ്സിന്റെ നേതൃത്വത്തിനെതിരായി ഈ രാജ്യത്തിലെ ജനങ്ങൾക്ക് ആശ്വാസപ്രദമായ നടപടികൾ സ്വീകരിക്കാനുള്ള പരിപാടികളാണ് അംഗീകരിച്ചത്. പ്രായോഗികമായി നടപ്പിൽ വരുത്തിക്കൊണ്ടിരുന്നത്. നാഷണൽ സെക്യൂരിററി ആക്ററ് നടപ്പാക്കുകയില്ലെന്നു പറഞ്ഞു, അതുപോലെതന്നെ എസെൻഷ്യൽ സർവ്വീസ് മെയിൻറനൻസ് ആക്ട് നടപ്പാക്കുകയില്ലെന്നു പറഞ്ഞു. കർഷകത്തൊഴിലാളികൾക്കും മററു തൊഴിലില്ലാത്തവർക്കുമുള്ള ആശ്വാസ നടപടികളും കൃഷിക്കാർക്കുള്ള ആശ്വാസനടപടികളും ഇടതുപക്ഷ ജനാധിപത്യ ഗവൺമെൻറ് സ്വീകരിച്ചു. ഇന്ദിരാഗാന്ധി അംഗീകരിച്ച നയത്തിനെതിരായിട്ടുള്ള ഒരു ബദൽ നയം; ഇടതുപക്ഷ ജനാധിപത്യ ഗവൺമെൻറ് ഇവിടെ നടപ്പാക്കാൻ തുടങ്ങിയതു മുതൽ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലെ ജനങ്ങളും ഇതിനെ ഉററു നോക്കാൻ തുടങ്ങി. ഇന്ദിരാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അട്ടിമറിക്കാനുള്ള ശ്രമം മറുഭാഗത്തും തുടങ്ങി. ക്രമേണ ഈ നിലപാടു നാളെ ആന്ധ്രായിലേയും മററ് സംസ്ഥാനങ്ങളിലെയും ജനങ്ങൾ ഈ മാർഗ്ഗം സ്വീകരിക്കും, ഇന്ദിരാ മാർഗ്ഗമല്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാർഗ്ഗമാണ് ജനങ്ങൾക്ക് ആശ്വാസം നൽകാനുള്ള മാർഗ്ഗമെന്ന് ജനങ്ങൾ കരുതും. 5 വർഷം ബംഗാളിൽ കണ്ടു. 5-ാമത്തെ വർഷത്തിലേക്ക് ആ ഗവൺമെൻറ് പ്രവേശിച്ചിരിക്കുകയാണ്. ത്രിപുരയിൽ ഇതിനിടെ നടന്ന എലക്ഷനിൽ ഇന്ദിരാ കോൺഗ്രസ്സ് ഒരൊററ സീററിൽ പോലും സ്ഥാനാർത്ഥിയെ നിർത്താൻ ധൈര്യപ്പെട്ടില്ല. ത്രിപുരയിലെ സ്വയംഭരണ പ്രദേശത്ത് 26 സീററിൽ 21 സീററും അവിടത്തെ മുന്നണി ജയിച്ചു, 5 സീററ് മാത്രമാണ് ഉപജാതി-ഉപപരിഷത്തിന് കിട്ടിയത്. കഴിഞ്ഞ മാസം നടന്ന തെരഞ്ഞെടുപ്പാണ്. എന്തുകൊണ്ട് ഒരു സീററിൽ പോലും മുൻസിപ്പാലിററിയിൽപ്പോലും ഇന്ദിരാ കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ നിർത്താൻ തയ്യാറാകാത്തത് ? കാരണം തെരഞ്ഞെടുപ്പിനു നിന്നാൽ കിട്ടുകയില്ല. കേരളത്തിൽ മുന്നണിയിലെ കക്ഷികളെ പിളർക്കുക. ആ പിളർക്കാൻ ഉള്ള നയം ഇന്ന് തുടങ്ങിയതല്ല. ഈ ഗൂഢാലോചന തുടങ്ങിയത് സാമ്പത്തികമായ ആക്രമണത്തോടൊപ്പം രാഷ്ട്രീയമായിട്ടുള്ള ഗൂഢാലോചനകൂടി നടത്തുന്നതിനാണ്. എന്താണ് സാമ്പത്തികമായ ആക്രമണം ? ഇന്ദിരാഗാന്ധി 100 കോടിയോളം രൂപ നികുതിഭാരം ഈ രാജ്യത്തെ കമ്പിത്തപാലിൻമേൽ കൂട്ടിയപ്പോൾ നമ്മുടെ സററീഫൻമന്ത്രി കേരളത്തുകാരനാണെങ്കിൽപ്പോലും തെരഞ്ഞെടുപ്പിൽ നിൽക്കാൻ ധൈര്യമില്ലാതെ കർണ്ണാടകത്തിൽ പോയി സീററും വാങ്ങി ജയിച്ച അദ്ദേഹം പറയുകയാണ്, 100 കോടി ആക്കിയാൽ പോരെന്ന്; ഇനിയും കൂട്ടേണ്ടതാണെന്ന്. ടെലിപ്രിൻററിന് വർദ്ധിച്ചു, പത്രത്തിന് വർദ്ധിച്ചു, ടെലിഫോണിനു. വർദ്ധിപ്പിച്ചു, അതുപോലെതന്നെ തീവണ്ടിയുടെ ചാർജും വർദ്ധിപ്പിച്ചു, ചരക്ക് കയററുന്നതിന് 10 മുതൽ 15 ശതമാനം വരെ വർദ്ധിപ്പിച്ചു. ചാർജ് വർദ്ധിപ്പിച്ച് റൗണ്ട് ഫിഗറാക്കി. ഈ രാജ്യത്തിലെ തൊഴിലില്ലായ്മയും വില വർദ്ധനവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു സാമ്പത്തികനയം, ജനങ്ങൾക്കെതിരായിട്ടുള്ള ഒരു ആക്രമണം നടക്കുമ്പോൾ അതിനെതിരായുള്ള, രാഷ്ട്രീയവുമായിട്ടു ജനങ്ങൾ മുമ്പോട്ടുവരുന്ന ഘട്ടത്തിൽ രാഷ്ട്രീയമായിട്ടുള്ള ഒരു ഒഫൻസീവ് ആണ് കേരളത്തിൽ സാമ്പത്തികമായി ഒഫൻസീവിനു പുറമേ ആരംഭിച്ചിട്ടുള്ളത്. അതാണ് ആ ഗവൺമെൻറിനെ മറിച്ചിടാൻ വേണ്ടി നടത്തുന്ന ശ്രമം.

LIBRARY ARCHIVES Kerala Legislative Assembly

ഉദാഹരണം ഞാൻ പറയാം. ഇവിടെ മകപാന വന്നു ; 1959-ലെ അട്ടിമറി സമരത്തിന് നേതൃത്വം നൽകിയതുപോലെ ഇവിടെ സ്വയമായി എന്നാണ് പറഞ്ഞത്, യു. എൻ. ഐ. നടത്തിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കഴിഞ്ഞ 1959-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ നെഹ്റു ഗവൺമെന്റ് പിരിച്ചുവിട്ട കാലത്തുണ്ടായിരുന്ന അതേ സ്ഥിതി തന്നെയാണ് ഇപ്പോൾ കേരളത്തിൽ ഉള്ളതെന്ന് അദ്ദേഹത്തിന്റെ സംസ്ഥാന പര്യടന വേളയിൽ പലരും പറഞ്ഞതായി മകപാന പ്രസ്താവിച്ചു. കേന്ദ്രം സ്ഥിതിഗതികൾ വിലയിരുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യേണ്ട സമയം സമാഗതമായിരിക്കുന്നു. ഇതാണ് മകപാന പറഞ്ഞത് 1959-ലെ പോലെ ഇവിടെ ഒരു അട്ടിമറി സമരം തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെതിരായി നടത്തിയിരുന്നുയെന്ന്.

അതുതന്നെയാണ് കരുണാകരൻ പറഞ്ഞത്, തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെതിരെ നിരന്തരമായ സമരം എന്ന്. ജൂൺ 1-ാം തീയതിയിലെ മാതൃഭൂമിയിലെ റിപ്പോർട്ട്; നിരന്തരമായ സമരം; കഴിഞ്ഞ രാജഭവൻ മാർച്ച്, പോലീസ് സ്റ്റേഷൻ ധർണ, അതുപോലെതന്നെ സത്യാഗ്രഹം, പിക്കറ്റിംഗ്, ബന്ദ്, ഇതെല്ലാം കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞു. അങ്ങനെ കരുണാകരന്റെ നേതൃത്വത്തിൽ ഇവിടെ നടത്തിയിട്ടുള്ള ഇന്ദിരാ കോൺഗ്രസ്സ് നടത്തിയ എല്ലാ സമരങ്ങളെയും ജനങ്ങൾ തള്ളിക്കളഞ്ഞു. ബഹുഭൂരിപക്ഷം ജനങ്ങളും ഗവൺമെന്റിന്റെ പിന്നിൽ അണിനിരക്കാൻ തുടങ്ങി. അതുപോലെ കേന്ദ്രത്തിൽനിന്നും മകപാനയും, സ്റ്റീഫനും വന്ന് വിമോചന സമരത്തിന് ആഹ്വാനം നൽകി. തീർച്ചയായിട്ടും ഈ സമരം ഇവിടെ മാത്രമുള്ള ഒരു ഗൂഢാലോചനയാണെന്ന് ഞാൻ കണക്കാക്കുന്നില്ല. 1959-ലെ വിമോചന സമരത്തിന്റെ സ്ഥിതി എന്തായിരുന്നു. ഇൻഡ്യൻ അംബാസഡറായി പ്രവർത്തിച്ചിരുന്ന ഡാനിയൽ പാട്രിക്ക് മോണിഗാൻ എഴുതിയതും 1979-ൽ പ്രസിദ്ധീകരിച്ചതുമായ 'A Dangerous Place' എന്ന പുസ്തകത്തിൽ 41-ാമത്തെ പേജിൽ ആരാണ് ഇതിന് നേതൃത്വം കൊടുത്തിട്ടുള്ളതെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം അമേരിക്ക ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇടപെട്ട കാര്യം പറഞ്ഞിട്ടുണ്ട്.

We had twice, but only twice, interfered in Indian politics to the extent of providing money to a political party. Both times this was done in the face of a prospective communist victory in a State election, once in Kerala and once in West Bengal, where Culcutta is located. Both times the money was given to the Congress Party, which had asked for it. Once it was given to Mrs. Gandhi herself, who was then a party official.

അദ്ദേഹം ഇൻഡ്യയിലെ അമേരിക്കൻ അംബാസഡർ ആയിരുന്നു. അദ്ദേഹം പബ്ലിഷ് ചെയ്ത പുസ്തകത്തിൽ ഇന്ദിരാഗാന്ധിയുടെ കയ്യിൽ കോടിക്കണക്കിന് രൂപ കൊടുത്തതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ശങ്കരനാരായണൻ: അതുപോലെ തന്നെ അതു നിഷേധിച്ചതായി വന്ന വാർത്ത അറിയാമോ?

ശ്രീ. ഇ. കെ. നായനാർ: എന്നാൽ മുഴുവൻ നിങ്ങൾ കേട്ടിട്ടില്ല; ഇന്നുവരെ നിഷേധിച്ചിട്ടില്ല അതിനുശേഷം ഇൻഡ്യയിൽ ഇത് പബ്ലിഷ് ചെയ്തു. ഒരാളും നിഷേധിച്ചിട്ടില്ല. ഇന്ദിരാഗാന്ധി നിഷേധിച്ചിട്ടില്ല. അപ്പോൾ ഈ തരത്തിൽ അമേരിക്കൻ പണം വാങ്ങിക്കൊണ്ട്- ഇന്ദിരാഗാന്ധിക്ക് നേരിട്ട് കാശു കൊടുത്തുയെന്നാണ് മോണിഗാൻ പറഞ്ഞത്-ആ തരത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിഗവൺമെന്റിനെ അട്ടിമറിക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിലാണ് നമ്മുടെ എ.കെ. ആന്റണി നേതാവായി വന്നത്. അട്ടിമറി സമരത്തിന്റെ പേരിലാണ് കരുണാകരന് നേതൃത്വം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അമേരിക്കൻ പണമാണ് അതിന്റെ പിന്നിൽ, എന്ന് മോണിഗാൻ എഴുതിയിരിക്കുന്നു. ആ തരത്തിൽ ഒരു വിമോചനസമരം നടത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ അട്ടിമറിക്കാൻ ഇന്ദിരാഗാന്ധി അടക്കം, കരുണാകരൻ അടക്കം നടത്തിയ ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ട്. ഇതിന്റെ പിന്നിൽ സാമ്പത്തികമായ ആക്രമണത്തിനു പുറമെ രാഷ്ട്രീയ ആക്രമണം കൂടിയുണ്ട്. അങ്ങനെ രണ്ട് നയത്തിന്റെ പോരാട്ടമായിരുന്നു. അതുമാത്രമാണോ നടന്നത്. അതിന് പുറമെ പോലീസ് നയമെന്തായിരുന്നു. പോലീസ് ഇവിടെ എന്താണ് കാണിച്ചത്. പോലീസ് സമീപനത്തെ സംബന്ധിച്ച് പായുമ്പോൾ സി.ഐ.ടി.യു. നെ നിങ്ങൾ എതിർത്തു. അപ്പുറത്ത് ഇരുന്ന കോൺഗ്രസ്സ് ഐ. യുടേയും മററുള്ളവരുടെയും നേതാക്കൻമാർ പറയുന്നു, സി.ഐ.ടി.യു. കാർ ആണ് കുഴപ്പം ഉണ്ടാക്കിയതെന്ന്. ചുമട്ട് തൊഴിലാളികളാണ് കുഴപ്പമുണ്ടാക്കിയതെന്ന്. മററ് തൊഴിലാളികളാണ് കുഴപ്പമുണ്ടാക്കിയതെന്ന്; ഞങ്ങൾ പറഞ്ഞു, അവരല്ല കുഴപ്പമുണ്ടാക്കിയതെന്ന്. പിശക് ഉണ്ടാകാം. പക്ഷേ അവരിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നവരാണ്. ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നവരാണ്. അവരുടെ വളർച്ചയിൽ അഭിമാനം കൊള്ളുന്നവരാണ്. വിശേഷിച്ച് ഹരിജനങ്ങളെയും കാർഷികത്തൊഴിലാളികളെയും കുറിച്ച് അഭിമാനംകൊള്ളുന്നവരാണ് ഞങ്ങൾ. നിങ്ങൾക്കവരെ പുച്ഛമായിരിക്കാം. നിങ്ങൾക്കവർ എതിരായിരിക്കാം. അവരുടെ പേരിൽ മുൻഗവൺമെൻറ് കൊള്ളരുതായ്മ ചെയ്തു; എന്നു പറഞ്ഞുകൊണ്ട് താറടിക്കാൻ നിങ്ങൾ ശ്രമിക്കാം. ഞങ്ങൾ അവരിൽ ആവേശം കൊള്ളുന്നവരാണ്. കൃഷിക്കാരെ, തൊഴിലാളികളെ, ചുമട്ട് തൊഴിലാളികളെ എല്ലാംകുറിച്ച് അഭിമാനം കൊള്ളുന്നവരാണ് ഞങ്ങൾ. തിരുവാമ്പാടിയിൽ എന്താണ് നടന്നത്, മാലൂരിൽ എന്താണ് നടന്നത്; നാദാപുരത്ത് എന്തു നടന്നു; സിറിയക് ജോൺ, അതിന്റെ കഥ മുഴുവൻ എന്നെക്കൊണ്ട് പറയിപ്പിക്കണ്ട; മുഴുവൻ കഥയിലേയ്ക്ക് കടന്നാൽ സിറിയക് ജോൺ അവിടെ ഇരിക്കയില്ല. ആ സ്ഥിതിക്ക അവിടെ എന്തു നടന്നു; തൊഴിലാളി വർഗ്ഗത്തിന്റെ കാര്യത്തിൽ തീർച്ചയായിട്ടും ഈ രാജ്യത്ത് അഭിമാനം കൊള്ളുന്നവരാണ് ഞങ്ങൾ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അന്ന് സി.ഐ.ടി.യു. കാരും അട്ടിമറിക്കാരും ചെയ്തതിനെയെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അംഗീകരിക്കുകയാണോ?

ശ്രീ. ഇ.കെ. നായനാർ: തൊഴിലാളിവർഗ്ഗം പിശക് ചെയ്തിട്ടുണ്ടെങ്കിൽ അതിനെ തിരുത്തുക. ചെയ്തതിനെ ഞങ്ങൾ ന്യായീകരിക്കും, അതിൽ അഭിമാനം കൊള്ളുന്നു. തൊഴിലാളിവർഗ്ഗം ചെയ്തതിൽ പിശക് ഉണ്ടാകും. അത് തിരുത്തിക്കൊണ്ട് അവരെ മുന്നോട്ട് കൊണ്ടുപോകുക. അവരിൽ അഭിമാനം കൊള്ളുകയാണ് നമ്മൾ വേണ്ടത്.

ഇവിടെ പോലീസ് സമീപനം രണ്ട് തരത്തിലുള്ളതാണ്. നിങ്ങളുടെ സമീപനമല്ല, ഞങ്ങൾക്കുള്ളത്. ഈ രാജ്യത്തിലെ കൃഷിക്കാരുടെ, ഈ രാജ്യത്തിലെ തൊഴിലാളികളുടെ ഈ രാജ്യത്ത് അദ്ധ്വാനിക്കുന്ന ജീവനക്കാരുടെ, ഈ രാജ്യത്തിലെ ന്യൂനപക്ഷങ്ങളുടെ, ബഹുജനങ്ങളുടെ താൽപര്യത്തിന് അനുകൂലമായി പോലീസ് നിൽക്കണം. അതിന് എതിരായിട്ട് പോലീസ് നിൽക്കുരുത്. ഇപ്പോൾ നിഷ്പക്ഷമായ ഒരുനയമില്ല. നിങ്ങൾ ഇന്ന് നിഷ്പക്ഷത എന്നു പറയുന്നത് വെറും കാപട്യമാണ്. 1981-ൽ 5,500 ഹരിജനങ്ങളെ യു.പി. യിൽ ചതച്ച് വെടിവച്ച് കൊന്നത് നിഷ്പക്ഷമായിട്ടാണോ?

ശ്രീ. ഇ. അഹമ്മദ്: അങ്ങനെയാണെങ്കിൽ മുമ്പത്തെ ഗവൺമെൻറിൽ മന്ത്രിയായിരുന്ന ശ്രീ. ടി.കെ. രാമകൃഷ്ണൻ ഈ സഭയിൽ ഇവിടെ ഇരുന്നുകൊണ്ട് മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് അന്ന് പറഞ്ഞത് വഞ്ചനയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ഞങ്ങളുടെ നയം വ്യക്തമായി പത്തിനപരിപാടിയിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ആ പത്തിന പരിപാടിയിൽ പോലീസ് നയത്തെ സംബന്ധിച്ചും വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ നിലയ്ക്കാണ് ഞങ്ങളുടെ പോലീസ് സമീപനം. അതുകൊണ്ടാണ് 5,500 ഹരിജനങ്ങളെ ഇന്ദിരാകോൺഗ്രസ്സിന്റെ പോലീസ് കശാപ്പ് ചെയ്തതിനേയും ജഗന്നാഥമിശ്ര ഭഗത്പൂരിൽ മുപ്പതോളം തടവുകാരുടെ കണ്ണ് കുത്തിപ്പൊട്ടിച്ചതിനേയും ഞങ്ങൾ എതിർക്കുന്നത്. കാരണം ഈ തരത്തിൽ ഇന്ദിരാകോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ വർഗ്ഗീയകലാപം, ഹരിജനങ്ങൾക്ക് എതിരായിട്ടുള്ള കശാപ്പ് ഇതുമുഴുവൻ നടത്തി, കേരളത്തിലും ഇപ്പോൾ വന്നിരിക്കുകയാണ്. ഏററവും കുറവ് കൊലപാതകം നടന്നിട്ടുള്ളത് കേരളത്തിലാണ്. ഇൻഡ്യയിലെ ഏത് സംസ്ഥാനവുമായിട്ടും മൽസരിക്കാൻ തയ്യാറാണെന്ന് ഞാൻ വാദിക്കാൻ കാരണം നിയമസമാധാനം ഏററവും നല്ലരീതിയിൽ നടക്കുന്നത് മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്, കേരളത്തിലാണെന്നുള്ളത് കൊണ്ടാണ്.

ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നു, പ്ലാനിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെൻറിന്റെ സമീപനമെന്താണ്. 275 കോടി രൂപയായി, മാണിപറഞ്ഞു; ഇന്ദിരാഗാന്ധി പറഞ്ഞു, റെക്ലസ് എക്സ്പെൻററീച്ചർ എന്ന്. ഇവിടെ ദുർച്ചെലവാണ് ചെയ്തതെന്ന്. ഒരാഴ്ച കഴിഞ്ഞിട്ടാണെങ്കിലും മാണിക്ക് അതിനെതിരായി പറയേണ്ടി വന്നു. കാരണം അദ്ദേഹം വഴിയാണ് പണം ചെലവു ചെയ്തത്. അതുകൊണ്ട് അങ്ങനെ പറയാതിരിക്കുന്നത് മോശമാണ്. പക്ഷേ ഏതായാലും അങ്ങനെ പറഞ്ഞത് നന്ന്. അവിടെ പോയി; എന്തു കിട്ടി. 3 0 കോടി രൂപയുടെ പ്ലാൻ തയ്യാറാക്കി, 313 കോടി രൂപയുടേത് സമർപ്പിച്ചു. കിട്ടിയത് 275 കോടി. ആദ്യം 273, പിന്നീട് 275, ഇപ്പോഴും 275 തന്നെ. അങ്ങനെ കേരളത്തെ പിന്നോക്കം തള്ളിക്കൊണ്ട് പോകാനുള്ള ഒരു സമീപനമാണു കേന്ദ്രഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. അതുപോലെ തന്നെ ആദ്യം മുഖ്യമന്ത്രിയായി; ഞാൻ ഡൽഹിയിൽ പോയ കാലത്ത് ഇന്ദിരാഗാന്ധിയോട് ആർ.എസ്.എസ്.-ന്റെ ആക്രമണത്തെയും കൊലപാതകത്തെയുംപററി സംസാരിച്ചു. ഇന്ദിരാഗാന്ധി ഗൗരവമായി എടുത്തില്ല. മാത്രമല്ല, 1981 ഏപ്രിലിൽ പ്രധാനമന്ത്രി കോഴിക്കോട്ട് സന്ദർശിച്ച അവസരത്തിൽ ഈ രാജ്യത്തിലെ മുന്നണിഗവൺമെൻറിനെതിരായി ആക്ഷേപിച്ച ആർ. എസ്. എസ്-ന് എതിരായി ഒരു വാക്കുപോലും പറഞ്ഞില്ല. അന്നായിരുന്നു നമ്മുടെ രാജഗോപാൽ എം.എൽ.എ. യുടെ ദേഹത്ത് ബോംബ് ആക്രമണമുണ്ടായത്. ആർ.എസ്.എസ്. ഉം ഇന്ദിരാകോൺഗ്രസ്സും തമ്മിൽ ഇവിടെ ഒരു ഗൂഢാലോചന ഉണ്ടായിരുന്നു. ആ ഗൂഢാലോചന എന്തായിരുന്നു. മാർക്സിസ്ററുകാരെ ആക്രമിക്കുക, അതിന് പരോക്ഷമായ പിൻതുണ നൽകാമെന്നതായിരുന്നു ഇന്ദിരാകോൺഗ്രസ്സിന്റെ നയം. ഈ തരത്തിൽ കരുണാകരനും ആർ.എസ്.എസും തമ്മിൽ ഇവിടെയൊരു ഗൂഢാലോചന നടത്തിയിരുന്നു. എന്തിന്, നിയമസമാധാനം അപകടപ്പെടുത്താൻവേണ്ടി. അങ്ങനെ ഈ രാജ്യത്ത് കുഴപ്പം ഉണ്ടാക്കുക എന്നുള്ളതായിരുന്നു യാഥാർത്ഥ്യം. അതു ഗൗരവതരമായി ഞാൻ ആദ്യം ഡൽഹിയിൽ സന്ദർശിച്ച അവസരത്തിൽ പ്രധാനമന്ത്രിയെ നേരിട്ടു കണ്ട് സംസാരിച്ചിട്ടും അവർ ഇവിടെ വന്നപ്പോൾ പ്രസംഗിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിനെതിരായിട്ടായിരുന്നു. ഒരക്ഷരംപോലും ആർ.എസ്.എസ്. ന് എതിരായി ഇന്ദിരാഗാന്ധി സംസാരിച്ചിട്ടില്ല. ഈ രാജ്യത്തിലെ രാഷ്ട്രീയ പാർട്ടികളെ പിളർന്നത് ആരാണ്. എന്താ ഇപ്പോൾ മാർക്സിസ്ററ് വിരോധം ഉണ്ടാകാൻ കാരണം? ശ്രീ. സുധീരൻ വളരെ സരസമായ ഭാഷയിൽ മാർക്സിസ്ററു വിരോധം പറഞ്ഞല്ലോ. സുധീരൻ ഇവിടെ പ്രസംഗിച്ചു മാർക്സിസ്ററുകാരാണ് ഇതെല്ലാം ചെയ്യുന്നതെന്ന്. ഇൻഡ്യയിലെ മുഴുവൻ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികൾ കേരളത്തിൽ നടത്തിയിരി-

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന വഞ്ചനയെ സംബന്ധിച്ച് പ്രതിഷേധം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയിൽ ഇന്ദിരാകോൺഗ്രസ്സിന്റെ അടവിനെതിരായി പ്രതിഷേധിച്ച് കഴിഞ്ഞിട്ടുണ്ട്. ജനതാപാർട്ടി, ലോക്ദൾ, ശരത്പവാറിന്റെ കോൺഗ്രസ്സ്. എല്ലാ പാർട്ടികളും അതിൽ ബി.ജെ.പി. അടക്കം ആൾ ഇൻഡ്യാ പാർട്ടികൾ മുഴുവൻ ഇവിടെ നടത്തിയിട്ടുള്ള കുതിരക്കച്ചവടത്തേയും വഞ്ചനയേയും പ്രതിഷേധിച്ചിട്ടുണ്ട്. ഇവിടെ നടത്തിയിട്ടുള്ള കുതിരക്കച്ചവടത്തേയും വഞ്ചനയേയും ഇവിടത്തെ ന്യൂനപക്ഷസമീപനത്തെയും ഭരണഘടന വെട്ടിമുറിച്ച് ഈ രാജ്യത്ത് ബലാൽസംഗം നടത്തിയതിനേയും കുറിച്ചെല്ലാം വിമർശിച്ചിട്ടുണ്ട്: നിങ്ങളെ സഹായിക്കാൻ ഒരൊററ പാർട്ടി മാത്രമെയുള്ളു; ഇന്ദിരാകോൺഗ്രസ്സ്. ഇന്ദിരാകോൺഗ്രസ്സ് ഇവിടെ ചെയ്തത് എന്താണ്. ഞാൻ ചോദിക്കട്ടെ, നമ്മുടെ സുന്ദരംസ്വാമിയുടെ പാർട്ടിയിൽ ഇപ്പോൾ ബാക്കി ആരാണുള്ളത്. മുൻമന്ത്രി ബാലകൃഷ്ണൻ ഇപ്പോൾ എവിടെ, പി.എം. കുഞ്ഞിരാമൻ നമ്പ്യാർ എവിടെ, പൊക്കൻ എവിടെ ഒക്കെ കരുണാകരൻ വയററിലാക്കി, വിഴുങ്ങി. അതുപോലെതന്നെ ബഹുമാനപ്പെട്ട ബേബിജോണിന്റെ പാർട്ടിയിലെ ശിവദാസൻ കരുണാകരന്റെ വയററിലായി. ഇനി നമുക്ക് കോൺഗ്രസ്സ് (എ) യെ എടുത്ത് നോക്കാം. അപ്പുറത്ത് നിൽക്കുന്ന നിങ്ങളുടെ ആളുകളേയും നാളെ കരുണാകരൻ വിഴുങ്ങാൻ പോകുകയാണ്. കുറുനരിയുടെ പുറത്താണ് നിങ്ങൾ സഞ്ചരിക്കുന്നത്. കുറുനരി നിങ്ങളെ വിഴുങ്ങാൻ പോകുകയാണ്. വൈ. ബി. ചവാൻ ഇന്ന് എവിടെയാണ്, എവിടെ സ്വരൺസിംഗ്, എവിടെ ബ്രഹ്മാനന്ദറെഡ്ഡി, ഇന്നു ഞാൻ ചോദിക്കുന്നു; നിങ്ങളോട്, സ്വരൺസിംഗ് എവിടെ, ബ്രഹ്മാനന്ദറെഡ്ഡി എവിടെ, ഇൻഡ്യാരാജ്യത്തിലെ ഗവൺമെൻറിൽ മൂന്നു കൊല്ലം ആഭ്യന്തരമന്ത്രിയായിരുന്ന ബ്രഹ്മാനന്ദറെഡ്ഡി ഇന്നെവിടെ? 12 കൊല്ലം വിദേശ കാര്യമന്ത്രിയായിരുന്ന സ്വരൺസിംഗ് ഇന്ന് എവിടെ; വൈ.ബി. ചവാൻ, ഇൻഡ്യയിലെ ക്യാബിനററ് മിനിസ്ററർ ആയിരുന്നു; ഇപ്പോൾ എവിടെ? ആര് തിരിഞ്ഞു നോക്കുന്നു. നിങ്ങളെ എടുക്കാതെ മുക്കാൻ പോകുകയാണ്. നിങ്ങളിൽ ആവശ്യം ഉള്ളവരെ ചൂസ് ചെയ്ത് എടുത്ത്, ബാക്കിയുള്ളവരെ പുറത്തുതള്ളും, കുറെ കഴിഞ്ഞാൽ കരുണാകരനും അതുതന്നെ ചെയ്യും. സൂക്ഷിച്ചാൽ മതി. കാരണം നിങ്ങൾക്കൊന്നും ഇവിടെ അഡ്രസ്സ് കിട്ടാൻ പോകുന്നില്ല. അതുകൊണ്ട് ഞാൻ പറയുന്നത് ഇപ്പോൾ നിങ്ങൾ തൽക്കാലം വഞ്ചന നടത്തി കുറച്ച് നക്കാപ്പിച്ചക്കുവേണ്ടി അപ്പുറത്ത് പോയിരിക്കുകയാണ് എന്നാണ്. വക്കം പുരുഷോത്തമനും, ബാലകൃഷ്ണപിള്ളയ്ക്കും എല്ലാവരേയുംകാൾ കുറച്ച് കൂടുതൽ നക്കാപ്പിച്ചകിട്ടുമെങ്കിൽ അവിടെ ഇരിക്കാമെന്നല്ലാതെ നിങ്ങൾക്ക് ആയുസ്സിൽ രാഷ്ട്രീയഭാവി ഉണ്ടാകുകയില്ല അത് ഇന്നല്ലെങ്കിൽ നാളെ സംഭവിക്കും. മിസ്ററർ സുധീരൻ-സുധീരന്റെ ഒരു പ്രസ്താവന ഞാൻ കണ്ടു. കരുണാകരനും അതുപോലെ സ്ററീഫനും നൽകിയ ഒരു പ്രസ്താവനയ്ക്ക് മറുപടിയായി സുധീരൻ പറഞ്ഞു. ജൂൺമാസം 15-ാം തീയതി സുധീരൻ കൊച്ചിയിൽ വച്ച് ചെയ്ത പ്രസ്താവനയിൽ പറയുകയാണ് (വീക്ഷണത്തിൽ നിന്ന്). ഇന്ദിരാകോൺഗ്രസ്സിൽ നിലനിൽക്കുന്ന ചേരിപ്പോരുകളുടേയും അഭിപ്രായവ്യത്യാസങ്ങളുടേയും ശക്തമായ പ്രതിഫലനമാണ് എറണാകുളത്ത് വച്ച് സ്ററീഫനും കരുണാകരനും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെന്ന് വി.എം. സുധീരൻ പ്രസ്താവിച്ചു. എന്നിട്ട് പറയുകയാണ് വ്യാമോഹങ്ങൾ പരത്തിയും ഭാഗ്യാന്വേഷികളായ പല ഉന്നതരും പാർട്ടി വിട്ട് പോയെങ്കിലും പുതിയ തലമുറയെ കൂടുതൽ ആകർഷിക്കാൻ കഴിയുന്ന കോൺഗ്രസ് (എസ്) ന്റെ ശക്തി കൂടുതൽ വർദ്ധിച്ചിരിക്കുകയാണ് എന്ന്. ഭാഗ്യവ്യാമോഹങ്ങൾ പരത്തിയും പ്രലോഭനങ്ങൾചൊരിഞ്ഞും കാലുമാററ രാഷ്ട്രീയം പ്രോൽസാഹിപ്പിച്ചും കോൺഗ്രസിൽ ഭിന്നിപ്പും ആശയക്കുഴപ്പവും ഉണ്ടാക്കാൻ സ്ററീഫനെപ്പോലുള്ളവർ നടത്തുന്ന ശ്രമങ്ങൾ ഒട്ടും വിലപ്പോവുകയില്ലെന്നത് ഓർമ്മി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചുകൊണ്ട് സുധീരൻ പറഞ്ഞു. സ്ററീഫൻ പറഞ്ഞത് ശരിയാണ്, ഇവിടെ ചിതൽപ്പുററുകൾ അടർന്നു വീഴുന്നുണ്ട്. തട്ടിമാറേറണ്ട ചിതൽപ്പുററുകൾ സ്വയം അടർന്നു വീഴുന്നത് ശുദ്ധീകരണമായിട്ടാണ് കോൺഗ്രസ്സുകാർ കാണുന്നത്. ആ ചിതൽപ്പുററാണ് അവിടെ ഇരിക്കുന്നത്.

ശ്രീ. വി. എം. സുധീരൻ: ഇതുതന്നെയാണ് എനിക്കും പറയാനുള്ളത്. വ്യാമോഹങ്ങൾ പരത്തിയും പ്രലോഭിപ്പിച്ചും ആറുപേരെ കൊണ്ടുപോയി എന്ന് മാത്രമേ പറയാനുള്ളു.

ശ്രീ. ഇ. കെ. നായനാർ: മററു പാർട്ടികളുമായുള്ള സഹകരണത്തെപ്പററി കൊച്ചിൻ സമ്മേളനത്തിൽ ശ്രീ. കരുണാകരൻ പറയുന്നുണ്ട് ഇന്ദിരാകോൺഗ്രസ് മററു പാർട്ടികളുമായി കൂട്ടുകൂടുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട കരുണാകരൻ പരാമർശിച്ചു. ജനാധിപത്യകക്ഷികളുടെ ഐക്യമാണ് നമ്മുടെ മുദ്രാവാക്യം. എല്ലാ ജനാധിപത്യപാർട്ടികളേയും നമ്മോട് അടുപ്പിക്കുക എന്നത് വളരെ പ്രാധാന്യമായിട്ടാണ്. ധൃതരാഷ്ട്രർ പറഞ്ഞതുപോലെ ക്രമേണ ക്രമേണ അവരെ നമ്മുടേതാക്കുക; അതാണ് നമ്മുടെ അന്തിമലക്ഷ്യം. അതാണ് ശ്രീമാൻ കരുണാകരൻ പറയുന്നത്. കരുണാകരൻ പറഞ്ഞത് ശരിയാണ്. കരുണാകരന്റെ ലക്ഷ്യം അതാണ് അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത് പി. എസ്. പി. യോട് അതുപോലെതന്നെ കോൺഗ്രസ് (എ) യോട് അതുപോലെതന്നെ മററു പാർട്ടികളോട് ഞാൻ ചോദിച്ചത് ശ്രീ. ശിവദാസനോട് നമ്മുടേതാക്കുക എന്നതല്ലേ? ഏതായാലും കേരളാകോൺഗ്രസ് ജെ.യും ആയി. ജോസഫും മാണിയും രണ്ടായി. ഇനി എപ്പോൾ മൂന്നാകും എന്ന് എനിക്കറിഞ്ഞുകൂടാ. അപ്പോൾ അത്തരത്തിൽ ഭിന്നിപ്പിച്ച്, പിളർത്തി എതിർപക്ഷത്തുള്ള പാർട്ടികളെ തകർക്കുക എന്നുള്ളത് ഇന്ദിരാകോൺഗ്രസിന്റെ പ്ലാനും നയവുമാണ്. അതിനാണ് മകാഥന പ്രവർത്തിച്ചത്. അമേരിക്കൻ പണം അതിനാണ്, ഇടതുപക്ഷജനാധിപത്യമുന്നണിയെ പൊളിക്കാനാണ്. ഇത്തരത്തിലുള്ള ഒരു സമീപനത്തിൽ ഞങ്ങൾ പങ്കാളികളാവുകയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ ഒരു ചോദ്യം..........................

ശ്രീ. ഇ. കെ. നായനാർ: ആര്യാടൻ എന്നെക്കൊണ്ട് അധികം പറയിപ്പിക്കണ്ട, മോശമാണ്. നമ്മുടെ രാജ്യത്ത് നടത്തുന്നതായിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സീതിഹാജിയും പറഞ്ഞു. ഞാൻ മുൻകൂട്ടി രാജിവയ്ക്കേണ്ടതായിരുന്നു മുൻകൂട്ടി വച്ചിട്ടില്ല എന്നു പറഞ്ഞു. 71 ആകുമ്പോൾ രാജിവയ്ക്കണമെന്ന ഡമോക്രസി, ബാലകൃഷ്ണൻ എവിടെ നിന്നാണ് പഠിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഭൂരിപക്ഷം എനിക്കുണ്ടായിരിക്കുമ്പോൾ ഞാൻ രാജിവയ്ക്കണമെന്നാണ് ബാലകൃഷ്ണൻ ഇപ്പോൾ പ്രസംഗിച്ചത്. എവിടന്നാ എണീററു വന്നതെന്നറിഞ്ഞില്ല. ഇത്രയേ കുഴപ്പമുള്ളു. 71 ആകുമ്പോൾ ഞാൻ എന്തിനാണ് രാജിവയ്ക്കുന്നത്? ഞാൻ കച്ചവടത്തിന് പുറപ്പെട്ടിട്ടില്ല. അതേ സമയത്ത് മാണി 20-ാം തീയതി വൈകുന്നേരം അഞ്ചു മണിക്ക്.................................

റവന്യൂവും വിദ്യാഭ്യാസവും വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ബഹുമാനപ്പെട്ട ആൻറണിയുടെ പാർട്ടി പിന്തുണ പിൻവലിച്ചപ്പോൾ സ്പീക്കർ ഉൾപ്പെടെ അല്ലേ അന്ന് 71 ഉണ്ടായിരുന്നത്?

ശ്രീ. ഇ. കെ. നായനാർ: ജോസഫിന് കണക്ക് നന്നായിട്ടറിയാമല്ലോ. എം. ബി. ബി. എസ്. കണക്ക് പഠിച്ചിട്ടാണോ ജോസഫ് എം. എ., ബി. എൽ. ആയത് 0+0+0+2=432 മാർക്കാണോ കിട്ടിയത്. പിന്നെ കണക്ക് എന്തിനാണ് എന്നോടു ചോദിച്ചത്? അപ്പോൾ കണക്ക് എന്നോട്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കേണ്ട. കണക്കനുസരിച്ച് ഞങ്ങൾക്ക് 71 സ്പീക്കർ അല്ലാതെ ഉണ്ട്. സ്പീക്കർ ഉൾപ്പെടെ എഴുപത്തിരണ്ടും: അപ്പോൾ ആ രീതിയിൽ പറയരുത്. .... (ബഹളം)

ശ്രീ. പി. സീതിഹാജി : സർ ഒരു ചോദ്യം

ശ്രീ. ഇ. കെ. നായനാർ : നമ്മുടെ സീതിഹാജി ഞങ്ങളുടെ വിജയവാഡ പ്രമേയമൊക്കെ വായിച്ചിട്ടാണ് വന്നത്. ഞങ്ങൾ ഇപ്പോൾ പാസ്സാക്കിയ പ്രമേയവുമെല്ലാം അദ്ദേഹം വായിച്ചു കഴിഞ്ഞിരിക്കുന്നു. വിജയവാഡായിൽ വച്ച് ബി. ജെ. പി. യുമായി യോജിക്കാൻ പ്രമേയം പാസ്സാക്കിയില്ലേ എന്നാണോ ? അല്ലേ ? അപ്പോൾ പ്രമേയം വായിച്ചിട്ടുണ്ടായിരിക്കണമല്ലോ. ഞങ്ങൾ പാസ്സാക്കി കഴിഞ്ഞിട്ട് ഫൈനലൈസ് ചെയ്ത് പൂർത്തിയാക്കി വരുന്നതേയുള്ളു. അതിനു മുമ്പ് സീതിഹാജി വായിച്ചു കഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെ വാരാണസിയിലെ പ്രമേയം പാസ്സാക്കിയില്ലെങ്കിലും നിങ്ങൾ വായിച്ചു പൂർത്തിയാക്കിയിരിക്കുന്നു. സുധീരൻ ഏതായാലും അഡ്വാൻസായി വായിച്ചിരിക്കുന്നു. അപ്പോൾ ആ രീതിയിൽ രാഷ്ട്രീയമായി വിവരമില്ലെങ്കിൽ വിവരം ഇല്ല എന്നു പറയുന്നതാണ് നല്ലത്. അല്ലാതെ വല്ല ആഭാസവും ഇവിടെ വന്നു പ്രസംഗിക്കുന്നതല്ല നല്ലത്. ഞങ്ങൾ പാസ്സാക്കിയ പ്രമേയം എന്താണെന്നു നോക്കണം. ഹിന്ദുവിലും മററു ചില പത്രങ്ങളിലും വരുന്ന വാർത്തകളല്ല......... (ബഹളം) അപ്പോൾ ഞാൻ പറയുന്നത് ഈ രാജ്യത്ത് ന്യൂനപക്ഷങ്ങളേയും ഹരിജനങ്ങളേയും സംബന്ധിച്ച് ജനാധിപത്യം കൊല ചെയ്യുക മാത്രമല്ല, തൊഴിലാളി വർഗ്ഗത്തെ എതിർക്കുക മാത്രമല്ല ന്യൂനപക്ഷ ജനവിഭാഗങ്ങളേയും ഹരിജനങ്ങളേയും സംബന്ധിച്ച് കശാപ്പു രാഷ്ട്രീയമാണ് ഇന്ദിരാ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്.

ഞാൻ ചോദിക്കട്ടെ ബി. ജെ. പി. യുമായുള്ള ഐക്യത്തെപ്പററി സീതിഹാജി പറയുന്നല്ലോ. ഈ രാജ്യത്തു നടക്കുന്ന പ്രശ്നങ്ങൾ എടുക്കുക. ഇന്ത്യാ രാജ്യത്തിൽ ഹിന്ദു-മുസ്ലീം കലാപം കുറയുകയാണോ ചെയ്തത്. ഇന്ത്യ മുഴുവൻ ഭരിക്കുന്നത് മാർക്സിസ്ററുകാരാണോ ? 1976-ൽ 166 ഹിന്ദു-മുസ്ലീം കലാപം മാത്രമാണ് നടന്നതെങ്കിൽ 1979-ൽ 304, 1980-ൽ 671 (ബംഗാളിൽ 5)

ശ്രീ. ഇ. അഹമ്മദ് : ഹിന്ദു-മുസ്ലീം സംഘട്ടനം കുറയ്ക്കാനാണ് ബി. ജെ. പി. യുമായി കൂട്ടുചേരുന്നതെന്നാണോ മാർക്സിസ്ററു പാർട്ടി തീരുമാനിച്ചത്.

ശ്രീ. ഇ. കെ. നായനാർ : ബി. ജെ. പി. യുമായി ഞങ്ങൾക്ക് രാഷ്ട്രീയമായ യോജിപ്പ് ഇല്ല. ഹിന്ദു-മുസ്ലീം കലാപം ഇന്ദിരാ കോൺഗ്രസ്സിന്റെ നയമാണ്. ഇന്ദിരാ കോൺഗ്രസ്സിന്റെ കൂടെ ചേർന്നിട്ടുള്ള ഗുണ്ടകളാണ് ഇത് ഉണ്ടാക്കുന്നത്. അവരും ബി. ജെ. പി. യും ചേർന്നാണ് ഇത് ഉണ്ടാക്കുന്നത്, അവരും ആർ. എസ്. എസും ചേർന്നാണ് ഈ കലാപം ഉണ്ടാക്കുന്നത്. ഇന്ത്യയിൽ ജംഷഡ്പൂർ, ഫിറോസാപൂർ, ആഗ്ര ഇപ്പോൾ മൊറാദാബാദ് ഇവിടങ്ങളിൽ നടന്നിട്ടുള്ള മുഴുവൻ കലാപവും ആരാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇന്ദിരാകോൺഗ്രസ്സിന്റെ മിലിട്ടറിക്കാരാണ് ജംഷഡ്പൂരിൽ കലാപം ഉണ്ടാക്കിയത്. അതുപോലെതന്നെ ഈ രാജ്യത്ത് ഹിന്ദു-മുസ്ലീം കലാപം ഉണ്ടാക്കിയത്. മാർക്സിസ്ററു പാർട്ടിയും ഇടതുപക്ഷജനാധിപത്യമുന്നണിയും ചേർന്നല്ല. ഈ രാജ്യത്ത് മൂന്നുമാസത്തെ ഭരണം ഏററവും അധികം കൊലപാതകം നടന്ന ഭരണമായിരുന്നു ; രാഷ്ട്രീയ കൊലപാതകത്തിന്റെ ഭരണമായിരുന്നു. ജനുവരി 19-ാം തീയതി ഇന്ത്യൻ തൊഴിലാളിവർഗ്ഗം പണിമുടക്കിയപ്പോൾ 18-ാം തീയതി രാത്രി 10,000-ഓളം ആളുകളെ സാമൂഹ്യവിരുദ്ധൻമാർ എന്നു പറഞ്ഞ് ഈ കേരളത്തിൽ അറസ്ററു ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അഞ്ഞൂറോളം ലാത്തിച്ചാർജ്ജുകൾ നടത്തി. രണ്ട് വെടിവയ്പ് നടന്നു. രണ്ടായിരത്തോളം യുവാക്കൻമാരെ ജീവിക്കാൻ നിവൃത്തിയില്ലാത്ത തരത്തിൽ അനാരോഗ്യകരമായി ലോക്കപ്പിലിട്ടു മർദ്ദിച്ചു. നീലേശ്വരത്തു വെടിവയ്പ് നടന്നു, ശ്രീകണ്ഠപുരത്ത് വെടിവയ്പു നടന്നു. ആളുകളെ ലോക്കപ്പിൽ നഗ്നരാക്കി നിറുത്തി ഈ രാജ്യത്ത് സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് നടന്നതുപോലുള്ള ഒരു ഭീകര ഭരണം ഇപ്പോൾ കരുണാകരന്റെ നേതൃത്വത്തിൽ നടത്തുമ്പോൾ അതിന്റെ കൂടെ ചേർന്ന ഉമ്മൻ ചാണ്ടിക്ക് മൗനമായി നിഷ്ക്രിയത്വത്തിൽ നിസ്സഹായനായി ആകാശം നോക്കി ഇരിക്കാൻ തോന്നിയതിൽ എനിക്ക് ഖേദം ഉണ്ട്. തീർച്ചയായും ഈ നയം തെററാണ്. ശ്രീ. മാണി അവസാനം ഒരു വഞ്ചന നടത്തി. 16-ാം നു ഞങ്ങൾ ചർച്ചക്ക് ഇരുന്നിട്ട് വീണ്ടും 20-ാം തീയതി ചർച്ചക്ക് ഇരിക്കാൻ തീരുമാനിച്ചു. എന്നിട്ട് ചർച്ച ചെയ്യാമെന്നു പറഞ്ഞു. ചർച്ച ചെയ്യാമെന്നു പറഞ്ഞ സമയത്ത് അഞ്ചു മണിക്ക് മാണി പറഞ്ഞു അയാം സോറി ഞങ്ങൾ പിന്തുണ പിൻവലിക്കുന്നു എന്ന്.

നിങ്ങൾ സോറി പറയേണ്ട പിൻവലിച്ചോളാൻ പറഞ്ഞു. അപ്പോൾ ഞങ്ങൾ ചർച്ചയ്ക്കു വച്ചതാണ്. ആ ചർച്ചയ്ക്ക് ഇരിക്കാതെ മൂപ്പനാരുടെ കത്ത് കിട്ടിയപ്പോൾ അപ്പുറത്തേയ്ക്ക് പോയതിൽ ഞങ്ങൾക്ക് ഖേദം ഉണ്ട്.

ധനകാര്യവും നിയമവും വകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മനസ്സാക്ഷിയോടു ഒരു കാര്യം ചോദിക്കട്ടെ. 16-ാം തീയതി കൂടിയ ലെയ്സാൺ കമ്മിററി യോഗത്തിൽവച്ച് കോൺഗ്രസ് മന്ത്രിസഭ വിട്ടുപോയ സ്ഥിതിവിശേഷം വിലയിരുത്താൻവേണ്ടി കൂടിയ യോഗത്തിൽ നമ്മുടെ ഈ ഗവൺമെൻറിന് ഭൂരിപക്ഷം ഉണ്ടെന്ന് ഗവർണ്ണറെക്കൊണ്ട് പറയണമെന്ന് എന്നോട് ആവശ്യപ്പെടുന്നതിനുമുമ്പ് ഉടൻതന്നെ ക്യാബിനററ് വിളിച്ച് കൂട്ടിക്കൊണ്ട് നിയമസഭ വിളിച്ചുകൂട്ടി ബല പരീക്ഷണം നടത്താൻ തയ്യാറാകണം, അതിനു നടപടി സ്വീകരിക്കണമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ അതിനില്ല, ഞങ്ങൾ ഇങ്ങോട്ട് വന്നു എന്നു വരില്ല, ഞങ്ങളെ കൂട്ടണമെന്നില്ല, ഞങ്ങൾ തുറന്നചർച്ച നടത്തുകയാണ് ; ആ ചർച്ചയ്ക്കു ശേഷം 20-ാം തീയതിയേ ഞങ്ങൾ ഞങ്ങളുടെ തീരുമാനം ഫൈനൽ ആയിട്ട് എടുക്കുകയുള്ളു. ഞങ്ങളെ കൂട്ടേണ്ട എന്നു പറഞ്ഞു പിരിഞ്ഞ എനിക്ക് എതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ പറയരുത്. . . (ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എന്തു നുണയാ മാണി ! ഈ പറയുന്നത്.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മാണിക്ക് ദിവസം ദിവസം കുപ്പായം മാററാൻ വിഷമമില്ലെങ്കിലും, ബുദ്ധിമുട്ടില്ലെങ്കിലും എനിക്ക് വിഷമമുണ്ട്. എനിക്ക് സത്യമേ പറയാനൊക്കൂ. മാണിക്ക് ബുദ്ധിമുട്ടില്ല. കാരണം, കുപ്പായം ആഴ്ചക്ക് ആഴ്ചക്ക് മാററമല്ലേ ? അന്ന് രാജി വയ്ക്കേണ്ടിവന്ന സ്ഥിതിയേക്കുറിച്ച് പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ വസ്തുത എന്താണ് ? അന്ന് സാക്ഷികൾ ആരെല്ലാമായിരുന്നു ? ശ്രീ. പി. കെ. വി., ശ്രീ. രാഘവൻ, ഞങ്ങൾ ഇടതുപക്ഷജനാധിപത്യ മുന്നണിയിലെ സാക്ഷികളാണ്. ആ സാക്ഷികളായ ഞങ്ങൾ തീരുമാനിച്ച് ഭൂരിപക്ഷം ഉണ്ടെന്ന് പറയാമോ ? പറയാം , മാണി സമ്മതിച്ചു. ഞാനാണ് ആ പ്രത്യേക ചോദ്യം ചോദിച്ചത്. മാണിയാണ് പറഞ്ഞത് പറയാമെന്ന്, ഭൂരിപക്ഷമുണ്ടെന്ന് പറയാമെന്ന്. സത്യം സത്യമായി കാണണം. നിങ്ങൾ ഭരണഘടനയെ ച്ചൊല്ലി ഇവിടെ മന്ത്രിയായതാണ്. കളവു പറയരുത്. മാണി ഇവിടെ പറഞ്ഞത് തെററാണ്. അതു കൊണ്ടാണ് ഞാൻ പറയുന്നത്. നിങ്ങൾ കളവു പറയരുതെന്ന്. നിങ്ങൾ അപ്പുറത്തുപോയി വഞ്ചന നടത്തിയത് ഇരുന്നോട്ടെ. പക്ഷേ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ആ തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കശാപ്പു ചെയ്യാനും ഒരു ന്യൂനപക്ഷ മന്ത്രിസഭയെ അരക്കിട്ടുറപ്പിക്കാനും ഇന്ദിരാഗാന്ധിയടക്കം നടത്തിയ ഗൂഢാലോചനയിൽ പങ്കാളിയാകുകയും ചെയ്തവരായ നിങ്ങളോടു ഞാൻ പറയുന്നു, ഇന്നു നിങ്ങൾ ഖേദിച്ചില്ലെങ്കിലും നാളെ നിങ്ങൾ ഖേദിക്കേണ്ടിവരുമെന്ന്. ഓരോ പാർട്ടിയെയും വിഴുങ്ങത്തക്ക വിധത്തിൽ ഇന്ദിരാ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഏകാധിപത്യനയത്തിനെതിരായി യോജിച്ചു മുന്നേറാൻ നിങ്ങൾ പുനർ ചിന്തിക്കണം. അങ്ങനെ ഇന്ദിരാ കോൺഗ്രസ്സിനെ കുറുക്കൻ രാജാവായിട്ടുള്ള കഥപോലെ ഇവിടെ നിന്നു മാററണമെന്നു മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളു. അതുകൊണ്ട് ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നെയും എന്റെ പാർട്ടിയെയും പററിയുള്ള പരാമർശനങ്ങൾ ഇവിടെ നടത്തുകയുണ്ടായി. (ബഹളം)

ജനാധിപത്യത്തിനു വേണ്ടിയുള്ളവാദമാണല്ലോ? ഇതാണ് സ്വേച്ഛാധിപത്യത്തിനുവേണ്ടിയുള്ള വാദം. ബാക്കിയുള്ളവർ പറയുന്നതുകൂടികേൾക്കുക. അതുകൊണ്ടു തന്നെ ഞാൻ നിങ്ങളോട് യോജിക്കുന്നില്ല നിങ്ങൾ സ്വേച്ഛാധിപതികളാണ്. ഞാൻ പറയട്ടെ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ എന്റെ കക്ഷിയും അങ്ങയുടെ കക്ഷിയും വ്യത്യസ്തമാണ്. സമീപനവും വ്യത്യസ്തമാണ്. ഞങ്ങൾ ശ്രീകണ്ഠൻ നായർ നേതാവായിട്ടുള്ള കക്ഷി അല്ലെങ്കിൽ മാർക്സിസ്ററു പാർട്ടിയിൽ ലയിക്കുമായിരുന്നല്ലോ? (ബഹളം)

ശ്രീ. കെ. അനിരുദ്ധൻ: ബഹുമാനപ്പെട്ട മന്ത്രി ശിവദാസൻ അദ്ദേഹം തന്റെ പാർട്ടിയുടെ നയപരിപാടികൾ വ്യത്യസ്തമാണെന്നു പറഞ്ഞു. ആ പാർട്ടിയെക്കുറിച്ച് തന്നെ വ്യക്തമല്ലാത്തതുകൊണ്ട് നയപരിപാടികൾ വിശദീകരിക്കാൻ ഉള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. ശിവദാസൻ: സഖാവ് ശ്രീകണ്ഠൻ നായർ നേതാവായിട്ടുള്ള എന്റെ പാർട്ടി, മാർക്സിസ്ററ് പാർട്ടി ഒരു സ്ററാലിനിസ്ററു പാർട്ടിയാണെന്നുള്ള അഭിപ്രായം കൊണ്ട് 1957-ൽ ഈ ഇരിക്കുന്ന ഞങ്ങളൊക്കെകൂടി അവരെ എതിർത്തു. ചരിത്രത്തിന്റെ എല്ലാ പ്രധാനപ്പെട്ട ഘട്ടങ്ങളിലും അവിഭക്ത കമ്മ്യൂണിസ്ററുപാർട്ടിയേയും, മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയേയും എതിർത്തതാണ്. ഞങ്ങൾ ഇപ്പോൾ നയം മാററിയതല്ല. 1957-ലും എതിർത്തു. 1959-ലും നിങ്ങൾ വായിച്ചിട്ടുള്ളതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിസ്ററ് വിരുദ്ധസമരത്തിനുവേണ്ടി കോൺഗ്രസിനോടും മന്നത്തു പത്മനാഭനോടും ചേർന്ന് നടത്തിയ വിമോചന സമരത്തിന്റെ നേതാവായിരുന്നു ബേബിജോൺ, അന്ന് എന്റെ നേതാവായിരുന്നു. അതിനു ശേഷം 1965-ലെ തെരഞ്ഞെടുപ്പിൽ (ബഹളം)...........

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു ചോദ്യം. വസ്തുതകൾക്ക് നിരക്കാത്തതും അവാസ്തവവുമായിട്ടുള്ള പ്രസ്താവന ഒരു പാർട്ടിയുടെ നയത്തെ സംബന്ധിച്ച്; അതിന് ആ പാർട്ടിയുമായി ബന്ധമില്ലാത്ത ഒരു പാർട്ടി- ആർ. എസ്. പി. അംഗീകരിച്ച നയത്തെ സംബന്ധിച്ച് 1967-ലും മററു വർഷങ്ങളിലും 1969-ലും 1970-ലും, 1977-ലും മററും എടുത്ത നയത്തെ സംബന്ധിച്ച് ശുദ്ധ അസംബന്ധങ്ങൾ, അസത്യങ്ങൾ ഈ സഭയിൽ പറയാമോ?

ശ്രീ. കെ. ശിവദാസൻ: ഇതൊക്കെ ചരിത്ര സത്യങ്ങളാണ്. 1957-ൽ ഞങ്ങൾക്ക് കമ്മ്യൂണിസ്ററ് പാർട്ടിയുമായി ഐക്യമില്ലായിരുന്നു. അതിനു ശേഷമാണ് ഞങ്ങൾ വിമോചനസമരം നടത്തിയത്. ഞങ്ങൾ തൊഴിലാളി സമരം നടത്തി ചന്ദനത്തോപ്പിൽ രാമനെയും സുലൈമാനേയും കമ്മ്യൂണിസ്ററു

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി വെടിവെച്ചുകൊന്നതിനെ ഞങ്ങളുടെ നേതാക്കൻമാർ എതിർത്തു. പാപ്പന്മാരെ വെടിവെച്ചുകൊന്നപ്പോൾ ഞങ്ങൾ എതിർത്തു. വിമോചനസമരത്തിലും ഞങ്ങൾ പങ്കാളികളായിരുന്നു. (ബഹളം) വിമോചന സമരത്തിന് ബേബിജോണും മററ് നേതാക്കൻമാരും നേതൃത്വം കൊടുത്തിരുന്നു. (ബഹളം)

ശ്രീ. ബേബിജോൺ : എന്തിനാണ് ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുന്നത്. ഒരു സമരത്തിലും ഈ ശിവദാസൻ ഇല്ലായിരുന്നു. വെറുതെ എന്തിനു ഇവിടെ വന്നു വാചകമടിക്കുന്നു?

ശ്രീ. കെ. ശിവദാസൻ : അതൊന്നും വേണ്ടല്ലോ ? നിങ്ങളുടെ പാർട്ടിയുടെ നയം നിങ്ങൾക്ക്, എന്റെ പാർട്ടിയുടെ നയം എനിക്ക്. ഏതായാലും എന്റെ പാർട്ടിയുടെ നയം എന്താണെന്ന് എനിക്കറിയാം. (ബഹളം)

ശ്രീ. എ. വി. താമരാക്ഷൻ : സർ, ആയുർവ്വേദ കോളേജിൽ മകൾക്ക് അഡ്മിഷൻ കിട്ടുന്നതിനുവേണ്ടി, മററ് ആനുകൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടി വ്യാജമായ വരുമാന സർട്ടിഫിക്കററുണ്ടാക്കിയ കരിങ്കാലിയായ കായംകുളം കൊച്ചുണ്ണി ശിവദാസൻ ഈ സഭയിൽ വന്ന് ഇത്തരം കള്ള പ്രസ്താവനകൾ ചെയ്യാമോ ?

ശ്രീ. കെ. ശിവദാസൻ : എനിക്ക് അതിനൊന്നും പരാതിയില്ല. അവരവർ അവരവരുടെ സംസ്ക്കാരത്തിൽ സംസാരിക്കുന്നു. എന്റെ പാർട്ടി കാലുമാറിയോ, അതോ സഖാവ് ബേബിജോണിന്റെ പാർട്ടി കാലുമറിയോ, എന്നുള്ളതിനെ സംബന്ധിച്ച് ഉള്ള നയം വിശദീകരിക്കുകയായിരുന്നു. ഞങ്ങൾ ഒരിക്കലും കമ്മ്യൂണിസ്ററു പാർട്ടിയെ അന്ധമായി പിൻതുടരുന്ന നയം സ്വീകരിച്ചിട്ടില്ല. 1960-ലെ തെരഞ്ഞെടുപ്പിലും അങ്ങനെതന്നെ. 1965-ലെ തെരഞ്ഞെടുപ്പു വന്നപ്പോൾ സി. പി. ഐ., ആർ. എസ്. പി ലീഗുമായി ചേരണമെന്നു കമ്മ്യൂണിസ്ററു പാർട്ടിയുടെ നയത്തിനു എതിരായി നിന്നതുകൊണ്ട് ഞങ്ങളെ പുറത്താക്കി. അതു കഴിഞ്ഞ് 1967-ലെ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്ററ് വിരുദ്ധനായ വെല്ലിംഗ്ടൺ ഉൾപ്പെടെയുള്ള നമ്മളെല്ലാവരും കൂടി ചേർന്നു. 1969 ആയപ്പോൾ നിങ്ങളുടെ ഭരണം അസഹ്യമാണെന്ന് യശഃശരീരനായ ശ്രീ ടി. കെ. ദിവാകരൻ, നിങ്ങൾ പോലീസ് മേധാവിത്വം കാണിക്കുകയാണെന്നും പോലീസ് ഏകകക്ഷിഭരണത്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നും തൊഴിലാളി ദ്രോഹഭരണമാണെന്നും പറഞ്ഞ് സി. പി. ഐ. യുമായി ചേർന്ന് വേറെ ഒരു മുന്നണി ഉണ്ടാക്കി. ആ നയം തന്നെയാണ് ശ്രീകണ്ഠൻനായർ നേതാവായിട്ടുള്ള ആർ. എസ്. പി. പിൻതുടർന്നത്. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ, ബഹുമാനപ്പെട്ട പങ്കജാക്ഷൻ, ശ്രീ. ശ്രീകണ്ഠൻനായർ, ബഹുമാനപ്പെട്ട കരുണാകരനുമായി ചേർന്നതിനെപ്പററി പരിഹാസദ്യോതകമായി പറഞ്ഞു. സഖാവേ 1970-ൽ ഈ കരുണാകരനു ഇന്ദിരാഗാന്ധിയുമായി ചേർന്ന് നമ്മൾ നടത്തിയ തെരഞ്ഞെടുപ്പിൽ ജയിച്ചു വന്നിട്ട് അടുപ്പിച്ചടുപ്പിച്ച് എത്രകാലം നിങ്ങൾ മന്ത്രിയായിരുന്നു. ബേബിജോൺ മന്ത്രിയായിരുന്നു അതു കഴിഞ്ഞിട്ട് നിങ്ങൾ ഇപ്പോൾ ഏകാധിപത്യത്തെപ്പററിപറയുന്നു. ഞാൻ ചോദിക്കട്ടെ, സഖാവേ, തെരഞ്ഞെടുപ്പിൽ ഏകാധിപത്യത്തെപ്പററി പറഞ്ഞത് അടിയന്തിരാവസ്ഥയെക്കുറിച്ച് അല്ലേ ? ആ അടിയന്തിരാവസ്ഥയിൽ കരുണാകരനുമൊത്ത് അല്ലേ നിങ്ങളൊക്കെ ഭരിച്ചത്. നിങ്ങൾ ഇപ്പോൾ ജനാധിപത്യത്തിന്റെ കാസ്ററിംഗ് വോട്ടിനെപ്പററി പറയുന്നു. 1970-ലെ തെരഞ്ഞെടുപ്പിൽ 1975-ൽ നിങ്ങളുടെ ജനവിധി അവസാനിച്ചു ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥക്കാലത്തുണ്ടായ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആറാറുമാസംവീതം മൂന്നുപ്രാവശ്യം നിയമസഭ നീട്ടിക്കൊണ്ടു പോയപ്പോൾ ജനാധിപത്യവാദികളെ നിങ്ങൾക്കു നാണമില്ലായിരുന്നോ അതിലിരിക്കാൻ? എന്നിട്ട് നിങ്ങൾ ഇപ്പോൾ ജനാധിപത്യം പറയുന്നു ? അന്ന് നിങ്ങൾ പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

നിയമം അതിന് അനുവദിക്കുന്നില്ലയെന്ന്. ഇവിടെ കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റ്, അതായത് the Speaker shall exercise his right. അതിനെപ്പററി യാണ് ഇപ്പോൾ പ്രസംഗം. അന്ന് ഒരു നിയമത്തിന്റെ നാരുപിടിച്ച ഒന്നര ക്കൊല്ലം അവിഹിതമായി ഭരിച്ചു നിങ്ങളെ ആര് തെരഞ്ഞെടുത്തു ? 1975-ൽ കാലാവധി കഴിഞ്ഞിട്ടും തുടരാൻ നിങ്ങളെ ആരു തെരഞ്ഞെടുത്തു ? 1977-ൽ അടിയന്തരാവസ്ഥ പിൻവലിച്ചു തെരഞ്ഞെടുപ്പു നടത്തി. ശ്രീ. പി. കെ. വാസുദേവൻനായർ കരുണാകരനുമായി ഐക്യമുന്നണി ഉണ്ടാക്കി യിട്ടില്ലേ ? അതിൽ ഭൂരിപക്ഷം കിട്ടിയപ്പോൾ ശ്രീമാൻ കരുണാകരൻ മുഖ്യമന്ത്രി യായി സത്യപ്രതിജ്ഞ ചെയ്തില്ലേ ? അന്ന് ശ്രീ. പി. കെ. വാസുദേവൻ നായരും മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തില്ലേ ; ഞാനും അതേ ചെയ്തുള്ളു.

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, ശ്രീ. ശിവദാസൻ അദ്ദേഹ ത്തിന്റെ പാർട്ടിയുടെ പേരിലാണ് സംസാരിച്ചതെങ്കിൽ ഒരു മെമ്പറുള്ള ഒരു പാർട്ടിയാണ്, അതിനുള്ള സമയമേ അദ്ദേഹത്തിന് അനുവദിക്കാൻ പാടുള്ളു. നേരെ മറിച്ച് അദ്ദേഹം മന്ത്രിയെന്നുള്ള കപ്പാസിററിയിലാണ് സംസാരിക്കുന്നതെങ്കിൽ തീർച്ചയായിട്ടും ആവശ്യമുള്ള സമയം കൊടുക്കാം. മന്ത്രിയെന്നുള്ള കപ്പാസിററിയിൽ ഒരു വാക്കും ഇതുവരെ അദ്ദേഹം പറഞ്ഞത് ഞങ്ങൾ കേട്ടില്ല. അദ്ദേഹത്തിന്റെ പാർട്ടിയുടെ പഴയ ചരിത്രം ഒക്കെ പറഞ്ഞാണ് പ്രസംഗിക്കുന്നതെങ്കിൽ പാർട്ടിക്കുള്ള ഒരു മെമ്പറുടെ സമയമേ കൊടുക്കാൻ പാടുള്ളു.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ മുഖ്യ മന്ത്രിയായപ്പോൾ മുഖ്യമന്ത്രിയെന്നുള്ള ആ സമയം ഉപയോഗിച്ച് കൊണ്ടുതന്നെ അദ്ദേഹത്തിന്റെ പാർട്ടിയുടെ കാര്യം പറഞ്ഞിട്ടുള്ളത് ഈ സഭയുടെ റിക്കാർഡിലുണ്ട്.

ശ്രീ. കെ. ശിവദാസൻ : അപ്പോൾ ഞാൻ പറഞ്ഞുവന്നത്, ഞാൻ എങ്ങനെ മന്ത്രിയായി എന്നുള്ളതാണ്. അടിയന്തിരാവസ്ഥയ്ക്കു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ജയിച്ചുവന്ന് ഇവർ ഒരുമിച്ചു ഭരിച്ചപ്പോൾ കരുണാകരൻ മുഖ്യമന്ത്രിയായപ്പോൾ കൂടെ ബേബിജോൺ സത്യപ്രതിജ്ഞ ചെയ്തതുപോലെതന്നെ : എന്റെ പാർട്ടി പിന്തുടർന്നു വന്ന നയത്തിന്റെ പിന്തുടർച്ചയാണ് സ്വാഭാവിക പരിണാമം എന്ന നിലയിൽ ശ്രീ. കരുണാകരനു മായി ചേർന്ന് ഞാൻ മന്ത്രിയായിയെന്നുള്ളത്. ശ്രീ. ശ്രീകണ്ഠൻനായർ പാർട്ടി യിൽനിന്നും ചവുട്ടി പുറത്താക്കിയപ്പോൾ ഗതിയില്ലാതെ മാർക്സിസ്ററ് തടങ്കൽ പാളയത്തിൽ ചെന്നിട്ട് ഇന്നലെവരെ ചെയ്തതിന് എതിരായി ചെയ്യുന്ന തിന് ഞാൻ ഉത്തരവാദിയല്ല. ഭൂരിപക്ഷത്തെപ്പററി പറയുമ്പോൾ എനിക്കൊരു കാര്യമുണ്ട്, അതുകൊണ്ട് ഞാൻ പറയട്ടെ, നിങ്ങളുടെ ഭൂരിപക്ഷം 93 ആയിരുന്ന പ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നും ഞങ്ങളുടെ പാർട്ടി സ്പ്ലിററ് ആയപ്പോൾ എന്നെയും ശ്രീകണ്ഠൻനായരെയും പുറത്താക്കി. പിന്നെ നിങ്ങൾക്ക് എന്നെ കൂട്ടാൻ അവകാശമില്ല. അന്ന് നിങ്ങൾ എല്ലാവരും ഉണ്ടായിരുന്നു. അതിനുശേഷം നിങ്ങളുടെ ഭൂരിപക്ഷം 92. 92-ൽ നിന്നും 22 പോയാൽ പിന്നെ എത്രയാണ് സാറേ കണക്ക്; എഴുപത്. എഴുപതും സ്പീക്കറും, മാണിക്കും നായനാർക്കും അപ്പോൾ ഭരിക്കാം ഞങ്ങൾക്കു ഭരിച്ചു കൂടാ. അപ്പോൾ എന്ത് ന്യായമാണ് നിങ്ങൾ പറയുന്നത്. ഒൺവേ ട്രാഫിക്കോ ? ഒരു പാലം കെട്ടിയാൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കണ്ടേ ? എന്നെ കുഞ്ഞിക്കണ്ണൻ നേരത്തെതന്നെ പുറത്താക്കി കുഞ്ഞിക്കണ്ണൻ ഒരു പ്രസ്താവനയിലൂടെ ശ്രീകണ്ഠൻനായർ സെക്രട്ടറിയായിട്ടുള്ള പാർട്ടിയെ പുറത്താക്കി, എന്നെ പുറത്താക്കി, യു. ടി. യു. സി എന്നുള്ള നിലയിൽ നിങ്ങളുടെ കോ-ഓർഡിനേ

LIBRARYARCHIVES Kerala Legislative Assembly

നേഷൻ കമ്മററിയിലുണ്ടായിരുന്ന എന്നെ പുറത്താക്കി. ശ്രീ. ആർ. എസ്. ഉണ്ണി എനിക്കുപകരം ശ്രീ. പങ്കജാക്ഷനെ വച്ചു. അപ്പോൾ എന്റെ വോട്ട് മാറി. 93-ൽ നിന്നും 92. 22 പേരുള്ള കോൺഗ്രസ് (എസ്) മാറി. നിങ്ങൾക്ക് 70-ഉം ഒരു സ്പീക്കറും. എത്രനാൾ നിങ്ങൾ അങ്ങനെ ഭരിച്ചു; എന്നിട്ടാണോ ഇതിനെപ്പററി പറയുന്നത്. ഇനി ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് തീർത്തേക്കാം. പങ്കജാക്ഷൻ ചില ആരോപണങ്ങളൊക്കെ പറഞ്ഞു. വ്യക്തമായില്ല എനിക്ക്. ആരുടെയൊക്കെയോ വരുമാനം തിരുത്തി, ഏതോ മന്ത്രിമാർ മക്കൾക്ക് സീററ് മേടിച്ചു എന്നൊക്കെ അവ്യക്തമായ ആരോപണത്തിന്റെ പൊടിപടലം പറത്തരുത്. അതായത് ഇവിടെ നടക്കുന്ന ബ്ലാക്ക് മെയിൽ രാഷ്ട്രീയത്തിന്റെ ഭാഗമായി ഇങ്ങനെയൊരു ന്യൂസ് ദേശാഭിമാനി പത്രത്തിൽ വന്നിരുന്നു; അപ്പോൾത്തന്നെ പ്രിൻസിപ്പൽ എന്റെ മകൾ മെരിററിൻമേൽ ആറാമത്തെ റാങ്ക് കിട്ടിയ കുട്ടിയാണെന്നും, ഇങ്ങനെ പ്രശ്നമൊന്നുമില്ലെന്നും പറഞ്ഞു. അത് ആ പത്രത്തിൽത്തന്നെ പ്രസിദ്ധീകരിച്ചു, അത് അറിയാവുന്ന ബഹുമാനപ്പെട്ട പങ്കജാക്ഷൻ പുകമറ പരത്തുന്നത് എന്തിനാണ്.

(ബഹളം)

ശ്രീ. ബേബിജോൺ: ഇതു പറഞ്ഞതുകൊണ്ട് ഞാൻ ചോദിക്കുകയാണ്, വരുമാനം എത്ര കാണിച്ചുവെന്നാണ് ചോദിച്ചത്. ആ വരുമാനം അപേക്ഷയിൽ എത്രയാണ് കാണിച്ചത് എന്നാണ് ചോദിച്ചത്, 7600 രൂപ വരുമാനമാണ് കാണിച്ചിട്ടുള്ളത്. ഭാര്യയ്ക്കുതന്നെ 700 രൂപ മാസവരുമാനമുണ്ട്.

ശ്രീ. കെ. ശിവദാസൻ: അങ്ങയ്ക്ക് തന്നെ വേണമെങ്കിൽ വില്ലേജാഫീസിൽ പോയി നോക്കാം. അതുകൊണ്ട് ഇത്തരത്തിലുള്ള പുകമറ സൃഷ്ടിച്ചു വ്യക്തികളെ തേജോവധം ചെയ്യരുതെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: നിയമസഭയിൽ പറയുമ്പോൾ സത്യസന്ധമായി പറയണം എന്നത് ഒരാവശ്യമാണ്. മന്ത്രി പറയുന്നത്, വരുമാന സർട്ടിഫിക്കററിൽ കൃത്രിമം കാണിച്ചിട്ടില്ല. എന്നാണ് മന്ത്രിയും മന്ത്രിയുടെ ഭാര്യയും ഉൾപ്പെടുന്ന കുടുംബത്തിന് കാണിച്ച വാർഷിക വരുമാനം 7600 രൂപയാണ്. അത് സത്യസന്ധമാണോ എന്ന് ശിവദാസൻ പറയണം. അല്ലെങ്കിൽ അത് നിഷേധിക്കണം അത് നിഷേധിക്കാനുള്ള തൻേറടം ഉണ്ടാകണം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): എന്റെ സ്നേഹിതൻ ശ്രീ. ഷൺമുഖദാസ് ഇവിടെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ച അവസരത്തിൽ എന്റെ പഴയ ചില പ്രസംഗങ്ങൾ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. അതിനുശേഷം പല പ്രസംഗങ്ങളും ഞാൻ ഈ നിയമസഭയിൽ നടത്തിയിട്ടുണ്ട്. എന്റെ സ്നേഹിതൻ ആ പ്രസംഗങ്ങളൊക്കെ ബോധപൂർവ്വം വിസ്മരിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി രൂപം കൊണ്ട അവസരത്തിൽ ചെയ്ത പ്രസംഗമാണ് ഇവിടെ സൂചിപ്പിച്ചത്. എന്റേത് മാത്രമല്ല; ശ്രീ. ആൻറണിയുടെയും ശ്രീ. സുധീരന്റെയും പ്രസംഗങ്ങൾ മററ് ചിലർ ഇവിടെ വായിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണി, വളരെ പ്രതീക്ഷയോടുകൂടി രൂപം കൊണ്ട ഒരാശയമായിരുന്നു. ആ ആശയം കൂടുതൽ വിജയപ്രദമായി മുമ്പോട്ടു വരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. പക്ഷേ അതിന്റെ ആരംഭം മുതൽ ഓരോ ദിവസങ്ങളിലും ബുദ്ധിമുട്ട് ഏറിയ സാഹചര്യങ്ങൾ ഉണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നില്ല; കാരണം, എന്റെ പാർട്ടിയിൽ നിന്ന് പ്രസംഗിച്ചവർ അത് വിശദീകരിക്കുകയുണ്ടായി. ശ്രീ. ഷൺമുഖദാസിനും ഇന്ന് അദ്ദേഹത്തോടൊപ്പമുള്ള സുഹൃത്തുക്കൾക്കും

LIBRARY ARCHIVES Kerala Legislative Assembly

അതറിയാം. ആഭ്യന്തരവകുപ്പ് മാർക്സിസ്റ്റ് പാർട്ടി കൈകാര്യം ചെയ്തതിനെ സംബന്ധിച്ച്, അന്ന് ശക്തമായ അഭിപ്രായവ്യത്യാസം നമുക്ക് ഇല്ലായിരുന്നോ? പാർട്ടിക്കകത്തെ സ്ഥിതി എന്തായിരുന്നു. പാർട്ടിക്കകത്ത് മാത്രം അത് ഒതുങ്ങിനിന്നിരുന്നോ; അന്നു നിയമസഭയിൽ തന്നെ എന്റെ പാർട്ടിയുടെ അംഗങ്ങൾ അത് പ്രകടിപ്പിച്ചു. ഒരവസരത്തിൽ പാർട്ടി, മാൻഡേറ്റ് തന്നിട്ട്, പാർട്ടിയുടെ നേതാവായ എന്നെകൊണ്ടുതന്നെ 1980 ഡിസംബർ 31-ാം തീയതി, കോൺഗ്രസ് പാർട്ടിക്ക് ആഭ്യന്തരവകുപ്പ് മാർക്സിസ്റ്റ് പാർട്ടി കൈകാര്യം ചെയ്യുന്ന രീതിയിൽ ശക്തമായ പ്രതിഷേധം, ഉണ്ടെന്നുള്ളകാര്യം ഇവിടെത്തന്നെ പ്രകടിപ്പിക്കുകയുണ്ടായി. നിയമവാഴ്ചയാണ് കോൺഗ്രസ് ആഗ്രഹിക്കുന്നത്.

(ബഹളം)

ഞാൻ ഈ രണ്ടു ദിവസംനടന്ന ചർച്ചകൾ മുഴുവൻ ഒററ വാചകംപോലും വിടാതെ കേൾക്കുകയായിരുന്നു. എന്താണ് നോക്കാത്തത് എന്നൊക്കെ ശ്രീ. പി.കെ.വി. ഇടയ്ക്കു ചോദിച്ചു ഞാൻ എല്ലാം കേട്ടുകൊണ്ടാണിരുന്നത്. പക്ഷേ പറയുന്ന പല കാര്യങ്ങളോടും അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നതുകൊണ്ട് ഇടയ്ക്ക് ഇടപെടുന്ന സാഹചര്യം ഒഴിവാക്കാൻ മററു കാര്യങ്ങൾ നോക്കിയിരുന്നു എന്നുള്ളതാണ്. ശക്തമായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഇവിടെ പ്രകടിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഞങ്ങൾ ശക്തമായിട്ട് പ്രകടിപ്പിച്ചിട്ടുണ്ട്. നിയമസഭക്ക് അകത്തും പുറത്തുമുണ്ടായ ആ അടിയന്തിരമായ സംഭവവികാസങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ആയുധ പരിശീലനത്തിന്റെയും ആയുധശേഖരണത്തിന്റെയും പേരിൽ പാർട്ടിക്കകത്തും ഈ അസംബ്ലിയിലും പുറത്തുമുണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾ ഒക്കെ നമുക്ക് അറിയാവുന്നതാണ്. ജനാധിപത്യത്തിന്റെ ഏററവും വലിയ ശത്രു അക്രമവും അഴിമതിയും ആണെന്ന് കോൺഗ്രസ് വിശ്വസിക്കുന്നു. അക്രമവും അഴിമതിയും കാരണം ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടാൽ അത് ജനാധിപത്യത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കും. ഇന്ദിരാ വിരോധം ഉയർത്തിക്കാണിച്ചുകൊണ്ട് അക്രമത്തെ അവഗണിക്കാനോ, ആ അക്രമത്തെ അംഗീകരിക്കാനോ ഒരു സാഹചര്യത്തിലും സാധ്യമല്ല. അതുകൊണ്ട് ഇന്ദിരാവിരോധം ഊതിവളർത്തിക്കൊണ്ട് ഈ രാജ്യത്ത് നടക്കുന്ന ആക്രമങ്ങളെ ന്യായീകരിക്കാൻ അതിനെ കണ്ടില്ലെന്ന് നടിക്കാൻ, അതിനെ അവഗണിക്കുവാൻ സാധ്യമല്ലാത്ത ഒരു സാഹചര്യമാണ് ഇവിടെയുണ്ടായിരുന്ന ഗവൺമെന്റിനെ തകർത്തത്. തകർന്നതിന്റെ സാഹചര്യങ്ങളെപ്പററി ഇവിടെ പലരും പറഞ്ഞു. സർ, പി. കെ. വാസുദേവൻ നായർക്ക് അറിഞ്ഞുകൂടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ എല്ലാ കക്ഷികൾക്കും അറിഞ്ഞുകൂടെ, നമ്മൾ എത്രയോ പ്രാവശ്യം ചർച്ചചെയ്തിരിക്കുന്നു. സർ, എന്റെ അടുത്തിരുന്ന അവസരത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്തും ശ്രീ. പി. കെ. വി. വളരെ വികാരഭരിതനായി പ്രസംഗിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അന്ന് ശ്രീ. പി. കെ. വി. യ്ക്കു വാക്കുകൾ കിട്ടിയില്ല. ഇന്ന് അദ്ദേഹത്തിന് വാക്കുകൾ കിട്ടിയതിലെങ്കിലും എനിക്ക് വളരെ ആശ്വാസമുണ്ട്. സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി മററ് ആരുടെ പേരിലും പഴിചാരിയിട്ട് കാര്യമില്ല. ശ്രീ. ഷൺമുഖദാസും, കൂട്ടരും ഇന്ന് ചില പ്രത്യേക സാഹചര്യങ്ങളാൽ മാറി നിൽക്കുന്നു. പക്ഷെ ഇന്ന് ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചുള്ള രാഷ്ട്രീയത്തിൽ പുതിയ വ്യതിയാനങ്ങൾ ഉണ്ടാകാൻ പോകുകയാണ്. ശ്രീ. ശരത്പവാർ ആന്റണിയെയും സഹപ്രവർത്തകരെയും സസ്പെൻറ് ചെയ്ത്, പുറത്താക്കാൻ ചെന്നിട്ട്, വർക്കിംഗ് കമ്മിററിയിൽ നടന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശരത് പവാറിന്റെ മുമ്പിൽ രണ്ടു മാർഗ്ഗങ്ങളേ ഉള്ളൂ. ഒന്നുകിൽ ശരത് പവാർ പോലും പരസ്യമായി പറയുന്നതിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ ശ്രീ. ദേവരാജ് അരശും കൂട്ടരും പ്രതിപക്ഷ പാർട്ടികളുടെ ഐക്യത്തിനും ലയനത്തിനും വേണ്ടി മുന്നോട്ടു നീങ്ങുക. ഇല്ലെങ്കിൽ വെസ്ററു ബംഗാളിലും കേരളത്തിലും ശ്രീ. ദാസ്മുൻഷിയും ആന്റണിയും എടുത്തിട്ടുള്ള നിലപാട് അംഗീകരിച്ചുകൊണ്ട്, ഇന്നലെ ചെയ്ത തെററ് തിരുത്തികൊണ്ട് മടങ്ങിവരേണ്ടിവരും. ശ്രീ. ശരത്പവാറിനെ സംബന്ധിച്ചിടത്തോളം ഏതാനും ദിവസങ്ങൾക്കുള്ളിൽ എടുക്കേണ്ട തീരുമാനം ഒന്നുകിൽ ലോക്ദളും ജനതാപാർട്ടിയും ഉൾപ്പെടെയുള്ള പാർട്ടികളുടെ ലയനം അല്ലെങ്കിൽ വെസ്ററു ബംഗാളിൽ ദാസ്മുൻഷിയും കേരളത്തിൽ എ. കെ. ആന്റണിയും മാർക്സിസ്ററു പാർട്ടിക്കെതിരായി ഈ രണ്ടു സംസ്ഥാനങ്ങളിലെ ജനാധിപത്യ വിശ്വാസികളോടൊപ്പം എടുത്തിട്ടുള്ള നിലപാട് അംഗീകരിച്ചുകൊണ്ട് നിലപാട് തിരുത്തേണ്ടിവരും. ശ്രീ. ദാസ് മുൻഷി എടുത്തിട്ടുള്ള നിലപാട്, ആന്റണി എടുത്തിട്ടുള്ള നിലപാട് ശ്രീ. ശരത്പവാർ അംഗീകരിക്കുക ; അല്ലെങ്കിൽ ലയനം, രണ്ടിലൊന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ നടക്കാൻ പോകുന്ന കാര്യമാണ്. ഇതിൽ രണ്ടിൽ ഏതു സാഹചര്യം ഉണ്ടായാലും അതിന്റേതായിട്ടുള്ള രാഷ്ട്രീയമായ വ്യതിയാനങ്ങൾ ഈ കേരളത്തിലും ഉണ്ടാകും.

ശ്രീ. എ. സി. ഷൺമുഖദാസ് : ബോംബെ എ. ഐ. സി. സി. സമ്മേളനത്തിൽ ഒരു കാരണവശാലും ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ വ്യക്തിത്വം നിലനിർത്തും പതാകമാററുകയില്ല, ഇൻഡ്യയിലെ 22 സംസ്ഥാനങ്ങളിൽ 20 സംസ്ഥാനങ്ങൾ ഭരിക്കുന്ന ഭരണകക്ഷികളുമായി പോരാടുന്നതിനുവേണ്ടി 20 സംസ്ഥാനങ്ങളിലെ പ്രതിപക്ഷകക്ഷികളുമായി കൂട്ടുചേരും, അതാണ് ഒരു ദേശീയ പാർട്ടി എന്ന നിലയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മുമ്പിലുള്ള ഏക വഴിയെന്ന് വ്യക്തമായിരിക്കെ 2 സംസ്ഥാനങ്ങൾക്കുവേണ്ടി 20 സംസ്ഥാനങ്ങളിലെ രാഷ്ട്രീയം മാററണമെന്നു പറയുന്നതിൽ അർത്ഥമുണ്ടോ ?

ശ്രീ. ഉമ്മൻചാണ്ടി : ഷൺമുഖദാസ്, ഏതാനും ദിവസങ്ങൾക്കുള്ളിൽ നാം നേരിട്ടു കാണാൻ പോകുന്ന കാര്യമാണ്. ദേവരാജ് അരശിന്റെ നേതൃത്വത്തിൽ ഇന്നലെ നടന്ന ചർച്ച ഇന്നത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്. ഞാൻ ഇതേ പറഞ്ഞിട്ടുള്ളു. രണ്ടിലൊന്ന് തീരുമാനിക്കേണ്ടിവരും. ഏതെന്ന് ഞാൻ പറഞ്ഞില്ല. ഏതു തീരുമാനം എടുത്താലും അതിന്റേതായ രാഷ്ട്രീയ മാററങ്ങൾ കേരളത്തിലും ഉണ്ടാകുമെന്ന് ഞാൻ സൂചിപ്പിക്കുക മാത്രമാണ് ചെയ്തത്.

(ബഹളം)

പോലീസിനെക്കുറിച്ചു പറഞ്ഞ പരാമർശനങ്ങളിലേക്ക് ഞാൻ കടക്കുകയാണ്. ഒരു കാര്യത്തിൽ എനിക്ക് ചാരിതാർത്ഥ്യം ഉണ്ട്. കഴിഞ്ഞ രണ്ടു കൊല്ലക്കാലം ഈ നിയമസഭയിൽ പോലീസിനെക്കുറിച്ചുള്ള ചർച്ചകൾ വരുന്ന അവസരത്തിൽ വളരെ രൂക്ഷമായ വിമർശനങ്ങൾ ഉണ്ടാകാറുള്ളത്, ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ പാർട്ടിക്കാർ ചെയ്തിട്ടുള്ള അതിക്രമങ്ങളെക്കുറിച്ചോ, പോലീസ് ആ പാർട്ടി പ്രവർത്തകരോട് കാട്ടുന്ന പക്ഷപാതപരമായ സമീപനത്തെക്കുറിച്ചോ, അതിക്രമങ്ങളെക്കുറിച്ചോ ആയിരിക്കും. അങ്ങനെ ഒരാക്ഷേപം ഉണ്ടാകാത്തതിൽ എനിക്ക് ചാരിതാർത്ഥ്യം ഉണ്ട്. ഇതോടനുബന്ധിച്ച് ഒരു കാര്യം വളരെ വ്യക്തമായിട്ടു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ചാക്കോ : വസ്തുതകൾക്കു നിരക്കാത്ത കാര്യം നിയമസഭയിൽ പ്രതിപാദിക്കാൻ പാടില്ലെന്നുള്ളത് ഇവിടത്തെ കീഴ്വഴക്കമാണ്. അവിശ്വാസ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഷൺമുഖദാസ് ഉമ്മൻചാണ്ടിയുടെ പാർട്ടിക്കാരുടെ താൽപ്പര്യത്തിന് അനുസരിച്ച് ഞങ്ങളുടെ പാർട്ടി നേതാവായ ശ്രീ. സി. ജി. ജനാർദ്ദനനെ അറസ്ററു വാറണ്ടു കൂടാതെ അറസ്ററു ചെയ്ത കാര്യം ഇവിടെ പ്രതിപാദിച്ചതാണ്. ഇങ്ങനെ സ്വജനപക്ഷപാതം ഉമ്മൻചാണ്ടി കാണിച്ചു എന്നു ഇവിടെ പറഞ്ഞിട്ട് ഇവിടെ ഒന്നും പരാമർശിച്ചില്ല എന്നു പറയുന്നത് ശരിയാണോ. ആററിങ്ങലിൽ ഞങ്ങളുടെ ഓഫീസ് മന്ത്രിയുടെ പാർട്ടിക്കാരുടെ നിർദ്ദേശമനുസരിച്ച് പോലീസ് കൈയേറി ശ്രീ. സി. ജി. ജനാർദ്ദനനെ അറസ്ററു ചെയ്തു. പള്ളുരുത്തിയിലെ ഞങ്ങളുടെ പാർട്ടി ഓഫീസ് കൈയേറി ഇങ്ങനെ നിരന്തരമായി ഞങ്ങളുടെ പാർട്ടി ഓഫീസ് പോലീസിനെക്കൊണ്ട് കൈയേറിപ്പിക്കുന്ന അനുഭവം ഇവിടെ ഉണ്ട്. പ്രകടമായ പക്ഷപാതമല്ലേ ?

(ബഹളം)

ശ്രീ. ഉമ്മൻ ചാണ്ടി : രാഷ്ട്രീയമായിട്ടുള്ള പരിഗണന പോലീസിന്റെ കർത്തവ്യനിർവ്വഹണത്തിൽ ഒരു സാഹചര്യത്തിലും ഉണ്ടാവുകയില്ലാ എന്ന് ഈ സഭയിൽ ഞാൻ ഉറപ്പുനൽകുകയാണ്. അതിനു വ്യത്യസ്തമായ രീതിയിൽ എന്തെങ്കിലും ഉണ്ടായിക്കഴിഞ്ഞാൽ അത് ചൂണ്ടിക്കാണിച്ചാൽ അതു തിരുത്തുന്നതിന് തയ്യാറാണ്. യാതൊരു സംശയവുമില്ല. ഇവിടെ പോലീസ് നരനായാട്ടു നടത്തി എന്ന് ഇവിടെ ചിലർ പറഞ്ഞു. നരനായാട്ടു നടത്തിയിട്ടില്ല, നടത്താൻ അനുവദിക്കുകയുമില്ല.

(ബഹളം)

ശ്രീ. കെ. അനിരുദ്ധൻ : സർ, ഇങ്ങനെ............

മിസ്ററർ സ്പീക്കർ : ബഹുമാനപ്പെട്ട അനിരുദ്ധൻ സമയം വളരെ വൈകിയിരിക്കുന്നു. അതുകൊണ്ട് ചോദ്യങ്ങൾ ചോദിക്കാതെ .... (ബഹളം) ബഹുമാനപ്പെട്ട മെമ്പർമാർ ഇരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : ബലപ്രയോഗം നടത്താതെ തന്നെ അങ്ങേയററത്തെ ആത്മസംയമനം പാലിക്കണമെന്നാണ് പോലീസിനു കൊടുത്തിട്ടുള്ള പ്രത്യേകമായ നിർദ്ദേശം. പക്ഷേ അക്രമം കാണിച്ചാൽ നീതിനടത്താൻ ബാദ്ധ്യതപ്പെട്ട പോലീസ് അവരുടെ കർത്തവ്യം നിർവ്വഹിക്കുകതന്നെ ചെയ്യും. അതിന് ബലപ്രയോഗമെന്നു പറഞ്ഞ് ആക്ഷേപിച്ചതു കൊണ്ട് കാര്യമില്ല. നീതി നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥമായ പോലീസിന് നിയമാനുസൃതമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. അതിന് രാഷ്ട്രീയമായ ഇടപെടൽ അനുവദിക്കുകയില്ല. നിയമരഹിതമായി പോലീസ് പ്രവർത്തിച്ചു എന്ന് എവിടെയെങ്കിലും ചൂണ്ടിക്കാണിച്ചാൽ അതിനേക്കുറിച്ച് അന്വേഷിക്കാനും അതിൻമേൽ നടപടികൾ എടുക്കാനും തയ്യാറാണ്.

(ബഹളം)

മിസ്ററർ സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ഒരു മെമ്പർ പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ അദ്ദേഹം ചോദ്യങ്ങൾക്കു വഴങ്ങുന്നില്ലെങ്കിൽ ....ബഹളം

ശ്രീ. ഉമ്മൻചാണ്ടി : ഇന്നലെ ബഹുമാനപ്പെട്ട പി. എസ്. ശ്രീനിവാസൻ ഒരു സംഭവത്തെപ്പററി പറഞ്ഞു. അദ്ദേഹത്തിന്റെ വീട്ടിൽ പോലീസ് കയറിയ സംഭവത്തെക്കുറിച്ച് പറഞ്ഞു. ഞാൻ അത് അന്വേഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരായാലും അംഗങ്ങളായാലും പ്രസംഗിച്ചുകൊണ്ട് നിൽക്കുമ്പോൾ ചോദ്യത്തിനു വഴങ്ങുന്നില്ലെങ്കിൽ ചെയറിന് എന്തു ചെയ്യാൻ പററും.

ശ്രീ. ഉമ്മൻചാണ്ടി: ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയാം. സമയം അനുവദിക്കുമെങ്കിൽ ചോദ്യത്തിന് വഴങ്ങുകയും ചെയ്യാം.

(ശ്രീമാൻ പി. കെ. വാസുദേവൻ നായർ ഉൾപ്പെടെ പല ബഹുമാനപ്പെട്ട അംഗങ്ങളും എന്തോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പി. കെ. വി. യുടെ മുഖത്തിന്റെ നിറ വ്യത്യാസം ചെയറിനുകൂടി പേടി തോന്നിപ്പിക്കുന്നു.

(തുടർച്ചയായ ബഹളം)

ചെയറിൽനിന്ന് എഴുന്നേററു നിൽക്കുമ്പോഴെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം..എതെങ്കിലും അംഗമോ മന്ത്രിയോ പ്രസംഗിച്ചുകൊണ്ട് നിൽക്കുമ്പോൾ ചോദ്യത്തിനു വഴങ്ങണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് ആ പ്രസംഗിക്കുന്ന ബഹുമാനപ്പെട്ട അംഗമോ മന്ത്രിയോ ആണ്. അവർ ചോദ്യത്തിന് വഴങ്ങാത്തപ്പോൾ അംഗങ്ങളെല്ലാവരുംകൂടി ഇങ്ങനെ എഴുന്നേററ് നിന്ന് ശബ്ദമുണ്ടാക്കിയാൽ സമയം നീണ്ടുപോകുമെന്നുള്ളതിൽ കവിഞ്ഞു മറെറാന്നും നടക്കുകയില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ചോദിക്കുക.

മി. സ്പീക്കർ: ശ്രീ. ററി. കെ. രാമകൃഷ്ണൻ അവിടെ ഇരിക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞു കഴിഞ്ഞിട്ട് ചോദ്യത്തിനു വഴങ്ങാമെന്നാണ്.

ബഹു: മന്ത്രിക്കു പ്രസംഗം തുടരാം.

ശ്രീ. ഉമ്മൻ ചാണ്ടി: മറുപടി പറയാം. നിങ്ങൾ ചോദിച്ചാൽ ഞാൻ ഇരിക്കാം.

(നിരവധി അംഗങ്ങൾ തുടർച്ചയായി എഴുന്നേററുനിന്ന് പലതും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട താമരാക്ഷൻ എപ്പോഴും ഇങ്ങനെ എഴുന്നേററാൽ..ശ്രീ മൂസ്സാൻ കുട്ടി അവിടെ ഇരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: ഏതു ചോദ്യം ചോദിച്ചാലും ഞാൻ വഴങ്ങാൻ തയ്യാറാണ്. ശ്രീ. ററി. കെ. രാമകൃഷ്ണനുവേണ്ടി ഇരുന്നു. ശ്രീ. പി. കെ. വി. ക്കുവേണ്ടി ഇരുന്നു. (ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട സീനിയർ മെമ്പറൻമാരും പരിചയ സമ്പന്നരായ മെമ്പറൻമാരും ഇതുപോലെ ഇങ്ങനെയൊക്കെ ഇടപെട്ടാൽ.......................ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത് പറഞ്ഞതിനു ശേഷം ചോദ്യത്തിന് അദ്ദേഹം വഴങ്ങാമെന്ന് പറഞ്ഞു. ബഹു: മന്ത്രിക്ക് പ്രസംഗം തുടരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അനിരുദ്ധൻ : സർ, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ചോദ്യത്തിന് മറുപടി പറയാമെന്ന് പറഞ്ഞു. പോലീസ് സംവിധാനത്തെക്കുറിച്ച് സമർത്ഥമായി അദ്ദേഹം വാദിക്കാൻ തുടങ്ങിയപ്പോൾ ഞാൻ ഒരു കാര്യം ചോദിച്ചു. യൂണിവേഴ്സിററി സെനററ് ഹാളിനകത്ത് 24 വിദ്യാർത്ഥികളെ 100-ൽ ചില്വാനം പോലീസുകാർ തല്ലിച്ചതക്കുകയും അവരുടെ പേരിൽ 107-ൽ കേസ്സെടുക്കുകയും ചെയ്തത് അനീതിയല്ലേ ? ഏത് രാജ്യത്ത് നടന്നിട്ടുണ്ട്. സർ സി. പി. രാമസ്വാമിയുടെ കാലം മുതൽ നാളതുവരെ ഒരു സംസ്ഥാനത്തും നടന്നിട്ടില്ലാത്ത ക്രൂരമായ ഈ സംഭവത്തിന്റെ ഉത്തരവാദിയായ, കുട്ടികളുടെ ഘാതകനായ ശ്രീ. ഉമ്മൻ ചാണ്ടി മറുപടി പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ അതിന് ആദ്യം മറുപടി പറയാം. യൂണിവേഴ്സിററിയിൽ 21-ാം തീയതി വളരെ നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. അന്ന് വൈസ് ചാൻസിലർ സെനററ് മീററിംഗിന് വരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കാറിന് കല്ലെറിയുകയും വൈസ് ചാൻസിലർക്ക് പരിക്കുപററുകയും ചെയ്തു. സർ, അതിനുശേഷം ഒരുകൂട്ടം വിദ്യാർത്ഥികൾ സെനററ് യോഗം നടക്കേണ്ട ഹാളിൽ അകത്തുകയറി കതകടച്ച് അകത്തിരുന്നു. യൂണിവേഴ്സിററി രജിസ്ട്രാർ സിററി കമ്മീഷണർക്ക് ഒരു കത്ത് കൊടുത്തു. രണ്ടു സെൻറൻസേ ഉള്ളു, ഞാൻ വായിക്കാം.

"I am to inform you that a group of persons has unauthorisedly entered the Senate Hall and bolted the room from inside preventing Senators and Officers of the University to enter the Hall. I request you to take immediate and urgent action to physically remove them from the Hall and proceed against them according to law."

(ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ : ഫിസിക്കലായിട്ട് റിമൂവ് ചെയ്യണമെന്ന് പറഞ്ഞാൽ അടിക്കുകയാണോ ?

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ പറയാം. ആ കത്ത് കിട്ടിയതിനുശേഷം പോലീസ് അവിടെ ചെന്നു. പുറത്തേക്കുള്ള വെൻറിലേഷനിൽക്കൂടി ഈ വിദ്യാർത്ഥികളോട് പുറത്ത് വരണമെന്ന് മൂന്ന് പ്രാവശ്യം ആവശ്യപ്പെട്ടു. അവർ വന്നില്ല. ഈ കത്തിന്റെ അടിസ്ഥാനത്തിൽ കതക് തല്ലിപ്പൊളിച്ച് പോലീസ് അകത്തു കയറി. അകത്ത് കയറിയിട്ടും അറസ്ററ് അംഗീകരിച്ചുകൊണ്ട് അവർ പുറത്തു വരാൻ തയ്യാറായില്ല. ബലപ്രയോഗം നടത്തി. ബലം പ്രയോഗിച്ച് അവരെ അറസ്ററ് ചെയ്തു കൊണ്ടുപോയി.

(ബഹളം)

മി. സ്പീക്കർ : ചെയറിൽനിന്ന് എഴുന്നേററ് നിൽക്കുമ്പോൾ എന്തു ചെയ്യണമെന്ന് ശ്രീ. വർക്കല രാധാകൃഷ്ണനോട് ഞാൻ പറയണമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ സെനററ് ഹാളിൽ നടന്ന സംഭവത്തിന് ഞാൻ ദൃക്സാക്ഷിയാണ്............ (സഭയിൽ ബഹളം)..........

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ദയവായി എല്ലാവരും ഇരിക്കണം ....ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ദയവായി ഇരിക്കണം ....ചെയറിൽനിന്ന് എഴുന്നേററ് നിൽക്കുമ്പോൾ ഇങ്ങനെ എല്ലാവരും എഴുന്നേററുനിന്ന് സംസാരിക്കാൻ തുടങ്ങിയാൽ സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസം നേരിടും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, എന്റെ പോയിൻറ് ഓഫ് ഓർഡർ ഞാൻ മുഴുവനാക്കിയില്ല. സർ, ഈ സംഭവം സംബന്ധിച്ച് തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

മജിസ്ട്രേട്ടു കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ആ കേസിൽ ഞാൻ ഒരു അഭിഭാഷകൻ കൂടിയാണ് വിദ്യാർത്ഥികൾക്കുവേണ്ടി. ക്രൈം നമ്പർ 2/82 ആയി കോടതിയിലിരിക്കുന്ന കേസിലെ വസ്തുതകൾക്ക് വിരുദ്ധമായി ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ സംസാരിക്കുന്നത് ഓർഡറിലല്ലെന്നുമാത്രമല്ല ആ മജിസ്ട്രേട്ട് വിദ്യാർത്ഥികൾക്കു കിട്ടിയ അടി മുഴുവൻ രേഖപ്പെടുത്തിയിട്ടുമുണ്ട്.

(സഭയിൽ ബഹളം)

ശ്രീ. ഉമ്മൻ ചാണ്ടി : എന്നോട് ചോദിച്ചതുകൊണ്ട് ഞാൻ മറുപടി പറഞ്ഞതാണ്. വ്യക്തമായ മറുപടി പറയണമെന്ന് ശ്രീ. അനിരുദ്ധൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ പറഞ്ഞതാണ്. മറുപടി പറഞ്ഞശേഷം അത് മജിസ്ട്രേട്ടു കോടതിയിലിരിക്കുന്ന കേസാണ് ആ കേസിന് വ്യത്യസ്തമായി ഇവിടെ പറയുന്നതു ശരിയല്ല എന്നു പറഞ്ഞാൽ ബുദ്ധിമുട്ടാകും. ഏതൊരു ചോദ്യത്തിനും വഴങ്ങാൻ ഞാൻ തയ്യാറാണ് മറുപടി പറയാനും തയ്യാറാണ്.

സർ, 19-ാം തീയതിയിലെ പണിമുടക്കിനെക്കുറിച്ചിവിടെ പറഞ്ഞു. അന്ന് ഒൻപതിനായിരം പേരെ അറസ്ററു ചെയ്തു എന്ന് പറയുന്നത് ശരിയല്ല. പ്രിവൻറീവ് ഒഫൻസായി 503 പേരെയാണ് ഈ സംസ്ഥാനത്തൊട്ടാകെ പോലീസ് പ്രിവൻറീവ് അറസ്ററായി നടത്തിയിട്ടുള്ളത് ....(ബഹളം) അതല്ലെന്ന് പറഞ്ഞത് തെററാണ്. അതുപോലെതന്നെ 19-ാം തീയതിയിലെ സമരത്തെ അടിച്ചമർത്താൻ യാതൊരു നടപടിയും എടുത്തിരുന്നില്ല. കരിനിയമം എന്ന് നിങ്ങളാക്ഷേപിക്കുന്ന ഒരു നിയമവും അന്ന് ഏർപ്പെടുത്തിയിരുന്നില്ല കേരളത്തിൽ ഒരിടത്തുപോലും നിരോധനാജ്ഞ അന്ന് പുറപ്പെടുവിച്ചിരുന്നില്ല.................(സഭയിൽ ബഹളം).................

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ഇങ്ങനെ ഓരോ വാക്കിനും അനേകം പേർ എഴുന്നേററുനിന്ന് സംസാരിക്കാൻ തുടങ്ങിയാൽ ബഹുമാനപ്പെട്ട മന്ത്രിക്കെന്നല്ല ആർക്കും പ്രസംഗം തുടരാൻ സാധിക്കുകയില്ല. അദ്ദേഹം ചോദ്യത്തിന് വഴങ്ങാമെന്ന് പറഞ്ഞല്ലോ അദ്ദേഹത്തിന് പറയാനുള്ളതെന്താണെന്ന് കേൾക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പശ്ചിമ ബംഗാളിൽ പോലീസ് നടത്തിയ കാര്യത്തെപ്പററിയൊന്നും ഞാൻ പറയുന്നില്ല. അതുപറഞ്ഞ് ഇവിടത്തെ കാര്യം ന്യായീകരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. 19-ാം തീയതി പോലീസ് അങ്ങേയററത്തെ ആത്മസംയമനം പാലിച്ചിരുന്നു എന്നുള്ളതിന് യാതൊരു സംശയവും എനിക്കില്ല. എനിക്കൊന്നേ പറയാനുള്ളു. മർദ്ദനമുറകളുപയോഗിച്ച അടിച്ചമർത്തുന്ന ഒരു സമീപനമായിരിക്കുകയില്ല ഈ ഗവൺമെൻറ് സ്വീകരിക്കുന്നത്. അക്രമത്തെ ഒരു സാഹചര്യത്തിലും പ്രോൽസാഹിപ്പിക്കുകയില്ല. ജനാധിപത്യപരമായ അവകാശങ്ങൾ ഉന്നയിക്കുന്നതിനുള്ള അവകാശം ആർക്കുമുണ്ടായിരിക്കും. അതിനെ ഒരു കാരണവശാലും തടയുകയില്ല. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം, സമരങ്ങളുണ്ടാകാം. അത് സ്വാഭാവികം മാത്രമാണ്. പക്ഷേ അവയൊന്നും അക്രമത്തിലേക്ക് തിരിയരുതെന്നേ അഭ്യർത്ഥിക്കാനുള്ളു. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, ഈ ഗവൺമെൻറിനുവേണ്ടി എനിക്ക് നിങ്ങളോടൊരു കാര്യം ഉറപ്പിച്ചു പറയാനുണ്ട് : നീതിയോടും നിഷ്പക്ഷതയോടുംകൂടി പോലീസ് പ്രവർത്തിക്കും. അതിന് വ്യത്യസ്തമായ രീതിയിൽ എന്തെങ്കിലുമുണ്ടായാൽ അതെൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ തെററുകൾ തിരുത്തുമെന്ന് ഉറപ്പു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസ പ്രമേയത്തിന്റെ ചർച്ച ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേൾക്കുകയുണ്ടായി. ഈ അവിശ്വാസപ്രമേയം ഞങ്ങളെ സംബന്ധിച്ചിടത്തോളം പുത്തരിയല്ല. ഭൂരിപക്ഷത്തിന്റെയോ ന്യൂനപക്ഷത്തിന്റെയോ പേരിൽ മാത്രമല്ല മുമ്പും ഇവിടെ അവിശ്വാസപ്രമേയം കൊണ്ടുവന്നിട്ടുള്ളത്. തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷവും കിട്ടി ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ ഗവൺമെന്റിനെതിരായും അവിശ്വാസ പ്രമേയം കൊണ്ടുവന്നിട്ടുള്ള പാരമ്പര്യമാണ് മാർക്സിസ്റ്റു പാർട്ടിയുടേത് : 1970-ലെ തിരഞ്ഞെടുപ്പിൽ സഖാവ് അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ രൂപീകരിച്ചത് ജനവിധിയെ അംഗീകരിച്ചു കൊണ്ടാണ്. ആ മന്ത്രിസഭക്ക് ഭൂരിപക്ഷമുണ്ടായിരുന്നു. ഭൂരിപക്ഷവും ന്യൂനപക്ഷവുമല്ല മാർക്സിസ്റ്റ് പാർട്ടിക്ക് പ്രശ്നം. തങ്ങളുടെ പിടിയിലൊതുങ്ങാത്തതാണെങ്കിൽ അതിനെ എതിർക്കുക എന്നതാണ് അവരുടെ നയം. കഴിഞ്ഞ കാലങ്ങളിലെ നിയമസഭാ നടപടികൾ അച്ചടിച്ചുവച്ചിട്ടുള്ള പുസ്തകങ്ങൾ വായിച്ചുനോക്കിയാൽ നമ്മൾ സ്വയം ചിരിച്ചുപോകും. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിക്ക് ഒഴിഞ്ഞു നിന്ന് പറയാൻ സാധിക്കുമോ ഞങ്ങളാരും പരസ്പരം ബന്ധപ്പെട്ടിട്ടില്ല എന്ന്. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾ എല്ലാക്കാലത്തും കൂട്ടുകെട്ടുണ്ടാക്കിയിട്ടുണ്ട്. ഭാഗ്യവശാലോ നിർഭാഗ്യവശാലോ അതാണ് കേരളത്തിന്റെ പശ്ചാത്തലം. കേരള സംസ്ഥാനം ഉടലെടുത്തശേഷം ആദ്യം അധികാരത്തിൽവന്ന മന്ത്രിസഭമാത്രമേ ഏകകക്ഷി മന്ത്രിസഭയായിരുന്നുള്ളു. അതുതന്നെയും പൂർണ്ണമായി ഏകകക്ഷി ഭരണമായിരുന്നു എന്ന് പറഞ്ഞുകൂടാ ; സ്വതന്ത്രന്മാരുടെ പിന്തുണയുണ്ടായിരുന്നു. രാഷ്ട്രീയ പാർട്ടികളുടെ കൂട്ടുകെട്ട് കേരളത്തിലെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ പലപ്പോഴും അനുപേക്ഷണീയമായി വന്നിട്ടുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിലൊക്കെ സംസ്ഥാനത്തിന്റെ പൊതുവായ താൽപ്പര്യമാണ് എക്കാലവും അഖിലേന്ത്യാപാർട്ടികൾ ഉൾപ്പെടെ സ്വീകരിച്ചിട്ടുള്ളത്. സഖാവ് അച്യുതമേനോനെ മന്ത്രിസഭ രൂപീകരിക്കാൻ വേണ്ടി ക്ഷണിച്ചുവരുത്തിയ സി. പി. ഐ. നേതാക്കൻമാർ തിരുവനന്തപുരത്ത് അദ്ദേഹത്തിന് സ്വീകരണം നൽകിയപ്പോൾ കോൺഗ്രസിന്റെ പിന്തുണയുണ്ടെങ്കിൽ ഞാൻ മന്ത്രിസഭ രൂപീകരിക്കുകയില്ല തിരിച്ചുപോകും എന്നാണ് 1969-ൽ അദ്ദേഹം പറഞ്ഞത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി കോൺഗ്രസ് ബന്ധപ്പെടുന്ന കാലമായിരുന്നില്ല അത്. 1967-ൽ അധികാരത്തിൽ വന്ന മുന്നണി ഭരണത്തിന്റെ ജനദ്രോഹകരമായ പ്രവൃത്തിയുടെ ഫലമായി വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന ജനങ്ങൾക്കാശ്വാസം നൽകാൻവേണ്ടിയാണ് അഖിലേന്ത്യാതലത്തിൽ വ്യത്യസ്തമായ രാഷ്ട്രീയ പാർട്ടിയാണെങ്കിൽപോലും ഇൻഡ്യൻ നാഷണൽ കോൺഗ്രസ് അച്യുതമേനോൻ മന്ത്രിസഭക്ക് പിന്തുണ കൊടുക്കാൻ തീരുമാനിച്ചത്. പക്ഷേ ആ വിവരം അറിയേണ്ട ആളുകൾ മാത്രമേ അറിഞ്ഞുള്ളു. ഈ മന്ത്രിസഭ ന്യൂനപക്ഷ മന്ത്രിസഭയാണെന്ന് പറയുന്ന ആളുകൾ................

ശ്രീ. പി. എസ്. ശ്രീനിവാസൻ : എല്ലാവരും അറിഞ്ഞിരുന്നു. നിങ്ങൾ പരസ്യമായി പറഞ്ഞിരുന്നു, എഴുതിക്കൊടുത്തിരുന്നു. അതുകൊണ്ട് സകല ആളുകളും അറിഞ്ഞിരുന്നു.

ശ്രീ. കെ. കരുണാകരൻ : നിങ്ങളെല്ലാം പ്രസംഗിച്ചപ്പോൾ ഞാൻ ശാന്തമായിരുന്നു കേട്ടല്ലോ. ഇനി ഗവൺമെന്റിന് പറയാനുള്ളതും ഒന്നു കേൾക്കൂ.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇങ്ങനെ കൊച്ചുകൊച്ചു സൂത്രങ്ങൾ പറഞ്ഞ് പ്രശ്നത്തിൽ നിന്നകന്നു പോകേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : അന്ന് അച്യുതമേനോൻ മന്ത്രിസഭക്ക് ഭൂരിപക്ഷമുണ്ടായിട്ടും ഇന്ന് ശ്രീനിവാസന്റെ വലത്തിരിക്കുന്ന മാർക്സിസ്റ്റ് സ്നേഹിതൻമാർ മന്ത്രിസഭക്ക് ഭൂരിപക്ഷമില്ലെന്ന് പറഞ്ഞ് സഭക്കകത്ത് ബഹളമുണ്ടാക്കിയ കാര്യം ശ്രീനിവാസനെയും കൂട്ടരെയും ഞാനോർമ്മിപ്പിക്കുകയാണ്. അന്നത്തെ ഗവർണറായിരുന്ന ശ്രീ. വിശ്വനാഥനോട് പത്രക്കാർ ഇതേപ്പററി ചോദിച്ചപ്പോഴം അദ്ദേഹം പറഞ്ഞ മറുപടി എന്തായിരുന്നു എന്നോ ? അംഗസംഖ്യ എന്താണെന്നോ എത്രയാണ് ഭൂരിപക്ഷമെന്നോ മറെറാരാളെ വിശ്വസിപ്പിക്കാനുള്ള ബാധ്യത എനിക്കില്ല, എനിക്ക് വിശ്വാസമുള്ളതുകൊണ്ട് ഞാൻ മന്ത്രിസഭ രൂപീകരിക്കാൻ അനുവാദം കൊടുത്തു എന്നാണ്. സർ, ഇപ്പോഴം ഭൂരിപക്ഷം തെളിയിക്കേണ്ടത് ഗവർണർ ജോതിവെങ്കിടചെല്ലം അല്ല. ഒരു വ്യാഴവട്ടക്കാലം മുമ്പ് ഗവർണറായിരുന്ന ശ്രീ. വിശ്വനാഥൻ പറഞ്ഞത് ഭൂരിപക്ഷം തെളിയിക്കേണ്ടത് നിയമസഭയാണെന്നാണ്. ഇന്ന് 71 അംഗങ്ങളുടെ പിന്തുണയുള്ളതുകൊണ്ടാണ് ഈ ജനാധിപത്യമുന്നണി ഗവർണറെക്കണ്ട് മന്ത്രിസഭ രൂപീകരിക്കാനുള്ള ഞങ്ങളുടെ സന്നദ്ധത അറിയിച്ചത്.

ശ്രീ. പി. കെ. വാസുദേവൻ നായർ : എന്ന് ? എത്രാം തീയതി ?

ശ്രീ. കെ. കരുണാകരൻ : ഗവർണറെക്കണ്ട് മന്ത്രിസഭ രൂപീകരിക്കാൻ ആവശ്യപ്പെട്ട സമയത്ത് തീയതിയൊക്കെ ഗവർണറുടെ സെക്രട്ടേറിയററിൽ ഉണ്ട്.

സർ, ഞാൻ എല്ലാ വ്യവസ്ഥകളും നോക്കി. ഒരു ഗവൺമെൻറ് എന്നല്ലാതെ മൈനോററിട്ടി ഗവൺമെൻറ് എന്നോ മെജോററി ഗവൺമെൻറ് എന്നോ ഒന്നില്ല കേട്ടിട്ടില്ല. നിയമസഭയിൽ ഭൂരിപക്ഷമുള്ള ഗവൺമെൻറാണിത്. 141 അംഗങ്ങളുള്ള ഈ നിയമസഭയിൽ 71 അംഗങ്ങൾ ഭൂരിപക്ഷമാണ് ; 71 അംഗങ്ങളുടെ പിന്തുണ ഞങ്ങൾക്കുണ്ട്. സർ, ഈ സഭയിലെ അംഗങ്ങളെല്ലാം ഈ സഭാംഗങ്ങളാണ്. ഇൻഡ്യയിലെ രാഷ്ട്രീയ സാഹചര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് ഇൻഡ്യൻ ഭരണഘടന എഴുതിയ വിദഗ്ദ്ധൻമാർ അതിന് രൂപം കൊടുത്തിട്ടുള്ളത്. തിരഞ്ഞെടുപ്പിൽ വരാവുന്ന സ്ഥിതിഗതികളെ വിശകലനം ചെയ്തുകൊണ്ടാണ് 189-ാം വകുപ്പ് എഴുതിച്ചേർത്തിരിക്കുന്നത്. നിയമസഭയിൽ ഇരുഭാഗത്തും തുല്യനിലയിൽ വോട്ടുവരുന്നതിന് "സാദ്ധ്യതയുണ്ടെന്നുകൂടി കണ്ടുകൊണ്ടുതന്നെയാണ് അതെഴുതിച്ചേർത്തിരിക്കുന്നത്.................................... ..തുല്യമായി വോട്ടു (സഭയിൽ ബഹളം) വന്നാൽ ഇവിടെ ആരോ പറഞ്ഞമാതിരി സ്പീക്കർ റഫറിയായി നോക്കിനിന്ന് വിസിലടിക്കുകയല്ല വേണ്ടത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : 189-ാം വകുപ്പിനുമുമ്പ് 174-ാം വകുപ്പുണ്ട്. അതുകഴിഞ്ഞിട്ടേ മുമ്പോട്ട് പോകാവൂ.

ശ്രീ. കെ. കരുണാകരൻ : ഞാൻ ശ്രീനിവാസന്റെ പ്രസംഗമല്ലല്ലോ ചെയ്യുന്നത്, എന്റെ പ്രസംഗമല്ലേ ? 189-ാം വകുപ്പനുസരിച്ച് തുല്യമായി വോട്ടുവന്നാൽ എന്തു ചെയ്യണമെന്ന് ഭരണഘടനാവിദഗ്ദ്ധൻമാർ കാലേകൂട്ടി കണ്ടുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്. ആ തീരുമാനമനുസരിച്ച്, തുല്യമായി വോട്ടുവന്നാൽ സ്പീക്കർക്ക് വോട്ടുചെയ്യാൻ അവകാശമുണ്ടെന്നു മാത്രമല്ല സ്പീക്കർ ആ വോട്ട് ചെയ്തേ തീരൂ. "Shall exercise" എന്തിനാണ് ആ വ്യവസ്ഥ എഴുതിച്ചേർത്തിരിക്കുന്നത് ?

സർ, ഞാൻ ഒന്ന് ചോദിക്കട്ടെ. എന്തിനാണ് സ്സർ ആ വ്യവസ്ഥ വച്ചിരിക്കുന്നത് ? നിയമസഭയിൽ തിരഞ്ഞെടുപ്പു കഴിഞ്ഞ് ഒരു വോട്ടിന്റെ വ്യത്യാസത്തിൽ പാർട്ടികൾ വരുന്നുവെന്ന് വിചാരിക്കുക. അവിടെ എന്തു ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

സ്പീക്കറെ തിരഞ്ഞെടുക്കണം. സർ, ജനാധിപത്യത്തെക്കുറിച്ച് എല്ലാ ഭാഗത്തു നിന്നും ഇത്രയെല്ലാം സംസാരിച്ചു തുടങ്ങിയല്ലോ എന്ന കാര്യത്തിൽ എനിക്ക് ആശ്വാസമുണ്ട്. ജനാധിപത്യത്തിന്റെ കാവൽഭടൻമാരെ കാണുമ്പോൾ ഞാൻ ഭയപ്പെടുകയാണ്. അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റു സ്നേഹിതൻമാരോടൊരു കാര്യം ചോദിക്കുകയാണ്. മാർക്സിസ്റ്റു പാർട്ടിയെക്കുറിച്ച് പറയുകയാണെങ്കിൽ അവർക്ക് ഒരിക്കൽ മാത്രമേ അപരാധം പററിയിട്ടുള്ളു എന്ന കാര്യത്തിൽ ഞാൻ തുറന്ന് സമ്മതിക്കാം. പക്ഷേ ബഹുമാനപ്പെട്ട പി. കെ. വി. യോടും ബഹുമാനപ്പെട്ട ബേബിജോണിനോടും എനിക്ക് ചോദിക്കാനുള്ളത്, ഇത്രയുമൊക്കെ ഇതിന്റെ പരിപാവനതയെക്കുറിച്ചോ, പരിശുദ്ധിയെക്കുറിച്ചോ ചാക്കിട്ടുപിടിത്തത്തെക്കുറിച്ചോ വേണോ മി. ബേബി ജോൺ ?

ശ്രീ. ബേബി ജോൺ : എന്താ കുഴപ്പം ?

ശ്രീ. കെ. കരുണാകരൻ : 1970-ൽ ബഡ്ജററ് സെഷൻ നടന്നുകൊണ്ടിരിക്കുമ്പോൾ അച്യുതമേനോൻ മന്ത്രിസഭക്ക് ഭൂരിപക്ഷമില്ലാതിരുന്നപ്പോൾ ഞങ്ങൾ പിന്തുണ കൊടുത്തു. അന്ന് സി. പി. ഐ. യുടെ രണ്ടാളുകളെ മാർക്സിസ്ററുകാർ കുതിരക്കച്ചവടം നടത്തി. വ്യവസായമന്ത്രി രവീന്ദ്രൻ വ്യവസായ വകുപ്പിന്റെ ഡിമാൻഡ് ആവശ്യപ്പെട്ട... ....

ശ്രീ. സി. ബി. സി. വാര്യർ : സർ, ഇവിടെ ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ നിയമസഭയിലെ അംഗങ്ങൾ കുതിരക്കച്ചവടം നടത്തി എന്ന നിലയിൽ പരാമർശിക്കുന്നത് ആർഡറിലല്ല എന്ന് ചെയറിൽനിന്ന് റൂളിംഗ് ഉണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്ഥാനത്തിരിക്കുന്ന ശ്രീ. കരുണാകരൻ കുതിരക്കച്ചവടം നടത്തുന്നു എന്ന രീതിയിൽ പരാമർശിക്കുന്നത് ഓർഡറിലാണോ ? ഇത്തരത്തിലുള്ള ഒരു പരാമർശം അനുവദിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഞാൻ കപട്ടേഷനിലല്ലാതെ എന്റേതായിട്ട് പറഞ്ഞിട്ടില്ല. രണ്ട് മെമ്പർമാരെ കാണാതായി എന്ത് ചെയ്തുവെന്നറിയാമോ? സ്കറിയായേയും തോമസിനേയും കാണാതെയായി. കാണാതെ വന്നപ്പോൾ ഇൻഡസ്ട്രീസ് ഡിമാൻഡുമായി വന്ന രവീന്ദ്രൻ അതൊന്നും അവതരിപ്പിക്കാതെ...............

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, പോയിൻറ് ഓഫ് ഓർഡർ. സർ, അന്ന് ഇവിടെ ശ്രീ. കരുണാകരനും ഞാനും എല്ലാം ഉണ്ടായിരുന്നതാണ്. സി. പി. ഐ. യുടെ രണ്ടാളെ കൊണ്ടുപോയി എന്നു വെറും നുണ പറയുന്നത് ഓർഡറിലാണോ ? ആണെങ്കിൽ ആരൊക്കെ ആണെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : സി. പി. ഐ. യിലെ സ്കറിയ, കെ. ടി. പി. യിലെ തോമസ്. അവർ നമ്മുടെ ഭാഗത്തേക്ക് വന്നില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : പിടിച്ചിട്ടില്ല. ഇത് കള്ളത്തരമാണ് പറയുന്നത്. കമ്മ്യൂണിസ്ററ് പാർട്ടിയിൽനിന്ന് ഒററയാളേയും പിടിച്ചിട്ടില്ല.

ശ്രീ. ഇ. അഹമ്മദ് : അന്ന് രണ്ടുപേരെ കൊണ്ടുപോയി, ഞാനും ഗൗരിയമ്മയും ഉണ്ടായിരുന്നു. സ്കറിയയേയും കെ. തോമസിനേയും. തോമസ് കെ. ടി. പി മെമ്പറായിരുന്നു.

ശ്രീ. കെ. കരുണാകരൻ : എന്റെ സ്നേഹിതൻ ബേബി ജോണിന്റെ നേതാവ് ദിവംഗതനായ സഖാവ് ടി. കെ. ദിവാകരനും ഞാനും ശ്രീ. അച്യുതമേനോന്റെ മുറിയിൽ ടി. വി. ഉൾപ്പെടെ ഇരുന്നാണ് ഇനി രാജിവക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

പകരം വേറെ എന്താണ മാർഗ്ഗം എന്ന് ആലോചിച്ചത്. അവസാനം തീരുമാനിച്ചത് ഇനി ഒരു വിശ്വാസപ്രമേയം കൊണ്ടുവരാമെന്നാണ്. എന്നിട്ട് ഈ ആളുകളെ എങ്ങനെയാണ് ബേബി എത്തിച്ചത് ? അത് കുതിരക്കച്ചവടമോ..............

ശ്രീ. ബേബി ജോൺ : എന്തു പററി ?

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട ബേബിജോണും പി. കെ. വി. യും മാർക്സിസ്ററുപാർട്ടിയിലെ മെമ്പർമാരായിരുന്ന കെ. എസ്. നായരേയും മി. ജോർജിനേയും ഏതു കുതിരക്കച്ചവടത്തിന്റെ പേരിലാണ് അടച്ചിരുന്നത്. എന്തിന് പല്ലിന്റെ ഇടയിൽക്കുത്തി നാററിക്കുന്നത് ? ഇതു നിറുത്തണം.

ശ്രീ. ബേബി ജോൺ : സർ, പോയിൻറ് ഓഫ് ഓർഡർ. ഒരു കാര്യം വ്യക്തമാക്കാനാഗ്രഹിക്കുന്നു........

ശ്രീ. കെ. കരുണാകരൻ : സി. പി. ഐ യും ആർ. എസ്. പി. യും ഞെളിഞ്ഞ് ജനാധിപത്യത്തെക്കുറിച്ചും ധാർമ്മികമൂല്യങ്ങളെക്കുറിച്ചുമൊക്കെ എന്തിനാണ് പ്രഭാഷണം നടത്തുന്നത് ?

ശ്രീ. പി. കെ ഗോപാലകൃഷ്ണൻ : സർ, പോയിൻറ് ഓഫ് ഓർഡർ. ഈ പരാമർശിക്കപ്പെട്ട കാലത്ത് 1969-ൽ ബഹുമാനപ്പെട്ട കരുണാകരൻ മെമ്പറായിരുന്നു. ഞാനും മെമ്പറായിരുന്നു. അന്നു നടന്ന സംഭവങ്ങളെല്ലാം ഞങ്ങൾക്കറിയാം. അന്ന് സി പി. ഐ. യിൽ യാതൊരു മെമ്പറും കൂറുമാറിയിട്ടില്ല. കെ. എസ്. നായർ അതിനു മുമ്പുതന്നെ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസംകൊണ്ട് സി. പി. ഐ. യുടെ മെമ്പറായി ചേർന്നിരുന്നു.

ശ്രീ. ബേബി ജോൺ : സർ, പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നിലധികം പ്രാവശ്യം ...ന്റെ പേരെടുത്തു പറഞ്ഞതുകൊണ്ടാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന തരത്തിൽ ചാക്കിടീൽ നടന്നിട്ടില്ല. രണ്ട് അംഗങ്ങൾ സഭയിൽ ഹാജരാകാതിരുന്നപ്പോൾ ജനാധിപത്യത്തിന്റെ ഉത്തമമായ മാർഗ്ഗം സ്വീകരിച്ചുകൊണ്ട് ശ്രീ. അച്യുതമേനോൻ പറഞ്ഞു ഞാൻ വിശ്വാസവോട്ട് അവതരിപ്പിക്കുവാൻ പോകുന്നുവെന്ന്. വിശ്വാസവോട്ട് അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ. കരുണാകരൻ : ഈ സഭയിൽ അന്ന് മുസ്ലീംലീഗ് രണ്ടായി പിളർന്നിരുന്നു. അതുപറയുമ്പോഴാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആരോപണം ഓർമ്മയിൽ വരുന്നത്. ഐ. കോൺഗ്രസിന്റെ കൂടെ ആരെല്ലാം ചേർന്നോ അവരെയെല്ലാം പിളർത്തി മാർക്സിസ്ററുപാർട്ടിയോടു സഹകരിച്ച ഏതെങ്കിലും ഒരു പാർട്ടി പിളരാതെ രക്ഷപ്പെട്ടത് ഉണ്ടെങ്കിൽ പറയാമോ ? കേരള കോൺഗ്രസ്, അവസാനം രക്ഷപ്പെട്ടു. കെ. ടി. പി. ഇവിടെ ഉണ്ട്, കെ. എസ്. പി. ഇവിടെ ഉണ്ട്. ആർ. എസ്. പി. രണ്ടായി. ധാർമ്മിക മൂല്യങ്ങളെക്കുറിച്ചു പറയുന്ന ബേബി ജോൺ ജനതയിൽ ഉണ്ടായ പിളർപ്പിനെക്കുറിച്ചു പറയുന്നു. അഖിലേൻഡ്യാ നേതൃത്വം മന്ത്രിസഭയിൽ നിന്ന് പുറത്തു പോകണമെന്നു പറഞ്ഞപ്പോൾ അന്ന് അദ്ദേഹത്തിന്റെ ധാർമ്മികരോഷം മന്ത്രിസഭയിൽ തുടരാനായിരുന്നു. കെ. ആർ. എസ്. പി. എന്ന് പറഞ്ഞു.

ശ്രീ. ബേബി ജോൺ : അന്ന് ആരുടേയും ചാക്കിൽ കയറിയതല്ല. പാർട്ടിക്കമ്മിററി ഐകകണ്ഠ്യേന തീരുമാനിച്ചതാണ്.

ശ്രീ. കെ. കരുണാകരൻ : ഞങ്ങളെ സംബന്ധിച്ചിടത്തോളം എക്കാലവും ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ജനാധിപത്യ വ്യവസ്ഥിതി കേരളത്തിൽ ഉണ്ടാകണം.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഇവിടെ ഒരു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചാക്കിടീൽ ന്യായമാണെന്നു വാദിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. കരുണാകരൻ : രാഷ്ട്രീയപാർട്ടി ബന്ധങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ശ്രീമതി ഇന്ദിരാഗാന്ധി നയിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വളരെ ആപൽക്കരമായി കാണുന്നു. എന്താണ് അങ്ങനെ കണ്ടത് ? അടിയന്തിരാവസ്ഥയുടെ പേരിൽ. എന്റെ സ്നേഹിതൻ പങ്കജാക്ഷൻ അന്ന് ഞങ്ങൾ അതു അറിഞ്ഞില്ല എന്നു പറഞ്ഞു. ഇന്നിപ്പോൾ ഈ അടിയന്തിരാവസ്ഥ നീക്കിയില്ലേ ? നിങ്ങളെല്ലാം അടസ്ഥാനരഹിതമായി പുറത്ത് ഭയങ്കരമായി പറഞ്ഞു. 1977-ൽ എന്റെ നേതൃത്വത്തിൽ രൂപീകരിച്ച മന്ത്രിസഭയിൽ നിന്നും ഞാൻ അതിനുശേഷം രാജിവച്ചു. അതിനുശേഷം ഇന്ദിരാഗാന്ധി ഉൾക്കൊണ്ട ഇൻഡ്യൻനാഷണൽ കോൺഗ്രസിൽ 1978 ജനുവരിമാസം വരെ കടിച്ചുതൂങ്ങിനിരുന്നു. അന്നു ഇന്ദിരാഗാന്ധിയേയോ അടിയന്തിരാവസ്ഥയേയോ കുറിച്ച് ആക്ഷേപം ഉണ്ടായിരുന്നില്ല. എന്നെല്ലാം ഇന്ദിരാഗാന്ധിയെ കൈവശിൽ ഒതുക്കാമെന്നായിരുന്നോ നിങ്ങളുടെ ഉന്നം. അന്നെല്ലാം നിങ്ങൾ പിന്നാലെ നടന്നു. സർ, 1969-ൽ കോൺഗ്രസ് രണ്ടായി പിളർന്ന അവസരത്തിൽ ഇന്ദിരാഗാന്ധിയ്ക്ക് മാർക്സിസ്റ്റു പാർട്ടി പിൻതുണ നൽകിയില്ലേ ? പക്ഷേ കയ്യിൽ ഒതുങ്ങുകയില്ലെന്നു കണ്ടപ്പോൾ തള്ളി. സി. പി. ഐ. കുറെക്കാലം കച്ചവടം നടത്തി. കയ്യിൽ ഒതുങ്ങുകയില്ലെന്നു കണ്ടപ്പോൾ തള്ളി. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ, അദ്ദേഹം തൽക്കാലം എതിർപക്ഷത്താണെങ്കിലും അദ്ദേഹത്തോടു ഒരുമിച്ചിരുന്നപ്പോഴുള്ള ബഹുമാനമുണ്ട്. അദ്ദേഹത്തിനും എങ്ങനെ കോൺഗ്രസ് ഐ. യെ തള്ളിപ്പറയാൻ ഒക്കും ? കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ മാർക്സിസ്റ്റുപാർട്ടി ജയിക്കാതിരിക്കാൻ കോൺഗ്രസ് ഐ. ഉൾക്കൊള്ളുന്ന ജനാധിപത്യമുന്നണിയുമായി സഹകരിക്കുകമാത്രമാണോ ചെയ്തത് ? ഞാൻ തന്നെ ബഹുമാനപ്പെട്ട ചന്ദ്രശേഖരന്റെ നിയോജകമണ്ഡലത്തിൽ അദ്ദേഹത്തോടൊപ്പം ചെന്നു പ്രസംഗിച്ചു. ഇന്ദിരാഗാന്ധിയുടെ പാർട്ടിയിലെ കരുണാകരൻ ചെന്നാൽ അന്നൊന്നും പരാതിയില്ല— വോട്ടുകിട്ടാൻ ! എന്റെ സ്നേഹിതൻ ചന്ദ്രശേഖരൻ ഇന്നെടുത്ത നിലപാടിനെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. അതൊക്കെ ജനങ്ങൾ വിലയിരുത്തേണ്ട കാര്യം. ഞാനതു വിലയിരുത്തിയാൽ പററുമോ ? ഏതായാലും ശരി, ചില തൊട്ടുകൂടായ്മയുടെയും മററും പേരിൽ പ്രസംഗിക്കുമ്പോൾ നമ്മൾ കാര്യങ്ങൾ മറന്നുപോകരുത്. സർ, ഇന്നുതന്നെ എന്താണുണ്ടായത് ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു ബി. ജെ. പി. യെക്കുറിച്ചു പറയുന്നു. ചന്ദ്രശേഖരൻ മാർക്സിസ്റ്റുപാർട്ടിയുമായി സഹകരിക്കേണ്ട കാര്യത്തെക്കുറിച്ചു പറഞ്ഞു.

ശ്രീ. കെ. ചന്ദ്രശേഖരൻ : രണ്ടു സംഗതി ചൂണ്ടിക്കാണിക്കാം. ഒന്ന് : പാർലമെന്റു തിരഞ്ഞെടുപ്പുകാലത്താണ് അങ്ങ് അവിടെ വന്നത് ; അന്നു ഞാൻ നോമിനേഷൻ കൊടുത്തുകഴിഞ്ഞിട്ടുണ്ടായിരുന്നില്ല. രണ്ട് : അങ്ങ് തന്നെ പറഞ്ഞു, കേരളത്തിലെ രാഷ്ട്രീയം കാലാകാലം മാറലാണ് എന്ന്. ഇന്ന് അങ്ങും മാറിയിട്ടുണ്ട്, ഞാനും മാറുന്നു.

ശ്രീ. കെ. കരുണാകരൻ : അതല്ലേ ഞാനും പറഞ്ഞത് ? തർക്കം പറഞ്ഞോ ഞാൻ ? സമ്മതിച്ചു. അതു വേറെ സംഗതി. എന്നാൽ ഒരു കാര്യം ഞാൻ ചന്ദ്രശേഖരനോടു പറയാം : ഇനിയും സൂക്ഷിക്കണം. കാരണം,

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് നമ്പൂതിരിപ്പാട് പറഞ്ഞിരിക്കുന്നത് എന്താണ്? സർ, ഇന്നലെ ദേശാഭിമാനിയിൽ വന്ന വാർത്തയാണ്. അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ വായിക്കാം; "ഇന്ദിരാസ്വേച്ഛാധിപത്യത്തിനെതിരായ സമരത്തിൽ ബി. ജെ. പി. ക്കു താൽപ്പര്യമുണ്ടെങ്കിൽ അവരുമായും ചേരാൻ സി. പി. ഐ (എം) തയ്യാറാണ്." ഇപ്പോൾ പ്രസംഗിച്ചതോ? ഏതാണ് സർ, അപകടം? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറയൂ, ഏതാണ് അപകടം? ഇന്ദിരാ ഗാന്ധി നയിക്കുന്ന ഇൻഡ്യൻനാഷണൽ കോൺഗ്രസ്സാണോ അപകടം വർഗ്ഗീയവാദികളായ ആർ. എസ്. എസ്. ആണോ അപകടം? നിങ്ങൾക്ക് ഏതാണപകടം? ആർ. എസ്. എസ്. ന്റെ പേരിൽ ഞങ്ങളെയാക്ഷേപിക്കാൻ നടന്ന ആളുകൾ ഇന്നെന്തു നിലപാടാണെടുക്കുന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതു മുഴുവൻ വായിക്കൂ, ഹെഡിംഗ് മാത്രം വായിച്ചു നിർത്താതെ.

ശ്രീ. കെ. കരുണാകരൻ: വായിക്കാം: "ഇ. എം. എസ്. ഒരു ചോദ്യത്തിനു മറുപടിയായിപ്പറഞ്ഞു.. .." ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇതു കേൾക്കണം: "രണ്ടരവർഷത്തെ ജനതാഭരണം തന്നെയാണ് ഇന്ദിരാഗാന്ധിയെ അധികാരത്തിൽ തിരിച്ചുകൊണ്ടുവന്നത്. ജനതാഭരണം വർഗ്ഗീയശക്തികളെ വളർത്തുകയും. ന്യൂനപക്ഷത്തിന്റെ സംരക്ഷണം ഉറപ്പുവരുത്താതിരിക്കുകയും ജനതയിൽത്തന്നെ ആർ. എസ്. എസ്.-നെ പങ്കുവഹിപ്പിക്കുകയും ചെയ്തു. ജനതയിൽനിന്ന് പിരിഞ്ഞുപോയ ആർ. എസ്. എസ് . വിഭാഗമാണു ബി. ജെ. പി."

അപ്പോൾ രണ്ടരവർഷത്തെ ഭരണംകൊണ്ട് ജനതയ്ക്കുണ്ടായ കാര്യം; ബി. ജെ പി. യുമായി ബന്ധപ്പെടാൻ പോകുന്നത്; എന്താണു ബി. ജെ. പി. എന്നു വ്യക്തമാക്കൽ; ....

ശ്രീ. ഇ. കെ. നായനാർ: പൊളിററിക്കൽ യുണൈററഡ് ഫ്രണ്ട് അതിലില്ല. ഇന്ദിര കോൺഗ്രസ്സിനെതിരായി പാർലമെൻറിലും അതുപോലെ ഉളിടത്തുമാണ്. ജനതയും ബി. ജെ. പി. യും രണ്ടാണ്.

ശ്രീ. കെ. കരുണാകരൻ: അതുപോലെ, ന്യൂനപക്ഷ ഗവൺമെൻറിനെ കുറിച്ചുപറഞ്ഞപ്പോൾ, 1969 ഒക്ടോബർമാസം 23-ാം തീയതി..............

ശ്രീ. ഇ. കെ. നായനാർ: 1980-ലെ തിരഞ്ഞെടുപ്പിൽ ആർ. എസ്. എസ്. നേതാവ് രാജഗോപാലനെ ജയിപ്പിക്കുന്നതിനുവേണ്ടിയല്ലേ ബഹുമാനപ്പെട്ട കരുണാകരൻ പ്രചരണം നടത്തിയത്? അതുപോലെതന്നെ നിലമ്പൂരിൽ ആര്യാടനെ തോൽപ്പിക്കാൻ മാരാരുമായി യോജിച്ചില്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇരിക്കണം.

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾത്തന്നെ ആർ. എസ്. എസ്സുമായി ഇടപാടില്ലെന്നു പറഞ്ഞു. അതുകൊണ്ടു പറഞ്ഞതാണ്, 1969 ഒക്ടോബർ 23-ാം തീയതി സഖാവ് നമ്പൂതിരിപ്പാട് പഴവങ്ങാടിയിൽ ഒരു പ്രസംഗം ചെയ്തു. അദ്ദേഹം പറഞ്ഞു.. ന്യൂനപക്ഷമന്ത്രിസഭയും ഉണ്ടാക്കാം. സർ, അദ്ദേഹത്തെസംബന്ധിച്ചിടത്തോള, ഉണ്ടാക്കാം. ചരൺസിങ്ങിന്റെ മന്ത്രിസഭയെ അദ്ദേഹം താങ്ങിനിർത്തിയതിനെസംബന്ധിച്ച്, പത്രപ്രവർത്തകർ ചോദിച്ചു. എന്താണ് മറുപടിയെന്നറിയാമോ? "മൊറാർജി ദേശായിക്കു പകരം ഇന്നത്തെ സ്ഥിതിക്കു സ്വീകാര്യം ചവാൻ-ചരൺസിങ്ങ് കൂട്ടുകെട്ടായിരുന്നു. അതിനെ പിൻതുണച്ചതിൽ തെററുണ്ടെന്ന് ഇന്നും എന്റെ പാർട്ടിക്കു തോന്നുന്നില്ല." ഇതാണു സഖാവ് നമ്പൂതിരിപ്പാട് പറഞ്ഞത്. ഇന്നു ഞാൻ എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ചന്ദ്രശേഖരനോടു പറയുന്നു,

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെയായാലും കാര്യമായി ചിന്തിക്കണം ; ഒന്ന് ഇരുന്ന് സമാധാനമായി ചിന്തിക്കണം. നമ്മളെല്ലാം കേരളത്തിലെ ജനങ്ങളെയല്ലേ ഓർക്കേണ്ടത്? ഈ ജനാധിപത്യമുന്നണി എപ്പോഴും ജനങ്ങളെ വിശ്വസിച്ചുകൊണ്ടു മുന്നോട്ടു പോയവരാണ്. അതുകൊണ്ടാണ് മന്ത്രിസഭ രൂപീകരിച്ചപ്പോഴും രൂപീകരിച്ചുകഴിഞ്ഞശേഷവും, എന്തായിരിക്കും വിധിയെഴുത്തെന്നു ചോദിച്ചപ്പോൾ, കേരളത്തിലെ ജനങ്ങളുടെ വികാരം ഉൾക്കൊള്ളാൻ തയ്യാറാണെന്നു ഞാൻ പറഞ്ഞത്. എന്തായിരുന്നു സർ, കഴിഞ്ഞതവണത്തെ മുന്നണി? മാർക്സിസ്റ്റുപാർട്ടിക്ക് ഭൂരിപക്ഷം ജനങ്ങൾ വോട്ടുചെയ്യുമായിരുന്നോ? ഒററയ്ക്കൊററയ്ക്കു ചെയ്യുകയില്ല. കഴിഞ്ഞ തവണ വോട്ടുചെയ്തത് പരിപാടികളെ അംഗീകരിച്ചുകൊണ്ടാണ്. അംഗീകരിച്ച ആ പരിപാടികൾ നടപ്പാക്കിയില്ലെന്നുമാത്രമല്ല അതിനു വിപരീതമായി പ്രവർത്തിക്കുകകൂടിചെയ്ത സാഹചര്യത്തിൽ, അന്നത്തെ കൂട്ടുകെട്ടിലുണ്ടായിരുന്നയാളുകൾക്ക് തുടരാൻ സാധിക്കാതെ വരുന്നത് സ്വാഭാവികംമാത്രമാണ്. അങ്ങനെ തുടരാൻസാധിക്കാതെ വരുമ്പോൾ പിരിഞ്ഞുപോരുന്നത് കുതിരക്കച്ചവടവും ചാക്കിട്ടുപിടിത്തവുമല്ല. ജനാധിപത്യവ്യവസ്ഥിതിയിൽ ഓരോ രാഷ്ട്രീയപാർട്ടിക്കും അതതു കാലത്തെ രാഷ്ട്രീയസ്ഥിതി വിലയിരുത്തി തീരുമാനമെടുക്കാനുള്ള അവകാശം മൗലികമായ കാര്യമാണ്.

ശ്രീ. സി. ബി. സി. വാര്യർ : അത്തരം പുതിയ നിലപാടും രാഷ്ട്രീയ ബന്ധങ്ങളും ആവശ്യമായി വന്നാൽ ആ വിവരം ജനങ്ങളോടു പറയുകയും ജനങ്ങളുടെ ഒരു പുതിയ വിധി തേടുകയുമല്ലേ മര്യാദ

ശ്രീ. കെ. കരുണാകരൻ : അതല്ലേ ഞാൻ പറഞ്ഞത്. നിങ്ങൾക്ക് ഒരിക്കലേ അബദ്ധം പററിയുള്ളൂ. മാർക്സിസ്റ്റുപാർട്ടിയുടെ വാദഗതി സ്വീകരിക്കാമായിരുന്നു. അതാണല്ലോ ഞാൻ പ്രത്യേകം എടുത്തുപറഞ്ഞത്. നിങ്ങൾക്ക് ഒരിക്കലേ അബദ്ധം പററിയുള്ളൂ. സി. എച്ച്.മുഹമ്മദുകോയയുടെ മന്ത്രിസഭ താഴെയിറങ്ങിയപ്പോൾ അതുവരെ ക്ലീൻ സ്റ്റേററ് എന്നുപറഞ്ഞു നടന്നിരുന്ന ആളുകൾ ജനവിധി തേടുന്നതിനുപകരം അന്നു നിങ്ങളുടെ കൂടെ നില്ക്കുമെന്നു വിചാരിച്ച ആളുകളെ പിടിച്ചു മന്ത്രിസഭയുണ്ടാക്കാൻപോയെങ്കിൽ ഈ കാര്യത്തിൽ നിങ്ങളും മോശക്കാരല്ല എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. അതുകൊണ്ട്, കക്ഷിമാറുന്നതിനെപ്പററിയുള്ള പരാമർശങ്ങൾക്ക് ഇതേ പറയാനുള്ളൂ. ഇന്ന് എന്താണ് കേരളത്തിന്റെ ആവശ്യം? കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം മൗലികമായ ചിലകാര്യങ്ങളുണ്ട്. അതിലൊന്ന് ജനങ്ങൾക്ക് സമാധാനമായി ജീവിക്കണമെന്നുള്ളതാണ്. അതിനു സൗകര്യമുണ്ടാക്കണം. ആ സൗകര്യമുണ്ടാക്കാൻ ഗവൺമെൻറ് ബാധ്യസ്ഥമാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഗവർണ്ണറുടെ പ്രസംഗത്തിൻമേലുള്ള നന്ദിപ്രമേയ ചർച്ചയുണ്ടല്ലോ. അപ്പോൾ തുടരാം. പിന്നെ ഇവിടെ പറഞ്ഞ മറെറാരു കാര്യം പ്ലാനിനെക്കുറിച്ചായിരുന്നു. ധൈര്യം വന്നല്ലോ പ്രതിപക്ഷനേതാവിന് അതു പറയാൻ ! യാഥാർത്ഥ്യമറിഞ്ഞാൽ കേരളത്തിലെ ജനങ്ങൾ ഒരിക്കലും അന്നത്തെ മുഖ്യമന്ത്രിയായ ഇന്നത്തെ പ്രതിപക്ഷനേതാവിനോട് പൊറുക്കുകയില്ല. ഞങ്ങൾ പ്ലാനിംഗ് കമ്മീഷന്റെ മുൻപാകെ ചെന്നപ്പോൾ 112 കോടി ക. 1981-82 കാലഘട്ടത്തിലേക്ക് എടുത്തിട്ടുണ്ട്. 30 കോടി അന്നു കടമെടുത്തു. ഇന്ന് എൺപത് എൺപത്തിരണ്ടു കോടി രൂപ കമ്മി വന്നപ്പോൾ 112 കോടി രൂപ. ഇതുനാലുകൊല്ലംകൊണ്ട് അഡ്ജെസ്ററുചെയ്യേണ്ട കാശാണ്.

(തടസ്സം)

ഇതു ബഡ്ജററല്ല, പ്ലാനാണ്. പ്ലാനിന്റെ ചുമതല മുഖ്യമന്ത്രിക്കാണ് മുഖ്യമന്ത്രി പറയുന്നതനുസരിച്ചു ചെയ്യുകയല്ലാതെ നിവൃത്തിയില്ല;

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പിനെസംബന്ധിച്ചിടത്തോളം. സർ, ഗ്രൂപ്പിന്റെ റിസോഴ്സസ്: റിസോഴ്സസ് ഇല്ലാതെ വിഷമിച്ചപ്പോൾ ഈ പ്രാവശ്യം ഈ ഗവൺമെന്റിന് ആശ്വസിക്കാവുന്ന രണ്ട് കാര്യങ്ങൾ ഉണ്ട്. ഒന്ന്, റിസോഴ്സസ് ഇല്ലാതിരുന്നിട്ടുപോലും ഞങ്ങൾ റിസോഴ്സസ് കണ്ടെത്തി. കേന്ദ്രത്തിന്റെ വിഹിതം വാങ്ങിച്ചു 275 കോടിയിൽ നിർത്തിയപ്പോൾ ഈ കൊല്ലം തന്നെ മററ് അഡ്ജസ്ററുമെന്റുകൾ കൂടാതെ 15 കോടി രൂപ കൂടുതൽ വാങ്ങിച്ചതു മാത്രമല്ല, നിങ്ങൾ ചെലവുചെയ്തു മുടിച്ച പണം—അല്ലെങ്കിൽ ചെലവു ചെയ്യാതെ മുടിച്ചത്; ചെലവു ചെയ്യാതെ നിങ്ങൾ മുടിച്ച പണം—തൽക്കാലം ഞങ്ങൾ നിർത്തിവയ്പിച്ചു. ഇനിയും ഞങ്ങൾ അൽപ്പംകൂടി പണമുണ്ടാക്കും. ധനകാര്യമന്ത്രി വളരെ കാര്യമായി കൈകാര്യംചെയ്ത് മുന്നറിയിപ്പു നൽകിയത് എനിക്കറിയാം.

ശ്രീ. ബേബിജോൺ: മുടിച്ചോ എന്നുള്ളത് ശ്രീ. മാണിയോടും ഉമ്മൻ ചാണ്ടിയോടും ചോദിക്കണം.

ശ്രീ. കെ. കരുണാകരൻ: ചോദിക്കേണ്ട കാര്യമില്ലല്ലോ. അവിടെ സഹികെട്ടിട്ട് നടക്കുകയില്ലെന്ന് വിശ്വാസം വന്നിട്ടാണ് അവർ പുറത്തു വന്നത്. ഞങ്ങൾ ചോദിച്ചിട്ട് വല്ല കാര്യവുമുണ്ടോ? അവർക്ക് ചെയ്യാനുള്ള അവസരം ഉണ്ടായില്ല. അവരെ അതിന് സമ്മതിച്ചിട്ടില്ല. അതുകൊണ്ടാണ് അവർ പുറത്തുവന്നത്. എന്നിട്ടും ഞങ്ങൾ ഈ സ്റേററിൽ റിസോഴ്സസ് ഉണ്ടാക്കാൻ ഗ്രൂപ്പിന്റെ വലിപ്പം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് സംശയം വേണ്ട. മറിച്ച് ഞാൻ ഒന്നു ചോദിക്കട്ടെ. ബംഗാളിൽ എന്തു കിട്ടി? 5 പൈസ കൂടുതൽ വാങ്ങിക്കാൻ സാധിച്ചിട്ടുണ്ടോ? നമുക്ക് ബെററ് വെയ്ക്കാം. എന്തായാലും ഗ്രൂപ്പിനെക്കുറിച്ചുള്ള ചർച്ച വരാൻ ഇരിക്കുന്നതേ ഉള്ളു. ആ അവസരത്തിൽ കൂടുതൽ പറയാം. ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ ചില മെമ്പർമാരെക്കുറിച്ച് പരാമർശിച്ചു. ഞാൻ സഭയിലെ അംഗങ്ങളോട് വളരെ വിനീതനായി അഭ്യർത്ഥിക്കുകയാണ്. നമുക്ക് രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. പൊതു ജീവിതത്തിൽ ശ്രീമതി കമലത്തേയും ശ്രീ. ഭാസ്ക്കരനേയും ശ്രീമാൻ കെ. കെ. നായരേയും കുറിച്ച് ഈ നിയമസഭയിൽ പരിചയമുള്ളവർക്ക് അവരെക്കുറിച്ച് ആരോപണം ഉന്നയിക്കാൻ എങ്ങനെ മനസ്സുവന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരുകാര്യം ഞാൻ പറയാം. പാൽ പായസവും അമേദ്യവും ഒരേ ദിക്കിൽ കൊണ്ടുവന്ന് വച്ചിട്ട് ഒരു പന്നിയെ കൊണ്ടു വന്നാൽ ആ പന്നി പാൽപായസം കഴിക്കുകയില്ല. അമേദ്യമേ കഴിക്കുകയുള്ളു. നിങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ആ കാര്യത്തിൽ പരാതി പറയുന്നില്ല. ഇവിടെ ശ്രീ. പി. കെ. വി. ഉൾപ്പെടെയുള്ള ചില എം. എൽ. എ. മാർ നിങ്ങൾ പാസ്സാക്കി കൊണ്ടുപോയാലും നിങ്ങൾ പുറത്തു കടന്നാൽ നോക്കാമെന്നു പറഞ്ഞു. നിങ്ങൾക്ക് പ്രതിഷേധിക്കാൻ അവകാശമുണ്ട്. പ്രതിഷേധം എങ്ങനെ നടത്തണമെന്നുള്ളതിനെപ്പററി ഞങ്ങൾ പഠിപ്പിക്കണമോ? പതിനായിരക്കണക്കിന് കേരളത്തിലെ പിഞ്ചോമന മക്കൾ, അവരുടെ രക്ഷിതാക്കൾ പ്രകടനം കാണാൻവേണ്ടി കൗതുകപൂർവ്വം വന്നു നിൽക്കുമ്പോൾ നിങ്ങൾ ഇത് ചെയ്യണമായിരുന്നോ? നിങ്ങൾക്ക് എത്രയോ രംഗങ്ങൾ വേറെ ഉണ്ടായിരുന്നു. എന്റെ നേരെ നിങ്ങൾക്ക് കരിങ്കൊടി കാണിച്ച് പ്രതിഷേധപ്രകടനം നടത്താമായിരുന്നു. ശ്രീ. ജോസഫിന്റെ നേരെ കരിങ്കൊടി പ്രകടനം നടത്താമായിരുന്നു. ആ പിഞ്ചോമനമക്കൾ പ്രകടനം കൗതുകപൂർവം നോക്കി നിൽക്കുമ്പോൾ അതിനെ തകർക്കാൻ വേണ്ടി മനഃപൂർവം മാർക്സിസ്ററ് പാർട്ടി തയാറാക്കിയ പരിപാടിയായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു അത്. കേരളത്തിലെ ജനങ്ങൾ നിങ്ങളോട് പൊറുക്കുവാൻ പോകുന്നില്ല. നിങ്ങൾ അതുപോലെ ഞാൻ സഞ്ചരിക്കുന്നു എന്ന് അറിഞ്ഞിട്ട് മൈലം പാലത്തിന്റെ നടുക്കുവച്ച് ബസ്സ് നിർത്തിച്ച് നിരപരാധികളായ യാത്രക്കാരെ വഴിയാധാരമാക്കിവിട്ടിട്ട് ആ ബസ്സ് തീവച്ച് എന്റെ യാത്ര മുടക്കാൻവേണ്ടി. മൂക്കുമുറിച്ച് ശകുനം മുടക്കുന്ന നയമല്ലേ മാർക്സിസ്റ്റു പാർട്ടി സ്വീകരിച്ചത്.

ശ്രീ. എം. വി. രാഘവൻ : സർ, പോയിന്റ് ഓഫ് ഓർഡർ. കണ്ണൂരിൽ യൂത്ത് ഫെസ്റ്റിവെലിൽ പങ്കെടുക്കാൻവേണ്ടി വന്ന കുട്ടികളേയും സ്ത്രീകളേയും യാതൊരു പ്രകോപനവും കൂടാതെയാണ് പോലീസ് കരുണാകരനുവേണ്ടി ആ ഗേററിൽവച്ച് അവർ ആ പന്തലിലേക്ക് കടക്കാൻ പോകമ്പോൾ അടിച്ച് എല്ല് ഒടിച്ചത്. ആ കരിങ്കാലി കരുണാകരൻ ഇവിടെ വന്നിട്ട് കള്ളത്തരം ആണ് പറയുന്നത്. അതിനുശേഷമാണ് പ്രകടനം നടന്നത്. അതിനുമുമ്പായിട്ടാണ് ഈ സംഭവം നടന്നത്.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർ രാഘവൻ ഉപയോഗിക്കുന്ന ഭാഷ ഞാൻ ഉപയോഗിക്കുന്നില്ല. ബ്രാഹ്മണന്റെ വീട്ടിലും കശാപ്പുശാലയിലും വളർത്തുന്ന തത്തയുടെ കഥ പഠിച്ചിട്ടുള്ള നമുക്ക് അതേപ്പററി കൂടുതൽ പറയേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട പി. കെ. വി. ഉൾപ്പെടെ പറഞ്ഞു പുറത്ത് ഞങ്ങളെ നോക്കാം, ഞങ്ങളെ കൈകാര്യം ചെയ്യാം, ഇറങ്ങി നടക്കാൻ സാധിക്കുകയില്ല എന്നെല്ലാം ഭീഷണിപ്പെടുത്തുകയാണ്. ഈ ഗവൺമെൻറ് രൂപം കൊടുത്തിട്ടുള്ളത്, ഈ ഗവൺമെൻറിന് ജന്മം കൊടുത്തിട്ടുള്ളത് കേരളത്തിലെ പൗരൻമാർ ഏതു രാഷ്ട്രീയക്കാരായാലും ശരി, ഏത് സമുദായക്കാരായാലും ശരി, അവന് സ്വതന്ത്രമായി നടക്കാനും ജീവിക്കാനും മനുഷ്യന് സുരക്ഷിതത്വം കൊടുക്കാനുമാണ്. എം. എൽ. എ. മാർ ആണെങ്കിൽപ്പോലും എല്ലാവർക്കും സുരക്ഷിതത്വം കൊടുക്കാൻ ആവശ്യമായ കർശനമായ നടപടി സ്വീകരിക്കുകതന്നെ ചെയ്യുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ജനങ്ങളുടെ തല കഴുത്തിൽ സൂക്ഷിക്കാൻവേണ്ടി മുഖ്യമന്ത്രി സ്ഥാനവും അതിനപ്പുറവും ഉപേക്ഷിക്കാനും തയ്യാറാണ്. ജനങ്ങൾക്കുവേണ്ടി ഞങ്ങൾ പൊരുതും, മുമ്പോട്ടു പോകും. ഈ അവിശ്വാസ പ്രമേയത്തെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

Mr. Speaker : Shri A. C. Shanmugha Das, Do you press your no-confidence motion ?

Shri A. C. Shanmugha Das : Yes Sir.

Mr. Speaker : I order a division'

LIBRARY ARCHIVES Kerala Legislative Assembly

Ayes—70

A poll was taken when the House divided as follows :

1 ശ്രീ. ടി. കെ. അബ്ദു
2 ,, എ. വി. അബ്ദുറഹിമാൻ ഹാജി
3 ,, കെ. എം. അബ്രഹാം
4 ,, പി. എം. അബൂബക്കർ
5 ,, കെ. അനിരുദ്ധൻ
6 ,, ടി. കെ. ആറുമുഖൻ
7 ,, ബേബിജോൺ
8 ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9 ശ്രീ. പി. സി. ചാക്കോ
10 ,, പി. കെ ചന്ദ്രാനന്ദൻ
11 ,, കെ. ചന്ദ്രശേഖരൻ
12 ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
13 ,, ഇ. ചന്ദ്രശേഖരൻ നായർ
14 ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
15 ,, സി. ബി. സി. വാര്യർ
16 ,, ജെ. ചിത്തരഞ്ജൻ
17 ശ്രീമതി പി. ദേവൂട്ടി
18 ശ്രീ. വി. വി. ദക്ഷിണാമൂർത്തി
19 ,, പി. പി. എസ്തോസ്
20 ,, പി. കെ. ഗോപാലകൃഷ്ണൻ
21 ശ്രീമതി കെ. ആർ. ഗൗരി
22 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
23 ,, വി. വി. ജോസഫ് (കുണ്ടറ)
24 ,, പി സി. കബീർ
25 ,, കെ. ടി. കണാരൻ
26 ,, എം. കെ. കണ്ണൻ
27 ,, പി. കരുണാകരൻ
28 ,, സി. പി. കരുണാകരൻ പിള്ള
29 ,, എം. കെ. കേശവൻ
30 ,, സി. ടി. കൃഷ്ണൻ
31 ,, എം. കെ. കൃഷ്ണൻ
32 ,, കെ. കൃഷ്ണൻകുട്ടി
33 ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
34 ,, ഇ. കെ. പിള്ള
35 ,, കെ. ടി. കുമാരൻ
36 ശ്രീ. എ. പി. കുര്യൻ
37 ,, സി. എ. കുര്യൻ
38 ,, പി. പി. വി. മൂസ്സ
39 ,, സി. പി. മൂസ്സാൻകുട്ടി
40 ,, കല്പട നാരായണൻ
41 ,, ഇ. കെ. നായനാർ
42 ,, കെ. പങ്കജാക്ഷൻ
43 ,, ടി. പി. പീതാംബരൻ മാസ്റ്റർ
44 ,, കെ. പി. പ്രഭാകരൻ
45 ,, കെ. പുരുഷോത്തമൻ
46 ,, വർക്കല രാധാകൃഷ്ണൻ
47 ,, എം. വി. രാഘവൻ
38 ,, എം. വി. രാജഗോപാലൻ
49 ,, വി. കെ. രാജൻ
50 ,, രാമചന്ദ്രൻ കടന്നപ്പള്ളി
51 ,, ടി. കെ രാമകൃഷ്ണൻ
52 ,, കെ. പി. രാമൻ
53 ,, എ. കെ. ശശീന്ദ്രൻ
54 ,, എ. സി. ഷൺമുഖദാസ്
55 ,, ബി. എം. ഷെരീഫ്
56 ,, പി. ആർ. ശിവൻ
57 ,, കെ. ശ്രീധരൻ
58 ,, പി. കെ. ശ്രീനിവാസൻ
59 ,, പി. എസ്. ശ്രീനിവാസൻ
60 ,, ഡോക്ടർ എ. സുബ്ബറാവു
61 ,, ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി
62 ,, ശ്രീ. കെ. വി. സുരേന്ദ്രനാഥ്
63 ,, എ. വി. താമരാക്ഷൻ
64 ,, സി. കെ. തങ്കപ്പൻ
65 ,, ആർ. എസ്. ഉണ്ണി
66 ,, ജി. വരദൻ
67 ,, സി. വാസുദേവമേനോൻ
68 ,, പി. കെ. വാസുദേവൻ നായർ
69 ,, വൈക്കം വിശ്വൻ
70 ,, എം. ജെ. സക്കറിയ

Noes—70

1 ശ്രീ. ഇ. അഹമ്മദ്
2 ,, സി. ടി. അഹമ്മദലി
3 ,, കൊരമ്പയിൽ അഹമ്മദ് ഹാജി
4 ,, ആര്യാടൻ മുഹമ്മദ്
5 ,, കെ. അവുക്കാദർകുട്ടിനഹ
6 ,, ഡോ. കെ. ബാലകൃഷ്ണൻ
7 ,, ആർ. ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

8 ശ്രീ. യു. എ. ബീരാൻ
9 ,, പി. ഭാസ്കരൻ
10 ,, എം. സി. ചെറിയാൻ
11 ,, സിറിയക് ജോൺ
12 ,, എം. പി. ഗംഗാധരൻ
13 ,, പി. സി. ജോർജ്ജ്
14 ,, എ. പി. ഹംസ
15 ,, എം. എം. ഹസ്സൻ
16 ,, പി. കെ. ഇട്ടൂപ്പ്
17 ,, എ. എൽ. ജേക്കബ്
18 ,, ടി. എം. ജേക്കബ്
19 ,, ജോസ് കുററിയാനി
20 ,, ജോസ് താന്നിക്കൽ
21 ,, പി. ജെ. ജോസഫ്
22 ,, എം. കെ. ജോസഫ്
23 ,, വി. വി. ജോസഫ് (മൂവാററുപുഴ)
24 ശ്രീമതി എം. കമലം
25 ശ്രീ. കെ. കരുണാകരൻ
26 ,, കെ. കെ. നായർ
27 ,, പി. ടി. കുഞ്ഞൂട്ടിഹാജി
28 ഡോക്ടർ എം. എ. കുട്ടപ്പൻ
29 ശ്രീ. മണിമംഗലത്തു കുട്ട്യാലി
30 ,, ലോനപ്പൻ നമ്പാടൻ
31 ,, ഒ. ലൂക്കോസ്
32 ,, കെ. പി. എ. മജീദ്
33 ,, കെ. എം. മാണി
34 ,, പ്രൊഫസർ കെ. എ. മാത്യു
35 ,, പി. വി. മുഹമ്മദ്
36 ,, കെ. മുഹമ്മദാലി
37 ,, പി. എ. മുഹമ്മദ് കണ്ണ്
38 ,, സി. എച്ച് മുഹമ്മദ്കോയ
39 ,, എൻ. പി. മൊയ്തീൻ
40 ,, കെ. എസ്. നാരായണൻ നമ്പൂതിരി
41 ശ്രീ. സി. എസ്. നീലകണ്ഠൻ നായർ
42 ,, കെ. പി. നൂറുദ്ദീൻ
43 ,, ഉമ്മൻചാണ്ടി
44 പ്രൊഫസർ ഉമ്മൻ മാത്യു
45 ശ്രീ. തച്ചടി പ്രഭാകരൻ
46 ,, വക്കം പുരുഷോത്തമൻ
47 ,, രാഘവൻ പൊഴക്കടവിൽ
48 ,, എം. വി. രാജൻ മാസ്ററർ
49 ,, കെ. കെ. രാമചന്ദ്രൻ മാസ്ററർ
50 ,, ഇ. രമേശൻ നായർ
51 ,, എം. ആർ. രഘുചന്ദ്രബാൽ
52 ,, കെ. ശങ്കരനാരായണൻ
53 ശ്രീമതി കെ. ആർ. സരസ്വതി അമ്മ
54 ശ്രീ. പി. സീതിഹാജി
55 ,, ബി. വി. സീതി തങ്ങൾ
56 ,, കെ. ശിവദാസൻ
57 ,, എൻ. സൂപ്പി
58 ,, കെ. കെ. ശ്രീനിവാസൻ
59 ,, വി. എം. സുധീരൻ
60 ,, സി. എം. സുന്ദരം
61 ,, എൻ. സുന്ദരൻ നാടാർ
62 ,, ആർ. സുന്ദരേശൻനായർ
63 ,, എം. പി. താമി
64 ,, സി. എഫ്. തോമസ്
65 ,, പി. സി. തോമസ്
66 ,, തോമസ് ജോസഫ്
67 ,, തോമസ് കല്ലമ്പള്ളി
68 ,, പി. കെ. വേലായുധൻ
69 ,, കെ. പി. വിശ്വനാഥൻ
70 ,, സ്ററീഫൻ പാദുവ

Ayes—70
Noes—70
Neutrals—Nil

Mr. Speaker : Under Article 189 of the Constitution the Speaker shall not vote in the first instance, but shall have and exercise a casting vote in case of equality of vote. It is customary for the Speaker to exercise its casting vote to maintain the Status-quo. I accordingly exercise my vote against the motion.

The motion was declared lost.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1982 ഫെബ്രുവരി 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8-30-ന് വീണ്ടും കൂടുന്നതിലേക്കായി സഭ ഉച്ചയ്ക്ക് 3.33-ന് പിരിഞ്ഞു.

2/2076/82/V.

LIBRARY ARCHIVES Kerala Legislative Assembly